ശ്രീരാമവർമ്മഗ്രന്ഥാവലി.

മനുഷ്യാലയചന്ദ്രിക.

തച്ചുശാസ്ത്രം.

കൊച്ചി മലയാളഭാഷാപരിഷ്കരണകമ്മിററിയിൽനിന്നു്,
വ്യാഖ്യാനത്തോടും പരിശോധനങ്ങളോടുംകൂടി
പ്രസിദ്ധപ്പെടുത്തിയതു്.

കോപ്പി 500.

പകർപ്പവകാശം
കമ്മിററിക്കുമാത്രം

വില ൩ണ. ൧൦.

ശ്രീരാമവൎമ്മഗ്രന്ഥാവലി.

RAMA VARMA RESEARCH INSTITUTE
TRICHUR, COCHIN STATE.
No. 1057

മനുഷ്യാലയചന്ദ്രിക.

തച്ചുശാസ്ത്രം.

കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു,
വ്യാഖ്യാനത്തോടും പരിശോധനങ്ങളോടും കൂടി
പ്രസിദ്ധപ്പെടുത്തുന്നതു്.

Ml: 53.

കോപ്പി 500.

പകൎപ്പവകാശം
കമ്മിററിക്കുമാത്രം

വില ണ. ൧൨.

വിഷയാനുക്രമണിക.

ഭാഗം	പദ്യം	വിഷയവിവരം
1	1	മംഗളാചരണം
”	2	ഗ്രന്ഥകർത്തൃവിവരണം
2	3	ഇഷ്ടദേവതാവന്ദനം
”	4	ഗ്രന്ഥാരംഭം
3	5	പൂർവ്വാചാര്യപ്രാമാണ്യപ്രദർശനം
”	6	ആചാര്യവരണം
4	7	വിലക്ഷണഗൃഹദോഷം
”	8	ഗൃഹാകൃതിസങ്കല്പനം
5	9	കാരുഗ്രഹണം
”	10.11.12	കാരു(ശില്പി)ലക്ഷണാദികൾ
7	13	ഭൂപരീക്ഷാദിക്രമം
”	14	സർവ്വസാമാന്യമായി ഉത്തമഭൂമിയുടെ ലക്ഷണം
8	15	സർവ്വവർജ്ജ്യഭൂമിയുടെ ലക്ഷണം
9	16	വർണ്ണഭേദമനുസരിച്ചുള്ള ലക്ഷണം
10	17	മിശ്രലക്ഷണത്തിങ്കൽ പരീക്ഷ ആവശ്യ(മെന്നു
”	18	അഗ്നിപരീക്ഷ
11	19	ജലപരീക്ഷ
12	20	സ്ഥലസമീകരണവും ശങ്കുസ്ഥാപനവും
13-15	21-21	ദിങ്നിർണ്ണയം
16	28-24	സൂത്രപാതങ്ങളും ഖണ്ഡകല്പനയും
17	28	സൂത്രവേധദോഷങ്ങൾ
18	27	സൂത്രവർണ്ണനം
”	28	അംഗന്യാസവ്യവധാനം
19	29	വൃക്ഷസ്ഥിതിയുടെ ഗുണഫലം
”	30	വൃക്ഷങ്ങളുടെ അനിഷ്ടസ്ഥിതി
20	31	നിർത്തവൃക്ഷാദികൾ
21	32	പുറത്തു് അടുത്തും, അകന്നും നില്ക്കേണ്ടുന്ന വൃക്ഷങ്ങളുടെ ക്രമനിയമം
”	33	വൃക്ഷങ്ങളിൽ സർവ്വത്ര വർജ്ജ്യങ്ങൾ
22	34	ഗൃഹസ്ഥിതിക്കൊത്ത വീഥികല്പനം
23	35-36	പരിതഃപ്രദേശചിന്താ
24	37	ഭൂമിയുടെ ഉച്ചനീചത്വംകൊണ്ടുള്ള ഫലഭേദങ്ങൾ
25	38	വർണ്ണഭേദം അനുസരിച്ച ഭൂമിയുടെ ലക്ഷണഭേദം
26	39,40,41	മാനസാധനനിർണ്ണയം
27	42	ദ്രവ്യവസ്തുഭേദംകൊണ്ടു മാനസാധനഭേദവിധി
28	43	നാനാവാസ്തുക്കളിൽ ആയാദിഭേദം എടുക്കേണ്ടുന്ന വിധി

ഭാഗം	പദ്യം	വിഷയവിവരം
29	44	അളവെടുക്കേണ്ടുന്ന സ്ഥാനങ്ങൾ
	45	വീഥീവിസ്താരനിയമം
30	46	വീഥീവിന്യാസവും, ഗ്രാഹ്യത്യാജ്യവീഥീ
	47	നിയമവും
32	48	പദകല്പനം
33	49,50,51	പദദേവതാസ്ഥിതിനിയമം
35	52	വാസ്തുപുരുഷാഗമം
,,	53	വാസ്തുപുരുഷസ്ഥിതി
36	54–57	വാസ്തുപുരുഷന്റെ അംഗസ്ഥിതികളായ ദേവതമാരുടെ സ്ഥാനങ്ങളും അവരെ പൂജിക്കേണ്ടതാരെന്നും, മററും
37	58	നാഡീവംശമർമ്മാദികൾ
38	59	മർമ്മവേധംകൊണ്ടുള്ള ദോഷങ്ങളും തൽ
39		പരിഹാരവിധിയും
,,	60	യോന്യാദിനിർണ്ണയം
40	61–64	യോന്യാദികളുടെ ഗ്രാഹ്യത്യാജ്യവിഭാഗം
48	65-75	യോന്യാദികളുടെ വികല്പവിധി
51	76–77	ദീർഘവിസ്താരാദി കല്പനാക്രമം
52	78	ഇഷ്ടദീർഘകല്പനവിധി
54	79	അതിന്റെ പ്രകാരഭേദം
55	80	പാദാധികാദിവിധി
56	81	പാദാധികാദികളെ എടുക്കുന്നതിനെക്കുറിച്ച്
57	82	ഗുണാഢ്യാംശവിധി
58	83	ദീർഘവിസ്താരകല്പനാവികല്പങ്ങൾ
59	84	പാദമാന([illegible])കല്പനാവിധി.
60	85–86	ഉപപീഠവിധി
61	87	അധിഷ്ഠാന(തറ)വിധി
62	88	മഞ്ചാധിഷ്ഠാനവിധി
63	89–90	ശളമഞ്ചകാധിഷ്ഠാനവിധി
,,	91	തറയുടെ അവയവവിധി
64	92	കാലെകരത്തിനുള്ള നിയമം
65	93-96	തൂണുകളുടെ ആകാരവിധി
67	97	പാദപീഠ(ഓമ)വിധി
68	98-99	വേദികാവിധി
69	100,101	ഉത്തരവിധി
70	102	ആരൂഢോത്തരവിധി
71	103	ഉത്തരവാജനവിധി
,,	104	ഉത്തരവാജനവും പിറത്തറവും ഉണ്ടാക്കുവാനുള്ള വിധി
72	105	പ്രസ്തരവിധി
73	106	ഒഗ്രധാനി(മോന്തായ)വിധി
74	107	ലുപാലംബ(കഴുക്കോലിടുക)വിധി
75	108,109	കൂടവിധി

ഭാഗം	പദ്യം	വിഷയവിവരം
76	110	ചുമരിവിഷ്കംഭവിധി
,,	111-112	ലുപം(കഴുക്കോൽ)വിധി
77	113-116	ലുപാമരീശലനിർണ്ണയവിധി
88-83	117-118	ലുപാവിസ്താരം (കഴുക്കോൽവീതി,)വിധി
84	120	കൊടിയാരൽ വരപ്പാനുള്ള വിധി
	121	തൂക്കം വിതാനവും വരപ്പാനുള്ള വിധി
85	122	വളവന്നും കല്പിപ്പാനുള്ള വിധി
86	123	വാമടയുടെ വീതി കനം കല്പിക്കേണ്ട വി
,,	124	വാമട കൊരുപ്പാനുള്ള വിധി (ധി
87	125	വാമട തറപ്പാനുള്ള വിധി
88	126	പട്ടികകളുടെ വീതി കനം കല്പിക്കാനുള്ള വിധി
	127	അവസാനപ്പലകയുടെ വിധി
89	128-129	ദ്വാര(കട്ടിള)വിധി
90	130-131	ദ്വാരനീളവും വിസ്താരവും കല്പിക്കാനുള്ള വിധി
91	132-133	വാതിലും സൂത്രപട്ടികയും ഉണ്ടാക്കുവാനുള്ള വിധി
93	134	ദ്വാരാലങ്കാരങ്ങളും മറവും
94-95	187-140	താക്കഴകളുടെ വിധി
96	141	ഭിത്തിപ്രമാണവിധി
	142-143	[illegible]വിധി
98	145	കല്ലുതറ പണിയുവാനുള്ള വിധി
99	146	ഗൃഹങ്ങളുടെ പ്രാധാന്യക്രമം
100	147	മൂന്നുകെട്ടുഗൃഹത്തിന്റെ ഗുണദോഷഫലം
101	148	രണ്ടുകെട്ടുഗൃഹത്തിന്റെ ഗുണദോഷങ്ങൾ
102	149	പത്രമാനവിധി
103	150	അങ്കണവിധി
104	151-159	ശാലവിധി
117	160	എട്ടുകെട്ടുവാതൽ വയ്പ്പാനുള്ള വിധി
,,	161	പടിപ്പുരയുണ്ടാക്കുവാനുള്ള വിധി
119	162	ഓരോ കെട്ടുകളെക്കൊണ്ടുള്ള ഉപായാംശ വിധി
120	163	അല്പക്ഷേത്രത്തിൽ ഗൃഹസ്ഥാനവിധി
12?,123	164	രാജധാനിയുടെ ഉപഗ്രഹവിധി
124	165	സാമാന്യം എല്ലാവർക്കും ഉപഗ്രഹവിധി
125	166-167	ഗോശാല(തൊഴുത്ത്)സ്ഥാനവിധി
126-1·7	168-169	കൂപ(കിണറി)ന്റെ സ്ഥാനവിധി
	170	ചില സ്ഥാനങ്ങളിൽ കൂപാദികളുടെ ദോഷവിധി
128	171	മതിൽ, കിടങ്ങുമുതലായവയുടെ വിധി
129	172	വാസ്തുപൂജാദിവിധി (ധി
130	173	ഭവനപരിഗ്രഹവിധി (ഗൃഹപ്രവേശനവി

പ്രസ്താവന.

മലയാളരാജ്യത്തിന്റെ മദ്ധ്യദേശങ്ങളിൽ മനുഷ്യാലയനിൎമ്മാണത്തിൽ ശില്പശാസ്ത്രജ്ഞന്മാർ പ്രധാനമായി അംഗീകരിച്ചുവരുന്ന ഒരു പ്രമാണഗ്രന്ഥമാണു 'മനുഷ്യാലയചന്ദ്രിക:' ഈ ഗ്രന്ഥം തന്നെ വേറെ ഒരു രൂപത്തിൽ അല്പാല്പം ഭേദഗതികളോടുകൂടി ഏഴ് അദ്ധ്യായങ്ങളാക്കി തിരിച്ച്, പേരുമാററം കൂടാതെ പെരുമാററത്തിൽ വന്നിട്ടുണ്ട്. അതു ബ്രിട്ടീഷുമലബാറിൽനിന്നു 'പാലോളി ചോയി' വൈദ്യരാൽ ഉണ്ടാക്കപ്പെട്ട 'ലളിത' എന്നൊരു ഭാഷാവ്യാഖ്യാനത്തോടുകൂടി ൧൦൭൦-ാമാണ്ടിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ആ ലളിതയുടെ രംഗപ്രവേശകാലത്തുതന്നെ അതിന്റെ സ്ഖാലിത്യങ്ങളെയും കാപട്യങ്ങളെയും വിശദീകരിച്ചുകൊണ്ടു 'ലളിതാവിദൂഷണം' എന്നൊരു ഖണ്ഡനപുസ്തകത്തെ 'പരാശരിച്ചെറുക്കൻ' എന്നു പേരുവച്ചു ഞാൻ തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുകൂടത്തിൽനിന്നു പ്രകാശിപ്പിച്ചു.

ആവകസ്സംരംഭങ്ങളെല്ലാം ശമിച്ചു പിന്നെയും കുറച്ചുകാലം കഴിഞ്ഞതിനുശേഷം ആ 'മനുഷ്യാലയചന്ദ്രിക'ക്കു സവിസ്തരമായ മറെറാരു വ്യാഖ്യാനം ഞാൻ എഴുതുകയും, അതിൽ ആദ്യത്തെ മൂന്ന് അദ്ധ്യായം ൧൦൮൨-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ശേഷമുള്ള ഭാഗം വേറേ ചില പ്രതിബന്ധങ്ങളാൽ അന്നു പ്രസിദ്ധീകരിപ്പാൻ സാധിച്ചില്ല. ആ വ്യാഖ്യാനം എഴുതുവാനായി ഞാൻ പല പൂൎവ്വഗ്രന്ഥങ്ങളെയും അന്വേഷിച്ചു സമ്പാദിച്ച കൂട്ടത്തിൽ കൈവശം കിട്ടിയതാണ് ഈ ഗ്രന്ഥം. ഇതിലെ മൂലവും ഭാഷാവ്യാഖ്യാനവും പഴയതുതന്നെയാണ്; അവയിൽ എനിക്കു പറയത്തക്ക അവകാശം ഒന്നുമില്ല. എന്നാൽ വ്യാഖ്യാനത്തിലെ ചില ഭാഷാരീതി നവീനന്മാൎക്കു മനസ്സിലാകുവാൻ പ്രയാസമുള്ളതും ഉചിതമല്ലാത്തതുമായി തോന്നിയതിനാൽ അവിടവിടെ ആശയത്തിനു ഭേദം

വരാത്തവണ്ണം പദവിന്യാസത്തിൽ ഏതാനും ചില മാററങ്ങൾ ചെയ്യിട്ടില്ലെന്നില്ല. ഇതു കൂടാതെ അധികപ്പടിയായി ഞാൻ ചെയ്യിട്ടുള്ളതു്, ശങ്കുസ്ഥാപനം, ദിങ്നിണ്ണയം, പദവിന്യാസം, വീഥീസ്ഥിതി മുതലായി ഗൃഹനിമ്മാണം ചെയ്യുന്ന ഭൂമിയെസ്സംബന്ധിച്ചും, ഭിന്നശാല, ചതുരശാല മുതലായ ഗൃഹങ്ങളുടെ വിന്യാസഭേദങ്ങളെ ഉദാഹരിച്ചും ഏതാനും ചില പരിലേഖങ്ങളും ഒരു കോൽ മുതൽ അറുപതുകോൽ വരെയുള്ള ഓരോ പരിഷയിലും ധ്വജാദിയോനികളിൽ വരുന്ന ചുററുകണക്കുകളെല്ലാം ഉത്തമമദ്ധ്യമാധമങ്ങളായി തിരിച്ചു് ആയാസം കൂടാതെ അറിയത്തക്കവണ്ണം "കോൽ തച്ചു്" എന്ന ഒരു പട്ടികയും മാത്രമാണു്. ഈ വിഷയത്തിൽ ഞാൻ ചെയ്യിട്ടുള്ള പരിശ്രമത്തിന്റെ ഫലം, ശില്പകമ്മോപജീവികളായ ആശാരിമാക്കും അവരവക്കു ഹിതമായ കണക്കുകളെ ഇഷ്ടംപോലെ തെരഞ്ഞെടുത്തു ഗൃഹം തീപ്പിക്കുന്നതിൽ ഗൃഹനാഥന്മാക്കും വരാവുന്ന ആയാസം കുറയ്ക്കുകയാണു്.

അനേകകാലത്തെ ലോകാവലോകനംകൊണ്ടും നിരീക്ഷണപരീക്ഷണങ്ങളെക്കൊണ്ടും ഗ്രാഹ്യങ്ങളായ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി പൂവ്വാചാര്യന്മാർ നിബന്ധിച്ചിരിക്കുന്ന ശാസ്ത്രനിയമങ്ങളെ ഉല്ലംഘിച്ചു പ്രവത്തിക്കുന്നതു ശ്രേയസ്കരമായിത്തീരുകയില്ലെന്നു വിശ്വസിക്കുന്ന യാഥാസ്ഥിതികന്മാക്കും, ശാസ്ത്രനിയമങ്ങളെയും ജാത്യാദിമയ്യാദകളെയും അനുസരിച്ചു നടക്കുന്നതു് അസ്വാതന്ത്ര്യത്തിനും അസുഖത്തിനും കാരണമായിത്തീരുന്നതാകകൊണ്ടു് അതൊക്കെ മറയത്തു കളയേണ്ട കാലമായി എന്നു വാദിക്കുന്ന ഉൽപതിഷ്ണുക്കൾക്കും യഥേഷ്ടം രുചിക്കത്തക്കവണ്ണം ഗൃഹങ്ങളുണ്ടാക്കുവാനുള്ള സൌകര്യങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. ഇതുതന്നെയാണു് ഈ ഗ്രന്ഥത്തിനു് ഇതരശില്പശാസ്ത്രഗ്രന്ഥങ്ങളെ അപേക്ഷിച്ചു പ്രത്യേകം ആദരണീയമായ ഒരു ഗുണമുള്ളതു്. ജനബാഹുല്യം, ധനവിഭാഗം മുതലായതുകൊണ്ടു് ഒരു തറവാടു പല താവഴികളായും, ഓരോ താവഴികളും അനേകം

വീടുകളായും തിരിയുന്നതിനാൽ നാട്ടുപുറങ്ങളിലും, വൈദേശികസമ്പ്രദായത്തിലുള്ള പരിഷ്കാരഭ്രമം നിമിത്തം നഗരങ്ങളിലും സ്ഥലദൌർല്ലഭ്യം സംഭവിക്കുകയും, പ്രാചീനസമ്പ്രദായത്തിലുള്ള നാലുകെട്ടുപുരകളോടു ജനങ്ങൾക്കു വൈമുഖ്യം തോന്നുകയും ചെയ്യുന്നതിനാൽ ഭൂമിയുടെ ലക്ഷണവും വിസ്താരവും, പുരകളുടെ ആകൃതിയും കണക്കും നോക്കുന്ന രീതിയിൽ ചില പരിഷ്കാരങ്ങളും പുതുമകളും വരുത്തേണ്ടതിന്നും ഈ ഗ്രന്ഥം അത്യന്തം ഉപയോഗപ്രദമായിരിക്കുന്നതാണ്.

ഇതിലെ രണ്ടാമത്തെ ശ്ലോകത്തിൽനിന്നു ഗ്രന്ഥകർത്താവു 'തിരുമംഗലത്തു' 'നീലകണ്ഠൻ' എന്നൊരാൾ ആണെന്നു കാണുന്നു. ഒന്നും മൂന്നും ശ്ലോകങ്ങളിൽ അദ്ദേഹത്തിന്റെ ഇഷ്ടദേവതമാരായി പറയുന്നതു ബ്രിട്ടീഷ്മലബാറിൽ പൊന്നാനി താലൂക്കിൽ എടക്കുളം തീവണ്ടിആപ്പീസ്സിൽനിന്നു തെക്കുപടിഞ്ഞാറു വശത്തെ വെട്ടത്തുനാട്ടിൽ പെട്ട ചില ക്ഷേത്രങ്ങളിലെ ദേവന്മാരെക്കുറിച്ചാണ്. ആ ദിക്കിൽ അന്വേഷിച്ചതിൽ, അവിടെ 'തൃപ്പങ്ങോട്ട്' (പരക്രോഡം) എന്ന ക്ഷേത്രത്തിനു സമീപത്തിൽ 'തിരുമംഗലം' എന്നൊരു മൂത്തതിന്റെ ഇല്ലം ഇപ്പോഴും ഉണ്ട്. ആ ഗൃഹത്തിൽ പണ്ടു പല പണ്ഡിതന്മാരും ഉണ്ടായിരുന്നുവെന്നും കേൾവിയുണ്ട്. അവരിൽ ഒരാളായിരുന്നു ഈ ഗ്രന്ഥകർത്താവെന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടാവാനവകാശമില്ല. ആര്യാവർത്തത്തിൽ ഗംഗാതീരംപോലെ കേരളത്തിൽ പ്രാചീനകാലത്തു ഭാരതപ്പുഴയുടെ പാരാവാരങ്ങൾ വിദ്വൽഖനികളായിരുന്നുവെന്നു പ്രസിദ്ധമാണ്. ആ സ്ഥലമാഹാത്മ്യം ഇന്നും കേവലം നശിച്ചുപോയിട്ടില്ലെന്നു തെളിയിക്കത്തക്കവണ്ണം ചില പണ്ഡിതരത്നങ്ങൾ ആ പ്രദേശങ്ങളിൽ പ്രകാശിക്കുന്നുണ്ടല്ലോ.

ഇദ്ദേഹത്തിന്റെ ജീവിതകാലം സൂക്ഷ്മമായി പറയത്തക്ക ലക്ഷ്യങ്ങളൊന്നും കിട്ടീട്ടില്ല. എന്നാൽ ഈ ഗ്രന്ഥത്തിൽ തന്നെ അഞ്ചാമത്തെ ശ്ലോകത്തിന്റെ അന്ത്യപാദത്തിൽ "തന്ത്രസമുച്ചയാനുസാരതോ മാർഗ്ഗേണ സംക്ഷിപ്യതേ" എന്നു പറ

ണ്ണിരിക്കുന്നതിൽനിന്നും, തന്ത്രസമുച്ചയത്തിലെ പല ശ്ലോകങ്ങളും ഇതിൽ എടുത്തു ചേർത്തിരിക്കുന്നതിൽനിന്നും തന്ത്രസമുച്ചയഗ്രന്ഥത്തിനു പ്രചാരം വന്നതിൽപിന്നെയാണ് ഇതുണ്ടാക്കിയതെന്നു സ്പഷ്ടമാകുന്നു. തന്ത്രസമുച്ചയമാകട്ടെ കല്യബ്ദം ൪൫൨൮-ൽ (ക്രി-വ-൧൪൨൭) 'ജയന്തമംഗലം' എന്ന ഗൃഹത്തിൽ (വടക്കൻചേന്നാസ്സുമനക്കൽ) ജനിച്ച 'നാരായണൻ' (നാരായണൻനമ്പൂതിരിപ്പാട്) എന്നൊരാളാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് ആ ഗ്രന്ഥത്തിൽതന്നെയുള്ള താഴെ കാണുന്ന പദ്യത്തിൽനിന്നു സുവ്യക്തമാകുന്നു.

"കല്യബ്ദേഷ്വതിയത്സു 'നരദനയനോ-
ഷ്ടാംഭോധി' സംഖ്യേഷു യഃ
സംഭൂതോ ഭൃഗുവീതഹവ്യമുനിയങ്-
മൂലേ സദ്വേദോന്വയേ.
പ്രാഹുസ്തസ്യ 'ജയന്ത മംഗല'പദേ-
ദം ധാമ 'നാരായണഃ'
സോƒയം തന്ത്രമിദം വ്യധാൽ ബഹുവിധാ-
ദുദ്ധൃത്യ തന്ത്രാർണ്ണവാൽ."

(പടലം ൧൨. പദ്യം ൨൧൩)

അക്കാലത്ത് അച്ചടി മുതലായ സൌകര്യങ്ങളില്ലാതിരുന്നതിനാൽ ഒരു ഗ്രന്ഥത്തിനു പ്രചാരം സിദ്ധിക്കേണമെങ്കിൽ ചുരുങ്ങിയതു് ഒരു നൂറ്റാണ്ടുകാലമെങ്കിലും വേണ്ടിവരുന്നതാണ്. ആ സ്ഥിതിക്ക് ഈ ഗ്രന്ഥം, ക്രിസ്തു പതിനാറാം നൂറ്റാണ്ടിലോ പതിനേഴാം നൂറ്റാണ്ടിലോ ഉണ്ടാക്കപ്പെട്ടതായിരിക്കണം.

ഇതിലെ രണ്ടാം ശ്ലോകത്തിന്റെ അന്ത്യപാദത്തിൽ കാണുന്ന 'രത്നമുച്ചൈരതാനീൽ' എന്ന വാക്യത്തിന്, വ്യാഖ്യാതാവു്, 'ശില്പിരത്നം എന്ന ഗ്രന്ഥത്തെ ഉണ്ടാക്കി' എന്നു വ്യാഖ്യാനം ചെയ്തുകാണുന്നു. എന്നാൽ 'ശില്പിരത്നം' എന്ന ഗ്രന്ഥത്തിലാകട്ടെ ഗ്രന്ഥകത്താവിന്റെ പേർ യാതൊന്നും പറഞ്ഞുകാണുന്നതുമില്ല. തിരുവനന്തപുരം സംസ്കൃതഗ്രന്ഥാവ

ലിയിൽ ചേൎത്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 'ശില്പരത്നം' എന്ന പുസ്തകത്തിന്റെ പൂൎവ്വഭാഗത്തിൽ 'ശ്രീകുമാരപ്രണീതം' എന്നു അച്ചടിച്ചു കാണുന്നതിനു പ്രമാണമെന്തെന്ന് ആലോചിക്കേണ്ടതാണ്.

"നാനാവിശാലഗണിതാഗമശില്പശാസ്ത്രാ-
ദ്യുൽപത്തിമുഖ്യഭുവമത്ഭുതവിക്രമാഢ്യാം
'സേതുദ്ധ്യകാനന'നിവാസകൃതാധിവാസാം
വന്ദേ ഷഡാനനവതീം പരദേവതാം മേ"

(ശില്പിരത്നം അധ്യായം ൧. പദ്യം ൪)

"സംപൂജ്യതേ സദസി ഭാൎഗ്ഗവസൃഷ്ടഭൂമാ-
ശേടസ്ഥിൻ ബ്ബുധൈഃ സകലശില്പകലാസു യോƒസൌ
തം മേ നമാമി പിതരം ഭൃഗുവംശജാതം
ശശ്വത്സപുത്രഹിതപൂരണജാഗരൂകം"

(ശി-ര-അ-൧-പ-൫)

"ബ്രാഹ്മം ക്ഷാത്രം ച തേജോƒപ്യഹമഹമികയാ
　　വൎദ്ധതേ യത്ര വീരേ
തസ്യ 'ശ്രീദേവനാരായണധരണിപതേ'-
　　രാജ്ഞയാജ്ഞാകരോƒഹം
മന്ദോƒപ്യത്യന്തമോഹാദതിവിപുലതരേ-
　　ഭ്യോƒത്ര പൂൎവ്വാഗമേഭ്യഃ
സംക്ഷിപ്തം 'ശില്പരത്നം' പ്രലിഖിതുമധുനാ
　　പ്രക്രമേ തൽക്രമേണ"

ശി-ര-അ-൧-പ-൭)

മേലെഴുതിയവയിൽ ആദ്യശ്ലോകത്തിൽ 'സേതുദ്ധ്യകാനനം' എന്നുള്ളതു സംസ്കൃതീകരിക്കപ്പെട്ട ഒരു സുബ്രഹ്മണ്യക്ഷേത്രനാമമാണ്. അതിന്റെ സാക്ഷാൽ പേരെന്താണ്? ആ ക്ഷേത്രം എവിടെയാണ്? രണ്ടാംശ്ലോകത്തിൽ 'സകലശില്പകലാനിപുണനും, ഭൃഗുവംശജാതനും, ഗ്രന്ഥകൎത്താവിന്റെ പിതാവും ആണെന്നു പറയുന്ന ആ മഹാൻ ആരാണ്? മൂന്നാംശ്ലോ

കത്തിൽ പറയുന്ന 'ദേവനാരായണധരണിപതി' മഹാകവിയും വൈയാകരണശിരോമണിയുമായ മേൽപുത്തൂർ ശ്രീനാരായണഭട്ടതിരിയെക്കൊണ്ടു 'പ്രക്രിയാസർവ്വസ്വം' മുതലായ ഗ്രന്ഥങ്ങൾ ഉണ്ടാക്കിച്ച ആ വിദ്വൽപ്രിയനായ അമ്പലപ്പുഴരാജാവുതന്നെയാണോ? ഇതെല്ലാമാണ് അന്വേഷിപ്പാനുള്ള വിഷയങ്ങൾ.

'മാതംഗലീലാ' എന്ന ഗജശാസ്ത്രഗ്രന്ഥത്തിലെ മംഗളശ്ലോകവും ഈ മനുഷ്യാലയചന്ദ്രികയിലെ മംഗളശ്ലോകവും തമ്മിൽ അധികം സംവാദമുണ്ട്.

"നൃസിംഹയാദവൌ ദൈത്യ-
സമൂഹോഗ്രാടവീദവൌ
രാജമാനൌ ഭജേ രാജ-
രാജമംഗലധാമനി."

(മാതംഗലീലാ)

അതുകൊണ്ട് ഈ രണ്ടു ഗ്രന്ഥങ്ങളുടെയും കർത്താവ് ഒരാൾതന്നെയായിരിക്കുമോ എന്നു ശങ്കിപ്പാനവകാശമുണ്ട്.

ഇങ്ങനെ ഗ്രന്ഥകർത്താവിൻെറ ഊരും പേരും കുലവും കാലവും നിർണ്ണയിക്കുന്നതിന് എൻെറ അന്വേഷണത്തിലും ഊഹാപോഹങ്ങളിലും ലഭിച്ചിട്ടുള്ള സംഗതികളെ അടിസ്ഥാനപ്പെടുത്തി ഏതാനും ചില വിവരങ്ങൾ ഇവിടെ പ്രസ്താവിച്ചുവെന്നു മാത്രമേ പറവാൻ തരമുള്ളൂ. ചരിത്രകാരന്മാരുടെ പതിവനുസരിച്ച് ഇതിലും സുസ്ഥിരവും സുസൂക്ഷ്മവുമായ അറിവുകൾ കിട്ടുമ്പോൾ ഇവയെ ത്യജിക്കുകയും അവയെ ഗ്രഹിക്കുകയും ചെയ്യാമല്ലോ.

ഭാഷാപരിഷ്കരണക്കമ്മററി
ആപ്പീസ്സ്.
തൃശ്ശിവപേരൂർ.
൧—൩—൧൧൦൩.

പണ്ഡിതർ
കെ. പരമേശ്വരമേനോൻ.

പരിലേഖങ്ങളുടെ

വിവരം.

---

൧. അവരാതയന്ത്രം (സമാ:ക്കോൽ)

൨. ശങ്കുസ്ഥാപനം (ദിങ്നിർണ്ണയം)

൩. ഖണ്ഡകല്പനം (സൂത്രരജ്ജുക്കൾ)

൪. വീഥീവിന്യാസം.

൫. (എ) ദേവതാസ്ഥിതി (൱ പദത്തിൽ)

(ബി) ദേവതാസ്ഥിതി (൮൧ പദത്തിൽ)

൬. (എ) മർമ്മങ്ങൾ (൱ പദത്തിൽ)

(ബി) ടി (൮൧ പദത്തിൽ)

൭. ഭിന്നശാലാ.

൮. ചതുരശാലാ.

൯. ഭിന്നചതുരശ്രശാലാ.

൰. ത്ര്യശ്രഭിന്നശാലാ.

൧൧. ഏകശാലാ.

മനുഷ്യാലയചന്ദ്രികാ.

ഹരിഃ ശ്രീഗണപതയേ നമഃ.

അവിഘ്നമസ്തു.

നൃസിംഹയാദവാഭിഖ്യം തേജോദ്വിതയമദ്വയം
രാജതേ പരമം 'രാജരാജമംഗല'ധാമനി. ൧

അവതാരികാ — മനുഷ്യാലയചന്ദ്രിക എന്ന ഗ്രന്ഥത്തെ ചമപ്പാൻ തുടങ്ങുന്ന ആചാൎയ്യൻ അതിന്റെ അവിഘ്നപരിസമാപ്തിക്കായിക്കൊണ്ടു് ഇഷ്ടദേവതാസ്മരണത്തെ ചെയ്യുന്നു.

വ്യാഖ്യാനം — 'രാജരാജമംഗലം' എന്ന സ്വദേശക്ഷേത്രത്തിങ്കൽ നരസിംഹാകൃതിയായും, ശ്രീകൃഷ്ണാകൃതിയായും രണ്ടു തേജസ്സുകൾ പരമാൎത്ഥത്തിൽ ഒന്നായിത്തന്നെ ശോഭിക്കുന്നു.

അവതാരികാ — അനന്തരം ഗ്രന്ഥകൎത്താവു തന്റെ ഗൃഹനാമാദികളെ പറയുന്നു.

തത്രത്യശ്രീമദേതച്ചരണസരസിജൈ-
കാശ്രയോ നീലകണ്ഠോ-
നിത്യം ശ്രീമംഗലാഖ്യസ്യമലഗുരുജനാ-
ദാത്തശാസ്ത്രാവബോധഃ
ബ്രഹ്മാനന്ദാഭിധാനപ്രഥിതയതികൃപാ-
പ്രാപ്തതത്വാവബോധഃ
സ്വാധീതസ്ഥൈര്യകാംക്ഷീ പരഹിതനിരതോ-
'രത്ന'മുഖ്യൈരതാനീൽ. ൨

വ്യാ — അദ്ദേശത്തിങ്കൽ 'തിരുമംഗലം' എന്ന ഗൃഹത്തിൽ 'നീലകണ്ഠൻ' എന്നു പ്രസിദ്ധനും, ആ ദേവന്മാരുടെ പാദം തന്നെ ആശ്രയമായിട്ടുള്ളവനും, നല്ല ഗുരുവിങ്കൽ നിന്നു ശാസ്ത്രാഭ്യാസം ചെയ്തവനും, 'ബ്രഹ്മാനന്ദൻ' എന്ന

യതിയോടു തത്വജ്ഞാനത്തെ ഗ്രഹിച്ചവനുമായ കവി, താൻ പഠിച്ചിട്ടുള്ളതിനെ ഉറപ്പിപ്പാൻ ആഗ്രഹത്തോടുകൂടി പരോപകാരതല്പരനായിട്ട് 'ശില്പിരത്നം' എന്ന ഗ്രന്ഥത്തെ ഉണ്ടാക്കി.

അവ—പിന്നെയും കവി ചില ദേവന്മാരെ സ്മരിക്കുന്നു.

ശ്രീമൽ'കണ്ഡപുരേ'വിരാജതി'പര-
ക്രോഢേ'ച തേജഃപരം
നിത്യം'രാജകരാജമംഗല'പുരേ
ചാരാൽഗണേശാലയേ
'നാവാ'നാമ്നി ച ധാമ്നിരാജതിതരാം
'മല്ലീവിഹാരാ'ലയേ
സംഭ്രമയെതദുരുപ്രകാശവിഷയേ
ചിത്തേ മമോജ്ജൃംഭതാം. ൩

വ്യാ—'ശ്രീകണ്ടിയൂര്', 'തൃപ്രങ്ങോട്ട്', 'രാജരാജമംഗല' പുരത്ത്, അടുത്ത 'ഗണേശപുരത്ത്', 'തിരുനാവായ്' 'മല്ലപ്പിള്ളി', ഇങ്ങിനെയുള്ള ക്ഷേത്രങ്ങളിലെ ദേവന്മാരെല്ലാവരും ഒന്നായിട്ട്, പ്രകാശവിഷയമായ എന്റെ മനസ്സിൽ വൎദ്ധിക്കേണമേ!

അവ—അനന്തരം വിശ്വശില്പിയായ ബ്രഹ്മാവിനെ നമസ്കരിച്ചിട്ട ശാസ്ത്രത്തെ ആരംഭിക്കുന്നു.

നിസൎഗ്ഗസംസിദ്ധസമസ്തശില്പ-
പ്രാവീണ്യമാദ്യം ദ്രുഹിണംപ്രണമ്യ
മയാ'മനുഷ്യാലയചന്ദ്രികൈ'ഷാ
വിലിഖ്യതേ മന്ദധിയാം ഹിതായ. ൪

വ്യാ—വിശ്വത്തെ ചമക്കുക എന്ന ക്രിയയിങ്കൽ സ്വതസ്സിദ്ധമായ വൈദഗ്ദ്ധ്യത്തോടുകൂടിയവനും ആദ്യനുമായ ബ്രഹ്മാവിനെ നമസ്കരിച്ചിട്ട്, എന്നാൽ അല്പബുദ്ധികളുടെ ഹിതത്തിന്നായിക്കൊണ്ടു 'മനുഷ്യാലയചന്ദ്രിക'യെന്ന ഈ ഗ്രന്ഥം എഴുതപ്പെടുന്നു.

അവ—പ്രസ്തുത ഗ്രന്ഥനിൎമ്മാണത്തിൽ, താൻ അവലംബിച്ചിട്ടുള്ള പൂൎവ്വശാസ്ത്രങ്ങളെ പറയുന്നു.

മാൎക്കണ്ഡേയനിബന്ധനം, മയമതം,
രത്നാവലീം, ഭാസ്കര-
പ്രോക്തം, കാശ്യപ, വിശ്വകൎമ്മ, ഗുരുദേ-
വോക്തം, ച പഞ്ചാശികാം
സവ്യാഖ്യാം ഹരിസംഹിതാം, വിവരണാ-
ഢ്യം, വാസ്തുവിദ്യാദികം
ദൃഷ്ട്വാ തന്ത്രസമുച്ചയാനുസരതാ
മാൎഗ്ഗേണ സംക്ഷിപ്യതേ. ൩

വ്യാ—മാൎക്കണ്ഡേയനിബന്ധനം, മയമതം, രത്നാവലി, ഭാസ്കരീയം, കാശ്യപീയം, വിശ്വകൎമ്മീയം, ഗുരുദേവപദ്ധതി, പഞ്ചാശികം, വിഷ്ണുസംഹിതാ, അതിന്റെ വ്യാഖ്യാനം, സമുച്ചയത്തിന്റെ വിവരണം, വിമൎശിനി എന്നീ വ്യാഖ്യാനങ്ങൾ, വാസ്തുവിദ്യ, പ്രയോഗമഞ്ജരി, മനുമതം, പരാശരമതം, കുമാരാഗമം മുതലായ പൂൎവ്വഗ്രന്ഥങ്ങളെ നോക്കീട്ട് തന്ത്രസമുച്ചയത്തെ അനുസരിച്ചു സംക്ഷേപമായിപ്പറയപ്പെടുന്നു.

അവ—അവിടെ മുമ്പേ വാസ്തുപരിഗ്രഹാദികളുടെ ക്രമത്തെ പറയുന്നു.

മൎത്ത്യാധിപ്രാദിവൎണ്ണേഷ്വിഹ ഭവനവിധാ-
നോൽസുകഃ കായസ്സുപൂൎവ്വം
വിപ്രം തദ്ദേശസംബന്ധിനമഖിലഗുണൈ-
രന്വിതം സംവൃണീത
സോയം തദ്വൎണ്ണയോഗ്യാം ക്ഷിതിമഥ പരിക-
ല്പ്യാത്ര പൂജാദി കൃത്വാ
വാസ്ത്വാശ്ശാസ്ത്രോക്തരീത്യാ ഗൃഹമതിനിപുണൈഃ
കാരുഭിഃ കാരയേത. ൪

വ്യാ—ബ്രാഹ്മണാദി നാലു വൎണ്ണങ്ങളിൽവെച്ച് ഏവനൊരുത്തൻ ഗൃഹനിൎമ്മാണത്തിൽ സമുത്സുകനാകുന്നുവോ അ

വൻ മുമ്പിൽ അദ്ദേശസംബന്ധിയായി സകലഗുണയുക്തനായിരിക്കുന്ന തന്ത്രിയെ വരിക്കണം. അതന്ത്രി അതാതു ജാതിക്ക് ഉചിതയായിരിക്കുന്ന ഭൂമിയെ നോക്കി നിശ്ചയിച്ചിട്ട് അവിടെശ്ശാസ്ത്രപ്രകാരമുള്ള വാസ്തുപൂജ മുതലായതിനെല്ലെസ്സ സമർത്ഥന്മാരായ ആശാരിമാരെക്കൊണ്ടു പുര ചമപ്പിക്കണം.

അവ — ലക്ഷണമില്ലാത്ത പറമ്പിൽ പുരയുണ്ടാകരുതെന്നു പറയുന്നു.

ലക്ഷണഹീനേ വാസ്തുനി
 വസതാമശുഭാനി സംഭവന്ത്യേവ
തസ്മാൽ പരീക്ഷ്യ ശുഭദേ
 വാസ്തുനി ഗേഹാനി കാരയേദ്വിദ്വാൻ. ൬

വ്യാ — തച്ചുശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള ലക്ഷണങ്ങളില്ലാത്ത പറമ്പിൽ പുര പണിയിച്ചു താമസിക്കുന്നവക്ക് അശുഭങ്ങൾ മേൽക്കുമേൽ ഉണ്ടാകുമെന്നു വിദ്വാന്മാർ പറഞ്ഞിരിക്കുന്നു. അതിനാൽ പരീക്ഷിച്ചിട്ടു ശുഭലക്ഷണങ്ങളുള്ള പറമ്പിൽ മാത്രമേ പുര ചമക്കാവൂ.

അവ — പുര എങ്ങനെ ചമക്കേണമെന്നു പറയുന്നു.

ജന്മാദ്യപിധാനാന്തം
 മനസാ നിശ്ചിത്യ മന്ദിരം സമ്യക്
കാരുവരൈരതിശുഭദം
 കാരയതാം ദൃങ്മനോഹരം സുദൃഢം. ൭

വ്യാ — പുരയുടെ പാദുകം തുടങ്ങി അവസാനപ്പലകവരെ ശുഭമായ കണക്കിൻപ്രകാരം മനസ്സുകൊണ്ടു നിരൂപിച്ചുറച്ചിട്ടു ശുഭലക്ഷണങ്ങളും ഭംഗിയും ഉറപ്പും ഉള്ളതായ ഗൃഹത്തെ വിദഗ്ദ്ധന്മാരായ ആശാരിമാരെക്കൊണ്ടു പണിചെയ്യിക്കണം.

അവ — ഇനിയൊരുശ്ലോകംകൊണ്ട് ആശാരിമാരെ ഗ്രഹിക്കേണ്ടും പ്രകാരത്തെപ്പറയുന്നു.

കാരുഗ്രഹേ പ്രാക്സ്ഥപതിശ്ചസൂത്ര-
ഗ്രാഹീ തതസ്തക്ഷകവർദ്ധകീ ച
ഗ്രാഹ്യാഃ ക്രമേണൈവ ചതുർവ്വിധേഷു
ശില്പപ്രവീണേഷു യഥോചിതാസ്തേ. ൩൯

വ്യാ—കാരുകരം (ആശാരിമാർ) സ്ഥപതി, സൂത്രഗ്രാഹി, തക്ഷകൻ, വർദ്ധകി ഇങ്ങിനെ നാലുപ്രകാരമാകുന്നു. ശില്പകർമ്മങ്ങളിൽ ഉചിതന്മാരായിരിക്കുന്ന ഇവരിൽവച്ചു മുമ്പിൽ സ്ഥപതിയേയും, പിന്നെ സൂത്രഗ്രാഹിയേയും, പിന്നെ തക്ഷകനേയും, പിന്നെ വർദ്ധകിയേയും ക്രമേണ അതാതു കർമ്മങ്ങൾക്കു ഉചിതന്മാരായിരിക്കുന്നവരെ ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു.

അവ—ഇനി രണ്ടു ശ്ലോകംകൊണ്ടു കാരുകളുടെ ലക്ഷണങ്ങളെപ്പറയുന്നു.

സർവ്വശാസ്ത്രനിപുണോ ജിതേന്ദ്രിയഃ
സർവ്വദാവ്യവഹിതോഽപ്രമാദവാൻ
കർമ്മഠോഽവ്യവികലോ വിമത്സരോ
ധാർമ്മികഃസ്ഥപതിരസ്തു സത്യവാക് ൪൦

വ്യാ—സ്ഥപതി, എല്ലാശ്ശാസ്ത്രങ്ങളിലും നിപുണനും, ജിതേന്ദ്രിയനും, എല്ലായ്പോഴും ഗൃഹനിർമ്മാണത്തിങ്കൽ തന്നെ ജാഗ്രതയുള്ളവനും, പ്രമാദമില്ലാതെ എല്ലാകർമ്മങ്ങളും ചെയ്തുകൊണ്ടിരിക്കുന്നവനും, അംഗവൈകല്യവും, മാത്സര്യവും ഇല്ലാത്തവനും, ധാർമ്മികനും, സത്യം പറയുന്നവനും ആയിരിക്കണം.

ജാതീയാൽ സ്ഥാപനാർഹം സ്ഥപതിമഥ ഗുണൈഃ
പ്രായശസ്തേന തുല്യഃ
സൂത്രഗ്രാഹീ സുതോ വാ സ്ഥപതിമതിഗതി-
പ്രേക്ഷകശ്ശിഷ്യകോ വാ

സ്ഥപതിനാം തക്ഷണാത്തക്ഷകഇതി കഥിത-
സ്സന്തതം ഹൃഷ്ടചിത്തഃ
ശക്തസ്സ്യാച്ചോപരിഷ്ടാന്മുഹുരപി വിധിവ-
ദ്വൃദ്ധികൃദ്വർദ്ധകീ സ്യാൽ ൧൧

വ്യാ—അളന്നു കുറിതറക്കുക, കല്ലിടുക, കട്ടിള, ഉത്തരം മുതലായതു വയ്ക്കുക ഇങ്ങനെയുള്ള കർമ്മങ്ങൾക്കു് അധികാരിയായിരിക്കുന്നവൻ സ്ഥപതിയാകുന്നു. ചിന്നെഗ്ഗുണങ്ങളെക്കൊണ്ടു സ്ഥപതിയോടു ഏകദേശം സദൃശനായിരിക്കുന്ന പുത്രനോ സ്ഥപതിയുടെ മനസ്സിന്റെ ഗതിയെ നോക്കുന്ന ശിഷ്യനോ ആയിരിക്കണം സൂത്രഗ്രാഹി. (സൂത്രഗ്രാഹി=സ്ഥപതി നൂലു പിടിക്കുമ്പോൾ അതിന്റെ മറേറത്തല പിടിക്കുന്നവൻ). സ്ഥൂലങ്ങളായിരിക്കുന്ന കല്ലു, മരം ഇവയെ വെട്ടി അറുത്തു ചെത്തി ചേലാക്കുന്നവനെ തക്ഷകൻ എന്നു പറയുന്നു. ചെത്തിത്തീർത്തവയെ മേലേ മേലെ വെച്ചു ചേർത്തു ഗൃഹത്തെ വർദ്ധിപ്പിക്കുന്നവൻ വർദ്ധകിയാകുന്നു. ഇവർ എപ്പോഴും സന്തുഷ്ടചിത്തനും ശക്തനുമായിരിക്കണം.

അവ—ഗൃഹനിർമ്മാണത്തിൽ ആശാരിമാരുടെ പ്രാധാന്യത്തെപ്പറയുന്നു.

വിനാ സ്ഥപത്യാദിചതുഷ്ടയേന
ഗൃഹാദികർത്തും ന ച ശക്യതേസ്മാൽ
പ്രസാദിതൈതൈസ്സ്വരഥ വിപ്രവര്യഃ
സുസൂക്ഷ്മധീഃ കാരയതാം ഗൃഹാണി. ൧൨

വ്യാ—സ്ഥപത്യാദിചതുഷ്ടയം കൂടാതെ ഗൃഹാദികളുണ്ടാക്കുവാൻ കഴിയുന്നതല്ലല്ലോ. അതുകൊണ്ടു് അവരെ പ്രസാദിപ്പിച്ചു് അവരെക്കൊണ്ടു് അതിസൂക്ഷ്മബുദ്ധിയായിരിക്കുന്ന ബ്രാഹ്മണശ്രേഷ്ഠൻ ഗൃഹാദികളെ ഉണ്ടാക്കിക്കണം.

അവ—ഇനി ഗൃഹനിർമ്മാണത്തിനാരംഭിക്കുമ്പോൾ ചെയ്യേണ്ട പ്രവൃത്തികളെ യഥാക്രമം പറയുന്നു.

തത്ര ക്രമേണ ബഹുധാ ധരണീപരീക്ഷാ-
ദിങ്നിർണ്ണയാദിശുഭവീഥിപരിഗ്രഹാശ്ച
ധാമ്നാം പ്രമാണവിധിരങ്കണകട്ടിമാദീ-
ന്യംഗാനി ബാഹ്യവിധയശ്ച തഥാ വിധേയാഃ

വ്യാ—അവിടെ ക്രമത്താലേ പലപ്രകാരത്തിലുള്ള ഭൂപരീക്ഷ, ദിക്കിന്റെ തിരിവുതീർത്തു ശരിയാക്കുക മുതലായവ, ശുഭവീഥിപരിഗ്രഹം, പുരകളുടെ കണക്കുണ്ടാക്കുക, അങ്കണം, അധിഷ്ഠാനം കാലെകരം, തുടങ്ങിയുള്ള അംഗങ്ങളെ കല്പിക്കുക, ഗൃഹത്തിന്നു പുറമേയുള്ള ഉപഗൃഹങ്ങൾ, കിണറു, കളം, ഗോശാല, പടിപ്പുര മുതലായവയുടെ സ്ഥാനങ്ങളും കണക്കുകളും നിശ്ചയിക്കുക ഇത്യാദികളെല്ലാം ചെയ്യേണ്ടതാകുന്നു.

അവ—ഇനിയൊരുശ്ലോകംകൊണ്ടു പറമ്പിന്റെ ലക്ഷണങ്ങളെ പറയുന്നു.

ഗോമത്യൈർഃ ഫലപുഷ്പദുഗ്ധതരുഭി-
ശ്ചാഢ്യാ സമാ പ്രാക്പ്ലവാ
സ്നിഗ്ദ്ധാ ധീരരവാ പ്രദക്ഷിണജലോ-
പേതാശ്രുബീജോദ്ഗമാ
സംപ്രോക്താ ബഹുപാംസുരക്ഷയജലാ
തുല്യാ ച ശീതോഷ്ണയോഃ
ശ്രേഷ്ഠാ ഭൂരധമാ സമുക്തവിപരീ-
താ മിശ്രിതാ മധ്യമാ. ൧൪

വ്യാ—പശുക്കളും മനുഷ്യരും കാമ്യന്നതും പൂക്കുന്നതുമായ മരങ്ങളും വളരെയുള്ളതും, കുന്നും കുഴിയുമില്ലാതെ സമനിരപ്പായിട്ടുള്ളതും, കിഴക്കുഭാഗം താണതും, മിനുമിനുപ്പുള്ളതും, ചവിട്ടിയാൽ ഗംഭീരമായ ഒച്ചയുള്ളതും, ബലത്തുകൂടി വെള്ളം ഒഴുകുന്നതും, വിത്തുകൾ വിതച്ചാൽ വേഗത്തിൽ മുളയ്ക്കുന്നതും, ഒരേടത്തു് ഒരു കുഴികുഴിച്ചു് ആ മണ്ണുകൊണ്ടുതന്നെ കുഴി തൂർത്താൽ മണ്ണു ശേഷിക്കുന്നതും, വേനൽക്കാലത്തു

വെള്ളം വറാത്തതും, വഷത്തിലും വേനലിലും സുഖമുള്ള തും ആയ പറമ്പു ഗ്രഹമുണ്ടാക്കവാൻ ഉത്തമമാകുന്നു. ഇ പ്പറഞ്ഞ ഗുണങ്ങൾക്ക വിപരീതമായിട്ടുള്ള ഭൂമി കൊള്ളരുതാ ത്തതാകുന്നു. ഗുണങ്ങളും ദോഷങ്ങളും മിശ്രമായിട്ടുള്ളതു മ ധ്യമമാകുന്നു. ഇങ്ങനെ ഉത്തമാധമമദ്ധ്യമങ്ങളെ അറിഞ്ഞു കൊൾക.

അവ— ഇനി തീരെ വജ്ജ്യമായ പറമ്പിന്റെ ലക്ഷണ ങ്ങളെ പറയുന്നു.

വൃത്താദ്ധേന്ദുനിഭാ ത്രിപഞ്ചരസകോ-
ണാ ശൂലശൂപ്പാകൃതി-
മ്മത്സ്യാനേകപകൂമ്മപൃഷ്ഠകപിലാ-
വക്ത്രോപമാ മേദിനീ
ഭസ്മാംഗാരതുഷാസ്ഥികേശചിതി വ-
ല്മീകാദിഭിസ്സംയുതാ
വജ്ജ്യാ മദ്ധ്യനതാ സഗർഭകുഹരാ
വിസ്രാ വിദിക്സ്ഥാപി ച. ൧൫

വ്യാ— വൃത്താകൃതിയായും, അദ്ധചന്ദ്രാകൃതിയായും, മൂ ന്നോ അഞ്ചോ ആറോ കോണുകളുള്ളതായും, ശൂലം, കൊ മ്പുമുറം ഇവയുടെ ആകൃതിയിലുള്ളതായും, മത്സ്യം, ആന, ആമ ഇവയുടെ പുറം പോലെയും, പശുവിന്റെ മുഖം പോ ലെയും ഇരിക്കുന്നതായും, കിളച്ചുനോക്കിയാൽ വെണ്ണീറു, ക രിക്കട്ട, ഉമി, എല്ലു, തലമുടി എന്നിവ കാണുന്നതായും, മ രിച്ചവരെ സംസ്കരിച്ച സ്ഥലമായും, വളരെ പുററുകൾ ഉ ള്ളതായും, നടുഭാഗം താണിരിക്കുന്നതായും, അന്തഭാഗ ത്തിൽ പാതാളമുള്ളതായും, മണ്ണിനു ദുഗ്ഗന്ധമുള്ളതായും, കോണനോക്കിത്തിരിഞ്ഞിരിക്കുന്നതായും ഉള്ള പറമ്പുകൾ ഗ്രഹമുണ്ടാക്കുവാൻ കൊള്ളരുത്.

അവ— ഇനി ബ്രാഹ്മണാദിജാതിക്രമം അനുസരിച്ച വിശേഷലക്ഷണങ്ങളെ ഒരു ശ്ലോകംകൊണ്ടു പറയുന്നു.

വിപ്രാദിക്രമതഃ കശേഷുവനമ്ര-
ദ്ധ്വാകാശയുക്താ ഭുവഃ
തുല്യാതാനവിതാനസിന്ധുരരസാ-
ഷ്ട്യംശാതിദീർഘാ അപി
ശ്വേതാപാടലപീതമേചകരുചാ-
ശ്ചാജ്യാസൃഗന്നാസവാ-
മോദാസ്സ്വാദുകഷായതിക്തകടുകാ
സ്വാദാന്വിതാശ്ച സ്മൃതാഃ. എന്ന

വ്യാ— വളരെ കുശയുള്ളതും, നീളവും വീതിയും സമമായിട്ടുള്ളതും, മണ്ണിന്നു വെളുപ്പു നിറമുള്ളതും, നെയ്യിന്റെ ഗന്ധമുള്ളതും, മധുരരസമുള്ളതും, ആയ ഭൂമി ബ്രാഹ്മണന്നു പുരചമപ്പാൻ നല്ലതാകുന്നു. അമക്കൂട്ടമുള്ളതും, വീതിയിൽ എട്ടിലൊന്നു നീളം ഏറിയതും, മണ്ണിന്നു ചുവപ്പുനിറവും, ചോരയുടെ ഗന്ധവും, ചവപ്പുരസവുമുള്ളതുമായ ഭൂമി ക്ഷത്രിയക്കു നല്ലതാകുന്നു. എല്ലാക്കാലത്തും വളരെ കറുകയുള്ളതും, വീതിയിൽ ആറൊന്നു നീളം ഏറിയതും, മണ്ണിന്നു മഞ്ഞനിറവും, ചോറിന്റെ ഗന്ധവും, കയ്പുരസവുമുള്ളതും ആയ ഭൂമി വൈശ്യന്നു പുര പണിയുവാൻ നല്ലതാകുന്നു. ആററുദർഭ വളരെയുള്ളതും, വീതിയിൽ നാലൊന്നു നീളം ഏറിയതും, മണ്ണു കറുത്ത നിറത്തോടും, മദ്യത്തിന്റെ ഗന്ധത്തോടും, എരിവുരസത്തോടും, കൂടിയിരിക്കുന്നതുമായ ഭൂമി ശൂദ്രന്നു ഗൃഹമുണ്ടാക്കുവാൻ നല്ലതാകുന്നു. ഇവിടെ വിധിച്ചിരിക്കുന്ന നീളം തെക്കുവടക്കാകുന്നു വേണ്ടതു് എന്നറിഞ്ഞുകൊള്ളണം. അങ്ങനെ പൂർവ്വശാസ്ത്രങ്ങളിൽ വിധിച്ചിട്ടുമുണ്ടു്.

അവ— ഇനി സമ്മിശ്രലക്ഷണങ്ങളായ ഭൂമികൾ ആക്കം കൊള്ളരുതെന്നും, സാദിശ്യലക്ഷണങ്ങളായവയെ പരീക്ഷിച്ചറിയണമെന്നും പറയുന്നു.

സങ്കീർണ്ണരൂപാ വസുധാത്ര വർണ്ണൈ-
സ്ത്വൈധ രസൈശ്ചാഖിലവർജ്ജനീയാ

ഏനാമനാലക്ഷിതവൎണ്ണചിഹ്നാം
നക്തം പരീക്ഷേത നിമിത്തതശ്ച. ൧൦

വ്യാ—വിപ്രാദിവൎണ്ണങ്ങളിൽ ഒരു ജാതിയുടെ ഗുണം, മറെറാരു ജാതിയുടെ നിറം, വേറെ ഒരു ജാതിയുടെ ഗന്ധം, അന്യജാതിയുടെ രസം എന്നിങ്ങിനെ പല ജാതിയുടെയും ലക്ഷണങ്ങൾ മിശ്രമായിട്ടുള്ള ഭൂമി ആൎക്കും കൊള്ളരുത്. എന്നാൽ ഓരോ ജാതിക്കു വിധിച്ചിട്ടുള്ള ഗുണവൎണ്ണഗന്ധരസാദിലക്ഷണങ്ങളൊന്നും സ്പഷ്ടമായിട്ടറിവാൻ തരമില്ലാത്ത ഭൂമിയെ രാത്രിയിൽ പരീക്ഷചെയ്തിട്ടും, ശകുനാദികളായ നിമിത്തങ്ങളെ നോക്കീട്ടും അറിയേണ്ടതാകുന്നു. മുമ്പിൽ സ്ഥപതിയുടെ ലക്ഷണം പറഞ്ഞതിൽ, "സൎവ്വശാസ്ത്രനിപുണോ ജിതേന്ദ്രിയസ്സൎവ്വദാ വ്യപഗതാപ്രമാദവാൻ" എന്നു പറഞ്ഞിട്ടുള്ളതു് ഇങ്ങനെ പരീക്ഷിപ്പാനും, നിമിത്താദികളെ അറിവാനും സ്ഥപതി യോഗ്യനായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാകുന്നു.

അവ—ഇനി രണ്ടു ശ്ലോകംകൊണ്ടു പരിക്ഷിക്കേണ്ട പ്രകാരങ്ങളെ പറയുന്നു. അവിടെ മുമ്പേതന്നെ അഗ്നിപരീക്ഷയെ പറയുന്നു.

ക്ഷ്മാം ഖാതാമഘടം നിധായ ഭൂതധാ-
ന്യം വൎദ്ധമാനം മുഖേ
കൃത്വാസിച്യ ഘൃതം ദിശാസു സിതര-
ക്താപീതകൃഷ്ണാ ദശാഃ
വിപ്രാദിക്രമതഃ പ്രദീപ്യ വിധിവ-
ന്നീതേ മുഹൂൎത്തേ ജ്വലേ-
ച്ചത്തിഷ്ഠന്ത്യ ധരാസ്യ താസു സകലാ-
സച്ചിദാസു സ്വവോചിതാ. ൧൧

വ്യാ—പരീക്ഷിപ്പാൻ നിശ്ചയിച്ചിരിക്കുന്ന ഭൂമിയുടെ മദ്ധ്യത്തിൽ ഒരുകോൽ താഴ്ചയിൽ അത്രയും ചതുരത്തിൽ ഒരു കുഴി കുഴിച്ചു് അതിന്റെ അടി സമനിരപ്പാക്കി മെഴുകിശ്ശുദ്ധി

വരുത്തി പത്മമിട്ടു ഗന്ധപുഷ്പാക്ഷതാദികളെക്കൊണ്ടലംകരിച്ച് അതിന്റെ നടുവിൽ നെല്ലുനിറച്ച ഒരു പുതുകലം വച്ച് അതിന്മേൽ ഒരു ചട്ടി (ചരാവു) വച്ച് അതിൽ നെയ്യ് വീഴ്ത്തി അതിൽ കിഴക്കുദിക്കിൽ വെളുത്ത നൂൽകൊണ്ടും, തെക്കു ചുവന്ന നൂൽകൊണ്ടും, പടിഞ്ഞാറു മഞ്ഞനൂൽ കൊണ്ടും, വടക്കു കറുപ്പുനൂൽകൊണ്ടും, ഓരോ തിരിയിടുക. പിന്നെ അതിനെ കിഴക്കു തുടങ്ങി ബ്രാഹ്മണാദിവർണ്ണങ്ങളെ ക്രമത്താലെ സങ്കല്പിച്ച വിധിപോലെ പൂജിച്ച കൊളുത്തി ആ കുഴിയെ അടച്ച് ഒരു മുഹൂർത്തകാലം (രണ്ടു നാഴിക) പ്രാർത്ഥിച്ച പാർത്തിരുന്നിട്ടു തുറന്നു നോക്കുക. അപ്പോൾ കത്തുന്ന തിരി ഏതോ ആ ജാതിക്ക് ആ ഭൂമി നല്ലതാകുന്നു. എല്ലാത്തിരിയും കത്തുന്നുവെങ്കിൽ എല്ലാവർക്കും കൊള്ളാം. എല്ലാം കെട്ടുപോയി എങ്കിൽ ആർക്കും കൊള്ളരുത്.

അഥ — ഇനി ജലപരീക്ഷയെ പറയുന്നു.

ഭൂഗർത്തേ ജലപൂരിതേഽത്ര വിധിവൽ
ദ്രോണാദിപുഷ്പം ക്ഷിപേൽ
ശസ്താ തസ്യ ഗതിഃ പ്രദക്ഷിണതയാ
കർത്തുർന്ന ശസ്താന്യഥാ
പുഷ്പേ ദിക്ഷ്വഥ സംസ്ഥിതേ സതി ശുഭം
കോണേഷു ചേന്നിന്ദിതം
ജ്ഞാത്വേത്യാദി ശുഭാശുഭാന്യപി സമീ
കുർവ്വീത ക്ഷമാം സൂക്ഷ്മധീഃ ൧൮

വ്യാ — പൂർവ്വശ്ലോകത്തിൽ പറഞ്ഞപോലെ പറമ്പിന്റെ മദ്ധ്യത്തിൽ ഒരു കുഴി കുഴിച്ച് അതിൽ വെള്ളം നിറച്ച് തുമ്പ തുളസി മുതലായ പുഷ്പങ്ങൾ വെള്ളത്തിൽ ഇടുക. എന്നാൽ ആപ്പൂക്കളുടെ ഗതി പ്രദക്ഷിണമായിട്ടാണെങ്കിൽ ഗൃഹകർത്താവിന്നു ശുഭമാകുന്നു. അപ്രദക്ഷിണമായിട്ടാണെങ്കിൽ അശുഭമാകുന്നു. പുഷ്പം ദിക്കുകളിൽ ചെന്നു നിന്നാൽ ശുഭവും കോണുകളിൽ നിന്നാൽ അശുഭവുമാകുന്നു. ഇങ്ങി

ന്നെ തുടങ്ങിയുള്ള ശുഭാശുഭങ്ങളെ അറിഞ്ഞിട്ട പിന്നെ കഴി ത്തുത്തു സമനിരപ്പാക്കണം. ഇവിടെ "ഇത്യാദി ശുഭാശുഭാ നി ജ്ഞാത്വാ" എന്നു പറഞ്ഞിരിക്കുന്നതിലെ ആദിശബ്ദം കൊണ്ടും, പരീക്ഷചെയ്യുന്ന സ്ഥാപതിയുടെ വിശേഷണമായ "സൂക്ഷ്മധീഃ" എന്ന പദംകൊണ്ടും, ജ്യോതിശ്ശാസ്ത്രപ്രകാരം ആ ഭൂഗത്തത്തെ ഒരു രാശിചക്രമായിക്കല്പിച്ച് അതിൽ തല്ക്കാലത്തെ ഗ്രഹസ്ഥിതി നിണ്ണയിക്കുകയും, പ്രശ്നത്തിൽ സപ്തണ്ണസ്ഥിതികൊണ്ട് ആരൂഢം നിണ്ണയിക്കുന്നതുപോലെ പുഷ്പസ്ഥിതികൊണ്ട് ആരൂഢം കല്പിക്കുകയും, പുഷ്പവിന്യാസം ചെയ്യുന്ന സമയത്തുണ്ടാകുന്ന ശകുനാദിനിമിത്തങ്ങളേയും ദീപം, ശരം മുതലായവയേയും സൂക്ഷിച്ചറിയുകയും ചെയ്തിട്ട് അവയെക്കൊണ്ടു ഗൃഹകത്താവിൻെറ ഗുണദോഷഫലങ്ങളെ അറിഞ്ഞുകൊള്ളണമെന്നുകൂടി ശാസ്ത്രകാരൻ വിവക്ഷിച്ചിട്ടുണ്ടെന്നു ഗ്രഹിച്ചിരിക്കേണ്ടതാകുന്നു.

അവ—ഇങ്ങനെ പരീക്ഷ ചെയ്തു ഭൂപരിഗ്രഹം കഴിഞ്ഞാൽ പിന്നെ ഗൃഹം പണിചെയ്യാനുള്ള സ്ഥലത്തെ സമനിരപ്പാക്കുകയും, ശങ്കു നാട്ടി മറിതീത്തു ദിങ്നിണ്ണയം ചെയ്യുകയും ചെയ്യാനുള്ള വിധിയെപ്പറയുന്നു.

യന്ത്രേണാവനതാദിനാ ച നിപുണോ
യദ്വാംബുസമ്പൂരണേ–
നോവ്വീം ചാരു സമീകരോതഥ ദ്വൈധ–
ശ്ശങ്കും ച വൃക്ഷാദിഭിഃ
മാത്താണ്ഡാംഗുലസമ്മിതായതമുള്ളം
വൃത്തഞ്ച മൂലാഗ്രയോ–
ദ്ദ്വാദൈശകാംഗുലവിസ്തൃതം ച മുകുള–
പ്രായാഗ്രമാകല്പയേൽ. ൨൦

വ്യാ—വിദഗ്ദ്ധനായവൻ അവനതം (സമരം) മുതലായ യന്ത്രംകൊണ്ടോ വെള്ളം നിറുത്തിയോ ഭൂമിയെ വേണ്ടും വണ്ണം സമനിരപ്പാക്കിച്ചമക്കണം. പിന്നെ ഉറപ്പുള്ള മരം



അവനതയന്ത്രം
(സമനകാൽ.)

കൊണ്ടോ ആനക്കൊമ്പുകൊണ്ടോ പന്ത്രണ്ടംഗുലം നീളമായി വളവുകൂടാതെ ഉരുണ്ടു രണ്ടംഗുലം ചുവട്ടിലും ഒരംഗുലം അഗ്രത്തിലും വിസ്താരമായി അഗ്രം താമരമൊട്ടുപോലെ കൂൎത്തിരിക്കുന്ന ഒരു ശങ്കുവിനെ ഉണ്ടാക്കി ആസ്സമഭൂമിയിൽ നാട്ടണം. (ശങ്കു = കുററി)

അവ — അങ്ങനെ നാട്ടിയ ശങ്കുവിനെക്കൊണ്ടു ദിക്കുതിരിവു തീൎക്കുവാനുള്ള മാൎഗ്ഗത്തെപ്പറയുന്നു.

ശങ്കോൎമ്മദ്ധ്യഗതോ നിജദ്വിഗുണിത-
വ്യാസാൎദ്ധവൃത്തസ്യ യ-
സ്തൽഭാനിൎഗ്ഗമനപ്രവേശരചിതൌ
ബിന്ദൂ തു പൂൎവ്വാപരൌ
പ്രത്യഗ്ബിന്ദുമഥാപരേദ്യുരപി കൃ-
ത്വാ തൽഭമത്ര്യംശകേ
നേയഃ പ്രാക്തനബിന്ദുരേഷ സമപാ-
ശ്ചാത്യോ ഭവേൽ പൂൎവ്വതഃ വ. ൫

വ്യാ — ശങ്കുവിൻെറ നീളത്തിലിരട്ടി വ്യാസാൎദ്ധമായുള്ള ഒരു വൃത്തമദ്ധ്യത്തിങ്കൽ ആശ്ശങ്കു വരുമാറു് ഒരു വൃത്തം വരച്ചു കാലത്തെ നേരം ആശ്ശങ്കുവിൻെറ നിഴൽ പടിഞ്ഞാറെ വൃത്തനേമിയിൽ തട്ടിയേടത്തു് ഒരു അടയാളം തൊടു. അതുപോലെ തന്നെ ഉച്ചതിരിഞ്ഞു് ആ നിഴൽ കിഴക്കോട്ടു നീണ്ടു ചെന്നു വൃത്തത്തിൻെറ കിഴക്കേ നേമിയിൽ തട്ടുന്നേടത്തും ഒരു അടയാളമിടു. എന്നാൽ ഈ രണ്ടു് അടയാളങ്ങളും ഏകദേശം കിഴക്കും പടിഞ്ഞാറും ഉള്ളവയായിരിക്കും. ഇനി സൂക്ഷ്മം വരുത്തുവാൻ പിറേറ ദിവസം കാലത്തും പടിഞ്ഞാറെ വൃത്തനേമിയിൽ നിഴൽ തട്ടുന്നേടത്തു് അടയാളം തൊടു. എന്നിട്ടു തലേനാൾ കുറിച്ചതും പിറേറനാൾ കുറിച്ചതുമായ രണ്ടു് അടയാളങ്ങളുടെ ഇട മൂന്നംശിച്ചു തലേനാൾ തൊട്ട അടയാളത്തെ ഒരംശം നീക്കി അവിടെയും ഒരടയാളമിടു. എന്നാൽ ആ അടയാളവും തലേനാൾ കിഴക്കേ വൃത്തനേമിയിൽ

ഇട്ടിരിക്കുന്ന അടയാളവും സൂക്ഷ്മമായ കിഴക്കും പടിഞ്ഞാറും ആയിരിക്കും. അതിനാൽ അവ രണ്ടിലും തട്ടുമാറു കിഴക്കുപടിഞ്ഞാറു് ഒരു രേഖ നീട്ടിവരച്ചാൽ അതു പൂൎവ്വാപരരേഖയായി ഭവിക്കും.

ഇങ്ങനെ ശങ്കുവിന്റെ നിഴലിനു വരുന്ന മാറ്റത്തിനു് ഒരു നിയമമുണ്ടു്. ഉത്തരായണത്തിൽ സൂൎയ്യൻ ദിവസംപ്രതി വടക്കോട്ടു നീങ്ങുന്നതിനാൽ നിഴലിന്റെ അഗ്രവും തലേനാളത്തേതിനെക്കാൾ പിറേറനാളത്തേതു് അല്പം തെക്കോട്ടു നീങ്ങിയിരിക്കും. ദക്ഷിണായനത്തിൽ അതുപോലെ വടക്കോട്ടും മാറിവരും. അതിനാൽ തലേനാളും പിറേറനാളും ഉള്ള ഛായാഗ്രാന്തരത്തിൽ മൂന്നിലൊരുഭാഗം നീക്കുന്നതു, ദക്ഷിണായനത്തിൽ തലേനാളത്തെ അടയാളത്തിൽനിന്നു വടക്കോട്ടും, ഉത്തരായണത്തിൽ തെക്കോട്ടും ആയിരിക്കണം.

ഇനി തലേനാളത്തെയും പിറേറനാളത്തെയും *ഛായാഗ്രങ്ങളുടെ അന്തരത്തിൽ മൂന്നൊന്നു നീക്കുവാൻ പറഞ്ഞിട്ടുള്ളതിനും യുക്തിയുണ്ടു്. ഇവിടെ വൃത്തമദ്ധ്യത്തിൽ നിൽക്കുന്ന ശങ്കുവിനു നീളം പന്ത്രണ്ടംഗുലവും വൃത്തത്തിന്റെ വ്യാസാൎദ്ധം ഒരു കോലുമാണല്ലൊ. അപ്പോൾ ശങ്കുവിന്റെ ഛായക്കു, ശങ്കുവിൽ ഇരട്ടി നീളമുള്ളപ്പോൾ മാത്രമേ അതിന്റെ അഗ്രം വൃത്തനേമിയിൽ തട്ടുകയുള്ളുവെന്നു സിദ്ധമാണു്. ഒരു വസ്തുവിന്റെ നിഴലിനു് ആ വസ്തുവിൽ ഇരട്ടി നീളമുണ്ടാകുന്നതു മിക്ക കാലങ്ങളിലും നാലഞ്ചുനാഴിക പുലരുമ്പോഴും നാലഞ്ചുനാഴികപ്പകലേയും ആയിരിക്കും. അതിനാൽ കാലത്തും വൈകുന്നേരവും ശങ്കുച്ഛായാഗ്രം വൃത്തനേമിയിൽ തട്ടുന്ന സമയങ്ങൾ തമ്മിൽ ഏതാണ്ടു് ഇരുപത്തുനാഴികയുടെ ഭേദമുണ്ടല്ലൊ. അടുത്ത രണ്ടുദിവസങ്ങളിൽ ഒരേസമയത്തെ സൂൎയ്യന്റെ ചലനം എത്രയെന്നു കണ്ടാൽ അതിൽ മൂന്നിലൊരു ഭാഗമാണു് ഒരു ദിവസത്തിന്റെ മൂന്നിലൊന്നായ ഇരുപത്തു

ശങ്കുസ്ഥാപനം
ദിങ്നിർണ്ണയം



നാഴികകളുണ്ടാകുന്ന വ്യത്യാസമെന്നും കാണാമല്ലൊ. ഇങ്ങനെ യുക്തികൊണ്ടു കണക്കാക്കീട്ടാണു മൂന്നിലൊന്നു മാററുവാൻ പറഞ്ഞിട്ടുള്ളതെന്നറിഞ്ഞുകൊൾക.

അവ—ഇങ്ങനെ കിഴക്കുപടിഞ്ഞാറു സൂക്ഷ്മമാക്കീട്ടു് ഇനി അതുകൊണ്ടു തെക്കുവടക്കുണ്ടാക്കുവാൻ പറയുന്നു.

പ്രാഗഗ്രമൂർവ്വ്യാമഭികല്പ്യ സൂത്രം
സൂത്രേഽത്ര വൃത്തദ്വയയോഗജാതം
മത്സ്യം ച, തിര്യക് പരികല്പ്യ കര്യാൽ
സൂത്രം യമോദഗ്ഗതമസ്യ മദ്ധ്യേ. ൨൨

വ്യാ—ഇങ്ങനെ കിഴക്കുപടിഞ്ഞാറുണ്ടാക്കിയ സൂത്രത്തെ മദ്ധ്യമാക്കി, ഒന്നു മറേറതിൽ പ്രവേശിച്ചിരിക്കത്തക്കവണ്ണം രണ്ടു വൃത്തങ്ങളെ വരക്കണം. എന്നാൽ നടുവിൽ മത്സ്യാകൃതിയായ ഒരു അടയാളമുണ്ടാകും. ആ മത്സ്യരേഖയുടെ നടുവേ നീളത്തിൽ ഒരു വര വരച്ചാൽ അതു തെക്കുവടക്കു സൂക്ഷ്മമായി ഭവിക്കും.

അവ—ഇനി ബ്രഹ്മയമസൂത്രങ്ങളെ ഉണ്ടാക്കുവാനും പിന്നെ അവയെക്കൊണ്ടു പറമ്പിനെ നാലായി ഖണ്ഡം തിരിപ്പാനും പറയുന്നു.

സൂത്രം പൂർവ്വാപരാശാവിനിഹിതമുദിതം
ബ്രഹ്മസൂത്രം യമാഖ്യം
യാമ്യോദഗ്ഗാമി ചൈവം തദിഹ ധരണിതലേ
ഖണ്ഡിതേ സ്യാച്ചതുർദ്ധാ.
സർവ്വേഷാമീശഖണ്ഡം ശുഭമിതി ധനസം-
വർദ്ധനം, മാനുഷാഖ്യം
ദേവാഖ്യം നൈരൃതാംശം ദ്വയമപി ച ഗൃഹേ
കല്പയേന്മാനവാനാം. ൨൩

വ്യാ—പറമ്പിന്റെ നടുവേ കിഴക്കുപടിഞ്ഞാറുള്ള സൂത്രം ബ്രഹ്മസൂത്രമാകുന്നു. തെക്കുവടക്കുള്ളതു യമസൂത്രം. ഇങ്ങനെ രണ്ടു സൂത്രങ്ങളെക്കൊണ്ടു പറമ്പു നാലു ഖണ്ഡമാക്കി

യാൽ അവയിൽ ഈശകോണിലെ ഖണ്ഡം എല്ലാവക്കും ഗൃഹമുണ്ടാക്കുവാൻ ശ്രേഷ്ഠമാകുന്നു. അതു ധനത്തെ വർദ്ധിപ്പിക്കും. ഇതിന്നു മനുഷ്യഖണ്ഡമെന്നു പേർ. നിരൃതികോണിലെ ഖണ്ഡത്തിന്നു ദേവഖണ്ഡമെന്നു പേർ. അതും ഗൃഹം ചമപ്പാൻ നന്ന്.

ആഗ്നേയം സ്യാദ്യമാഖ്യം മൃതികൃദഖിലവ-
    ർജ്ജ്യം തഥൈവാസുരം സ്യാ-
ദ്വായവ്യം തദ്വിശാം വാ കചിദഥ നിരൃതീ-
    ശാനയോസ്തത്ര ഖണ്ഡം
വിസ്തീർണ്ണം ചേച്ചതുർദ്ധാ പുനരപി ച വിഭ-
    ജ്യൈശഭാഗേ നൈരൃതം ചാ-
പ്യേതസ്മിൻ ഗ്രാഹ്യമൈശം ഗൃഹകരണവിധൌ
    ശോഭനം ഭൂസുരാദേഃ. ൨൪

വ്യാ—അഗ്നികോണിലെ ഖണ്ഡത്തിന്നു യമഖണ്ഡമെന്നു പേർ. അതു മരണത്തെ ഉണ്ടാക്കുന്നതാകുന്നു. വായുകോണിലെ ഖണ്ഡത്തിന്ന് അസുരഖണ്ഡമെന്നു പേർ. അതു വൈശ്യൎക്കു ചിലേടത്തു കൊള്ളാം. പിന്നെ ഖണ്ഡങ്ങൾക്കു വിസ്താരം അധികമുണ്ടെന്നു വരുകിൽ ഓരോ ഖണ്ഡങ്ങളെയും പിന്നെയും നാലാക്കി ഖണ്ഡിച്ച് ഈശഖണ്ഡത്തിലെ നിരൃതിഖണ്ഡവും, നിരൃതിഖണ്ഡത്തിലെ ഈശഖണ്ഡവും വിപ്രാദിവർണ്ണങ്ങൾക്കു പുര ചമപ്പാൻ നല്ലതാകുന്നു.

അവ—ഇനി രജ്ജുസൂത്രങ്ങളെ പറയുന്നു.

ഭൂപാദിവർണ്ണനിയമേന യമോദഗായാ-
മാപേതമധ്യചതുരശ്രമഹീതലേ തു
കർണ്ണാധ്വനാ നിരൃതിമാരുതകോണമൂല-
ശൈവാനലാഗ്രഭവസൂത്രയുഗം ഹി രജ്ജുഃ. ൨൫

വ്യാ—ക്ഷത്രിയാദിവർണ്ണങ്ങൾക്കു വിധിച്ചിട്ടുള്ള മുഖായാമത്തെ തെക്കും വടക്കും ഭാഗങ്ങളിൽ ശരാശരി കളഞ്ഞു മദ്ധ്യത്തെ ചതുരശ്രപ്പെടുത്തിയ ഭൂമിയിൽ നിരൃതികോണും


ഖണ്ഡകല്പനം
സൂത്രരജ്ജുകൾ
ഈശാനകോൺ
ബ്രഹ്മസൂത്രം
അഗ്നികോൺ
കിഴക്ക്
മനുഷ്യ ഖണ്ഡം
യമ ഖണ്ഡം
വടക്ക്
തെക്ക്
ബ്ര
ഹ്മ
ശ
ങ്കു
യമസൂത്രം
അസുര ഖണ്ഡം
ദേവ ഖണ്ഡം
രജ്ജുസൂത്രം
കർണ്ണസൂത്രം
വായുകോൺ
നിരൃതികോൺ
പടിഞ്ഞാറ്

വായുകോണും മൂലമായിട്ടും ഈശകോണും അഗ്നികോണും അഗ്രമായിട്ടും കർണ്ണമാൎഗ്ഗമായി രണ്ടു സൂത്രങ്ങളുണ്ടാകും. അവയെ രജ്ജുസൂത്രങ്ങളെന്നു പറയും.

അവ — സൂത്രവേധംകൊണ്ടുള്ള ദോഷങ്ങളെ പറയുന്നു.

ക്ഷേത്രേല്പേ കഥാപി മധ്യാങ്കണമപി ച കൃതം-
ന്താരത്മജ്ഞ സൂത്രയോഗാൽ
കിഞ്ചിന്നീതാം സ്വഗത്യാപി ച ഭവനചതു-
ഷ്കം കൃതം ദൃശ്യതേ ച
ഈശാദൌ ദ്രവ്യനാശഃ പതിവിരഹമഹാ
കഷ്ടശത്രുപ്രപീഡാഃ
പുത്രാൎത്ഥഘാതവാതാമയകലഹതയോ
രജ്ജുസൂത്രപ്രവേധേ. ഥന്ന

വ്യാ — പറമ്പു ചെറുതാണെങ്കിൽ പറമ്പിന്റെ മദ്ധ്യത്തിൽ വരുന്ന ബ്രഹ്മമർമ്മസൂത്രങ്ങളുടെ യോഗത്തിൽനിന്ന് അങ്കണമദ്ധ്യത്തെ ഗമനത്തിന്നനുസരിച്ച് അല്പം നീക്കിയിട്ടും നാലുകെട്ടുപുര പണിചെയ്യപ്പെട്ടതായി കാണുന്നു. പിന്നെ സൂത്രരജ്ജുക്കളുടെ വേധംകൊണ്ടുള്ള ദോഷങ്ങൾ:— ഈശകോണിലെ രജ്ജുവിന്നു പുരയുടെ സൂത്രംകൊണ്ടു വേധം ഉണ്ടായാൽ ദ്രവ്യനാശവും, കിഴക്കേദിക്കിലെ സൂത്രവേധംകൊണ്ടു ഭർത്തൃവിരഹവും അഗ്നികോണിലെ രജ്ജുവേധംകൊണ്ടു കഷ്ടരോഗവും തെക്കേ ദിക്കിലെ സൂത്രവേധംകൊണ്ടു ശത്രുപീഡയും, നിരൃതിയികലെ രജ്ജുവേധംകൊണ്ടു പുത്രനാശവും പടിഞ്ഞാറെ സൂത്രവേധംകൊണ്ട് അർത്ഥനാശവും, വായുകോണിലെ രജ്ജുവേധംകൊണ്ടു വാതരോഗവും, വടക്കേ സൂത്രവേധംകൊണ്ടു കലഹാനിയും സംഭവിക്കുന്നതാകുന്നു.

അവ — ഇനിയൊരു ശ്ലോകംകൊണ്ടു സൂത്രരജ്ജുക്കളുടെ വർണ്ണത്തെപ്പറയുന്നു.

അഷ്ടാങ്കദിഗപ്ധിപദൈഃ ക്രമേണ
ക്ഷേത്രേ കൃതേത്വേകപദസ്യ ഭാഗൈഃ
നൃപാക്കനാഗപ്രമിതൈസ്തു വിദ്യാൽ
സൂത്രസ്യ രജ്ജ്വാശ്ച തതിപ്രമാണം. ൨൦

വ്യാ— പറമ്പിനെ അറുപത്തിനാലോ എൺപത്തൊന്നോ ഒരുനൂറോ ഏതെങ്കിലും ഒരുപ്രകാരത്തിലുള്ള പദങ്ങളാക്കിക്കല്പിച്ചാൽ, അറുപത്തിനാലാണെങ്കിൽ ഒരു പദത്തിന്റെ പതിനാറാലൊന്നുകൊണ്ടും, എൺപത്തൊന്നാണെങ്കിൽ ഒരു പദത്തിന്റെ പന്ത്രണ്ടാലൊന്നുകൊണ്ടും, ഒരുനൂറാണെങ്കിൽ ഒരു പദത്തിന്റെ എട്ടിലൊന്നുകൊണ്ടും രജ്ജുക്കളുടെയും സൂത്രങ്ങളുടെയും വിസ്താരം കല്പിക്കണം.

അവ— പറമ്പിന്റെയും ഗൃഹത്തിന്റെയും സൂത്രവേധം പറഞ്ഞപ്പോൾ പ്രകൃതവശാൽ ഗൃഹോപഗൃഹാദികളുടെ അന്യോന്യവേധത്തെയും വർജ്ജിക്കേണ്ടതാണെന്നു പറയുന്നു.

സമസ്തഗേഹാങ്കണകൂപവാപീ-
ദ്വാരാദിമധ്യസ്ഥിതസൂത്രവേധഃ
മിഥസ്സമസ്തേഷ്വപി വർജ്ജനീയോ
രജ്ജ്വാശ്ച കോണാലയകർണ്ണയോശ്ച. ൨൧

വ്യാ— നാലുപുരകൾക്കു പുറമേയുള്ള ഗോശാല മുതലായ ഉപഗൃഹങ്ങളുടെയും, അങ്കണം, കിണറു, കുളം, ദ്വാരങ്ങൾ, മുതലായവററിന്റെയും, മധ്യസൂത്രങ്ങളും, രജ്ജുക്കളും, കോൺഗൃഹങ്ങളുടെ കർണ്ണങ്ങളും അന്യോന്യം വേധിക്കുന്നതിനെ വർജ്ജിക്കണം.

അവ — ഇനി രണ്ടു ശ്ലോകങ്ങളെക്കൊണ്ടു പുരയുടെ ഇന്നിന്ന ഭാഗങ്ങളിൽ ഇന്നിന്ന വൃക്ഷങ്ങൾ ശുഭാശുഭങ്ങളെ ചെയ്യുമെന്നു പറയുന്നു.

പൂർവ്വസ്യാം ബകുളോ വടശ്ച ശുഭദോ-
ഽവാച്യാം തഥോദുംബര-
ശ്ചിഞ്ചാ ചാംബുപതൌ തു പിപ്പലതരു-
സ്സപ്തച്ഛദോഽപി സ്മൃതഃ
കൌബേര്യാം ദിശി നാഗസംജ്ഞിതതരുഃ
പ്ലക്ഷശ്ച സംശോഭനാഃ
പ്രാച്യാദൌ പനസഃ ക്രമാൽ ക്രമുകകേ-
രാമ്രാശ്ച സർവ്വത്ര ച. ൨൯

വ്യാ—ഗൃഹത്തിന്റെ കിഴക്കുപുറത്ത് എരിഞ്ഞിയും പേരാലും, തെക്കുപുറത്ത് അത്തിയും പുളിയും, പടിഞ്ഞാറ് അരയാലും പാലയും, വടക്ക നാഗമരവും ഇത്തിയും, ശുഭപ്രദങ്ങളാകുന്നു. പിന്നെ കിഴക്കുതുടങ്ങി നാലുദിക്കിലും ക്രമേണ പുലാവ്, കമുങ്ങ്, തെങ്ങ്, മാവ് ഇവകൾ ശോഭനങ്ങളാം. ഇവ നാലും എല്ലാദിക്കുകളിലും കൊള്ളരുതായ്കയുമില്ല.

അശ്വത്ഥോഽഗ്നിഭയം കരോതി ബഹുധാ
പ്ലക്ഷഃ പ്രമാദപ്രദോ
ന്യഗ്രോധഃ പരശസ്ത്രപാതമുദര-
വ്യാധിം തഥോദുംബരഃ
സമ്പ്രോക്ത പ്രതിദിക്സ്ഥിതാസ്ത്വപി ച തേ-
ഷ്വന്യേ സുവർണ്ണോത്തമാ-
ശ്ശ്രേഷ്ഠ്യോ മന്ദിരതസ്ത്രിരുച്ച്യയുഗസീ-
മാഭ്യന്തരസ്ഥാ യദി. ൩൦

വ്യാ—അതാതിനു ചൊല്ലപ്പെട്ട ദിക്കിന്റെ മറുദിക്കിൽ നിന്നാൽ മേൽപറഞ്ഞ വൃക്ഷങ്ങളിൽ, അരയാൽ അഗ്നിഭയത്തെയും, ഇത്തി പ്രമാദത്തെയും, പേരാൽ ശത്രുക്കളുടെ ആയുധംകൊണ്ടു മുറിപ്പെടുവാനുള്ള സംഗതിയെയും, അത്തി ഉദരവ്യാധിയെയും ഉണ്ടാക്കും. ഈ വൃക്ഷങ്ങളോ അല്ലെങ്കിൽ വേറെ വല്ല വൃക്ഷങ്ങളോ—അവ, പൊന്നുകായ്ക്കുന്നവതന്നെ ആയിരുന്നാലും— ഗൃഹത്തിങ്കൽനിന്നു വൃക്ഷത്തിന്റെ പൊ

ക്ഷത്തിൽ ഇരട്ടി ദൂരത്തല്ലാ നിൽക്കുന്നതെങ്കിൽ മുറിച്ചുകളയേണ്ടതാകുന്നു ('സ്വവർണ്ണാത്മകങ്ങൾ' എന്നു പറഞ്ഞതിന്നു ഉടമസ്ഥനു വളരെ ധനലാഭമുണ്ടാകുന്നതു് എന്നേ അർത്ഥമുള്ളൂ.)

അവ — ഇനി എവിടെ നിന്നാലും നന്നായിട്ടുള്ള ചില വൃക്ഷാദികളെപ്പറയുന്നു.

ശസ്താ മന്ദിരപാർശ്വപൃഷ്ഠദിശി തു
ശ്രീവൃക്ഷവില്വാഭയാ
വ്യാധിഘ്നാമലകീസുരദ്രുമപലാശ
ശോകമാലേയകാഃ
പുന്നാഗാസനചമ്പകാശ്ച ഖദിര-
സ്തദ്വൽ കദള്യാദയോ
യൂഥീമാലതിമല്ലികാദിലതികാ-
സ്സർവ്വത്ര സംശോഭനാഃ. മ. ഫ

വ്യാ — കമിഴ്, കൂവളം, കടുക്കമരം, കൊന്ന, നെല്ലി, ദേവതാരം, അശോകം, ചന്ദനം, പുന്ന, വേങ്ങ, ചമ്പകം, കരിങ്ങാലി ഇൗവക മരങ്ങൾ ഗൃഹത്തിന്റെ ഇടത്തും വലത്തും പിന്നിലും നിൽക്കുന്നതു നല്ലതാകുന്നു. അതുപോലെ വാഴ, വഴുതിന, ചേന, ചേമ്പു മുതലായ സസ്യങ്ങളും, ഉഴുന്നു, പയറു, കടല, കോതമ്പു, മുത്താറി, കമ്പം, ചോളം, വരക മുതലായ ധാന്യങ്ങളും, മുല്ല, പിച്ചകം മുതലായ പുഷ്പലതകളും ഗൃഹത്തിന്റെ എല്ലാ ഭാഗങ്ങളിലും ശോഭനങ്ങളാകുന്നു.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു വൃക്ഷങ്ങളുടെ ജാതി തിരിച്ചു്, അവയെ ഗൃഹത്തിന്റെ പുറത്തു് ഏതേതു കക്ഷ്യകളിലാണു നിറുത്തേണ്ടതെന്നു പറയുന്നു.

അന്തസ്സാരാസ്തു വൃക്ഷാഃ പനസതരുമുഖാ-
സ്സർവ്വസാരാശ്ച ചിഞ്ചാ-
ശാകാദ്യാസ്താലകേരക്രമുകയവഫലാ-
ദ്യാ ബഹിസ്സാരവൃക്ഷാഃ

നിസ്സാരാശ്ശിഗ്രുസപ്തച്ഛദശ്ലേഷ്മാതകതരവഃ
കിംശുകാദ്യാശ്ച കാൎയ്യാ-
സ്സ്വേഷ്ടപാൎശ്വ്യാം മധ്യഭാഗേ ബഹിരപി ച തത-
സ്സൎവ്വസാരാസ്തതോന്യേ. ൩൨

വ്യാ— പുലാവ്, അയിനി മുതലായ മരങ്ങൾ അന്തസ്സാരങ്ങൾ (ഉള്ളിൽ കാതലുള്ളവ) ആകുന്നു. വാളമ്പുളി, തേക്ക മുതലായവ സൎവ്വസാരങ്ങൾ (എല്ലാഭാഗത്തും ഉറപ്പുള്ളവ) ആകുന്നു. കരിമ്പന, തെങ്ങ്, കമുങ്ങ്, മുള മുതലായവ ബഹിസ്സാരങ്ങൾ (പുറമേ കാതൽ=കാട്ട്-ഉള്ളവ) ആകുന്നു. മുരിങ്ങ, പാല, വാക, മുരുക്ക്, പൂള മുതലായവ നിസ്സാരങ്ങൾ (കാതൽ=ഉറപ്പ് ഇല്ലാത്തവ) ആകുന്നു. ഇവയിൽവച്ച് ആദ്യം പറഞ്ഞ അന്തസ്സാരവൃക്ഷങ്ങൾ പുരയും വേലിയും തമ്മിലുള്ള അകലത്തിന്റെ മധ്യഭാഗത്തും, സൎവ്വസാരങ്ങൾ അതിനു പുറത്തും, ബഹിസ്സാരങ്ങൾ അതിനു പുറത്തും ആയിരിക്കണം. നിസ്സാരങ്ങൾ എല്ലാററിനും പുറത്തായിരിക്കേണമെന്നു സിദ്ധമാണല്ലോ. എന്നാൽ സൎവ്വസാരങ്ങളെ അന്തസ്സാരങ്ങളെക്കാൾ പുറത്തു നിൎത്തേണ്ടതാണെന്നു പറഞ്ഞിരിക്കുന്നത്, അവയ്ക്ക് ഉറപ്പു കുറവായിട്ടല്ലാ; അവ മഹാവൃക്ഷങ്ങളാകകൊണ്ടാണെന്നു വിചാരിക്കണം.

അവ— കടിയിരുപ്പു പറമ്പിൽ ഒരേടത്തും നിറുത്തുവാൻ കൊള്ളരുതാത്തവയും, പുരസ്സൂട്ടത്തു കൊള്ളരുതാത്തവയും ആയ വൃക്ഷങ്ങളെപ്പറയുന്നു.

കാരസ്കരാശ്മന്തകകണ്ടകിദ്രു-
ശ്ലേഷ്മാതകാക്ഷദ്രുമപീലുനിംബാഃ
പൈശാചവൃക്ഷസ്സഹിഭേ ദ്വിതീയാഃ
സൎവ്വത്ര നേഷ്ടാ അപി ശിഗ്രുരന്തഃ. ൩൩

വ്യാ— കാഞ്ഞിരം, ചേര്, വയ്യങ്കതവ്, നറുവരി, താന്നി, ഉക, വേപ്പ്, പൊട്ടക്കാവള്ളി, കള്ളി, എരുമക്കള്ളി, ഇ

വ പുരപണിയുന്ന പറമ്പിൽ എന്നും കൊള്ളരുത്. മുരിങ്ങ പുരക്ക് അടുത്തും കൊള്ളരുത്.

അവ — ഇനിയൊരു ശ്ലോകംകൊണ്ടു പറമ്പിന്റെ ഉച്ചനീചത്വങ്ങളാലുണ്ടാകുന്ന ഗുണദോഷങ്ങളെപ്പറയുന്നു.

ഇന്ദ്രാശാദിനതാവനിസ്ഥിതഗൃഹാ-
ശാള്യുന്നതാദ്യേഷു ക്രമാൽ
ഗോവഹ്ന്യന്തകഭൂതവാരിഫണഭൃ-
ന്മാതംഗധാന്യാഹ്വയാഃ
വീഥ്യോഽത്ര ക്രമശോഽഭിവൃദ്ധിധനഹാ-
ന്യന്താർത്ഥഹാനിപ്രദാഃ
ദാരിദ്ര്യാത്മജഹാനിവിത്തശുഭദാ
വ്യസ്തം ഫലം വ്യത്യയേ. ന.ര

വ്യാ — കിഴക്കു താണു പടിഞ്ഞാറ് ഉയൎന്ന പറമ്പിനു 'ഗോ'വീഥിയെന്നു പേർ. അവിടെ പുര പണിയിച്ചാൽ എല്ലാസ്സമ്പത്തുകളും വൎദ്ധിച്ചിരിക്കും. അഗ്നികോണു താണു വായുകോണ് ഉയൎന്നിരുന്നാൽ ആ ഭൂമിക്ക് 'അഗ്നി'വീഥിയെന്നു പേർ. ധനനാശം ഫലം. തെക്കു താണു വടക്കുയൎന്നിരുന്നാൽ 'യമ'വീഥിയെന്നു പേർ. അതിനു മരണം ഫലം. നിരൃതികോണു താണ് ഈശാനകോണ് ഉയൎന്നിരുന്നാൽ 'ഭൂത'വീഥിയെന്നു പേർ. ധനനാശം ഫലം. പടിഞ്ഞാറു താണു കിഴക്കുയൎന്നിരുന്നാൽ 'ജല'വീഥിയെന്നു പേർ. ദാരിദ്ര്യം ഫലം. വായുകോണു താണ് അഗ്നികോണുയൎന്നാൽ 'സൎപ്പ' വീഥി. പുത്രനാശം ഫലം. വടക്കു താണു തെക്ക് ഉയൎന്നിരുന്നാൽ 'ഗജ'വീഥിഎന്നു പേർ. ധനവൃദ്ധി ഫലം. ഈശകോണു താണു നിരൃതികോണ് ഉയൎന്നാൽ 'ധാന്യ'വീഥിയെന്നു പേർ. സൎവ്വശുഭം ഫലം ഇതിനു വിപരീതമായിരുന്നാൽ വിപരീതം ഫലം.

അവ — ഇനി പുരപണിയുന്നതിനടുത്തു ദേവാലയങ്ങൾ ഉണ്ടായിരുന്നാൽ അവയിലെ മൂൎത്തിഭേദം അനുസരിച്ചുള്ള ഗുണദോഷങ്ങളെപ്പറയുന്നു.

വാമേ പാശ്ചേ ച പൃഷ്ഠേ മുരദനുജരിപോ-
ർദ്ദക്ഷിണേഽപ്യഗ്രഭാഗേ
കാലാരാതേശ്ച കാള്യാസ്സദിതരവിബുധ-
സ്യാഖിലസ്യാഗ്രമൂർത്തേഃ
നിമ്നസ്ഥാനസ്ഥിതായ്ക്സ്യ ച ധരണിതലേ
മാനവാനാം നിവാസ-
ശ്ചാത്യന്താനർത്ഥദസ്സ്യാ ദിഹ തദിതരദി-
ക്ഷു സ്ഥിതിശ്ശോഭനൈവ.

വ്യാ— വിഷ്ണുവിൻെറ എടത്തുഭാഗത്തും പിന്നിലും, ശിവൻ ഭദ്രകാളി മുതലായ എല്ലാ ഉഗ്രമൂർത്തികളുടെയും, താണ സ്ഥലത്തിരിക്കുന്ന ശാസ്താവിൻെറയും വലത്തുഭാഗത്തും മുമ്പിലും, ഉള്ള ഭൂമിയിൽ പുരപണിയിച്ചു താമസിക്കുന്നവക്ക് അത്യന്തം അനൎത്ഥങ്ങൾ സംഭവിക്കും. മേൽപറഞ്ഞതിനു വിപരീതമായ ദിക്കുകളിൽ ഗൃഹനിൎമ്മാണംചെയ്താൽ ശോഭനം തന്നെ.

അവ — ഗൃഹനിൎമ്മാണത്തിനു കൊള്ളരുതാത്ത ചില പ്രദേശങ്ങളെയും മററും പറയുന്നു.

വ്രീഹിക്ഷേത്രാദിദേവാലയജലധിനദീ-
താപസാഗാരഗോഷ്ഠ-
ഗ്രാവാദീനാമതീവാന്തികമപകുരുതേ
നൈകധാ മന്ദിരേഷു
ദേവാഗാരാന്തരാണാമതിശുഭദമിദം
കിഞ്ചിദൂനം സമം വാ
തസ്മാദ്ഭൂന്നതം ച ക്ഷിതലവിധിരതി-
വാന്തികേ നേഷ്യതേ ദ്രാ. ൨൩

വ്യാ— നെൽവയൽ, ദേവാലയം, സമുദ്രം, നദി, ഋഷ്യാശ്രമം, ഗോശാല, പൎവ്വതം (അല്ലെങ്കിൽ വലിയ പാറ) എന്നിവയുടെ ഏററവും അടുത്തു പുരപണിതാൽ പലപ്രകാരം അനൎത്ഥങ്ങളുണ്ടാകും. ദേവാലയത്തോട് അധികം അ

ടത്താണെങ്കിൽ, ദേവാലയത്തെക്കാൾ ഉയരം കുറച്ചോ സമമായിട്ടോ മാത്രമേ മനുഷ്യാലയം പണിയിക്കാവൂ. കുറഞ്ഞിരിക്കുന്നതാണ് അധികം നല്ലത്. ദേവാലയത്തെക്കാൾ ഉയരമേറിട്ടോ മാളികയായിട്ടോ പണിചെയ്യിക്കുന്നത് ഒട്ടും നന്നല്ല.

അവ — പറമ്പിന്റെ ഉച്ചനീചതകളെക്കൊണ്ടുള്ള ഗുണദോഷങ്ങളെ "ഇന്ദ്രാശാദിനതം" എന്ന ശ്ലോകംകൊണ്ടു പറഞ്ഞുവല്ലോ. ഇനി ഗുണഫലം എത്രകാലം നിലനിൽക്കുമെന്നു പറയുന്നു.

മധ്യോച്ചായാം ധരിത്ര്യാം പ്രഥമമഥ ഗൃഹേ
കല്പിതേ സ്യാദ്ദശാബ്ദം
വൃദ്ധിഃ പ്രാഗുന്നതായാമപി ഹുതവഹയാ-
മോന്നതായാം ശതാബ്ദം
സാഹസ്രാബ്ദം നിരൃത്യുന്നതധരണിതലേ
വാരുണേ ചോത്തദബ്ദം
ശേഷാസുക്താഷ്ടഷൾക്കാസ്സ്വത ഉപരി നിജോ-
ക്താനുരൂപം ഫലം സ്യാൽ. ൯൨

വ്യാ — നടുവും കിഴക്കും ഉയർന്ന പറമ്പിൽ പുര പണിതാൽ ആദ്യം പത്തുകൊല്ലത്തേക്കു വൃദ്ധിയുണ്ടാകും. അഗ്നികോണും തെക്കുഭാഗവും ഉയർന്ന പറമ്പിൽ നൂറുകൊല്ലത്തേക്കും, നിരൃതികോണ് ഉയർന്ന പറമ്പിൽ ആയിരം കൊല്ലത്തേക്കും, പടിഞ്ഞാറുഭാഗം ഉയർന്ന പറമ്പിൽ അഞ്ഞൂറുകൊല്ലത്തേക്കും, വായുകോണുയർന്ന പറമ്പിൽ പന്തീരാണ്ടേക്കും, വടക്കുഭാഗം ഉയർന്ന പറമ്പിൽ എട്ടുകൊല്ലത്തേക്കും, ഈശാനകോണുയർന്നതിൽ ആറുകൊല്ലത്തേക്കും, അഭിവൃദ്ധിയുണ്ടാകും. അതിനുമേൽ "ഇന്ദ്രാശാദി" എന്ന ശ്ലോകത്തിൽ അതാതിനു പറഞ്ഞിട്ടുള്ള ഫലങ്ങൾ തന്നെ എന്നു ഗ്രഹിച്ചുകൊള്ളുക.

അവ — ഇനി ബ്രാഹ്മണാദിവർണ്ണഭേദമനുസരിച്ചു, ഭൂമി

യുടെ ചില ഭാഗങ്ങളിലെ ഉന്നതതാഴ്ചകളെക്കൊണ്ടും, ചില പ്രത്യേകവൃക്ഷങ്ങളെക്കൊണ്ടും ശുഭാശുഭഭേദങ്ങളെ പറയുന്നു.

വിപ്രാണാം പ്രാഗുദക്പ്ലവനയുതധരാ-
ദുംബരാശ്വത്ഥയുക്താ
പ്രാഗ്നിമ്നാ ക്ഷത്രിയാണാം പലാശചിതാ
ഭൂശ്ശുഭാ ഭൂമിപാനാം
പ്രാഗുച്ചാപ്രാഗ്നിമ്നാ വടതരുസഹിതാ
ഭൂർവ്വിശാം, പാദജാനാം
പ്ലക്ഷാഢ്യാ വാപി സാലാ, സമപിതധരണീ
പശ്ചിമാ നിമ്നവൃക്ഷ്യാ

ന.വ്യ

വ്യാ—തെക്കുയർന്നും, വടക്കു താണതും, അത്തിമരവുമുള്ളതായുമിരിക്കുന്ന ഭൂമി ബ്രാഹ്മണർക്കു നന്നു. കിഴക്കു താണും, പടിഞ്ഞാറുയർന്നും, അരയാലുള്ളതായുമിരിക്കുന്ന പറമ്പു ക്ഷത്രിയർക്കു കൊള്ളാം. കിഴക്കുയർന്നു പടിഞ്ഞാറു താണു പേരാലുള്ളതായ ഭൂമി വൈശ്യർക്കു കൊള്ളാം. ഇത്തിമരമുണ്ടെങ്കിൽ വൈശ്യന്നു പറഞ്ഞപോലെയുള്ള ഭൂമിയും, തെക്കു താണ ഭൂമിയും ശൂദ്രർക്കു കൊള്ളാം. തെക്കു താണ ഭൂമി ആർക്കും കൊള്ളരുതെന്നും പക്ഷമുണ്ടു്.

അഥ—പറമ്പിന്റെ ലക്ഷണങ്ങളേയും ഗുണദോഷങ്ങളേയും പറഞ്ഞിട്ടു് ഇനി മാനസാധനങ്ങളെ പറയുന്നു.

ശിംബിസ്ഥാഷ്ഠതിലൈർമ്മുദ്ഗമാഷൈർമ്മിതി
പ്രോക്തൈരാതൈലപുഷ്ടി-
ർമ്മന്ത്രാഢ്യൈർഗ്ഗുളമധുഘൃതൈർന്നാളികേരൈഃ
പ്രോക്തൈർവ്വിതന്ത്രിസ്തുതഃ
തദ്വാദ്യം കരകീലസൂത്രമിതിഭൂഷാദ്യാ-
ന്ത്വഷ്ട്രാദിസംഘടനയേഷു
ർമ്മനുഷ്യാ കരൈസ്തുഷ്ടിഭിർദ്ദേവാ-
ദണ്ഡസ്ത്രിഭിർമ്മാനതഃ.

ൻമ.

വ്യാ—കൊച്ചലിൽ ഇരിക്കുന്ന എട്ട് എണ്മണികളുടെ ഇടക്ക് ഒരു യവത്തിന്റെ വിസ്താരമാകുന്നു (യവം=തോര) എട്ടു യവം കൂടിയതു മാത്രാംഗുലം. പന്ത്രണ്ട് അംഗുലം കൂടിയതു വിതസ്തി. വിതസ്തി രണ്ടു കൂടിയത് ഒരു കോൽ. അതിനെ കരം, കിഷ്കു, അരത്നി, ഭുജം, ദോസ്സ്, മുഷ്ടി, ഹസ്തം ഇത്യാദി പേരുകളോടുകൂടിയതായി പറയുന്നു. ഈ കോലുകൾ നാലു കൂടിയത് ഒരു ദണ്ഡാകുന്നു. ഈ ദണ്ഡിനെ മനുഷ്യാലയത്തിൽ സാമാന്യേന അംഗീകരിക്കുന്നു ഈ വിഷയത്തിൽ 'ശാരദാതിലകം' എന്ന ഗ്രന്ഥത്തിൽ താഴെ കാണിക്കുന്നപ്രകാരം പറഞ്ഞിരിക്കുന്നു. "കർത്തുർദക്ഷിണ ഹസ്തസ്യ മധ്യമാംഗുലി പർവ്വണഃ മധ്യസ്യ ദീർഘമാനേന മാത്രാംഗുലമുദീരിതം" എന്ന്.

അവ—ഇനി കോലുകളുടെ ഭേദങ്ങളേയും, ഉപയോഗഭേദങ്ങളേയും പറയുന്നു.

മാത്രാംഗുലിപഞ്ചവിംശതിമിതം
മാനം വിമാനേസ്മൃതം
പ്രാജാപത്യമഥോ ധനുർഗ്രഹമിതി
പ്രോക്തം ത്രിമാത്രാന്വിതം
ഗ്രാമാദേർമിദമേവമാനമുദിതം
വാസ്ത്വോർദ്ധ്വമുഷ്ടികം
മാത്രാഢ്യാംഗുലകൈശ്ച കുത്രചിദഥോ
ഷഡ്വിംശതിഃ പ്രോന്മിതൈഃ ൪൦

വ്യാ—മാത്രാംഗുലം ഇരുപത്തഞ്ചു കൂടിയ കോലിന്നു 'പ്രാജാപത്യം' എന്നു പേർ. ഇതു വിമാനമളപ്പാൻ വേണ്ടതാകുന്നു. ഇരുപത്തേഴംഗുലം കൂടിയ കോൽക്ക 'ധനുർഗ്രഹം' എന്നു പേർ. ഇതു ഗ്രാമാദികളെ അളപ്പാൻ ഉപയോഗിക്കുന്നു. ഇരുപത്താറുമാത്രാംഗുലം കൂടിയാൽ ആ കോലു 'ധനുർമുഷ്ടികം' എന്ന പേരോടുകൂടിയതും, ചിലേടത്തു പറമ്പളപ്പാൻ ഉപയോഗിക്കുന്നതുമാകുന്നു.

ഷൾ സപ്താഷ്ടയവൈഃ ക്രമാദധമമ-
ധ്യോത്കൃഷ്ടസ്തുപോംഗുലോ-
ദ്ദഷ്ടസ്ത്വേന ച മാനമത്ര കഥചിൽ
സമ്പാദിതം ദൃശ്യതേ
ഹസ്തേനൈവ ഗൃഹാദ്യശേഷവസതേ-
ഷ്വപ്യാപദി സ്യാദ്യവൈ-
ർദ്ദണ്ഡോ യഷ്ടിരിതി സ്മൃതോഽഷ്ടഗുണിതോ
ദണ്ഡോഽത്ര രജ്ജുഃ സ്മൃതഃ. ൪൧

വ്യാ—ആറ്, ഏഴ്, എട്ട്, തോര കൂടിയാൽ ക്രമത്താലെ അധമമധ്യമോത്തമങ്ങളായിരിക്കുന്ന അംഗുലങ്ങൾ ഭവിക്കുന്നു. ഇങ്ങനെയുള്ള അംഗുലങ്ങളെക്കൊണ്ടും മുൻപറഞ്ഞ പ്രകാരം കോലുകളും ദണ്ഡുകളും ഉണ്ടാക്കിച്ചിലേടത്ത് അളന്നുവരുന്നതായി കാണപ്പെടുന്നു. ഗൃഹം മുതലായവ കോലുകൊണ്ടുതന്നെ അളക്കേണ്ടവയാകുന്നു. ചിലേടത്ത് ഉത്തമങ്ങളായ അംഗുലങ്ങളെക്കൊണ്ടും, നിർവ്വാഹമില്ലാതെ വന്നാൽ യവങ്ങളെക്കൊണ്ടും അളന്നുകാണുന്നു. നാലുകോലു കൂടിയ ദണ്ഡിന് 'യഷ്ടി'യെന്നും, എട്ടു ദണ്ഡു കൂടിയതിന് 'രജ്ജു'വെന്നും പേർ പറയുന്നു.

അവ—ഇനി മേയങ്ങളായ വസ്തുക്കളെ അനുസരിച്ച് മാനസാധനങ്ങളെ വിധിക്കുന്നു.

താലാദ്യൈഃ പ്രതിമാദികം ഖലു യവൈ-
ർമ്മേയം ച ഭൂഷാദികം
വസ്ത്രപ്രാവരണാംശുകാദി പരിമേ-
യം സ്യാദ്വിതസ്ത്യാ തഥാ
ശസ്ത്രാദ്യം തദനാമികാംഗുലിയുഗേ-
നൈവം ച തദ്വ്യാസതോ
മുഷ്ട്യാ യാനികഭാജനാദികമന
ക്ഷേത്രേഷു ദണ്ഡോ യോനിഷു. ൪൨

വ്യാ — പ്രതിമ, കിരീടം, പത്മം, എന്നിത്യാദികളെ താലം അംഗുലം എന്നിവകൊണ്ടും, ഭൂഷണാദികളെ യവങ്ങളെക്കൊണ്ടും, വസ്ത്രം, പുതപ്പ്, പട്ടു മുതലായവയെ വിതസ്തി (മുഴം) കൊണ്ടും, ശയ്യാദികളെ മോതിരവിരലിന്റെ വിസ്താരം രണ്ടു കൂടിയതുകൊണ്ടും, യജ്ഞപാത്രങ്ങളായ സ്രുവം ജൂഹു എന്നിവയേയും ചമത മുതലായവയേയും യജമാനന്റെ മുഷ്ടികൊണ്ടും അളക്കണം. പിന്നെ ഇന്ന യോനി വേണമെന്നു പ്രത്യേകം വിധിച്ചിട്ടില്ലാത്തേടത്തെല്ലാം ധ്വജയോനി വേണം.

അച — ഇവിടെ യോനിയെപ്പററി പ്രസ്താവിപ്പാനിടവന്നപ്പോൾ ഗൃഹങ്ങൾ കൂടാതെ മനുഷ്യർക്കുപയോഗയോഗ്യങ്ങളായ മററുള്ള പദാർത്ഥങ്ങൾക്ക് ഇന്നിന്ന യോനിയാണു വേണ്ടതെന്നു പറയുന്നു.

യാനാംഗാദിഷു കേതുരേവ വിഹിത-
സ്സർവ്വത്ര ശസ്താശ്രയം
പര്യങ്കാദിഷു കുഞ്ജരോ മൃഗപതിഃ
പീഠാസനാദൌ ഹിതഃ
ഭാണ്ഡേ കൂപതടാകപഞ്ജരവിധൌ
യോനിർവ്വൃഷോ വാ ധ്വജോ-
ഗോശാലാദിസമസ്തകുട്ടിമവിധൌ
കേതുർവ്വിധേയസ്സദാ

വ്യാ — തണ്ടു, പല്ലക്കു തുടങ്ങിയ വാഹനങ്ങൾക്കു ധ്വജയോനി വേണം. ഈ കേതുയോനി എല്ലാദിക്കിലും കൊള്ളാവുന്നതുമാണ്. കട്ടില്, കിടക്ക, എന്നിത്യാദി ശയനസാധനങ്ങൾക്കു ഗജയോനിയും, പീഠം, പലക മുതലായി ഇരിപ്പാനുള്ളവയ്ക്കു സിംഹയോനിയും നല്ലതാകുന്നു. ഭാണ്ഡം, പത്തായം, പെട്ടി മുതലായി ധനധാന്യാദികൾ വച്ചു പൂട്ടുവാനുപയോഗിക്കുന്നവക്കും, കിണറ, കുളം, മുതലായ ജലാശയങ്ങൾക്കും, പക്ഷിമൃഗാദികളെ ഇട്ടു രക്ഷിക്കുവാനുള്ള കൂട

കൾക്കം വൃഷയോനിയോ, ധ്വജയോനിയോ വേണ്ടതാകു ന്നു. ആൎദ്രാ, എരഞ്ഞിത്തറ, തുളസിത്തറ, മുല്ലത്തറ മുതലായ തറകൾക്കെല്ലാം ധ്വജയോനി വേണ്ടതാകുന്നു.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു്, ഓരോ സാധന ങ്ങൾക്കം അവയുടെ ഏതേതു ഭാഗം അളന്നിട്ടാണു യോനി കൊള്ളിക്കേണ്ടതെന്നു വിധിക്കുന്നു.

അന്തൎയ്യോനിൎമ്മാനപാത്രാദിവാപീ-
കൂപാദീനാം,മങ്കണേ ഗൎഭഗേഹേ
തുൎയ്യശ്രാംഗാരോത്തരവ്യാസമദ്ധ്യേ
കുത്രാപ്യൎക്കോതാട്ടന്യത്ര സൎവ്വത്ര ബാഹ്യേ. ൨൪

വ്യാ — നാഴി, ഇടങ്ങഴി, നാഴിയം, പറ എന്നിത്യാദി അളവുപാത്രങ്ങൾക്കും, കുളം, കിണറു മുതലായവസ്ഥും, നടുമു റ്റത്തിനും ഗൎഭഗൃഹത്തിനും(ഗൎഭഗൃഹം=ഉള്ളറ)ഉള്ളിലാകുന്നു യോനികല്പന ചെയ്യേണ്ടതു്. ചിലേടത്തു ചതുരശാലയുടെ ഉത്തരവീതിയുടെ മദ്ധ്യത്തിൽ യോനി കല്പിക്കണം എന്നു പറയപ്പെട്ടിരിക്കുന്നു. മറ്റുള്ളേടത്തെല്ലാം പുറത്തു യോനി കൊള്ളേണ്ടതാകുന്നു.

അവ — ഇനി പതിമൂന്നാം ശ്ലോകത്തിൽ പറഞ്ഞ ക്രമ പ്രകാരം ഗൃഹമുണ്ടാക്കുവാൻ യോഗ്യമാണെന്നു പരീക്ഷിച്ചു നിശ്ചയിച്ചു ദിങ്നിൎണ്ണയം ചെയ്തു സമീകരിച്ചു ഖണ്ഡകല്പ നം ചെയ്തിട്ടുള്ള പറമ്പിൽ, ദ്വിഥീമൎമ്മങ്ങളിൽ തട്ടാതെ ഗൃഹമുണ്ടാക്കേണ്ടതിനായിട്ടു മുമ്പേതന്നെ വീഥിവിസ്താരകല്പ നയെപ്പറയുന്നു.

യാവൽ കല്പിതമങ്കണം ഗൃഹവിധൌ
സാൎദ്ധാംഘ്രിതാ താവതീ
വീഥീവിസ്തൃതിരുത്തമാങ്കണസമാ
മദ്ധ്യാധമാല്പാ തതഃ

ക്ഷേത്രേ ത്വല്പേങ്കണാന്തോദധിസമമിതതാം
വീഥീം പ്രകല്പ്യോത്തമാ
പ്രാഗ്ഭാച്യാം ദിച്യഗൃഹം ഭവേൽ സലിലവീ-
ഥ്യാന്തേഥ മധ്യേ ന തു. ൪൫

വ്യാ.— പറമ്പിന്റെ ദീൎഘവിസ്താരങ്ങളെ നിശ്ചയിക്കുന്നതിനു, ഗൃഹത്തിന്റെയും അങ്കണത്തിന്റെയും പ്രമാണങ്ങളെ മുമ്പേതന്നെ നിശ്ചയിച്ചിട്ടു വേണം. അങ്കണദീൎഘം എത്രയുണ്ടോ അതിൽ പകുതിയും കൂടി കൂടിയതു് ഒരു വീഥിയുടെ വിസ്താരമെന്നു കല്പിക്കണം. ആ വീഥിവിസ്താരം തന്നെ ഒരു ദണ്ണെന്നു കല്പിച്ചാൽ അതിന്റെ പതിനെട്ടു മടങ്ങു ഭൂമിയുടെ വിസ്താരം കല്പിക്കുന്നതു് ഉത്തമമാകുന്നു. പിന്നെ അങ്കണദീൎഘത്തോളം വീഥിവിസ്താരം കല്പിക്കുന്നതു മദ്ധ്യമമാകുന്നു. അതിലും കുറഞ്ഞാൽ അധമം. അങ്കണദീൎഘത്തോളവും അതിൽ പകുതിയും കൂടിയതു വീഥിവിസ്താരമെന്നു കല്പിക്കുമ്പോൾ വാസ്തുപദത്തിലെ ബാഹ്യാവൃതിക്കൂടെ ഗണേശബ്രഹ്മവീഥികൾ രണ്ടിലുമായിട്ടടങ്ങും. വീഥിവിസ്താരം അങ്കണദീൎഘത്തോളം മാത്രം കല്പിക്കുമ്പോൾ പുരകൾ നാലും മാത്രമേ ഗണേശബ്രഹ്മവീഥികളിൽ അടങ്ങുകയുള്ളൂ. അങ്കണദീൎഘത്തിൽ മുക്കാൽ വീഥിവിസ്താരം കൊള്ളുമ്പോൾ കിഴക്കിനിപ്പുരയും വടക്കിനിപ്പുരയും അഗ്നിവീഥിയിൽ തട്ടും. പറമ്പു ചെറുതായിരുന്നാൽ കിഴക്കിനിയും വടക്കിനിയും ജലവീഥിയിൽ ചെന്നുനില്ക്കും. അതിനാൽ പറമ്പു ചെറുതായി വരുന്നേടത്തു് ഈ വണ്ണം വരുത്തിക്കൊൾക. ഒരിടത്തും പുര മുഴുവനും അഗ്നിവീഥിയിൽ വരുത്തരുതു്.

ഭാഷ.— ഇനി ഒരു ശ്ലോകംകൊണ്ടു വീഥികളുടെ സ്ഥിതി ഇന്ന പ്രകാരത്തിലാണെന്നു പറയുന്നു.

നന്ദമന്ദപദേ നവാവൃതിതയാ
ബാഹ്യാദിമദ്ധ്യാന്തിമാ
വീഥ്യസ്സ്യുഃ പരിതഃ പിശാചദിവിഷ-
ന്മർത്ത്യാധിഭൂമന്ധീനാം.

വീഥിവിന്യാസം



നാഗാംബുപാഗ്നിധനായകദ്രുഹിണനാ-
മ്നാം ചാസ്യ നിന്ദ്യാ സ്മൃതാഃ
പൈശാചാഗ്ന്യഹിദണ്ഡിനാം ഗൃഹവിധൌ
വീഥ്യശ്ചതുർദ്ദിക്ഷ്വപി. ൪൬

വ്യാ—മുമ്പിൽ ഇരുപത്തഞ്ചാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം മുഖായാമം നീക്കിച്ചതുരശ്രമാക്കിയിരിക്കുന്ന പറമ്പിൽ തെക്കുവടക്കും കിഴക്കുപടിഞ്ഞാറും പതിനെട്ടു വരി വീതം ഉണ്ടാകത്തക്കവണ്ണം വിഭാഗം ചെയ്തിട്ടു പുറത്തുനിന്നു് അകത്തേക്കു് ഓരോ വരി ചുററും വരത്തക്കവണ്ണം, ഓരോ ഭാഗത്തും ഒമ്പതു വീഥികളെ കല്പിച്ചുകൊൾക. എന്നാൽ എല്ലാററിൻെറയും മദ്ധ്യത്തിൽ ബ്രഹ്മശരീരത്തിനു ചുററും ഒരു വീഥിയും അതിനു പുറമെ ഓരോ ചുററായി എട്ടു വീഥികളും ഉണ്ടാകും. ഈ വീഥികൾക്കു് ഓരോന്നിനും ഓരോ അധിദേവതമാരുണ്ടു്. അവയെപ്പറയാം. എല്ലാററിലും പുറത്തെ ചുററായ വീഥിയുടെ ദേവത പിശാചഗണമാകുന്നു. അതിനാൽ ആ വീഥിക്കു പിശാചവീഥിയെന്നു പേർ. അതിനകത്തെ വീഥി ദേവന്മാരുടെയാകയാൽ അതു ദേവവീഥിയാകുന്നു. അതിനു് അകത്തേതു വൈശ്രവണൻെറയാകയാൽ ധനേശവീഥിയെന്നു പേർ. ഇങ്ങനെ യമവീഥി, നാഗവീഥി, ജലവീഥി, അഗ്നിവീഥി, ഗണേശവീഥി, ബ്രഹ്മവീഥി എന്ന ക്രമത്തിൽ പുറത്തുനിന്നു് അകത്തേക്കു് ഓരോ ചുററായിട്ടു് ഒമ്പതു വീഥികളെ അറിഞ്ഞുകൊൾക. ഈ വീഥികളെ അതാതിൻെറ ദേവതയുടെ പര്യായങ്ങളെക്കൊണ്ടും പറയാറുണ്ടു്. ഇവയിൽ പിശാചവീഥിയും നാഗവീഥിയും, യമവീഥിയും, നാലു ദിക്കുകളിലും ഗൃഹങ്ങളുണ്ടാക്കുവാൻ കൊള്ളരുതു്.

അവ—ഇനി അഞ്ചു ശ്ലോകങ്ങളെക്കൊണ്ടു വാസ്തുപദങ്ങളേയും അവയുടെ അധിഷ്ഠാനദേവതകളേയും പറയുന്നു.

മദ്ധ്യേ ഗണേശകമലാസനയോശ്ച വീഥ്യാ-
വേകീകരോതു ഗിരിശേ നിരൃതൌ ച ഖണ്ഡൌ.
കല്പിതവാസ്തുപദമേകമിഹ ത്രിഷട്കേന-
ഷഡഷ്ടാങ്കദിക്പ്രതിവിഭിന്നപദപ്രഭേദം ൪൬.

വ്യാ— പറമ്പിന്റെ നടുവിൽ ഈശഖണ്ഡത്തിലോ നിരൃതിഖണ്ഡത്തിലോ ബ്രഹ്മവീഥിയും ഗണേശവീഥിയും ഒന്നാക്കിച്ചമക്കണം. പിന്നെ എട്ടു, ഒമ്പതു, പത്തു്, എന്നിസ്സംഖ്യകളുടെ വർഗ്ഗമായ അറുപത്തുനാലു്, എൺപത്തൊന്നു്, ഒരുനൂറു് ഇവയിൽ ഏതെങ്കിലും ഇഷ്ടമായ മാതിരി പദങ്ങളെ ആ പറമ്പിൽ കല്പിക്കുന്നു.

അവ— അവിടെ ഒരു ശ്ലോകംകൊണ്ടു നവവർഗ്ഗമായ എൺപത്തൊന്നു പദങ്ങളെ കല്പിക്കേണ്ടുന്ന പ്രകാരത്തെ പറയുന്നു.

ഏകാശീതിപദം പ്രകല്പ്യ നവകം
മദ്ധ്യേऽസ്യ ബാഹ്യാവൃതൌ
ഷൾകം ദിക്ഷു വിദിക്ഷു യുഗ്മയുഗളം
ചൈകൈകശസ്തൽബഹിഃ.
ചത്വാരിംശദഥൈഷു പഞ്ച ച വിദി-
ഗ്ഭാഗ്യോഃ പദേഷു സ്ഥിതാ
ബാഹ്യേऽഷ്ടാവപദസ്ഥിതാസ്ത്രിസഹിതാഃ
പഞ്ചാശദേവം സുരാഃ ൪൭

വ്യാ— പറമ്പിൽ കിഴക്കുപടിഞ്ഞാറും തെക്കുവടക്കും പത്തുപത്തു സൂത്രം വരച്ചു് എൺപത്തൊന്നു ഖണ്ഡങ്ങളുണ്ടാക്കിയാൽ നടുവിലെ ഒമ്പതു ഖണ്ഡങ്ങൾ ഒന്നാക്കി അതു ബ്രഹ്മപദമെന്നു കല്പിക്കുക; അതിന്റെ പുറമെ ആ ബ്രഹ്മപദത്തിന്റെ നേരെ നാലുദിക്കുകളിലും ഈരണ്ടു വരികളിൽ മുമ്മൂന്നായി ആറുഖണ്ഡങ്ങൾ കൂടിയതു് ഓരോ പദങ്ങളായി കല്പിക്കുക. അവിടെ കോണുകളിൽ നന്നാലു ഖണ്ഡങ്ങളുള്ളതിൽ ഈരണ്ടു ഖണ്ഡങ്ങൾ കൂടിയതു് ഓരോ പദങ്ങളായി

കല്പിക്കുക. എന്നാൽ ബ്രഹ്മപദത്തോടുകൂടി പതിമൂന്നു പദങ്ങളായിവരും. പിന്നെ എല്ലാററിനും പുറത്തെ വരിയിൽ മുപ്പത്തുരണ്ടു ഖണ്ഡങ്ങളുള്ളതു വെവ്വേറെ ഓരോ പദങ്ങളെന്നു കല്പിക്കുക. അപ്പോൾ എല്ലാംകൂടി നാല്പത്തഞ്ചു പദങ്ങളായി ഭവിക്കും. അവയിൽ ബ്രഹ്മാവു മുതലായ ദേവതമാർ സ്ഥിതിചെയ്യുന്നു. ഇവയുടെ പുറമെ എട്ടു ദേവതമാർ പദങ്ങളിലല്ലാതെ എട്ടു ദിക്കുകളിലുമായിട്ടും സ്ഥിതിചെയ്യുന്നുണ്ടു്. ഇങ്ങനെ ഒരു വാസ്തുവിൽ ആകെ അമ്പത്തുമൂന്നു ദേവതമാർ ഉണ്ടായിരിക്കും.

അവ—ഇനി മൂന്നു ശ്ലോകങ്ങളെക്കൊണ്ടു പുറത്തെ വരിയിലെ പദങ്ങൾ മുതലായി അകത്തേക്കു ക്രമത്താലുള്ള ദേവതമാരുടെ പേരുകളെ പറയുന്നു.

ഈശാദ്യം ബഹിരാവൃതിസ്ഥപദകേ-
ഷ്വീശാനപർജ്ജന്യകാ-
ജൈന്ത്രീന്ദ്രൗ രവിസത്യകൗ ഭൃശഖഗ-
വ്യോമാംസ്തഥാ പൂഷണം.
ഭൂയോ വൈ വിതഥം ഗ്രഹക്ഷതയമൗ
ഗന്ധർവ്വഭൃംഗൗ മൃഗം
പിത്രാഖ്യം പ്രതിഹാരപാലമപി സു-
ഗ്രീവം ക്രമാൽ കല്പയേൽ. ൪൯

ഭൂയഃ പുഷ്പാദിദന്തം വരുണമസുരശോ-
ഷാഖ്യരോഗോരനാഗാൻ
മുഖ്യം ഭല്ലാടമിന്ദുഗ്ഗ്ളമദിതിദിതി
ചേതി ബാഹ്യാവൃതൗ സ്യുഃ.
ഈശാദ്യാപാപവത്സാഖ്യകസവിതൃകസാ-
വിത്രസംജ്ഞൗ വിവസ്വാ-
നിന്ദ്രാഖ്യശ്ചേന്ദ്രജിന്മിത്രകശിവശിവജിൽ-
ഭൂഭൃതോഽന്തർവൃതൗ സ്യുഃ ൫൦

ബ്രഹ്മാ മധ്യപ്രദേശേ ശർവ്വസഹിത-
സ്കന്ദോഽര്യമാ ജൃംഭകഃ
പ്രാഗാദ്യൈഃ പിലിപിഞ്ഛകശ്ച ചരകീ
ശാദ്യൈഃ വിദാര്യാഹ്വയഃ
ഭൂയഃ പൂതനികാ ച പാപപദവൃ-
ദ്ധ്യാ രാക്ഷസീ ബാഹ്യത-
ദൈത്യേഷ്വാവപദസ്ഥിതാശ്ച പരിതോ
ദേവഗ്രഹാസ്തദ്ബഹിഃ. ൩൧

വ്യാ—എല്ലാററിലും പുറത്തെ വരിയിൽ ഈശകോണിലെ പദം തുടങ്ങി ക്രമത്താലെ ദേവതമാരുടെ പേരുകൾ:— 1. ഈശാനൻ. 2. പർജ്ജന്യൻ. 3. ഐന്ദ്രി. (ജയന്തൻ) 4. ഇന്ദ്രൻ. 5. രവി. 6. സത്യൻ. 8. ഭൃശൻ. 8. ഖൻ. (അന്തരിക്ഷൻ) 9. ഹവ്യാദൻ. (അഗ്നി) 10. പൂഷാവു്. 11. വിതഥൻ. 12. ഗൃഹക്ഷതൻ. 13. യമൻ. 14. ഗന്ധർവ്വൻ. 15. ഭൃംഗൻ. 16. മൃഗൻ. 17. പിതൃക്കൾ. 18. പ്രതിഹാരപാലൻ. 19. സുഗ്രീവൻ. 20. പുഷ്പദന്തൻ. 21. വരുണൻ. 22. അസുരൻ. 23. ശോഷൻ. 24. രോഗൻ. 25. ഈരൻ. (വായു) 26. നാഗൻ. 27. മുഖ്യൻ. 28. ഭല്ലാടൻ. 29. ഇന്ദു. 30. അർഗ്ഗളൻ. 31. അദിതി. 32. ദിതി. ഇങ്ങനെ മുപ്പത്തുരണ്ടാകുന്നു. ഇനി അതിന്നകത്തെ പദങ്ങളിൽ ഈശകോണു തുടങ്ങിയുള്ള പദങ്ങളിലെ ദേവതമാരുടെ പേരുകൾ:— 1. ആപൻ. 2. ആപവത്സൻ. 3. ആര്യ്യൻ. 4. സവിതാവു്. 5. സാവിത്രൻ. 6. വിവസ്വാൻ. 7. ഇന്ദ്രൻ. 8. ഇന്ദ്രജിത്തു്. 9. മിത്രൻ. 10. ശിവൻ. 11. ശിവജിത്തു്. 12. ഭൂഭൃത്തു്. (മഹീധരൻ) ഇങ്ങനെ പന്ത്രണ്ടാകുന്നു.

നടുവിലെ ഒമ്പതു ഖണ്ഡം കൂടിയ പദത്തിൽ ബ്രഹ്മാവു സ്ഥിതിചെയ്യുന്നു. പിന്നെ പദങ്ങളിലല്ലാതെ പുറമെ കിഴക്കു മുതലായ ദിക്കുകളിൽ ക്രമത്താലെ ശർവ്വസ്കന്ദൻ, ആര്യമാവു്, ജൃംഭകൻ, പിലിപിഞ്ഛകൻ, എന്നു നാലു ദേവതമാരും,

ദേവതാസ്ഥാനം.

കിഴക്ക



(നൂറ് _ പദത്തിൽ)

ദേവതാസ്ഥിതി

കിഴക്കു

<table>
<tr><td>ഈശാന</td><td>പർജ്ജന്യ</td><td>ജയന്ത</td><td>ഇന്ദ്ര</td><td>സൂര്യ</td><td>സത്യ</td><td>ഭൃശ</td><td>അന്തരിക്ഷ</td><td>അഗ്നി</td></tr>
<tr><td>ദിതി</td><td colspan="2">ആപ</td><td colspan="3" rowspan="2">ആര്യകൻ</td><td colspan="2">സവിത്ര</td><td>പൂഷാവ്</td></tr>
<tr><td>അദിതി</td><td colspan="2">ആപവത്സ</td><td colspan="2">സാവിത്ര</td><td>വിതഥ</td></tr>
<tr><td>അർഗ്ഗള</td><td colspan="2" rowspan="3">മഹീധരൻ</td><td colspan="3" rowspan="3">ബ്രഹ്മാ</td><td colspan="2" rowspan="3">വിവസ്വാൻ</td><td>ഗൃഹക്ഷത</td></tr>
<tr><td>സോമ</td><td>യമ</td></tr>
<tr><td>ഭല്ലാട</td><td>ഗന്ധർവ്വ</td></tr>
<tr><td>മുഖ്യ</td><td colspan="2">ശിവജ്ജിത്ത്</td><td colspan="3" rowspan="2">മിത്രൻ</td><td colspan="2">ഇന്ദ്രൻ</td><td>ഭൃംഗ</td></tr>
<tr><td>നാഗ</td><td colspan="2">ശിവൻ</td><td colspan="2">ഇന്ദ്രജിത്ത്</td><td>മൃഗ</td></tr>
<tr><td>വായു</td><td>രോഗ</td><td>ശോഷ</td><td>അസുര</td><td>വരുണ</td><td>പുഷ്പദന്ത</td><td>സുഗ്രീവ</td><td>ദ്വാസ്ഥ</td><td>പിതൃ</td></tr>
</table>

(വൃഷ - പദത്തിൽ)

ഈശകോണുതുടങ്ങി നാലു കോണുകളിലും ക്രമേണ ചരകീ, വിദാരീ, പൂതനികാ, പാപരാക്ഷസി, എന്നു നാലു ദേവതമാരും സ്ഥിതിചെയ്യുന്നുണ്ട്. ഇങ്ങിനെ പദങ്ങളിൽ നാല്പത്തഞ്ചും, പദങ്ങൾ കൂടാതെ ദിക്കുകളിലും കോണുകളിലുമായിട്ട് എട്ടുംകൂടി അമ്പത്തുമൂന്നു ദേവതമാരാകുന്നു. ഇവരുടെ പുറമെ നാലു ഭാഗവും ദേവഗ്രഹങ്ങളുമുണ്ട്.

അവ— ഇനിയൊരു ശ്ലോകംകൊണ്ടു വാസ്തുപുരുഷനെ പറയുന്നു.

ആസീൽ പുരാ സകലലോകഭയങ്കരാട്യം
ശ്ശൂരോ ഭൂരം ഭുജബലാദതിഗർവ്വിതശ്ച.
ക്ഷോണീതലേ വിനിഹിതോ വിജിതഃ പ്രശാന്തോ
ദേവൈസ്സ വാസ്തുപുരുഷശ്ചതുരശ്രസംസ്ഥഃ ൩൰.

വ്യാ— പണ്ട് എല്ലാ ലോകത്തിനും ഏറ്റവും ഭയങ്കരനും, കയ്യൂക്കുകൊണ്ടു ഗർവ്വിതനും, മഹാ ശൂരനും ആയ ഒരു അസുരനുണ്ടായി. ദേവകൾ അവനെ യുദ്ധത്തിൽ തോല്പിച്ചു ഭൂമിയിൽ വീഴ്ത്തി. അപ്പോൾ അവൻ പ്രശാന്തനായിട്ടു ചതുരശ്രസ്ഥിതനായ വാസ്തുപുരുഷനായി ഭവിച്ചു.

അവ— ഇനിയൊരു ശ്ലോകംകൊണ്ട് ആ വാസ്തുപുരുഷന്റെ കിടപ്പ് ഏതു പ്രകാരമെന്നു പറയുന്നു.

ഈശേ തസ്യ ശിരസ്സദാ വിനിഹിതം
പാദൌ നിരൃത്യാം സ്ഥിതൌ
വായൌ യത്ര ഹുതാശനേ ച ഭുജയോഃ
സംസ്ഥാപിതേ കോപ്പരേ.
ക്ഷിപ്തം വക്ഷസി ഹസ്തയോസ്തലമിതി
ക്ഷോണ്യാം ശയാനസ്യ ത-
സ്യാംഗേഷ്വത്ര തു ദേവതാ അപി വസ-
ന്ത്യാസാം സ്ഥിതിർവ്വക്ഷ്യതേ. ൩൧.

വ്യാ— അവന്റെ തല ഈശാനകോണിലും, കാലുകൾ രണ്ടും നിരൃതികോണിലും, വലത്തെ കയ്യിന്റെ മുട്ടു വായു

കോണിലും, ഇടത്തെ കയ്യിന്റെ മുട്ട് അഗ്നികോണിലും, രണ്ടു കൈപ്പടങ്ങളും മാറത്തും ആയിട്ടു ഭൂമിയിൽ (മലൎന്നു) കിടക്കുന്ന ആ വാസ്തുപുരുഷന്റെ അംഗങ്ങളിൽ മുമ്പേ പറഞ്ഞ വാസ്തുദേവതമാർ സ്ഥിതിചെയ്യുന്നു. അവരുടെ സ്ഥിതിയേയും പറയാം.

അഥ വാസ്തുപുരുഷാംഗസ്ഥിതന്മാരായ ദേവന്മാരുടെ അവയവസ്ഥിതിനിയമത്തെപ്പറയുന്നു.

മൂൎദ്ധ്നീശോऽസ്യത്തു സംസ്ഥിതോ നയനയോഃ
പൎജ്ജന്യകാദ്യോദിതി-
ശ്ചാപസ്തദ്വദനേ തഥാ ഗളതലേ
തസ്യാപവത്സാഹ്വയഃ
വാമശ്രോത്രഗതോ ജയന്ത ഇതര-
ത്രാസ്യാദിതിസ്സംസ്ഥിതാ
വാമാംസേ സ്ഥിതവാനമൎത്ത്യപതിര-
ത്രാംസേऽൎഗ്ഗളോ ദക്ഷിണേ. ൨൪

അൎക്കാദയോ വാമഭുജസ്ഥിതാസ്സ്യു-
ശ്ചന്ദ്രാദയോ ദക്ഷിണഹസ്തഗാശ്ച
വാമപ്രകോഷ്ഠേ സവിതാ ച സാവി-
ത്രോന്യത്ര അഗ്ഗിവജ്ജിൽ പ്രകോഷ്ഠേ. ൨൫
മഹീധരാഖ്യൌ കുചയോൎവിവസ്വാൻ
മിത്രശ്ച കുക്ഷൌ സ്ഥിതിനോऽഥ നാഭൌ
ഇന്ദ്രോऽസ്യമേഢ്രേ ണ്ഡയുഃഗത്രു തജ്ജിൽ
പാദദ്വയേ തസ്യ പരേ നിവിഷ്ടാഃ ൨൬

വ്യാ—ഈ വാസ്തുപുരുഷന്റെ ശിരസ്സിൽ ഈശനും, എടത്തെക്കണ്ണിൽ പൎജ്ജന്യനും, വലത്തെക്കണ്ണിൽ ദിതിയും, വായിൽ ആപനും, കഴുത്തിൽ ആപവത്സനും, എടത്തെ ചെവിയിൽ ജയന്തനും മറ്റേതിൽ അദിതിയും, എടത്തെ തോളിൽ ഇന്ദ്രനും, വലത്തെ ചുമലിൽ അൎഗ്ഗളനും സ്ഥിതിചെയ്യുന്നു.

ഇടത്തെകയ്യിന്മേൽ അൎക്കാദികളും വലത്തെകയ്യിന്മേൽ ചന്ദ്രാദികളും, ഇടത്തെകയ്യിന്റെ പ്രകോഷ്ഠത്തിൽ സവിതാവും സാവിത്രനും, വലത്തെകയ്യിന്റെ പ്രകോഷ്ഠത്തിൽ രുദ്രനും ശിവജിത്തും സ്ഥിതിചെയ്യുന്നു.

ഇടത്തെ മുലയിൽ മഹീധരനും വലത്തെ മുലയിൽ ആൎയ്യനും, വയറിന്റെ ഇടത്തുഭാഗത്തു വിവസ്വാനും, വലത്തുഭാഗത്തു മിത്രനും, പൊക്കിളിൽ ബ്രഹ്മാവും, ലിംഗത്തിൽ ഇന്ദ്രനും, അണ്ഡയുഗത്തിൽ ഇന്ദ്രജിത്തും, രണ്ടു കാലിന്മേലും മറ്റുള്ള ദേവതമാരും, സ്ഥിതിചെയ്യുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ആ ദേവതമാരെ പൂജിക്കേണ്ടതാണെന്നു പറയുന്നു.

തദ്ദേവതാ വാസ്തുശരീരസംസ്ഥാഃ
സന്തൎപ്പിതാസ്തേ ഹി ഫലപ്രദാസ്സ്യുഃ
താശ്ചേദനിഷ്ടാവിപരീതദാസ്സ്യു-
സ്തസ്മാദവിദ്ധ്യാദിഹ വാസ്തുയാഗം. ൩൦

വ്യാ—ഇങ്ങനെ വാസ്തുപുരുഷന്റെ ശരീരത്തിൽ സ്ഥിതിചെയ്യുന്ന ആ ദേവതമാർ സന്തോഷിച്ചാൽ ഇഷ്ടഫലങ്ങളെ ദാനംചെയ്യും. കോപിച്ചാൽ അശുഭത്തിനേയും ഉണ്ടാക്കും. അതുകൊണ്ടു ഗൃഹനിൎമ്മാണകാൎയ്യത്തിൽ വാസ്തുയാഗം ചെയ്തു് അവരെ പ്രസാദിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വാസ്തുമൎമ്മങ്ങളെ പറയുന്നു.

നാഡ്യഃ പ്രാഗുദഗഗ്രഗാ ദശ ദശ-
കാശീതി കോഷ്ഠേ ശിവാ-
ന്യഗ്രാഃ പഞ്ച പൃഥഗ്ദിനേശവിഹിതേ കോ-
ഷ്ഠാധസ്ഥാ രജ്ജവഃ
മൎമ്മാണ്യഷ്ട സശൃഗാഗ്നിഗുണസം-
ഖ്യാനൈരകോഷ്ഠസ്ഥിതൈഃ
സ്യുരന്ത്യേഷ്വാശസമുദ്രപാദിതി ശതം
വൎജ്ജ്യാനി കുഡ്യാദിഷു. ൩൧

വ്യാ—പുര പണിചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്ന പറമ്പിൽ പടിഞ്ഞാറു മൂലവും കിഴക്ക് അഗ്രവുമായിട്ടും, തെക്കു മൂലവും വടക്ക് അഗ്രവുമായിട്ടും, പതിപ്പത്തു സൂത്രങ്ങളെ കല്പിക്കുക. അവറ്റു 'നാഡികൾ' എന്നു പേർ. പിന്നെ നിരൃതിയിൽ മൂലവും ഈശാനത്തിൽ അഗ്രവുമായിട്ടും, വായുവിൽ മൂലവും അഗ്നിയിൽ അഗ്രവുമായിട്ടും അയ്യഞ്ചു സൂത്രങ്ങളെ കല്പിക്കുക. അവറ്റു 'രജ്ജുക്കൾ' എന്നു പേർ. ഈ രജ്ജുക്കൾ മൂന്നാം, ആറും, ഒമ്പതും കോഷ്ഠങ്ങളിൽ കർണ്ണമാർഗ്ഗേണ സ്ഥിതിചെയ്യുന്നവയായിരിക്കണം. ഈ നാഡീസൂത്രങ്ങളും രജ്ജുസൂത്രങ്ങളും തങ്ങളിൽ കൂടുന്ന സ്ഥാനങ്ങൾക്കു 'മർമ്മങ്ങൾ' എന്നു പേർ. ഈ മർമ്മങ്ങളിൽ ഗൃഹങ്ങളുടെ തൂണു ഭിത്തിമുതലായവ ഒന്നും തട്ടരുത്. ഇവയിൽ ബ്രഹ്മപദത്തിന്റെ നാലുകോണുകളിലുമായിട്ട് എട്ടെട്ടു സൂത്രങ്ങൾ കൂടുന്നതായി നാലു മർമ്മങ്ങൾ ഉള്ളവറ്റു മഹാമർമ്മങ്ങളെന്നു പേർ. ഇനി ആറാറു സൂത്രങ്ങൾ കൂടുന്നതായി മുപ്പത്താറും അയ്യഞ്ചു കൂടുന്നതായി എട്ടും, നന്നാലു കൂടുന്നതായി ഇരുപത്തിനാലും, മുമ്മൂന്നു കൂടുന്നതായി ഇരുപത്തെട്ടും ഇങ്ങനെ ആകെ ഒരുനൂറു മർമ്മങ്ങൾ ഉണ്ട്. ഇവയെല്ലാം ഭിത്ത്യാദികളിൽ വർജ്ജ്യങ്ങളാകുന്നു. കോഷ്ഠങ്ങളുടെ മദ്ധ്യത്തിൽ രജ്ജുക്കൾ തങ്ങളിൽ കൂടുന്ന സ്ഥാനങ്ങൾ മർമ്മങ്ങളല്ല. അവയെ വർജ്ജിക്കയും വേണ്ടാ.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മർമ്മവേധത്തെ ഒഴിക്കാനുള്ള പ്രകാരത്തെയും, മർമ്മവേധം സംഭവിച്ചാൽ അതിനുള്ള പരിഹാരത്തെയും പറയുന്നു.

പ്രാഗ്രേഖാദികപദഭാഗാഷ്ടാംശദലമാ-
ത്രം മർമ്മസൂത്രസ്ഥിതേ-
ർന്നീത്വാ വിന്യസനാന്നമർമ്മപരിപീ-
ഡാസ്തംഭകുഡ്യാദിഷു

മർമ്മങ്ങൾ

കിഴക്ക



(നൂറ്-പതിനാറ്)

മർമ്മങ്ങൾ

കിഴക്ക



([illegible])

വാസ്തുന്യത്ര നിപീഡിതേ മഹിഷസിം-
ഹാനേകപാനാം ശിരോ
ഹൈമം കൃത്വവരാഹയോശ്ച നിഖനേ-
ത്തല്പ്പാന്തരേ ശാന്തികൃൽ. ൫൯

വ്യാ—ഗൃഹങ്ങളുടെ തൂണു ഭിത്തി മുതലായവയെ ഉണ്ടാക്കുമ്പോൾ മൎമ്മസ്ഥാനത്തുനിന്നു്, ഒരു പദത്തെ പത്താക്കി ഭാഗിച്ച ഒരു ഭാഗത്തിൽ പകുതി കിഴക്കോട്ടോ പടക്കോട്ടോ നീക്കി അവിടെ വച്ചാൽ അവയിൽ മൎമ്മവേധം വരികയില്ല. ഇങ്ങനെ നീക്കിവയ്ക്കാതെ മൎമ്മവേധം സംഭവിച്ചുപോയാൽ ആ ദോഷശാന്തിക്കായി പോത്തു്, സിംഹം, ആന, ആമ, പന്നി ഇവയുടെ തലകളെ സ്വൎണ്ണംകൊണ്ടു് ഉണ്ടാക്കി ശാന്തി ഹോമം മുതലായ കൎമ്മങ്ങളെ ചെയ്യാൻ യോഗ്യനായ തന്ത്രി, വിധിപോലെ അവയെ പൂജിച്ച ശില ലോഹാദികളെക്കൊണ്ടുള്ള പാത്രങ്ങളിലാക്കി ഗൃഹത്തിന്റെ മദ്ധ്യത്തിൽ കുഴിച്ചു സ്ഥാപിക്കണം. സ്വൎണ്ണത്തിന്റെ തൂക്കം, "പലേന വാ തദൎദ്ധേന തദൎദ്ധാൎദ്ധേന വാ" എന്ന പ്രായശ്ചിത്തഗ്രന്ഥങ്ങളിലെ വിധിയനുസരിച്ച ഗൃഹനാഥന്റെ ശക്തിപോലെ നിശ്ചയിക്കാവുന്നതാണു്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ദയാന്യാദികളെ അറിവാനുള്ള പ്രകാരങ്ങളെ പറയുന്നു.

ഇഷ്ടാതാനവിതാനമാനനിചയേ
ത്രിഘ്നേഷ്ടഭിൎഭാജിതേ
ശേഷോയോനി,രിഹ വ്യയോമുനിയുതാദ്
ഹാരയോഷ്ടനിഘ്നേട്ടരൈന്നൈഃ
ഋക്ഷൈരൃക്ഷ, മവാപ്തിരത്ര തു വയോ
ജ്ഞേയം, തിഥിസ്ത്രിംശതാ,
വാരശ്ചമിധരൈൎന്ധിധിപ്രഗുണിതേ
ധൎമ്മാഹൃതേ വാ വ്യയഃ ൬൦
(തന്ത്രസമുച്ചയം)

വ്യാ.—ഇഷ്ടങ്ങളായ ദീൎഘവിസ്താരങ്ങളെ കൂട്ടി ഉണ്ടായ ചുററിനെ മൂന്നാൽ പെരുക്കി എട്ടിൽ ഹരിച്ചാൽ ശേഷിച്ചതു യോനിയാകുന്നു. ആ പെരുക്കത്തെ തന്നെ പതിനാലിൽ ഹരിച്ചാൽ ശേഷിച്ചതു വ്യയം. ചുററിനെ എട്ടിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചാൽ ശേഷിച്ചതു ആയം. ആ പെരുക്കത്തെ തന്നെ ഇരുപത്തേഴിൽ ഹരിച്ചശേഷം നക്ഷത്രം. അവിടെ കിട്ടിയ ഹരണഫലം വയസ്സ്. എട്ടിൽ പെരുക്കിയതിനെ മുപ്പതിൽ ഹരിച്ച ശേഷം തിഥി; ഏഴിൽ ഹരിച്ചശേഷം ആഴ്ച. ചുററിനെ ഒമ്പതിൽ പെരുക്കി പത്തിൽ ഹരിച്ചശേഷം വ്യയം എന്നും പക്ഷാന്തരമുണ്ട്.

അവ.—ഇനി ഒരു പദ്യംകൊണ്ടു യോനികളുടെ പേരുകളെ പറയുന്നു.

ധ്വജധൂമസിംഹകുക്കുരാ-
വൃഷഖരഗജവായസാഃ ക്രമേണ സ്യുഃ
പ്രാഗാദിഷ്വായാസ്തേഷ്വോജാ
സ്തേഷ്വയുജസ്സംപദേ യുജോ വിപദേ. ൩൧
(ത. സ.)

വ്യാ.—ധ്വജം, ധൂമം, സിംഹം, കുക്കുരം, (നായ്) വൃഷം, ഖരം, ഗജം, വായസം, (കാക്ക) ഇവ ക്രമത്താലെ കിഴക്കാദിയായി എട്ടു ദിക്കിലേക്കും ഉള്ള യോനികളാകുന്നു. ഇവയിൽ ഒററപ്പെട്ടവയായ ധ്വജം, സിംഹം, വൃഷം, ഗജം ഇവ ശുഭത്തിനായിക്കൊണ്ടും ഇരട്ടപ്പെട്ടവയായ മററുള്ളവ അശുഭത്തിനായിക്കൊണ്ടും ഭവിക്കുന്നു. അതിനാൽ ധ്വജാദികളായ ഒററപ്പെട്ട യോനികൾ കൊള്ളാം. മററവ കൊള്ളരുത് എന്നു സാരം.

അവ.—ഇനി ആയവ്യയാദികളുടെ ഗുണദോഷങ്ങളെ അറിയേണ്ടും പ്രകാരങ്ങളെ രണ്ടു പദ്യങ്ങളെക്കൊണ്ടു പറയുന്നു

ആയാധിക്യം വ്യയതഃ
സന്താപ്യം സർവ്വഥാന്യഥാപത്തിഃ
നക്ഷത്രാദിശുഭത്വം
ജ്യോതിശ്ശാസ്ത്രാദിഭിസ്സുവിജ്ഞേയം. ൩൨
(ത. സ.)

വ്യാ—ഗൃഹാദികളുടെ ചുററുകൾക്കെല്ലാം വ്യയത്തെക്കാൾ ആയം ഏറിയിരിക്കണം. അല്ലെങ്കിൽ പല പ്രകാരത്തിൽ ആപത്തു സംഭവിക്കും. നക്ഷത്രാദികളുടെ ശുഭാശുഭഫലങ്ങളെ ജ്യോതിശ്ശാസ്ത്രംകൊണ്ടു അറിയേണ്ടതാകുന്നു. "സർവ്വശാസ്ത്രനിപുണോ ജിതേന്ദ്രിയഃ" എന്ന ശ്ലോകംകൊണ്ടു ജ്യോതിശ്ശാസ്ത്രാദികളുടെ ജ്ഞാനം സ്ഥപതിക്കുണ്ടായിരിക്കണമെന്നു മുമ്പേതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

ബാലത്വം കൌമാരം
യൌവനമഥ വാർദ്ധകം ച നിധനം ച
പഞ്ച വയാംസ്യുഷാന്ത്യം
നേഷ്ടം, ശിഷ്ടാനി വാസ്തുനിഷ്ടാനി. ൩൩
(ത. സ.)

വ്യാ - ബാലത്വം, കൌമാരം, യൌവനം, വാർദ്ധകം, നിധനം (മരണം) ഇങ്ങനെ വയസ്സ് അഞ്ചുപ്രകാരത്തിലാകുന്നു. ഇവയിൽ അന്ത്യമായ വയസ്സു (മരണം) വാസ്തുവിഷയത്തിൽ കൊള്ളരുതു്. മററുള്ളവ താരതമ്യംപോലെ കൈക്കൊള്ളാം.

അവ...മുൻപറഞ്ഞ യോന്യാദികളുടെ ഗുണദോഷങ്ങളെ നോക്കി ഗ്രഹിക്കേണ്ടതാണെന്നു സിദ്ധാന്തരൂപത്തിൽ ഒരു ശ്ലോകംകൊണ്ടു പറയുന്നു.

ഗ്രാഹ്യാ വേശ്മസ്വപാശ്യാ നിജനിജവിഹിതാ
യോനിരേഷാം ഗൃഹാണാം
പ്രാണാ യേ ചാപി, യേഷാന്തിമമപി ച വയോ
വർജ്ജയേൻ മൃത്യുകാരി,

ശിഷ്ടേഷ്വാദ്യാന്തിമേ ദ്വേ അധമേ ഇഹ കഥിതേ
ചോത്തമേ ദ്വേ തഥാന്യേ
വിഷ്ടിഃ കഷ്ടാ ഹി രിക്താ അപി മുനിഭിരതോ
നേഷ്യതേ ദുഷ്ടയോഗഃ. ൩൪

വ്യാ — (ഈ ശ്ലോകം അന്വയമുഖേന വ്യാഖ്യാനിക്കേണ്ടതാകയാൽ അങ്ങനെ ചെയ്യുന്നു.) യേഷ്വസ്യ — നിജനിജവിഹിതാ — യോനിഃ — അവശ്യം — ഗ്രാഹ്യാ (ഭവതി) = ഗൃഹങ്ങളിൽ അതതിന്നു വിധിക്കപ്പെട്ടിരിക്കുന്ന യോനി നിശ്ചയമായും ഗ്രഹിക്കപ്പെടേണ്ടതാകുന്നു ഏഷാം — ഗൃഹാണാം — യേ — ച — പ്രാണാഃ — (ഭവന്തി) = ഈ ഗൃഹങ്ങൾക്ക് അവ പ്രാണങ്ങൾ (ജീവൻ) ആയിട്ടു ഭവിക്കുന്നു. യേഷു — (സത്സു) അപി — അന്തിമം — വയഃ — അപി — ച — വർജ്ജയേൽ = യാവചിലവ (വിഹിതയോനികൾ) ഉള്ളപ്പോഴും ഒടുക്കത്തേതായ വയസ്സിനേയും വർജ്ജിക്കണം. (യൽ) മൃത്യുകാരി — (ഭവതി) = യാതൊന്നു മൃത്യുവിനെ ചെയ്യുന്നതാകുന്നു. ശിഷ്ടേഷു — ആദ്യാന്തിമേ — ദ്വേ — (വയസീ) ഇഹ — മുനിഭിഃ — അധമേ — കഥിതേ (ഭവതഃ) = ശേഷമുള്ളവയിൽ ആദ്യത്തേതും ഒടുക്കത്തേതും രണ്ടു വയസ്സുകൾ ഇവിടെ (ഗൃഹനിർമ്മാണത്തിൽ) മുനികളാൽ അധമങ്ങളായിട്ടു പറയപ്പെട്ടിരിക്കുന്നു; തഥാ — അന്യേ — ദ്വേ — ഉത്തമേ — കഥിതേ = അപ്രകാരം മറ്റുള്ളവ രണ്ടും ഉത്തമങ്ങളായിട്ടു പറയപ്പെട്ടിരിക്കുന്നു; ഹി — വിഷ്ടിഃ — രിക്താ — അപി — കഷ്ടാ = യാതൊന്നുഹേതുവായിട്ടു വിഷ്ടിയും രിക്തയും കഷ്ടയായിട്ടു ഭവിക്കുന്നു; അതഃ — ദുഷ്ടയോഗഃ — ന — ഇഷ്യതേ = അതുഹേതുവായിട്ടു ദുഷ്ടയോഗം — ഇച്ഛിക്കപ്പെടുന്നില്ല.

സാരം — യോനികൾ ഗൃഹങ്ങളുടെ ജീവനാകുന്നു. അതിനാൽ എല്ലാ ഗൃഹങ്ങളിലും അതതിന്നു വിധിച്ച യോനികളെ കല്പിച്ചുകൊള്ളുന്നു. സ്വസ്വയോനികളുണ്ടായിരുന്നാലും ബാല്യാദികളായ വയസ്സുകളിൽവെച്ച് ഒടുക്കത്തേതായ വയസ്സു കൊള്ളരുത്. അതു മരണത്തെ ഉണ്ടാക്കും. ശേഷ്

മുള്ള വയസ്സുകളിൽവച്ച് ആദ്യത്തേതായ ബാല്യവും, കടുവി ലത്തേതായ വാൎദ്ധക്യവും അധമങ്ങളാകുന്നു. കൌമാരവും യൌവനവും ഉത്തമങ്ങളാകുന്നു. വിഷ്ടിയും രിക്തയും, ദഗ്ദ്ധ യോഗം, മൃത്യുയോഗം മുതലായ ദുഷ്ടയോഗങ്ങളും വൎജ്ജ്യങ്ങളാ കുന്നു. ഈ വിധി ഉപലക്ഷണമാകുന്നു. അതിനാൽ ഗ ണ്ഡാന്തം, ഉഷ്ണം, വിഷം, സ്ഥിരകരണം, ഏകാൎഗ്ഗളം, യോ ഗിനി മുതലായി ജ്യോതിശ്ശാസ്ത്രോക്തങ്ങളായ മററുള്ള ദോ ഷങ്ങളും വൎജ്ജ്യങ്ങളാകുന്നു.

അവ — ഇനി പതിനൊന്നു ശ്ലോകങ്ങളെക്കൊണ്ടു മേൽ പറഞ്ഞ യോന്ന്യാദികളെ കല്പിക്കുന്നതിൽ പൂൎവ്വാചാൎയ്യന്മാരു ടെ മതാന്തരങ്ങളെ സംവാദത്തിനായിക്കൊണ്ടു പക്ഷാന്തര രൂപേണ നിൎദ്ദേശിക്കുന്നു.

ദീൎഘേ സ്വവിസ്താരഹതേഽഷ്ടഭിശ്ച
ഭക്തേ തു യോനിഃ പരിശിഷ്യതേഽത്ര
തഥാ പ്രകല്പ്യേത സുധീഭിരദ്യൈ-
ൎവ്വിചാൎയ്യ പൂൎവ്വം ഗൃഹതാദിദീൎഘൗ. ൩൭

വ്യാ — ദീൎഘത്തെ വിസ്താരംകൊണ്ടു പെരുക്കി എട്ടിൽ ഹരിച്ചാൽ ശേഷിച്ചതു യോനിയാകുന്നു. അതു് ഏതൊരു പ്രകാരമായാൽ ഇഷ്ടയോനിയായിട്ടുവരുമോ അപ്രകാരം ഗൃ ഹങ്ങൾക്കു ദീൎഘവിസ്താരങ്ങളെ മുൻകൂട്ടി ആലോചിച്ചു ബു ദ്ധിമാന്മാർ കല്പിച്ചുകൊള്ളണം.

പിണ്ഡാൽ ക്ഷേത്രഫലം വിതാനനിഹതാ-
യാമം, തദഷ്ടാഹതേ
നക്ഷത്രേണ ഹൃതേ ഫലം തദപ വയഃ,
ശേഷാശ്ച താരാസ്സ്മൃതാഃ
നക്ഷത്രേ പുനരഷ്ടഭിൎവ്വിഭജിതേ
ശിഷ്ടോവ്യയോഽത്ര വ്യയൈ-
ൎവ്വൎദ്ധതേ ക്ഷേത്രഫലേ നഗൈൎവ്വിഭജിതേ
ശിഷ്ടാദ്ധ്യ വാരാഃ ക്രമാൽ. ൩൮

വ്യാ—വിസ്താരംകൊണ്ടു പെരുക്കിയ ദീൎഘത്തെ ക്ഷേത്രഫലമെന്ന് അറിയണം. ആ ക്ഷേത്രഫലത്തെ എട്ടിൽ ഗുണിച്ച് ഇരുപത്തേഴിൽ ഹരിച്ച ഫലം വയസ്സാകുന്നു. അവിടെ ശേഷിച്ച സംഖ്യ നക്ഷത്രമാകുന്നു. പിന്നെ ഈ നക്ഷത്രസംഖ്യയെ എട്ടിൽ ഹരിച്ച ശിഷ്ടമുള്ളതു വ്യയമാകുന്നു. ഈ വ്യയത്തെ മുൻപറഞ്ഞ ക്ഷേത്രഫലത്തിൽ കൂട്ടി, അതിനെ പതിനാറിൽ ഹരിച്ചാൽ ശേഷിക്കുന്നതു ധ്രുവാദിയോഗങ്ങളാകുന്നു. ധ്രുവാദികളുടെ പേരുകളെയും, അതിൽതന്നെ രണ്ടു പക്ഷാന്തരങ്ങളേയും താഴെ പറയുന്നു.

ധ്രുവം ച ധാന്യം ച ജയം ച നന്ദം
ഖരം ച കാന്തം ച മനോരമം ച
സുവക്ത്രസൌമുഖ്യമസൌമ്യഭാവം
വിരുദ്ധവിത്തപ്രഭവക്ഷയാശ്ച. ൩൭

ആക്രന്ദസംവൃദ്ധിജയം ച സംജ്ഞാ-
സ്തുല്യം ച തേഷാം ഫലമത്ര വിദ്യാൽ
ദ്വിരേഷ്ണു ച നാശേ നൃപഭാജിതേ വാ
ത്രിഷ്വേഷു നൃപാദ്യേഷ്വപി തഥാ ധ്രുവാദ്യാഃ. ൩൮

വ്യാ—ധ്രുവം- ധാന്യം- ജയം- നന്ദം- ഖരം- കാന്തം- മനോരമം- സുവക്ത്രം- സൌമുഖ്യം- അസൌമ്യഭാവം- വിരുദ്ധം- വിത്തം- പ്രഭവം- ക്ഷയം- ആക്രന്ദം- സംവൃദ്ധി- ജയം- ഇങ്ങിനെ ധ്രുവാദികളായ പതിനാറു യോഗങ്ങളാകുന്നു. അവകളുടെ, അതതിൻെറ പേരിനു അനുസരിച്ചുള്ള ഫലങ്ങളാണെന്ന് അറിഞ്ഞുകൊള്ളണം. ഗ്രഹങ്ങളുടെ ചുററിനെ രണ്ടിൽ പെരുക്കി പതിനാറിൽ ഹരിച്ചാലും, മൂന്നിൽ പെരുക്കി പതിനാറിൽ ഹരിച്ചാലും ശേഷിച്ച വരുന്ന സംഖ്യകൾ ധ്രുവാദികളാണെന്നും പക്ഷാന്തരമുണ്ട്.

ത്രിധാ വ്യാസഃ പൂൎവ്വമായം സമുക്താ-
സ്തഥാ ഭുജംഗാദിഫലേ തു നാശോ

ന്ദ്രപേന്ദ്രഭക്തേ ച ദിശാഘ്നേ വാ
ശേഷോ വ്യയസ്സ്യാദിതി പഞ്ചധാതം. ന്ദൻ

വ്യാ— മുമ്പിൽ "ഇഷ്ടാ..." എന്നാദിയായ ശ്ലോകത്തിൽ രണ്ടു പ്രകാരവും, "പിണ്ഡാക്ഷേത്ര...." എന്നാദിയായ ശ്ലോകത്തിൽ 'നക്ഷത്ര പുനരഷ്ടഭിർവ്വിഭജിതേ ശിഷ്ടോവ്യയഃ' എന്ന ഭാഗംകൊണ്ടു് ഒരു പ്രകാരവും ഇങ്ങനെ മൂന്നുപ്രകാരം വ്യയം പറയപ്പെട്ടിട്ടുണ്ടല്ലൊ. പിന്നെ ഗൃഹത്തിന്റെ ചുററിനെ എട്ടിൽ പെരുക്കി പതിനാറിൽ ഹരിച്ചാലും, പത്തിൽ ഹരിച്ചാലും ശേഷിക്കുന്നതു വ്യയമാകുന്നു. ഇങ്ങനെ വ്യയം അഞ്ചുപ്രകാരമാകുന്നു.

നാഹേ സപത്ര്യംശയുതേ ദ്വിഘ്നന്നിഘ്നേ
ശേഷമായശ്ചതുർഘ്നേ
നാഹേ ശിഷ്ടസ്തതാഘ്നേ വയ ഇഹ തു ഭവേ—
ദ്വിംശതിർബാല്യതാതഃ
കൌമാരം വിംശതിര്യ്യൌവനമപി ച തതോ
ലക്ഷ്യമേവം ക്രമാത്സ്യാ—
ന്നഷ്ടഘ്നേ തിഥ്യവാപ്തേ തിഥിരപി ച തഥാ
കേവലേ വാപി നാഹേ. ൬൦

വ്യാ —ഗൃഹത്തിന്റെ ചുററിൽ അതിന്റെ മൂന്നിലൊന്നുകൂടി കൂട്ടി ഇരട്ടിച്ചു് അതിനെ, പന്ത്രണ്ടിൽ ഹരിച്ചാൽ ശേഷിച്ചതു് ആയം. ചുററിനെ നാലിൽ പെരുക്കി ആറിൽ ഹരിച്ചാൽ ശേഷിച്ചതു വയസ്സു്. ഇതിൽ ഇരുപതോളം ബാല്യം. പിന്നെ ഇരുപതു കൌമാരം. പിന്നെ ഇരുപതു യൌവനം. ഇക്രമത്തിൽ വാർദ്ധക്യവും യൌവനവും കണ്ടുകൊൾക. ചുററിനെ എട്ടിൽ പെരുക്കി പതിനഞ്ചിൽ ഹരിച്ചാലും, കേവലം ചുററിനെത്തന്നെ പതിനഞ്ചിൽ ഹരിച്ചാലും ശേഷിക്കുന്നതു തിഥിയാകുന്നു.

നാഹേട്ടുഘ്നേഽഗ്നിഭക്തേ മവിഭജിതേ സ്യാ—
ന്ധോഷാദയോ ...ംശകാഃ സ്യുഃ

തദ്ഗുണപൂർവ്വേ ഗവിഭാജിതേഽത്ര
മേഷാദയശ്ചേത്യപരേ വദന്തി. ൬൫

വ്യാ—ചുററിനെ നാലിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചാൽ ശേഷിച്ചതു മേഷാദിരാശികളായി വരിക്കണം. ആ പെരുക്കത്തെ ഒമ്പതിൽ ഹരിച്ചാൽ ശേഷിച്ചതു് അംശകങ്ങളാകുന്നു. അവ്വണ്ണംതന്നെ ചുററിനെ എട്ടിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചാൽ ശേഷിച്ചതു മേഷാദിരാശികളെന്നു മറ്റെചിലർ പറയുന്നു.

നവഘ്നേ ക്ഷേത്രഫലേ ഹൃതേ വിഭാജിതേ
താരാഗണൈരസ്യ പ്രാദക്ഷിണ്യാത്-
വാസ്തു സ്ഥിതിമിഷ്ടകൈർന്നിദർശിതേ
നാരാശാംശകൗ കേവലേ
വാരഃ പര്യന്തമിഷ്ടിതേ ച പരിണാ-
ഹേതുകേ വാസരേ ചാപ വാ
ശ്രീവേല്ല വേദവിഭാജിതേ ദ്വിജമുഖാ
വർണ്ണാസ്സ ശിഷ്ടാ സ്മൃതാഃ. ൬൬

വ്യാ—ക്ഷേത്രഫലത്തെ എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഹരിച്ചാൽ കിട്ടുന്ന ഫലം വയസ്സു്; ഹരിച്ചു ശേഷിച്ചതു നക്ഷത്രം. ഇതിനെ ചുററിനെ എട്ടിൽ പെരുക്കിയോ പെരുക്കാതെതന്നെയോ ഏഴിൽ ഹരിച്ചു ശിഷ്ടം ആഴ്ചയാകുന്നു. പിന്നെ ചുററിനെ മൂന്നിൽ പെരുക്കി നാലിൽ ഹരിച്ചാൽ ശേഷിച്ചതും, അഥവാ മൂന്നിൽ പെരുക്കി നാലിൽ ഹരിച്ചാൽ ശേഷിച്ചതും ബ്രാഹ്മണാദിവർണ്ണങ്ങളാകുന്നു.

അവ—ഇതുവരെ പറഞ്ഞിട്ടുള്ള പലതു സാധനങ്ങളെ വരുത്തുവാനുള്ള ക്രിയകളെ ഒരു പദ്യംകൊണ്ടു ചുരുക്കിപ്പറയുന്നു.

വ്യാസാർദ്ധാംശാനപാസ്യ പരിക്രമ്യ ശേഷേ-
ദ്വാദശാംശേ ദൃഷ്ടകേ ദി-
ശേഷദത്രിശതി സപ്തവിംശതി ശതാ-
ംശാംശലിപ്താഭിതേ

പഞ്ചനേത്ര ഭവനസ്യ യദാദി ഷഷ്ഠി ഫല-
മർപ്പണീ താനി ക്രമാ-
ദ്യോന്യായവ്യയജാതിതിഥ്യുഡുവയോ
ഭാംശാഖ്യകാരാഃ സ്മൃതാഃ. ൨൩.

വ്യാ— (ഈ ശ്ലോകത്തെയും അന്വയമുഖേന വ്യാഖ്യാനിക്കുന്നു.) ഭവനസ്യ - പഞ്ചനേത്ര - ത്ര്യഷ്ടാംകഭേകനാഗാഷ്ടചക്രയുഗവേദാങ്കാഹതേ - ഭാസ്കരക്ഷിതിഗോപത്രിംശതി സംപ്ലവിംശതി ശതാംശകാനഗ്നിഭിഃ_ഭാജിതേ (സതി) യാനി_ഫലാനി_ അർപ്പണി_ (ശേഷാണി) താനി_ ക്രമാത്_ യോന്യായവ്യയജാതിതിഥ്യുഡുവയോഭാംശാഖ്യകാരാഃ_ സ്മൃതാഃ_ (ഭവന്തി) എന്നന്വയം.

ഭവനത്തിന്റെ പഞ്ചനേത്രം, ത്ര്യഷ്ടാംകഭേകനാഗാഷ്ടചക്രയുഗവേദാങ്കാഹതമായി ഭാസ്കരക്ഷിതിഗോപത്രിംശതിസംപ്ലവിംശതിശതാക്ഷാംഗാഗ്നികളെക്കൊണ്ടു ഭാജിതമായിരിക്കുമ്പോൾ ശേഷത്തിങ്കൽ യാവ ചില ഫലങ്ങൾ ആപ്തങ്ങളായി ഭവിക്കുന്നു അവ ക്രമത്താലെ യോന്യായവ്യയജാതിതിഥ്യുഡുവയോഭാംശാഖ്യകാരങ്ങളായിട്ടു സ്മൃതങ്ങളായി ഭവിക്കുന്നു. എന്നു താല്പര്യം.

സാരം— ഗൃഹത്തിന്റെ ചുറ്റിനെ, മൂന്നിൽ പെരുക്കി എട്ടിൽ ഹരിച്ചാൽ ഉണ്ടാകുന്ന ഫലം യോനിയാകുന്നു. എട്ടിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചുണ്ടാകുന്ന ഫലം ആയം. ഒമ്പതിൽ പെരുക്കി പത്തിൽ ഹരിച്ചുണ്ടാകുന്ന ഫലം വ്യയം. ഒമ്പതിൽ പെരുക്കി നാലിൽ ഹരിച്ച ഫലം ജാതി. ഒമ്പതിൽ പെരുക്കി മുപ്പതിൽ ഹരിച്ച ഫലം പക്കം. എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഹരിച്ച ഫലം നക്ഷത്രം. നാലിൽ പെരുക്കി ആറിൽ ഹരിച്ച ഫലം വയസ്സ്. നാലിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ച ഫലം രാശി. നാലിൽ പെരുക്കി ഒമ്പതിൽ ഹരിച്ച ഫലം അംശകം. ഒമ്പതിൽ പെരുക്കി ഏഴിൽ ഹരിച്ച ഫലം ആഴ്ച. ഈ ശ്ലോക

ത്തിൽ "ഫലം" എന്ന പദംകൊണ്ടു ഹരണഫലത്തെയല്ല; ഹൃതശിഷ്ടമായ സംഖ്യയെയാണു ഗ്രന്ഥകാരൻ വിവക്ഷിച്ചിട്ടുള്ളതു്. ഇതു ജ്യോതിഷത്തിൽ 'ലീലാവതി' മുതലായ ഗ്രന്ഥങ്ങളിൽ പ്രസിദ്ധമായ സംജ്ഞക്കു വിപരീതമാണു്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു സൂര്യാദിഗ്രഹങ്ങളുടെ സ്ഫുടങ്ങളെ ഉണ്ടാക്കുവാൻ പറയുന്നു.

ശ്രേയോ ഭദ്രയവാഃ ക്രമാദ്രവിശശി-
ക്ഷോണീസുതാനാം ഗുണാഃ
സൌമ്യാദേർന്ന ഗുണാഃ ക്രമാദ്ദിനകരാ-
ദീനാം തു ഹാരാസ്തഥാ
കഥ്യന്തേ മനവഃ പദം യതി വരോ
നേതാ വിമാനം മുനി-
ർഭാനന്നാത്ര പുനഃ പ്രസാധനമത-
സ്തേനാർക്കമുഖ്യാ ഗ്രഹാഃ. ൪൯

വ്യാ—ശ്രേയോഭദ്രയവാഃ- ക്രമാൽ- രവിശശിക്ഷോണീസുതാനാം- ഗുണാഃ- ഭവന്തി- സൌമ്യാദേഃ- ഗുണാഃ- ന-ഭവന്തി- തഥാ- മനവഃ- പദം- യതി- വരഃ- നേതാ- വിമാനം- മുനിഃ- ഭാനഃ- ക്രമാൽ- ദിനകരാദീനാം- ഹാരാഃ- കഥ്യന്തേ- അത്ര- പുനഃ- പ്രസാധനം- ന- ഭവതി- തേന- അർക്കമുഖ്യാഃ- ഗ്രഹാഃ- ഭവന്തി- എന്നു് അന്വയം. ശ്രേയോഭദ്രയവങ്ങൾ ക്രമത്താലെ രവിശശിക്ഷോണീസുതന്മാരുടെ ഗുണങ്ങളായിട്ടു ഭവിക്കുന്നു. സൌമ്യാദികൾക്കു ഗുണങ്ങൾ ഭവിക്കുന്നില്ല. അപ്രകാരം മനവഃ- പദം- യതി- വരഃ- നേതാ- വിമാനം- മുനിഃ- ഭാനഃ- ഇവ ക്രമത്താലെ ദിനകരാദികളുടെ ഹാരങ്ങളായിട്ടു പറയപ്പെടുന്നു. ഇവിടെ പിന്നെ പ്രസാധനം ഇല്ല. ഇതിങ്കൽനിന്നു് അർക്കൻ തുടങ്ങിയുള്ള ഗ്രഹങ്ങൾ ഭവിക്കുന്നു— എന്നു് അന്വയാർത്ഥം. ഇവിടെ ഗുണകാരഹാരകങ്ങളായിട്ടു പറയപ്പെട്ടിരിക്കുന്ന പദങ്ങളിലെ അക്ഷരങ്ങളെ പരൽപ്പേരുപ്രകാരം സംഖ്യകളാക്കി കല്പിച്ചുകൊള്ളണം.

സാരം — ഗ്രഹത്തിന്റെ ചുററിനെ 'ശ്രേയഃ' എന്ന പന്ത്രണ്ടുകൊണ്ടു പെരുക്കി 'മനവഃ' എന്ന നാനൂററിഅഞ്ചുകൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം ഭഗണം (അല്ലെങ്കിൽ വൃത്താഫലം) പിന്നെ ബാക്കിയുള്ള സംഖ്യയെ പന്ത്രണ്ടിൽ പെരുക്കി 'മനവഃ' എന്ന ഹാരകംകൊണ്ടുതന്നെ ഹരിച്ചുണ്ടാകുന്ന ഫലം രാശി. പിന്നെ ശേഷമുള്ള സംഖ്യയെ മുപ്പതിൽ പെരുക്കി മേൽപറഞ്ഞ ഹാരകംകൊണ്ടുതന്നെ ഹരിച്ച ഫലം തിയ്യതി. ശേഷത്തെ അറുപതിൽ പെരുക്കി ആ ഹാരകംകൊണ്ടുതന്നെ ഹരിച്ചാൽ കിട്ടുന്നതു് ഇലി. വേണമെങ്കിൽ ഇങ്ങനെതന്നെ വിലിയും വരുത്തിക്കൊൾക. എന്നാൽ രാശ്യാദിയായ സൂൎയ്യസ്ഫുടം ഭവിക്കും. ചുററിനെ 'ഭദ്രേ' എന്ന ഇരുപത്തുനാലാകുന്ന ഗുണകാരംകൊണ്ടു പെരുക്കി 'പദം' എന്ന എണ്‍പത്തൊന്നാകുന്ന ഹാരകംകൊണ്ടു ഹരിച്ച ഭഗണവും, ശിഷ്ടത്തെ പന്ത്രണ്ടിലും മുപ്പതിലും അറുപതിലും പെരുക്കി പൂൎവ്വോക്തഹാരകം (എണ്‍പത്തൊന്നു) കൊണ്ടുതന്നെ ഹരിച്ചു രാശി തിയ്യതി ഇലി വിലികളും ഉണ്ടാക്കിയാൽ അതു ചന്ദ്രസ്ഫുടമായി ഭവിക്കും. ചുററിനെ 'യവ' എന്ന നാല്പത്തൊന്നുകൊണ്ടു പെരുക്കി 'യതി' എന്ന അറുപത്തൊന്നുകൊണ്ടു ഹരിച്ചാൽ കുജസ്ഫുടമായി. ഇവിടെ ബുധൻ മുതലായി ശേഷമുള്ള ഗ്രഹങ്ങൾക്കു ഗുണകാരങ്ങളില്ല. ബുധനു 'വരഃ' എന്ന ഇരുപത്തുനാലും, വ്യാഴത്തിനു 'നേതാ' എന്ന അറുപതും ശുക്രനു 'വിമാനം' എന്ന അമ്പത്തിനാലും, ശനിക്കു 'മുനി' എന്ന അഞ്ചും രാഹുവിനു 'ഭാനു' എന്ന നാലും ക്രമേണ ഹാരകങ്ങളാകുന്നു. ഈ ഹാരകങ്ങളെക്കൊണ്ടു ഹരിച്ചു രാശ്യാദി സ്ഥാനങ്ങളുണ്ടാക്കിയാൽ ബുധാദിഗ്രഹങ്ങളുടെ സ്ഫുടങ്ങളായി. രാഹുസ്ഫുടത്തിൽ ആറു രാശി കൂട്ടിയാൽ കേതുസ്ഫുടവും, ചന്ദ്രനിൽ അൎക്കനെ കളഞ്ഞാൽ തിഥിയും, കൂട്ടിയാൽ യോഗവും ഉണ്ടാകും. നക്ഷത്രവും രാശിയും മുൻപറഞ്ഞിട്ടുണ്ടല്ലോ. അതു

കൊണ്ടു ഇഷ്ടികകളേയും ലഗ്നത്തേയും ഉണ്ടാക്കാം. ഇങ്ങനെ ഗ്രഹങ്ങളുടെ ചുററുകണക്കുകൊണ്ട് അതാതു ഗ്രഹങ്ങളുടെ ജാതകമുണ്ടാക്കി ജ്യോതിശ്ശാസ്ത്രപ്രകാരം ഫലചിന്ത ചെയ്യാമെന്നാണു ഗ്രന്ഥകാരന്റെ ആശയമെന്നു തോന്നുന്നു.

എന്നാൽ ഇതുപ്രകാരം ചില കണക്കുകൾക്കു ഗ്രഹസ്ഫുടങ്ങളുണ്ടാക്കി നോക്കിയതിൽ, ഗൃഹേ ചുററിനെ എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഹരിച്ചാൽ നാളും, മുപ്പതിൽ ഹരിച്ചാൽ പക്കവും ഉണ്ടാകുമെന്നു പറഞ്ഞിട്ടുള്ളതു ശരിയായിരിക്കുന്നുണ്ട്. പക്ഷെ ബുധശുക്രന്മാരുടെ സ്ഥിതി ചിലതിൽ സൂര്യനിൽനിന്നു മൂന്നു രാശിയിലധികം അകന്നു കാണുന്നു. അതു സംഭാവ്യമല്ല. 'ചതുർത്ഥേ ഭവനേ സൂര്യാൽ ജ്ഞസിതൌ ഭവതഃ കഥം?' എന്നുള്ള വരാഹമിഹിരവചനം സുപ്രസിദ്ധമാണല്ലോ.

അവ— ഇനി ഒരു ശ്ലോകംകൊണ്ട് ഇതുവരെ പല മതഭേദങ്ങൾ പറഞ്ഞിട്ടുള്ളവയിൽവച്ചു ബഹുസമ്മതവും സ്വീകാര്യവുമായിട്ടുള്ളതു് ഏതെന്നു പറയുന്നു.

ഭേദാ യോനിർദ്വിധായോ വ്യയവിധിരുദിതഃ
പഞ്ചധാ ച ത്രിധാം ച
നക്ഷത്രം വാരവംശൌ തിഥിരപി ച വയഃ
പ്രാപ്തിരുക്താ ത്രിധാ ച
ഭേദാ രാശിന്വാംശാ ദ്വിവിധ ഇഹ ഭവേൽ
ദ്വിപ്രകാരോ ധ്രുവാദ്യഃ
പ്രോക്തേഷ്വേതേഷു ഗ്രാഹ്യോദിതമഖിലമതാ
കാര്യമാവശ്യകേട്ടന്യൽ. ൭

വ്യാ— യോനിയും, ആയവും രണ്ടുപ്രകാരവും, വ്യയം അഞ്ചുപ്രകാരവും, നക്ഷത്രം, ആഴ്ച, ജാതി, തിഥി, വയസ്സ് ഇവയെല്ലാം മൂന്നുപ്രകാരവും, രാശി, അംശകം, ധ്രുവാദികൾ ഇവ ഈരണ്ടുപ്രകാരവും ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ. ഇവയിൽവച്ച് 'ജ്യേഷ്ഠാതാനവിതാനമാനനിചയ' എന്നു

ശ്ലോകപ്രകാരം മുമ്പിൽ പറഞ്ഞിട്ടുള്ളതു സൎവ്വസമ്മതമാകയാൽ അതിനെത്തന്നെ സ്വീകരിക്കേണ്ടതാകുന്നു. മററുള്ളവയെല്ലാം അത്യാവശ്യത്തിങ്കലേ സ്വീകരിക്കാവൂ.

അവ — ഇനി രണ്ടു ശ്ലോകംകൊണ്ടു ഗൃഹങ്ങൾക്കു ദീൎഘവിസ്താരാദികളെ കല്പിക്കേണ്ടതിനുള്ള ക്രമത്തെ പറയുന്നു.

ഇഷ്ടാൽ ദീൎഘാൽ സൎവ്വധാമ്നാം ച നാഹാ
വിസ്താരോഽസ്മാദ്വിസ്തൃതേഃ പാദമാനം
തസ്മാന്മസൂരം ച തല്പൂഷതഃ സ്യാൽ
സ്തംഭഃ സ്തംഭാദ്വിസ്തൃതിശ്ചോത്തരാണാം. ൬

വ്യാ — ഗൃഹം നിൎമ്മിക്കാൻ തുടങ്ങുമ്പോൾ മുമ്പിൽതന്നെ അതിന്ന് ഇഷ്ടമായ ദീൎഘത്തെ കല്പിക്കണം. പിന്നെ ആ ദീൎഘത്തിൽനിന്നു ഗൃഹത്തിന്റെ ചുററിനേയും, ചുററിൽനിന്നു വിസ്താരത്തേയും, വിസ്താരത്തിൽനിന്നു പാദമാനത്തേയും, പാദമാനത്തിൽനിന്നു തറയുടെ പൊക്കത്തേയും, തറപ്പൊക്കം കഴിച്ചുള്ള പാദമാനത്തിൽനിന്നു കാലുകരുത്തേയും, കാലുകളിൽനിന്ന് ഉത്തരങ്ങളുടെ വിസ്താരത്തേയും നിശ്ചയിക്കണം.

തത്തദുത്തരവിസ്തരാല്പപാദാം വിസ്തൃതിൎഭവേൽ
ഉത്തരാദേവ നിപ്രാദേൎഘനം സൎവ്വത്ര വിസ്തൃതേഃ. ൭

വ്യാ — അതതു ഗൃഹത്തിന്റെ ഉത്തരവിസ്താരത്തിൽനിന്നു കഴക്കോലുകളുടെ വിസ്താരത്തെ കല്പിക്കണം. ഉത്തരത്തിൽനിന്നുതന്നെ വാമട മുതലായവയുടെ വിസ്താരത്തേയും ഉണ്ടാക്കണം. എല്ലായിടത്തും അതതിന്റെ വിസ്താരത്തിൽനിന്നുതന്നെ അതതിന്റെ ഘനത്തെ കല്പിക്കണം.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു ഗൃഹങ്ങളുടെ ചുററിനേയും ദീൎഘവിസ്താരങ്ങളേയും കല്പിക്കേണ്ട പ്രകാരത്തെ പറയുന്നു.

ഷഡ്ഢസ്താദിനിജേഷ്ടദീൎഘകരസം-
ഖ്യാനേഷ്ടനിഘ്നേ സ്വദി-
ഗ്യോന്യാഢ്യേ സതി തത്ത്രിഭാഗ ഇഹ തൽ-
ഗേഹസ്യ നാഹോ ഭവേൽ
വ്യത്യസ്തക്രിയയാ ഭവേദപി ച ത-
ദ്ദീൎഘാദ്യഥ നാഹേദ്ധൃതേ
ദീൎഘോനേ പരിശിഷ്യതേത്ര വിതതിഃ
സൎവ്വത്ര മൎത്ത്യാലയേ.

വ്യാ—ഗൃഹത്തിന്ന് ആറു കോൽ മുതലായി അതതിന്ന് ഇഷ്ടമായി കല്പിക്കപ്പെട്ടിരിക്കുന്ന ദീൎഘത്തെ (കോലുകളെ മാത്രം) എട്ടിൽ പെരുക്കി അതിൽ അതിന്റെ ദിഗ്യോനിസംഖ്യയെ കൂട്ടി ആസ്സംഖ്യയെ മൂന്നിൽ ഹരിച്ചാൽ കിട്ടുന്നതു് ആ ഗൃഹത്തിന്റെ ചുററായി ഭവിക്കും. ഇതിന്റെ വിപരീതക്രിയകൊണ്ടു് അതിന്റെ ദീൎഘവും ഉണ്ടാകും. പിന്നെ ചുററിനെ അൎദ്ധിച്ച് അതിൽനിന്നു തന്റെ ദീൎഘം കളഞ്ഞാൽ ശേഷമുണ്ടാകുന്നതു് ആ ഗൃഹത്തിന്റെ വിസ്താരമായി ഭവിക്കും. ഇവിടെ അതതു ദിഗ്യോനിസംഖ്യ എന്നു പറഞ്ഞതിന്റെ താല്പൎയ്യം, കിഴക്കുമുതലായ നാലുദിക്കുകളിലെ യോനികളായ ധ്വജം, സിംഹം, വൃഷം, ഗജം, ഇവയുടെ ക്രമം അനുസരിച്ച് ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് ഇസ്സംഖ്യകൾ എന്നാകുന്നു. ഈ സംഖ്യകളെ അതതു യോനിയുടെ പൎയ്യായമായി ഈശ്ശാസ്ത്രത്തിൽ പറഞ്ഞുവരാറുമുണ്ടു്. അതിനാൽ കിഴക്കിനി ഗൃഹത്തിന്ന് ഒന്നും, തെക്കിനിക്കു മൂന്നും, പടിഞ്ഞാററിനിക്കു അഞ്ചും, വടക്കിനിക്ക് ഏഴും ദിഗ്യോനിസംഖ്യകളാണെന്ന് അറിഞ്ഞുകൊൾക.

ഇനി ഇപ്രകാരം ചില കണക്കുകളെ ക്രിയ ചെയ്തു ചുററിനേയും ദീൎഘവിസ്താരങ്ങളേയും വരുത്തിക്കാണിക്കാം.

ഇവിടെ ഇഷ്ടമായ ഗൃഹത്തിന്റെ ദീൎഘം എട്ടു കോൽ എന്നു കല്പിക്കുക. അതിനെ എട്ടിൽ പെരുക്കിയ സംഖ്യ

അറുപത്തുനാല്ല കോൽ. അതിൽ കിഴക്കിനിയുടെ ദിഃഗ്യാനിസംഖ്യയായ ഒന്നിനെ കൂട്ടുക. അപ്പോൾ അറുപത്തഞ്ചു കോൽ. അതിനെ മൂന്നിൽ ഹരിച്ചാൽ ഇരുപത്തൊന്നു കോലും പതിനാറു വിരലും കിട്ടും. അതിനാൽ എട്ടുകോൽ ഇഷ്ടദീൎഘമായ കിഴക്കിനിഗൃഹത്തിന്റെ ചുററുകോൽ ഇരുപത്തൊന്ന്; വിരൽ പതിനാറ്; എന്നു വരും. ഇതുപോലെ ഈ എട്ടു കോൽ തന്നെ ദീൎഘമായ തെക്കിനിക്ക്, ദീൎഘമെത്ത എട്ടിൽ പെരുക്കി തെക്കിനിയുടെ ദിഃഗ്യാനിസംഖ്യയായ മൂന്നു കൂട്ടിയാൽ അറുപത്തേഴ കോൽ. അതിനെ മൂന്നിൽ ഹരിച്ചാൽ കോൽ ഇരുപത്തുരണ്ട്; വിരൽ എട്ട്. അതിനാൽ എട്ടു കോൽ ദീൎഘമായ തെക്കിനിയുടെ ചുററ് ഇരിപത്തുരണ്ടു കോൽ എട്ടു വിരൽ. മേൽപറഞ്ഞ ദീൎഘത്തെത്തന്നെ എട്ടിൽ പെരുക്കി പടിഞ്ഞാറെ ദിഃഗ്യാനിസംഖ്യയായ അഞ്ചു കൂട്ടിയാൽ അറുപത്തൊമ്പത്. അതിനെ മൂന്നിൽ ഹരിച്ചാൽ കോൽ ഇരിപത്തുമൂന്ന്. അതിനാൽ എട്ടു കോൽ ഇഷ്ടദീൎഘമായ പടിഞ്ഞാററിനിയുടെ ചുററ് ഇരിപത്തുമൂന്നുകോൽ. ഇങ്ങനെതന്നെ വടക്കിനിക്കും ഇഷ്ടദീൎഘമായ എട്ടു കോലിനെ എട്ടിൽ പെരുക്കി ദിഃഗ്യാനിസംഖ്യയായ ഏഴ കൂട്ടി അതിനെ മൂന്നിൽ ഹരിച്ചാൽ കോൽ ഇരിപത്തുമൂന്ന്; വിരൽ പതിനാറ്. അതിനാൽ എട്ടു കോൽ ഇഷ്ടദീർഘമായ വടക്കിനിഗൃഹത്തിന്റെ ചുററുകോൽ ഇരിപത്തുമൂന്ന്; വിരൽ പതിനാറ് എന്നു സിദ്ധമായി. ഇതുകൊണ്ട് ഇഷ്ടമായ ദീർഘം ഒരേ സംഖ്യതന്നെ ആണെങ്കിലും അതതു ദിഃഗ്യാനിയുടെ ഭേദംകൊണ്ടു ചുററിന്റെ കണക്ക മാറുന്നു എന്നു മനസ്സിലാക്കാമല്ലൊ.

ഇനി ഇതിന്റെ വിപരീതക്രിയ പറയാം. ആദ്യം പറഞ്ഞതായ ഇരിപത്തൊന്നു കോൽ പതിനാറു വിരൽ എന്ന ചുററിനെ മൂന്നിൽ പെരുക്കി ദിഃഗ്യാനിസംഖ്യയായ ഒന്നു കളഞ്ഞ് അതിനെ എട്ടിൽ ഹരിച്ചാൽ ദീൎഘം എട്ടു കോൽ

വരുന്നു. ഇങ്ങനെ മററുള്ളവയ്ക്കും ചുററിൽനിന്നു ദീർഘം വരുത്താമല്ലൊ.

ഇനി ചുററിൽനിന്നു വിസ്താരം വരുത്തുവാൻ ഇരുപത്തൊന്നു കോൽ പതിനാറു വിരൽ എന്നു മേൽപറഞ്ഞ ചുററിനെ അർദ്ധിച്ചാൽ പത്തു കോൽ ഇരുപത്തു വിരൽ; അതിൽനിന്നു ദീർഘം എട്ടു കോൽ കളഞ്ഞാൽ ശേഷം രണ്ടു കോൽ പത്തു വിരൽ; ഇതു് അതിന്റെ വിസ്താരമാകുന്നു. മററുള്ളവയ്ക്കും വിസ്താരം ഇങ്ങനെ തന്നെ വരുത്താമല്ലൊ. ഈ ശ്ലോകത്തിൽ പറഞ്ഞപ്രകാരമുള്ള ദീർഘവിസ്താരങ്ങൾക്കു് 'ഇഷ്ടദീർഘവിധി' എന്നു പേരാകുന്നു. ഇതുകൊണ്ടു മുകളിൽ പലേടത്തും പ്രയോജനമുണ്ടാകുന്നതാണു്. അതിനാൽ ഇതു ധരിച്ചിരിക്കേണ്ടതു പ്രത്യേകം ആവശ്യമാകുന്നു.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു ഗ്രഹങ്ങളുടെ ചുററുണ്ടാക്കുവാൻ മറെറാരു പ്രകാരത്തെ പറയുന്നു.

ഇഷ്ടദീർഘം തു യദ്ദ്വിഘ്നം, തത്ത്രിഭാഗസമന്വിതം
ഇഷ്ടയോനിത്രിഭാഗാഢ്യം, തൽ പര്യന്തം വിദുർബ്ബുധാഃ.

വ്യാ — മുൻപറഞ്ഞ പ്രകാരമുള്ള ഇഷ്ടദീർഘത്തെ ഇരട്ടിച്ചു്, ആസ്സംഖ്യയുടെ മൂന്നിലൊരു ഭാഗവും കൂടി അതിൽ കൂട്ടുക. പിന്നെ ഇഷ്ടമായ യോനിസംഖ്യയുടെ മൂന്നിൽ ഒരു ഭാഗവും അതിൽ കൂട്ടുക. എന്നാൽ ഉണ്ടാകുന്ന സംഖ്യ ആ ഗ്രഹത്തിന്റെ പര്യന്തം (ചുററു്) ആകുന്നു എന്നു വിദ്വാന്മാർ പറയുന്നു.

അതെങ്ങനെയെന്നു കാണിക്കാം. ഇഷ്ടമായ ദീർഘം ആറു കോലെന്നു കല്പിക്കുക. അതിനെ ഇരട്ടിച്ചാൽ പന്ത്രണ്ടു കോൽ. അതോടുകൂടി ആസ്സംഖ്യയുടെ മൂന്നിലൊന്നായ നാലു കൂട്ടുക. അപ്പോൾ, പതിനാറു കോൽ. ഇഷ്ടയോനിസംഖ്യ ഒരു കോൽ. അതിന്റെ മൂന്നിലൊന്നു് എട്ടു വിരൽ. അതുകൂടി പതിനാറു കോലിൽ കൂട്ടിയാൽ പതിനാറു കോൽ എട്ടു വിരൽ എന്ന സംഖ്യ കിട്ടുന്നു. ഇതു് ആ ഗ്രഹത്തി

ന്റെ പൎയ്യന്തമാകുന്നു. അപ്പോൾ ആറുകോൽ ഇഷ്ടദീൎഘമായ കിഴക്കിനിഗ്രഹത്തിന്നു ചുററുകോൽ പതിനാറു്; വിരൽ എട്ടു്; എന്നു സിദ്ധമായി. ഇങ്ങനെ മററുള്ളവയേയും കണ്ടുകൊൾക.

അവ— ഇനി ഒരു ശ്ലോകംകൊണ്ടു ദേവാലയത്തിൽമാത്രം ഉപയോഗമുള്ള ചില ദീൎഘവിസ്താരങ്ങളുടെ വിശേഷത്തെ പറയുന്നു.

സാഹാംശസ്യാംശേന ദീൎഘാ വിതതിരപി ഗൃഹേ
 തുല്യതുൎയ്യാശ്രകേ വാ
സാഷ്ടാംശേൎ നന്ദഭാഗൈഃ വിതതിരധികാ-
 ംശൈശ്ച ദീൎഘാദവശിഷ്ടൈഃ
സംസ്യുഃ പാദാധികാൎദ്ധാധിക ഇഹ പരിണാ-
 ഹേ ഽൎദ്ധിതേ ദീൎഘവിഭക്തേ
ഷഡ്ഭിൎദ്ദീൎഘശ്ച രുദ്രൈൎവ്വിതതിരിതി സ്യുരാ-
 ഗാരയോഗ്യാസ്ത്രയോഽമീ.

വ്യാ

വ്യാ— ഗൃഹത്തിന്റെ ചുററിനെ നാലു കൂറിട്ടു് ഒരു കൂറുകൊണ്ടു ദീൎഘവും ഒരു കൂറുകൊണ്ടു വിസ്താരവും കല്പിച്ചു. എന്നാൽ ആ ഗൃഹം സമചതുരശ്രമായി ഭവിക്കും. പിന്നെ ഗൃഹത്തിന്റെ ചുററിനെ അൎദ്ധിച്ചു് അതിനെ ഒമ്പതു കൂറിട്ടു നാലു കൂറുകൊണ്ടു വിസ്താരവും ശേഷമുള്ള അഞ്ചു കൂറുകൊണ്ടു ദീൎഘവും കല്പിക്കുന്നു എങ്കിൽ അതു 'പാദാധിക'മായ ഗുണവ്യാസമായി ഭവിക്കും. ചുററിനെ അൎദ്ധിച്ചു് അതിനെ പത്തു കൂറിട്ടു നാലു കൂറുകൊണ്ടു വിസ്താരവും ആറു കൂറുകൊണ്ടു ദീൎഘവും കല്പിക്കുന്നു എങ്കിൽ അതു് 'അൎദ്ധാധിക'മായ ഗുണവ്യാസമായിരിക്കും. ഇവയിൽ ആദ്യത്തിന്നു 'സമതായതികം' എന്നു പേർ പറയാം. ഇവ മൂന്നും ദേവാലയത്തിങ്കൽ യോഗ്യങ്ങളാകുന്നു. ചുററിനെ അൎദ്ധിച്ചു്, അതിനെ പതിനൊന്നു കൂറിട്ടു നാലു കൂറുകൊണ്ടു വിസ്താരവും ഏഴു കൂറുകൊണ്ടു ദീൎഘവും കല്പിച്ചാൽ അതിന്നു 'പാദോനം' എ

ന്നു പേർ എന്ന് അർത്ഥസിദ്ധമാകയാൽ അതുകൂടി ധരിക്കേണ്ടതാകുന്നു. അതുകൊണ്ടുള്ള പ്രയോജനം അടുത്ത ശ്ലോകത്തിൽത്തന്നെ വരുന്നതാണ്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മേൽപറഞ്ഞവയുടെ ഗ്രാഹ്യത്യാജ്യതാനിയമത്തെ പറയുന്നു.

പാദാധികോ മനുജസദ്മനി ഗ്രാഹ്യതേ ത-
ത്വാവശ്യകേ സമതതായതികോऽപി കൈശ്ചിൽ
അർദ്ധാധികോऽത്ര നഹിതോ മുനിഭിസ്സമസ്ത-
പാദോനതാപി കഥിതാഖിലനാശിനീതി. വൃദ്ധ

വ്യാ—പൂർവ്വശ്ലോകത്തിൽ പറഞ്ഞപ്രകാരമുള്ളതിൽ പാദാധികമെന്ന ഗുണവ്യാസം മനുഷ്യാലയത്തിങ്കൽ അത്യാവശ്യങ്ങളിൽ ചിലരാൽ ഗ്രഹിക്കപ്പെടുന്നു. സമതതായതികം എന്ന തുല്യതുംഗവിസ്താരവും അങ്ങനെത്തന്നെ ആപദ്വിധിയായി കൊള്ളുന്നുണ്ട്. അർദ്ധാധികമെന്നതു മനുഷ്യാലയത്തിങ്കൽ ഹിതമല്ല. എല്ലാ പാദോനതയും വിനാശത്തെ ചെയ്യുന്നതാണെന്നു മുനികളാൽ പറയപ്പെട്ടിരിക്കുന്നു. ഇവിടെ 'സമസ്തപാദോനതാ' എന്നതിലെ 'സമസ്ത' എന്ന ശബ്ദംകൊണ്ട്, നാഹാർദ്ധത്തെ പതിനൊന്നു കൂറിട്ടു നാലംശം വിസ്താരവും ഏഴംശം ദീർഘവുമായിട്ടുള്ള ഗുണവ്യാസത്തെ മാത്രം പോരാ, അടുത്ത ശ്ലോകത്തിൽ 'തത്തത്തുംഗപ്രൗഢിമാണൈഃ' എന്ന പദംകൊണ്ടു പറവാൻ പോകുന്നവയായ എല്ലാം പാദോനങ്ങളേയും വർജ്ജിച്ചുകൊള്ളണമെന്നു സൂചിപ്പിച്ചിരിക്കുന്നു എന്നു ഗ്രഹിക്കേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ഗുണവ്യാസത്തെ വിധിക്കുന്നു.

നാഹാർദ്ധേ ഭാഗശാംശൈസ്ത്രിഭിരപി ച വിഭ-
ക്തേऽഥവാ ഷോഡശാംശൈ-
ർവ്വിംശത്യാംശൈശ്ച തദ്വാദിഭിരപി മനുജ-
മാദിമിട്ടന്തസംഖ്യൈഃ

തത്തത്തുഷ്ടപ്രഹീണൈരഥ വിതതിരഭ-
ധ്യംശതശ്ശേഷഭാഗൈ-
ർദ്ദീർഘോ വസ്വങ്കപങ്ക്ത്യാദിഭിരിതി മുനയ-
സ്തം ഗുണവ്യാസമാഹുഃ. ൫൨

വ്യാ—നാഗാഗ്രേ– ദ്വാദശാദ്യൈഃ– അപി– ച–അഥ വാ–ഷോഡശാദ്യൈഃ– ച– തത്വാദിഭിഃ– അപി– മനുയുഗാദിഭിഃ. ഖനസംഖ്യൈഃ– തത്തത്തുഷ്ടപ്രഹീണൈഃ– ത്രിഭിഃ– വിഭക്തേ– ഉദധ്യംശതഃ– വിതതിഃ– അഥ– വസ്വങ്കപങ്ക്ത്യാദിഭിഃ– ശേഷഭാഗൈഃ– ദീർഘഃ– (ഭവേത്) മുനയഃ– തം– ഗുണവ്യാസം– ഇതി– ആഹുഃ– എന്നു് അന്വയം.

നാഗാഗ്ര്യം, ദ്വാദശാദ്യങ്ങളായും, അല്ലെങ്കിൽ ഷോഡശാദ്യങ്ങളായും, വിംശത്യാദ്യങ്ങളായും, തത്വാദികളായും, മനുയുഗാദികളായും, ഖനസംഖ്യങ്ങളായും, തത്തത്തുഷ്ടപ്രഹീണങ്ങളായിട്ടുള്ള മൂന്നുകളെക്കൊണ്ടു വിഭക്തങ്ങളായിരിക്കും സമയത്തിങ്കൽ ഉദധ്യംശങ്ങളെക്കൊണ്ടു വിതതിയും, വസ്വങ്കപങ്ക്ത്യാദികളായിരിക്കുന്ന ശേഷഭാഗങ്ങളെക്കൊണ്ടു ദീർഘവും ഭവിക്കുന്നു. മുനികൾ അതിനെ ഗുണവ്യാസം എന്നു പറയുന്നു. എന്നു ഭാഷ.

ചുററിന്റെ അളവെത്ര പന്ത്രണ്ടു്, പതിമ്മൂന്നു്, പതിനാലു്, പതിനാറു്, പതിനേഴു്, പതിനെട്ടു്, ഇരുപതു്, ഇരിപത്തൊന്നു്, ഇരിപത്തുരണ്ടു്, ഇരിപത്തുനാലു്, ഇരിപത്തഞ്ചു്, ഇരിപത്താറു്, ഇരിപത്തെട്ടു്, ഇരിപത്തൊമ്പതു്, മുപ്പതു്, മുപ്പത്തുരണ്ടു്, മുപ്പത്തുമൂന്നു്, മുപ്പത്തുനാലു്, ഇങ്ങനെ ആറു ഗണത്തിലും അതതിന്റെ നാന്നാലാമത്തേതൊഴിച്ചുള്ള ഏതെങ്കിലും മൂന്നു സംഖ്യകളിൽ ഒന്നുകൊണ്ടു പകുത്തു്, അതിൽ നാലു കൂറുകൊണ്ടു വിസ്താരവും, ശേഷമുള്ള കൂറുകളെക്കൊണ്ടു ദീർഘവും കല്പിക്കുക. എന്നാൽ അതിനെ 'ഗുണവ്യാസം' എന്നു മുനികൾ വിധിച്ചിരിക്കുന്നു. ഇതിനെത്തന്നെ ഒന്നുകൂടി സ്പഷ്ടമായി വിവരിക്കാം. ചുററിന്റെ അ

ർഘത്തെ പന്ത്രണ്ടായി അംശിച്ചാൽ നാലംശം വിസ്താരം. എട്ടംശം ദീർഘം; പതിമ്മൂന്നായി അംശിച്ചാൽ നാലംശം വിസ്താരം, ഒമ്പതംശം ദീർഘം; പതിനാലംശിച്ചാൽ നാലംശം വിസ്താരം, പത്തംശം ദീർഘം. ഇങ്ങിനെ മറ്റുള്ളവയിലും കണ്ടുകൊൾക. വിസ്താരം കുറഞ്ഞും ദീർഘം ഏറിയും വരണമെങ്കിൽ പതിനാറു തുടങ്ങിയോ ഇരുപതു തുടങ്ങിയോ മേൽപറഞ്ഞപ്രകാരം വിഭാഗിച്ചുകൊള്ളണം. എന്നാൽ പതിനഞ്ചു്, പത്തൊമ്പതു്, ഇരുപത്തുമൂന്നു്, ഇരിപത്തേഴു്, മുപ്പത്തൊന്നു്, ഇവ പാദോനങ്ങളാകകൊണ്ടു് അവയെ ഒഴിച്ചു ശേഷമുള്ള സംഖ്യകളെ മാത്രമേ ഗ്രഹിക്കാവൂ. ഇവിടെ മേൽപ്രകാരം അംശിക്കുമ്പോൾ ഏതാനും ചില വിരലുകൾ അംശത്തിൽ അററുപോകാതെ ശേഷിക്കുന്നതായി വന്നാൽ അവയെ മുഴുവൻ തന്നെയോ അവയിൽ ഏതാനും ചില വിരലുകളെ മാത്രമോ ദീർഘത്തിലോ വിസ്താരത്തിലോ അവ രണ്ടിലും കൂടിയോ ഔചിത്യംപോലെ ചേർത്തുകൊള്ളണം.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു ദീർഘവിസ്താരകല്പനയിൽ ചില മതാന്തരങ്ങളെ പറയുന്നു.

ദീർഘാർദ്ധം വ്യാസമംഘ്ര്യംശകമപി സദലാം-
ഘ്ര്യംശകം ചാഷ്ടമേകേ
ദീർഘാർദ്ധാന്നാഡിവാഞ്ഛരന്ത്യധികതരതരം
ഗർഗ്ഗമുഖ്യാദയോഽപി
ദീർഘോ നിർദ്ദിഷ്ടമസ്മാദധിക ഇഹ ഭവേ-
ദർത്ഥനാശായ മൃത്യു-
ർഹീനസ്ത്രാംഗുലീർദ്വിത്രി ന ഖലു ഭവേൽ
ദോഷ ഇത്യാഹുരന്യേ. വൃന്ദ

വ്യാ — വിസ്താരം ദീർഘത്തിൽ പാതിയോ നാലിലൊന്നോ ദീർഘത്തിന്റെ കാലേഅരക്കാലോ കൊള്ളാമെന്നു ചിലർ പറയുന്നു. ദീർഘത്തിന്റെ പാതിയിലധികം വിസ്താരം കൊള്ളരുതെന്നു ഗർഗ്ഗമുഖ്യാദികൾ പറയുന്നു. ഇഷ്ടദീർഘത്തി

ലധികം ദീൎഘം കൊള്ളുന്നതായാൽ അൎത്ഥനാശവും, ഇഷ്ടദീൎഘത്തിൽ കുറഞ്ഞാൽ മരണവും ഫലമാകുന്നു. അവിടെ ഏറുന്നതും കുറയുന്നതും ഏതാനും ചില വിരലുകളെക്കൊണ്ടു മാത്രമാണെങ്കിൽ ദോഷമില്ലെന്നു ചിലർ പറയുന്നു. "തസ്മാന്നിർദ്ദിഷ്ടഹസ്തേഭ്യോ ഹീനാധിക്യം ന കാരയേൽ അംഗുലീഭിൎന്ന ദോഷസ്സ്യാദൂനമത്ര കദാചന" എന്നു 'വാസ്തുവിദ്യം' എന്ന ഗ്രന്ഥത്തിൽ പ്രമാണവും, അപ്രകാരംതന്നെ നടപ്പും കാണുന്നുണ്ട്.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു പാദമാനത്തെ പറയുന്നു.

നൄണാം ധാമനി പാദമാനമുദിതം
 തച്ചൂളോത്തരഗോപാനസോ-
ൎമ്മദ്ധ്യം തത്ത്രികരം കരാംഘ്രിസഹിതം
 തത്തുല്യഗേഹേ ക്വചിൽ
തന്നന്ദിർവിസ്തരേണ ച സമം
 തൽപാദഷട്സപ്തവ-
സ്വംശാംശൈൎയ്യുക്തമേതദധികം
 വാ തത്തദ്വൈചിത്ര്യതഃ. വൃ൪

വ്യാ — മനുഷ്യാലയങ്ങളിൽ ചെറിപ്പിന്മേൽനിന്നു തുടങ്ങി ഉത്തരത്തോളമുള്ള ഉയരത്തെ പാദമാനമെന്നു പറയുന്നു. അധികം ചെറുതായ ഗൃഹത്തിൽ ചിലേടത്തു പാദമാനം മൂന്നുകാൽ കോൽ എടുത്തുവരുന്നു. പിന്നെ അതാതു ഗൃഹത്തിന്റെ വിസ്താരത്തോടു സമമായിട്ടും, വിസ്താരത്തെ നാലോ, ആറോ, ഏഴോ, എട്ടോ, ഒമ്പതോ അംശങ്ങളാക്കി ഭാഗിച്ച് ഓരോ ഭാഗം കൂട്ടിയും കുറച്ചും അവിടവിടത്തെ വൈചിത്ര്യംപോലെ കൊള്ളുകയും ചെയ്യാം.

അവ — ഇനി ഒരു ശ്ലോകംകൊണ്ട് ഉപപീഠത്തെ പറയുന്നു.

രക്ഷാർത്ഥം ഗേഹഭൂമ്യാം സകലനിലയനാ-
ധാരതോഽധസ്സമന്താൽ
കർത്തവ്യം ചോപപീഠം കരകരയുഗളം
ചോരഗാദ്യംഘ്രിലാഢ്യം
അന്തർഭാഗേ തു ഗർത്താങ്കണമഥ വൃഷയോ-
ന്യാന്വിതം കേതുജം വാ
ദിശ്യൈശാന്യാമഥോദങ്മുഖമപി രചയേൽ
പ്രാങ്മുഖം വാംബുമാർഗ്ഗം. വൃ൨

വ്യാ—ഗൃഹങ്ങൾക്ക് ഉറപ്പും, ഭംഗിയും, ഉയരവും ഉണ്ടാകുന്നതിന്ന വേണ്ടി, എല്ലാ ഗൃഹങ്ങളുടേയും അധിഷ്ഠാനത്തിന്റെ താഴെ ചുററും ഉപപീഠം ഉണ്ടാക്കേണ്ടതാണ്. അത് ഒരു കോലോ, രണ്ടു കോലോ, അവ രണ്ടിലും എട്ടുമുതൽ വിരലുകൾ കൂട്ടീട്ടോ കൊള്ളാം. നാലുപുറകളുടേയും അകത്ത് ഈ ഉപപീഠങ്ങൾ തമ്മിൽ കൂടുമ്പോൾ നടുവിൽ ഉണ്ടാകുന്ന കഴിമുററം വൃഷയോനിയോ ധ്വജയോനിയോ ആയിരിക്കണം. (ഉപപീഠത്തിന്ന കോലായത്തറ എന്നും പറയുമാറുണ്ട്) കഴിമുററത്തിന്റെ ഈശാനകോണിൽ വടക്കോട്ടോ കിഴക്കോട്ടോ മുഖമായിട്ട വെള്ളം ഒഴുകുന്നതിന്ന് ഓവ് ഉണ്ടാക്കണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ഉപപീഠത്തിന്റെ പൊക്കത്തെ പറയുന്നു.

ഗേഹാധിഷ്ഠാനതുല്യോ ദ്വിസാദ്ധ്യ-
ഷ്ടാംശാംശൈശ്ചാന്വിതോ വാ യഥേഷ്ടം
മർത്ത്യാഗാരേഷ്വുപപീഠോച്ഛ്രയസ്സ്യാ-
ത്തത്താൽഭാഗൈഃ പാദുകാദ്യാ വിധേയാഃ. വൃ൩

മനുഷ്യാലയത്തിൽ ഉപപീഠത്തിന്റെ പൊക്കം, ഗൃഹങ്ങളുടെ തറപ്പൊക്കത്തോളമോ തറപ്പൊക്കത്തിൽ ആറോ, ഏഴോ, എട്ടോ, ഒമ്പതോ, പത്തോ അംശം കുറവായിട്ടോ ഇ

രിക്കണം. ഘോഷംകൊണ്ടു് അംശിച്ചു് അതതിന്നുള്ള അംശങ്ങളെക്കൊണ്ടു പാദുകാദികളായ അവയവങ്ങൾദ്ദ്യവും ഉണ്ടാക്കണം.

അം—ഇനി ഒരു ശ്ലോകംകൊണ്ടു തറയെ പറയുന്നു.

ഭക്തേऽസ്മിൻ പാദമാനേ ത്രികചതുരിഷുഷട്-
സപ്തനാഗാങ്കദിഗ്ഭി-
സ്ത്വേകൈകാംശം തദധിഷ്ഠാനകമിഹ തിഥിഭ-
ക്തേऽഥവാ വേദഭാഗം
നന്ദാംശേ ച ബാണാംശകമിനയുഗഭ-
ക്തേऽദ്രിഭാഗം മുനീന്ദ്രൈ-
ർദ്ര്യംശം തിഥ്യംശിതേ വാപ്യുദധിപരിമിതം
ചേദ്ധമഭക്തേ രസാംശം. വ്യ

വ്യാ—മേൽപറഞ്ഞ പാദമാനത്തെ മൂന്നു്, നാലു്, അഞ്ചു്, ആറു, ഏഴു്, എട്ടു്, ഒമ്പതു്, പത്തു്, ഈ സംഖ്യകളിൽ ഏതെങ്കിലും ഒന്നുകൊണ്ടു് അംശിച്ചാൽ അതിൽ ഒരംശം കൊണ്ടും, അല്ലെങ്കിൽ പാദമാനത്തെ പതിനഞ്ചംശിച്ചാൽ നാലംശംകൊണ്ടും, പതിനെട്ടംശിച്ചാൽ അഞ്ചംശംകൊണ്ടും, ഇരുപത്തുനാലംശിച്ചാൽ ഏഴംശംകൊണ്ടും, ഏഴംശിച്ചാൽ രണ്ടംശംകൊണ്ടും, പതിമ്മൂന്നംശിച്ചാൽ നാലംശംകൊണ്ടും, ഇരുപത്തൊന്നംശിച്ചാൽ ആറംശംകൊണ്ടും, തറയുടെ പൊക്കത്തെ കല്പിക്കാം.

അവ—ഇനി നാലു ശ്ലോകങ്ങളെക്കൊണ്ടു തറയുടെ ജാതിഭേദങ്ങളെ പറയുന്നു. അവിടെ മുമ്പേതന്നെ ഒരു ശ്ലോകംകൊണ്ടു 'മഞ്ചകം' എന്ന ജാതിയായ തറയെ പറയുന്നു.

ഇച്ഛാധിഷ്ഠാനതുംഗേऽത്ര തു നവഭജിതേ
ത്ര്യംശതഃ പാദുകോച്ചം
ഷഡ്ഭിഃ കുമ്പാജഗത്യൗപ്യമഥ നയനാ-
ദ്ര്യംശകൈകൗ ക്രമേണ

നാരെന്നേവം 'മഞ്ചകം' സ്യാൽ പ്രതിഗളരഹിതം
സർവ്വതഃ പാദുകോച്ച-
ത്ര്യംശേനാരശ്മിനപഞ്ചാംശിതഹൃതവാരമാ-
ദ്യൈഗത്യാ തന്നിഷ്ക്രമോ ഹി. ൮൮

വ്യാ—ഇഷ്ടമായിരിക്കുന്ന തറയുടെ പൊക്കത്തെ ഒമ്പതായി അംശിച്ചാൽ മൂന്നംശംകൊണ്ടു പാദുകത്തിന്റെയും, ആറംശംകൊണ്ടു ജഗതിയുടേയും പൊക്കം കല്പിക്കാം. അല്ലെങ്കിൽ ഒമ്പതംശിച്ചാൽ രണ്ടംശംകൊണ്ടു പാദുകത്തിന്റേയും, ഏഴംശംകൊണ്ടു ജഗതിയുടേയും പൊക്കം കല്പിക്കയും ചെയ്യാം. മഞ്ചകം എന്നു പേരായിട്ടുള്ള തറ ഇപ്രകാരമാകുന്നു. ഇതിന്നു ഗളവും പടിയും ആവശ്യമില്ല. ഇപ്പോൾ പറഞ്ഞിട്ടുള്ളതും, ഇനി പറവാൻ പോകുന്നതുമായ എല്ലാം തറകൾക്കും ജഗതിയിങ്കൽനിന്നു പാദുകത്തിന്റെ പുറപ്പാട്, പാദുകത്തിന്റെ പൊക്കത്തോളമോ അതിൽ പാതിയോ മുക്കാലോ കാലോ പാദുകപ്പൊക്കത്തെ അഞ്ചംശിച്ച മൂന്നംശമോ കൊള്ളാം.

അവ—ഇനി രണ്ടു ശ്ലോകങ്ങളെക്കൊണ്ടു മൂന്നുവിധം 'ഗളമഞ്ചകം' എന്ന ജാതിയായ തറയേ പറയുന്നു.

ത്രീണി സ്യുഃ 'ഗ്ഗളമഞ്ചകാനി', രവിഭ-
ക്തേ ച ത്ര്യംശതഃ പാദുകം
ഷഡ്ഭിസ്തജ്ജഗതീം ഗളം ച ഉദിതയാഃ ഭാ
ഗാഭ്യാം ച കുര്യാൽ പ്രതിം
മന്വേരേ ശരഭാജിതേ വിരചയേ-
ദേകാംശതഃ പാദുകം
ഭാഗാഭ്യാം തജ്ജഗതീം ഗളം പ്രതിമപി
ദ്വ്യേകാംശാഃ കല്പയേൽ. ൯൮

വ്യാ—ഗളമഞ്ചകമെന്നു പേരുള്ള അധിഷ്ഠാനം മൂന്നു പ്രകാരമുണ്ട്. അവയിൽ തറപ്പൊക്കത്തെ പന്ത്രണ്ടംശിച്ചാൽ രണ്ടംശംകൊണ്ടു പാദുകവും, ആറംശംകൊണ്ടു ജഗ

തിയും, രണ്ടംശംകൊണ്ടു ഗളവും, രണ്ടംശംകൊണ്ടു പ്രതി (പടി)യും, കല്പിച്ചിട്ട് ഒരു പ്രകാരം; പിന്നെ തറപ്പൊക്കത്തെ ആറംശിച്ച് രണ്ടംശംകൊണ്ടു പാദുകവും, രണ്ടംശംകൊണ്ടു ജഗതിയും, ഒരംശംകൊണ്ടു ഗളവും, ഒരംശംകൊണ്ടു പടിയും കല്പിച്ചിട്ടു മറെറാരു പ്രകാരവും ഉണ്ടാക്കാം.

മാനുഷ്യേ സ്വരസായകേന ഭജിതേ
ദ്വാഭ്യാമഥോ പാദുകം
ഷഡ്ഭിസ്സജ്ജഗതീമഥോ വിരചയേ-
ദേകാംശതോ വാജനം
അംശാഭ്യാം ഗളമൂർദ്ധ്വവാജനമഥാ-
ന്യൈകേന നേത്രാംശതഃ
പ്രത്യൂച്ചം ഗളമഞ്ചകാഭിധമിദം
ഗേഹേഷു സമ്പൽകരം. ൯൦

വ്യാ—തറയുടെ ഉയരത്തെ പതിനാലംശിച്ചാൽ രണ്ടംശംകൊണ്ടു പാദുകവും, ആറംശംകൊണ്ടു ജഗതിയും, ഒരംശംകൊണ്ടു ഗളത്തിന്റെ താഴെയുള്ള വാജനവും, രണ്ടംശംകൊണ്ടു ഗളവും, ഒരംശംകൊണ്ടു ഗളത്തിന്റെ മേലേ വാജനവും, രണ്ടംശംകൊണ്ടു പടിയുടെ കനവും കല്പിക്കാം. ഇങ്ങനെ ഒരു പ്രകാരം 'ഗളമഞ്ചകം'. ഇപ്പോൾ മൂന്നു പ്രകാരം ഗളമഞ്ചകമെന്ന തറയെ പറഞ്ഞു. ഇവ മൂന്നും ഗൃഹങ്ങളിൽ സമ്പത്തിനെ ഉണ്ടാക്കുന്നതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മുൻപറഞ്ഞ ഗളമഞ്ചകങ്ങളായ തറകളുടെ ജഗതിക്കും പടിക്കും ഉള്ള പുറപ്പാടിനേയും, ഗളത്തിന്ന് അകത്തേക്കുള്ള ഗമനത്തിനേയും പറയുന്നു.

ഏവം ത്രിധോക്തഗളമഞ്ചകാദ്യേ
പ്രത്യേജ്ജഗത്യാ സമനിഷ്ക്രമതാം
കാര്യം ഗളാന്തർഗ്ഗമനം ഗളോരസ-
ധരാംഘ്ര്യംശതസ്സ്യാൽ ഗളമഞ്ചകാനാം. ൯൧

വ്യാ.— ഇങ്ങനെ മൂന്നു പ്രകാരം ഗളമഞ്ചകം എന്നാദിയെ പറഞ്ഞുവല്ലൊ. ഇവയിൽ എല്ലാററിലും മാനസൂത്രത്തിൽനിന്നു പടിയുടേയും ജഗതിയുടേയും പുറപ്പാട് സമമായിരിക്കണം. ഗളത്തിന്ന് ഇവയിൽനിന്ന് അകത്തേക്കുള്ള ഗമനം, അതിന്റെ (ഗളത്തിന്റെ) പൊക്കത്തിൽ നാലിൽ ഒരു ഭാഗമായിരിക്കണം.

അവ.— ഇനി ഒരു ശ്ലോകംകൊണ്ടു കാലെകരത്തെ പറയുന്നു.

കൃത്വാധിഷ്ഠാനമേവം ദൃഢതരമഥ ത-
ച്ചോഷിതം പാദമാനം
വിദ്യാദംശൈസ്ത്രിഭിശ്ച, മസ്മിന്നുത്തരഗളയോ-
ഗാങ്കപങ്ക്തിഗതൈകം
ഏകാംശേനാഞ്ചിതം വാ വിരചിതമഥവാ-
തീപ്പിതാന്താംഘ്രിദീർഘാ-
ദോമാസംഖ്യാംശൈഃ പിരോത്കൃയമപനയതാൽ
പോതികായാ ഘനം ച. ൪൨

വ്യാ.— ഇപ്രകാരം വളരെ ഉറപ്പിൽ തറയെ പണിചെയ്തിട്ടു, പിന്നെ പാദമാനത്തിൽനിന്നു തറപ്പൊക്കം കഴിച്ചു ശേഷമുള്ള പൊക്കത്തെ കാലെകരം എന്ന് അറിഞ്ഞുകൊള്ളണം. ആ കാലെകരം പോരാ എന്നോ അധികമായി എന്നോ വരുന്ന പക്ഷം, ആ കാലെകരത്തെ ആറോ, ഏഴോ, എട്ടോ, ഒമ്പതോ, പത്തോ, പതിനൊന്നോ ആയി അംശിച്ച് ഒരംശം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. ഇങ്ങനെ ഇഷ്ടമായി കല്പിച്ചിരിക്കുന്ന കാൽ നീളത്തിൽനിന്ന് 'ഓമ' എന്നു പേരുള്ള തൂണിന്റെ ചുവട്ടിന്റെയും, പോതികയുടേയും കനത്തെ കുറയ്ക്കണം. (അതു തൂണിന്റെ നീളമാകുന്നു എന്നു താല്പര്യം.)

അവ.— ഇനി നാലു ശ്ലോകങ്ങളെക്കൊണ്ടു തൂണുകളുടെ ആകൃതിഭേദങ്ങളേയും മററും പറയുന്നു.

കാര്യാസ്സ്യുസ്ഥൂണാനാം യുഗാഷ്ടനൃപകോ-
ണാസ്സപ്തേര ചത്ത്വാ
വിസ്താരത്രിഗുണോപരി ത്രിഗുണവി-
സ്താരോന്മിതാഷ്ടാശ്രകാഃ
മൂലോത്ഥാംഘ്രിതകർണ്ണസൂത്രചതുര-
ശ്രോർദ്ധ്വാംശവൃത്താഃ പുനഃ
ശ്ലക്ഷ്ണാഃ പത്രവിചിത്രവൃത്തരുചിരാ
പാരങ്ഗഗേഹോചിതാഃ ൧൩

(ശാ- വി-)

വ്യാ—തൂണുകൾ, നാല്, എട്ട്, പതിനാറ്, ഇതന്നെയുള്ള പട്ടങ്ങളോടുകൂടിയവയായിട്ടും, എല്ലാടവും ഉരുണ്ടവയായിട്ടും തൂണുകളുടെ ചുവട്ടിലെ വിസ്താരംകൊണ്ടു മൂന്നംശം ചുവട്ടിൽനിന്നു ചെന്ന ശേഷം അത്രയും അഷ്ടാശ്രമായിട്ടും; ശേഷം രണ്ടുഭാഗവും ചതുരശ്രമായിട്ടും, ചുവട്ടിലെ കർണ്ണസൂത്രത്തോളം ചുവടുഭാഗം ചതുരശ്രമായിട്ടും, ശേഷം വൃത്തമായിട്ടും, കഴിഞ്ഞ പട്ടങ്ങളോടുകൂടിയവയായിട്ടും, മനോഹരങ്ങളായ കെട്ടുകളോടുകൂടിയവയായിട്ടും, പണിചെയ്വാൻ ആരംഭിച്ചിരിക്കുന്ന ഗൃഹത്തിന്നു യോഗ്യങ്ങളായിരിക്കത്തക്കവണ്ണം ഉണ്ടാക്കേണ്ടതാകുന്നു.

സ്തംഭാസ്തന്മൂലകർണ്ണായതിമിതചതുര-
ശ്രാഗ്രമാനാസ്സമസ്താ
മൂലേ വ്യാസസ്യ സാർദ്ധാനലജലധിമിതാ-
ഷ്ടാശ്രകാഃ കർണ്ണതോ വാ
മദ്ധ്യേ കർണ്ണോന്മിതാഷ്ടാശ്രകമപി രചയേ-
ദൂർദ്ധ്വഭാഗേഽപ്യധസ്താ-
ദേവാശ്രാ വൃത്തമാ വാ ശ്രുതിപരിമിതഷ-
ഡശ്രകാ വാപി മൂലേ. ൧൪

തൂണുകളെല്ലാം അതിന്റെ ചുവട്ടിലുള്ള ചതുരശ്രത്തിന്റെ കർണ്ണം എത്രയുണ്ടോ അത്രയും നീളത്തിൽ തലക്കലും,

ചുവട്ടിലെ വിസ്താരത്തിന്റെയോ, കണ്ണത്തിന്റെയോ മൂന്നാ
യോ നാലോ അംശം നീളത്തിൽ ചുവട്ടിലും, തലക്കലെപ്പോ
ലെ കണ്ണത്തോളം നീളത്തിൽ മധ്യത്തിലും ചതുരശ്രമായി
ട്ടും, ആ മധ്യചതുരശ്രത്തിന്റെ മുകളിലും ചുവട്ടിലുമുള്ള ഇ
ടകൾ രണ്ടിലും അഷ്ടാശ്രമായിട്ടോ വൃത്തമായിട്ടോ പണി
ചെയ്യണം. ചുവട്ടിലെ ചതുരശ്രം കണ്ണത്തോളം നീളമാ
യിട്ട (മുകളിലെപ്പോലെ) പണിയുകയും ചെയ്യാം.

സ്തംഭോത്സേധേ വിഭക്തേ രസതുരഗലവം-
ഗാങ്കദിക്രുദ്രസംഖ്യൈ-
സ്സ്വേഷ്ടൈകാംശാത്മതുല്യപ്രതതിതദഗ്രം-
ശാദിഹീനാഗ്രതാനാൽ
മാനസ്തംഭാംസ്യമധ്യേ വിഹിതമതിമലാ-
ന്യബ്ജിമാഗോനതാനാൻ
കല്പ്യാസ്തംഭാംശ്ച കല്പ്യാ രചയതു ചരണാ-
ഗ്രപ്രതാനോഽത്ര മണ്ഡഃ. ൫൩

വ്യാ—തൂണിന്റെ പൊക്കത്തെ ആറുമുതൽ പതിനൊ
ന്നുവരെയുള്ള സംഖ്യകളിൽ ഒന്നുകൊണ്ട് അംശിച്ച് അ
തിൽ ഒരംശംകൊണ്ടു മാത്രത്തൂണുകളുടെ കടക്കലെ വിസ്താര
ത്തെയും, എട്ടുമുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ
ഒന്നുകൊണ്ടംശിച്ച് ഒരംശം കുറച്ചു തൂണുകളുടെ അഗ്രത്തി
ങ്കലെ വിസ്താരത്തെയും കല്പിക്കണം. പിന്നെ ഭിത്തിസ്തംഭ
ങ്ങളെ പണിയേണ്ടുന്ന സ്ഥലങ്ങളിൽ മാനസ്തംഭങ്ങൾക്കു പ
റഞ്ഞിട്ടുള്ള വിസ്താരത്തിൽ പകുതിയോ മൂന്നിലൊന്നോ നാലി
ലൊന്നോ കുറഞ്ഞിട്ടുള്ള വിസ്താരത്തോടുകൂടി അവയേയും പ
ണിചെയ്യണം. ഇവിടെ തൂണുകളുടെ തലക്കലെ വിസ്താര
ത്തിനു 'മണ്ഡ" എന്നു പേരാകുന്നു.

ഏകം വാജനമുത്തരസ്യ ഘടിതൽ
സ്തംഭാന്തരാണ്യുത്ക്രമം
നേഷ്ടം, സമമതമല്പവാജനയുതേ
പത്രാനാളികേ ചോത്തമേ

സ്തംഭോ മൗഷ്ടികഭോമശ്ശുണ്ഡുപലായാ-
ദ്യാഢ്യാസ്സമസ്താസ്തഥൈ-
വോർദ്ധ്വാംഗാന്യപിലാനി ചോത്തരവശാൽ
കല്പ്യാനി സർവ്വത്ര ച. ൯൩

വ്യാ—ഉത്തരത്തിന്നു വാജനം മാത്രമുള്ളുവെങ്കിൽ സ്തംഭങ്ങൾക്ക 'മദ്ധ്യേ കണ്ഠോന്മിതാശ്ച പ്രശ്രകം' എന്ന വചനപ്രകാരം മദ്ധ്യചതുരശ്രം ഉണ്ടാക്കരുതു്. ഉത്തരത്തിന്നു് അല്പവാജനവും മഹാവാജനവും പത്രവുമുണ്ടെങ്കിൽ മധ്യകണ്ഡവും ഉണ്ടാക്കാം. തൂണുകൾക്ക മുത്തുമാല, കഴിഞ്ഞ പട്ടം, വള, (ഏടസ്ഥിടയുള്ള കെട്ടു) മുതലായ അലങ്കാരങ്ങളുമുണ്ടാക്കാം. പിന്നെ ഉത്തരത്തിന്നു പള്ളു്, കപോതം മുതലായ അംഗങ്ങളുണ്ടെങ്കിൽ തൂണുകൾക്ക കടം, മണ്ഡി, വീരകാണ്ഡം മുതലായ ഊർദ്ധ്വാംഗങ്ങളെല്ലാം ഉണ്ടാക്കുകയും ചെയ്യാം. ഉത്തരത്തിന്റെ അംഗങ്ങളെ അനുസരിച്ചാണു തൂണുകൾക്കം അംഗങ്ങളുണ്ടാക്കേണ്ടതെന്നു സിദ്ധാന്തം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു പാദപീഠം എന്ന തൂണുകളുടെ 'മാമ'യെ പറയുന്നു.

മാനസ്തംഭോപരി 'പാദപീഠ'മഥ തൽ
സ്തംഭസ്യ മൂലപ്രഥാ-
കർണ്ണാകല്പിതതാരമുത്തരഘനാദു-
ത്സേധം തദർദ്ധം തു വാ
കർത്തവ്യം, ശിലയാഥവാ ദ്രുമവരൈ-
ർവ്വൃക്ഷൈശ്ച തത്ര ന്യസേൽ
സ്തംഭാൽ വിസ്തൃതിമന്തിമാംശരചിതാ-
ഗ്രാധസ്ഥിതാ സംയുതാൻ. ൯൪

വ്യാ—തറയുടെ മീതെ തൂണിന്റെ കടയ്ക്കലേ വിസ്താരത്തിന്റെ കർണ്ണത്തോളം വിസ്താരവും, ഉത്തരക്കനത്തോളമോ അതിൽ പകുതിയോ ഉയരവും ഉള്ള പാദപീഠത്തെ വയ്ക്കണം. ആ പാദപീഠം കരിങ്കല്ലുകൊണ്ടോ ഉറപ്പുള്ള മരം

കൊണ്ടൊ ഉണ്ടാക്കിയതായിരിക്കണം. തൂണിന്റെ മൂല വിസ്താരത്തിൽ മൂന്നൊന്നുകൊണ്ടു ചുവട്ടിലും, അഗ്രവിസ്താരത്തിൽ മൂന്നൊന്നുകൊണ്ടു മുകളിലും കുടുമയുണ്ടാക്കപ്പെട്ടിരിക്കുന്ന തൂണിനെ ആ പാദപീഠത്തിന്മേൽ നാട്ടണം. തൂണിന്റെ രണ്ടു തലയ്ക്കലും ഉണ്ടാകുന്ന കുടുമകൾ അതിന്റെ വിസ്താരത്തിന്റെ മദ്ധ്യത്തിലായിരിക്കണമെന്നും, ഈ കുടുമകൾ ചെല്ലത്തക്കവണ്ണം ഓമയുടെയും പോതികയുടേയും മദ്ധ്യത്തിൽ തുളകൾ ഉണ്ടാക്കണമെന്നും അർത്ഥാൽ സിദ്ധമാകുന്നു.

അവ— ഇനി ഒരു ശ്ലോകംകൊണ്ടു പോതികയെ പറയുന്നു.

സ്തംഭാഗ്രോത്തരതാരയോഗദലവി-
സ്താരാം തദർദ്ധോല്ലസ-
ത്തീവ്രാമുത്തരവിസ്തൃതിത്രിഗുണിതാ-
യാമോജ്ജ്വലാം 'പോതികാം'
സ്തംഭാഗ്രോദിതഖണ്ഡതോ ന്യൂദധിസം-
ഖ്യായാമയുക്താം ന്യസേൽ
സ്തംഭസ്യോപരി പഞ്ചഖണ്ഡവിഹിതാ-
യാമാം ക്വചിൽ കല്പയേൽ. ൻച്ച

വ്യാ— തൂണിന്റെ തലയ്ക്കലേ വിസ്താരവും ഉത്തരത്തിന്റെ വിസ്താരവും കൂടിട്ടുള്ളതിൽ പകുതി വിസ്താരവും, ഈ വിസ്താരത്തിൽ പകുതി കനവും, ഉത്തരവിസ്താരത്തിൽ മൂന്നിരട്ടി നീളവും ഉള്ള പോതികയെ തൂണിന്റെ മുകളിൽ വയ്ക്കണം. ചിലേടത്തു് ഈ പോതികക്കു്, സ്തംഭാഗ്രവിസ്താരമാകുന്ന ഖണ്ഡംകൊണ്ടു മൂന്നോ നാലോ അഞ്ചോ ഖണ്ഡം നീളം കല്പിക്കുകയും ചെയ്യാം.

അവ— പോതികയുടെ വിശേഷത്തെ പറയുന്നു.

സ്തംഭമധ്യസമവിസ്തൃതാ ന വാ
പാദമൂലവിതതാനലായതിഃ

പോതികേതി കഥിതാ സ്വശോഭനാ
വാജനാദിബഹുഭൂഷണാന്വിതാ. ൧൯

വ്യാ.—അല്ലെങ്കിൽ പോതികയ്ക്കു തൂണിന്റെ മദ്ധ്യത്തിലെ വിസ്താരത്തോളം വീതിയും, തൂണിന്റെ ചുവട്ടിലെ വിസ്താരത്തിൽ മൂന്നിരട്ടി നീളവും കല്പിക്കുകയും ചെയ്യാം. പോതികാ, വാജനം മുതലായ പല അലങ്കാരങ്ങളെക്കൊണ്ടു ശോഭിപ്പതായിരിക്കയും വേണം.

അവ.—ഉത്തരത്തിന്റെ വീതികാരങ്ങളെ സാമാന്യമായി പറയുന്നു.

അംഗാദിരുദ്രാവധികൈർവിഭക്തേ
സ്തംഭോച്ഛ്രയേ വിസ്തൃതിരുത്തരാണാം
ഏകാംശതസ്തത്സമമംഘ്രിഹീന-
മർദ്ധോനിതം വാ ഘനമത്ര കാര്യം. ൨൰

വ്യാ.—കാൽനീളത്തെ ആറുമുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ ഒന്നുകൊണ്ടു പകുത്ത് അതിൽ ഒരു അംശംകൊണ്ട് ഉത്തരവിസ്താരത്തെ കല്പിക്കണം. ഈ വിസ്താരത്തോളമോ അതിന്റെ മുക്കാലോ പകുതിയോ കനവും ഉണ്ടാക്കണം.

അവ.—ഉത്തരങ്ങളുടെ വിശേഷങ്ങളെ പറയുന്നു.

ഖണ്ഡോത്തരം ചരണവിസ്തൃതിതുല്യവിസ്താ-
രോത്സേധമുത്തമമഥൈകഘനാനതിഘ്നം
പത്രോത്തരം, ദലവിഹീനഘനം കനിഷ്ഠം
രൂപോത്തരം, ഘനതതി വിപരീതതോ വാ. ൨൰൧
(ത. സ.)

വ്യാ.—കാൽവീതിയോടു തുല്യമായ വീതിയും, അത്രതന്നെ കനവും ആയി ഉണ്ടാക്കുന്നതു 'ഖണ്ഡോത്തര'വും, അതു് ഉത്തമവും ആകുന്നു. (ഇതിനു 'ചിപ്പാന്തി'യെന്നു പേർ) അതിൽ നാലൊന്നു കനം കുറഞ്ഞതു 'പത്രോത്തരം'. അതു മദ്ധ്യമം. വിസ്താരത്തിൽ പാതി കനമായിട്ടുള്ളതു 'രൂപോ

ത്തരം. അതു് അധമമാകുന്നു. അതിന്റെ വീതികനങ്ങളെ മറിച്ചുവെയ്ക്കുകയും ചെയ്യാം. അതിനെ 'ചൂഴിക'യെന്നു പറഞ്ഞുവരുന്നു.

അവ—ആരൂഢോത്തരത്തെ പറയുന്നു.

അല്പേ ധാമനി ബാഹ്യമേവ മഹതി
    തച്ചാരൂഢമപ്യുത്തരം
വിഷ്കംഭേ തനയാൾ സ്വഗേഹവിഹിതൈ
    ര്യോന്യാദിഭിസ്സംയുതം
വസ്വഷ്ടാക്ഷയുഗാംഗുലാദിഗതിമ
    ന്തസ്സ്യാദളിന്ദസ്തു ത-
ത്താവൽ സ്വോച്ഛ്രായ,മസ്യ കണ്ഠസദൃശീ
    വിഷ്കംഭപാദായതിഃ. ൧൦൮

വ്യാ—ചെറിയ ഗൃഹത്തിങ്കൽ പുറത്തെ ഉത്തരംമാത്രം മതിയാകുന്നു. വലിയ ഗൃഹങ്ങളിലാകട്ടെ, അതതു ഗൃഹത്തിനു യോഗ്യങ്ങളായ യോന്യാദിലക്ഷണങ്ങളോടുകൂടിയതായിട്ടുള്ള ആരൂഢം എന്ന ഒരു ഉത്തരത്തെ കൂടി വിട്ടത്തിന്മേൽ (കുറിക്കോലും ഖണ്ഡികയും) വെയ്ക്കണം. ഇതിനു ബാഹ്യോത്തരപ്പുറത്തുനിന്നു് എട്ടു്, പതിനാറു്, ഇരുപത്തുനാലു മുതലായ വിരലുകളാൽ അകത്തേക്കു ഗമനമുണ്ടായിരിക്കണം. അതു് അളിന്ദം (ഇറയം അല്ലെങ്കിൽ തിണ്ണ) ആകുന്നു. ബാഹ്യോത്തരപ്പുറത്തുനിന്നു് ആരൂഢോത്തരത്തിന്നു് എത്രത്തോളം അകത്തേക്കു വലിപ്പുണ്ടോ അത്രയും അതിന്നു് ഉയരവും ഉണ്ടായിരിക്കണം. ഈ അളിന്ദത്തിന്റെ കണ്ണുത്തോളം വിട്ടത്തിന്റെ കുറിക്കോലിന്നു നീളമുണ്ടായിരിക്കണം. (വിഷ്കംഭം—വിട്ടം; എടവട്ടം എന്നും പറയും.)

അവ—ഇനി ഉത്തരങ്ങൾക്കു വാജനം (കൊത) ഉണ്ടാക്കുവാനുള്ള വിധിയെ പറയുന്നു.

ഏകം ചേദ്വാജനം സ്യാൽ കളജിതഘനാ-
    ദ്വ്യംശതസ്സദ്വിധേയം
പട്ടം തൽത്രിഷ്ടഭാഗൈസ്ത്രിഭിരഥ വസുഭി-
    ക്തേ ഘനേ വാജനം ദ്വി

ബാണാംശൈഃ കല്പയേദല്പകമപി വിധുനാ
　　വാജനം ശിഷ്ടഭാഗൈഃ
പട്ടം തത്രാന്തരസ്യാംഘ്രിയുഗജവദൃശാ-
　　ഗസ്സു ഭയോ നിഷ്ക്രമസ്സ്യാൽ. ൮൰൩

വ്യാ— വാജനം ഒന്നു മതിയെങ്കിൽ ഉത്തരക്കനത്തെ അഞ്ചായി അംശിച്ചു രണ്ടംശംകൊണ്ടു വാജനത്തേയും ശേഷം മൂന്നംശംകൊണ്ടു പട്ടത്തേയും ഉണ്ടാക്കണം. വാജനം രണ്ടു വേണമെങ്കിൽ ഉത്തരത്തിൻെറ കനത്തെ എട്ടംശിച്ചു മൂന്നുകൊണ്ടു മഹാവാജനവും, ഒന്നുകൊണ്ടു അല്പവാജനവും, നാലുകൊണ്ടു പട്ടവും ഉണ്ടാക്കണം. ഉത്തരക്കനത്തെ എട്ടംശിച്ചു് ഓരോ അംശംകൊണ്ടു് അവ രണ്ടിനും പുറപ്പാടു കല്പിച്ചുകൊൾക.

അവ— ഇനി ഒരു ശ്ലോകംകൊണ്ടു് ഉത്തരവാജനങ്ങളെ മറെറാരു പ്രകാരത്തിൽ ഉണ്ടാക്കുവാനും, ഉത്തരപട്ടികയെന്ന ചിറുത്തരത്തെ വയ്ക്കാനും പറയുന്നു.

ഉത്സേധേ വിശിഖാംശിതേ ദ്വിതയതോ
　　ക്ഷുദ്രോത്തരേ വാജനം
ഷഡ്ഭക്തേഽല്പമിളാംശതോ ദ്വിതയതോ
　　വാ സ്യാന്മഹാവാജനം
ഏതന്നിർഗ്ഗമനം നിജാംഘ്രിരഹിതം,
　　ന്യസ്യേദുപര്യുത്തര-
സ്യൈതത്തീവ്രസമുച്ഛ്രയോച്ഛ്രയദലോം-
　　ശവ്യാതതാം പട്ടികാം. ൮൰൪

(ത. സ.)

വ്യാ— മുൻപറഞ്ഞ മൂന്നുവിധം ഉത്തരങ്ങളിൽ കനം കുറഞ്ഞതായ ക്ഷുദ്രോത്തരത്തിനു വാജനമുണ്ടാക്കുമ്പോൾ ഉത്തരക്കനത്തെ അഞ്ചംശിച്ചു രണ്ടംശംകൊണ്ടു് ഒരു വാജനം ഉണ്ടാക്കാം. രണ്ടു വാജനം വേണമെങ്കിൽ ഉത്തരക്കനത്തെ ആറംശിച്ചു് ഒരംശംകൊണ്ടു ചെറിയ വാജനത്തേയും, രണ്ടംശം

ശംകൊണ്ടു വലിയ വാജനത്തേയും ഉണ്ടാക്കാം. വാജനംകെഴിച്ച ശേഷമുള്ള അംശം പട്ടമാക്കേണമെന്നുള്ളത് അൎത്ഥസിദ്ധമാണല്ലോ. വാജനങ്ങൾക്ക് അതിന്റെ പൊക്കത്തിൽ മുക്കാൽഭാഗം പുറപ്പാടു വേണം. പിന്നെ ഉത്തരത്തിന്റെ മീതെ, ഉത്തരകനത്തോളം പൊക്കവും, ആ പൊക്കത്തിൽ പാതി കനവും ഉള്ള 'ഉത്തരപട്ടിക' എന്ന ചിററുത്തരത്തെ ഉറപ്പിച്ചു വയ്ക്കണം.

ഇനി ഗൃഹങ്ങളുടെ ഉള്ളിലുള്ള മുറികൾക്കു തട്ടിടുവാനുള്ള വിധിയെ പറയുന്നു.

ഏകാംഘ്ര്യന്തരിതേഽധ്യുച്ഛ്രയമുപരി നിധാ-
യോത്തരേ വാജനം പ്രാ-
ക്തിശ്ശ്വേണാൎദ്ധ്യാമംഘ്ര്യന്തരിതഹസ്തതുലാ-
സ്താസു വംശാനുവൃത്ത്യാ
സംഘാട്യാക്രാന്തം ജയന്തീസ്തദുപരി സുസമീ-
കൃത്യ ജ്ഞാതാനുവംശം
നിഷ്പിട്ടം ഫലകൈസ്തൈസ്സമാചിതഘനഫലകാ-
പ്രാപ്യരേണോൽഭാഗം. ൧൦൩

(ത. സ.)

വ്യാ—മുൻപറഞ്ഞ തൂണുകളുടെ അഗ്രത്തിങ്കലെ വിസ്താരമാകുന്ന ദണ്ഡുകൊണ്ട് ഒരു ദണ്ഡോ മുക്കാൽ ദണ്ഡോ ഉയരമുള്ളതായി 'വാജനം' (വളര്) എന്നു പേരായ ഒരു അവയവത്തെ ഉത്തരത്തിന്റെ അകത്തെ അരികിൽ മീതെ, പുറത്തെ അരികിൽ ചിററുത്തരം ഉറപ്പിച്ചിരിക്കുന്നതുപോലെ ഉറപ്പിച്ചു വയ്ക്കണം. അതിന് ഉത്തരത്തിന്റെ അകത്തേക്കു പുറപ്പാടുണ്ടായിരിക്കണം. ഇതു് ഉത്തരത്തിന്റെ മീതെ വാജനംപോലെ ഇരിക്കുന്നതാണ്. ഇതിനു 'വെള്ളെഴുത്ത്' എന്നും പേരുണ്ട്. പിന്നെ ഒരു ദണ്ഡ് ഉയരവും മുക്കാൽ ദണ്ഡു കനവും ഉള്ള തുലാങ്ങളെ ആ വെള്ളെഴുത്തിന്മേൽ വിലങ്ങത്തിൽ വയ്ക്കണം. ആ തുലാങ്ങളുടെ മുകളിൽ അവയിൽ

പാതി അറുത്തു 'ജയന്തി'കളെ ഇരുത്തണം. ഇവ ജയന്തികൾ മോന്തായം നീണ്ടിരിക്കുന്ന ദിക്കിലേക്കു നീണ്ടിരിക്കയും വേണം. ഇവയുടെ മേലേ ഭാഗം ചെത്തി നിരപ്പുവരുത്തി അതിന്മേൽ അവിടെയ്ക്കു ഉചിതമായ കനത്തോടുകൂടിയ പലകകളെ, ജയന്തികളിൽ സന്ധി വരത്തക്കവണ്ണം വിടവുകൂടാതെ നിരത്തി തുലാങ്ങളിൽ ആണികൾ തറച്ചു ഉറപ്പിച്ചു കൊള്ളണം. ഇതിനു 'പ്രസ്തരം' അല്ലെങ്കിൽ തട്ടു് എന്നു പേർ. (വംശം=മോന്തായം. ഉത്തരമെന്നും പറയും, ജയന്തികൾ=കഞ്ഞിത്തുലാങ്ങൾ; കഴികൾ എന്നും പറയും.)

അവ — ഇനി ഒരു ശ്ലോകംകൊണ്ടു മോന്തായത്തെ പറയുന്നു.

പാർശ്വപ്രാപ്തലുപാഗ്രയോഗവശതോ
    വംശാഖ്യയാ ചാഗ്രധാ-
ന്യുക്തഃ സോത്തരതാമപാദരഹിത-
    വ്യാസോച്ഛ്രയാ ചാഥവാ
ഷഡ്ഭ്യംശഘനതാരനിപ്രസഹിതാ
    പത്രൈർല്ലുപാനീപ്രവ-
ഹന്ത്യശ്വ്യംശപ്രമിതൈർല്ലുപാപടഗണൈ-
    ര്യുക്താ ലസദ്ഭോജനാ. ൧൦൩

വ്യാ— മോന്തായം, ഇരുപുറത്തുനിന്നും വരുന്ന കഴുക്കോലുകളുടെ തലകളിൽ കൊണ്ടിരിക്കുന്നതിനാൽ അതിനു 'വംശം' എന്നു പേർ പറയുന്നു. (ജന്തുക്കളുടെ തണ്ടെല്ലുപോലെയാകയാൽ തണ്ടെല്ലിന്റെ പേരായ 'വംശം' എന്ന സംജ്ഞ ചെയ്കതായിരിക്കാം.) അതു — മോന്തായം — ഉത്തരത്തിന്റെ വിസ്താരത്തിൽ മുക്കാൽ ഭാഗം പൊക്കമായ വിസ്താരത്തോടുകൂടിയതായും, ഏഴു വിരലോ ആറു വിരലോ കനത്തോടുകൂടിയതായും, കഴുക്കോലുകളുടെ തല ചെന്നുചേരുന്നേടത്തു കഴുക്കോൽകനത്തിന്റെ മൂന്നംശമോ നാലംശമോ ഉള്ള പത്തങ്ങളോടും (പട്ടംകട്ട) വാജനങ്ങളോടും കൂടിയതായും ഇരിക്കണം. (അഗ്രധാനി=മോന്തായം)

അ. വ.— ഇനി ഒരു ശ്ലോകംകൊണ്ടു കഴുക്കോലുകൾക്കു ഉത്തരത്തിൽനിന്നു കീഴ്പോട്ടുള്ള ഇറത്താഴ്ചയെ (പാദത്താഴ്ച എന്ന് ആശാരിഭാഷ) പറയുന്നു.

കഡ്യോദ്ഗത്തരപട്ടയോരാടബ്ബിലല്യപാ-
ലംബം തദ്വൈചിത്ര്യതഃ
സ്യാം ഭോദ്ധ്യ ശാഭാജിതേ ദ്വിതയതോ
യദ്വാംഘ്രിഭക്തൈർദ്വിഭിഃ
അഗ്ര്യംശിന്യഗാംശിതേ ച ഹുതളഗ്-
ഭാഗൈസ്ത്രൃഫാംശ്ശൃച്ഛ്യ-
ത്ര്യംശാർദ്ധാംശത ഏവ വാഭിലഷിതം
ഷോഢേത്ഥാദിതേഷ്വപ്യതു. ൭൦

വ്യാ.— കാലുയരത്തെ അഞ്ചുകൂറിട്ട രണ്ടുഭാഗമോ, ഒമ്പതുകൂറിട്ട നാലുഭാഗമോ, ഏഴോ എട്ടോ കൂറിട്ട മൂന്നുഭാഗമോ, മൂന്നു കൂറിട്ട് ഒരു ഭാഗമോ, കാലുയരത്തിൽ പാതിയോ ഇങ്ങനെ ആറു വിധത്തിൽ ഔചിത്യംപോലെ ഏതെങ്കിലും ഒരു പ്രകാരം ഉത്തരത്തിങ്കൽനിന്നു കഴുക്കോലുകളുടെ താഴ്ച കല്പിക്കാം.

അ. വ.— ഇതിനുമുമ്പിൽ മോന്തായത്തെപ്പററി പറഞ്ഞുവല്ലോ. ചിലേടത്തു മോന്തായത്തിന്റെ സ്ഥാനത്തു 'കൂടം' വച്ച് കഴുക്കോലുകളെ അതിന്മേൽ ചേർക്കേണ്ടതായിവരും. അതിനാൽ ഇനി രണ്ടു ശ്ലോകംകൊണ്ടു കൂടത്തിന്റെ ലക്ഷണങ്ങളെ പറയുന്നു.

യാവന്ത്യോ വിക്ലതാ ലുപാഃ ഖലു ദ്വൈ-
ന്ത്യശ്രൂണി താവന്തി തൽ
കൂടസ്യാഥ സമസ്തവൃത്തമഥവാ
ധുത്തൂരപുഷ്പോപമം
വിസ്താരദ്വിഗുണായതം തദ്ദശാം-
ശാംശ്യാംശഹീനം തു വാ
യത്തത്സച്ഛലുപാഘനാനാചിതമിതി-
സ്ഥാവച്ച വൃത്തം വിദുഃ.

പാദവൃ

വ്യാ — കൂടത്തിങ്കൽ ചെല്ലുന്ന വികൃതരൂപകൾ (ചരിവുകഴുക്കോലുകൾ) എത്ര എണ്ണമുണ്ടോ, കൂടത്തിന്നു അത്രയും പട്ടങ്ങളുണ്ടായിരിക്കണം. അല്ലെങ്കിൽ കൂടം, എല്ലാഭാഗവും ഉരുണ്ടതായിട്ടും, ഉമ്മത്തിൻപൂവിന്റെ ആകൃതിയിലുള്ളതായിട്ടും ഇരിക്കയും ചെയ്യാം. കൂടത്തിന്നു, അതിന്റെ വിസ്താരത്തിൽ രണ്ടിരട്ടിയോ, അതിൽ നാലൊന്നോ എട്ടൊന്നോ കുറഞ്ഞിട്ടുള്ളതോ ആയ നീളവും, എല്ലാ കഴുക്കോലുകളുടേയും കനം കൂടിയേടത്തോളം വണ്ണവുമുണ്ടായിരിക്കണം.

യോന്യാദ്യംഗുലകൈസ്തഥാ ജലധിഷ-
ഷ്ഠാദ്യൈസ്ത്ര്യൈഃ കല്പയേൽ
പട്ടം, തത്ര ലുപാവിതാനതതിതു-
ല്യോച്ഛ്രായതം പട്ടതഃ
ഉച്ഛ്രാഗ്രം നിയമേന കല്പിതമധോ-
മൂലം ച കൂടം തഥാ
സ്തംഭോത്സൃഷ്ടലുപാസ്തലാസ്ഥചരണാ
വിഷ്കംഭപാദോദയഃ. ൧൦൯

വ്യാ—കൂടത്തിന്നു യോനിമുതലായതു് അംഗുലങ്ങളെക്കൊണ്ടു വരുത്തണം. അപ്രകാരം തന്നെ നാലോ ആറോ എട്ടോ തോരകൊണ്ടു് അതിന്നു പട്ടവുമുണ്ടാക്കണം. പട്ടത്തിൽനിന്നു മേല്പട്ടുള്ള നീളം കഴുക്കോലിന്റെ വിസ്താരത്തോളം വേണം; കൂടത്തിന്റെ മൂലം (മുരട്, =കട) കീഴ്പട്ടായിട്ടും, അഗ്രം (തല) മേല്പട്ടായിട്ടും ഇരിക്കണം. തൂണുകൾ, കഴുക്കോലുകൾ, വിട്ടത്തിന്മേലെ കാലികാൽ മുതലായവകളും, (നില്ക്കുന്ന സാധനങ്ങൾക്ക് എന്നു സിദ്ധാന്തം) മൂലം കീഴ്പട്ടും, അഗ്രം മേല്പട്ടുമായിരിക്കണം.

അവ.—ഇനി ഒരു ശ്ലോകംകൊണ്ടു ചുമരിയും, വിട്ടവും, കഴുക്കോലുമായിട്ടുള്ള പന്നിയെ പറയുന്നു.

ചൂളീ വാ കപചിദല്പമന്ദിരവിധൌ
തത്രാപി യുഗ്മാസ്സ്മൃതാ
വിഷ്കംഭാശ്ച തദർദ്ധസമ്മിതതലേ-
ഷ്വഗ്രേഷു വാംശോƽപി ച
തസ്യാർദ്ധം ത്രിസമുച്ഛ്രയാത്ത്യജതു വാ
കപാദ്യദ്രിനാഗാംശകൈ-
രുദ്രാംശം ത്വിഹ ചൂളികോത്തരമിദം
സ്സ്യുസ്സ്യാദ്ധയസ്ത്യാഞ്ചിതാഃ. ൧൧൦

വ്യാ — ചെറിയ ഗൃഹങ്ങളിൽ ഉത്തരത്തിന്റെ സ്ഥാനത്തു ചൂഴികയായിട്ടും പണിചെയ്യാം. അവിടെ രണ്ട്, നാലു മുതലായി ഇരട്ടപ്പെട്ട സംഖ്യകളോടുകൂടിയ വിട്ടങ്ങളേയും, ആ വിട്ടങ്ങളിൽ വിട്ടങ്ങളുടെ നീളത്തിൽ പാതി പൊക്കമുള്ള കന്തക്കാലുകളേയും, ആ കന്തക്കാലുകളുടെ മുകളിൽ മോന്തായത്തേയും ഇണക്കണം. കന്തക്കാലുകളുടെ പൊക്കം, അതിൽ ഏഴോ എട്ടോ ഒമ്പതോ പത്തോ പതിനൊന്നോ അംശം കുറച്ചും ചിലേടത്തു കൊള്ളാം. (ഇങ്ങനെ കുറക്കുന്നതിന് 'അവിച്ചൽ' എന്ന് ആശാരിഭാഷ.) ഇവിടെ ചൂഴികയുടെ മീതെ ചിറവുത്തരത്തിന്മേൻ എന്നപോലെ കഴുക്കോലുകളെ വെട്ടി ഇണക്കി മോന്തായത്തിങ്കൽ ചെല്ലുമാറു പണിചെയ്യണം.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു കഴുക്കോലുകളുടെ ഭേദങ്ങളേയും അവയുടെ സംജ്ഞകളേയും പറയുന്നു.

ഉജ്ജ്വലഞ്ചാഖ്യാസ്തുല്യാഃ
പ്രകൃതിലുപാഃ പാർശ്വസംസ്ഥിതാസ്സർവ്വാഃ
കോട്യുപകോട്യോ യാസ്സ്യു-
ർവ്വികൃതിലുപാസ്താസ്ത്വതുല്യദീർഘതതാഃ. ൧൧൧

വ്യാ — ഗൃഹത്തിന്റെ നീളഭാഗത്തു (മോന്തായത്തിന്റെ ഇരുപുറത്തും) ഇടുന്ന കഴുക്കോലുകൾക്ക് 'ഉജ്ജ്വലഞ്ചം' എന്നും പ്രകൃതിലുപകൾ എന്നും പേരാകുന്നു. അവ

യ്ക്കു നീളവും വീതിയും എല്ലാററിനും തുല്യമായിരിക്കും. ഗൃഹത്തിന്റെ മൂലകളിൽ ഇറങ്ങുന്ന കോടിക്കഴുക്കോലുകൾക്കും, അവയുടെ ഇരുപുറത്തും ചരിഞ്ഞുചരിഞ്ഞു് ഇറങ്ങുന്ന ഉപകോടികൾക്കും 'വികൃതിലുപകൾ' എന്നു പേർ. അവയ്ക്കു നീളവും വീതിയും ഓരോന്നിനും ഓരോ വിധത്തിലായിരിക്കും.

അവ— ഇനി ഒരു ശ്ലോകംകൊണ്ടു് അവയെ ഗൃഹത്തിന്മേൽ എങ്ങനെ കൊണ്ടുചെല്ലണമെന്നു പറയുന്നു.

കാൎയ്യാ ലുപാശ്ചോത്തരപട്ടികോൎദ്ധ്വം
കൂടാൎപ്പിതാഗ്രാ വികൃതാസ്സമസ്താഃ
പാൎശ്വാഹിതാസ്സ്യുഃ ഖലു നിൎവ്വികാരാ
നിവേശിതാഗ്രാഃ പുനരഗ്രധാന്യാം. ൧൧൨

വ്യാ— വികൃതലുപകൾ എന്നു പറയുന്ന ചരിവുകഴുക്കോലുകളെല്ലാം ചിറവുത്തരത്തിൽ വെട്ടിയിരുത്തി തല കൂടത്തിൽ കേറിയിരിക്കത്തക്കവണ്ണം യോജിപ്പിക്കേണ്ടതാകുന്നു. പ്രകൃതിലുപകൾ (നേർകഴുക്കോലുകൾ) ഗൃഹത്തിന്റെ നെടിയ പാൎശ്വങ്ങളിലുള്ള ചിറവുത്തരങ്ങളിൽ വെട്ടിയിരുത്തി, തല മോന്തായത്തിൽ കേറിയിരിക്കത്തക്കവണ്ണം ചേൎക്കേണ്ടതാകുന്നു.

അവ— ഇനി നാലു ശ്ലോകംകൊണ്ടു കഴുക്കോലുകളുടെ നീളം നിൎണ്ണയിപ്പാൻ തൊടങ്ങുന്നതിന്നുള്ള പ്രകാരങ്ങളെ പറയുന്നു. അവിടെ മുമ്പിൽ ഒരു ശ്ലോകംകൊണ്ടു ഭുജാകോടികൎണ്ണങ്ങളെ പറയുന്നു.

സൎവ്വത്രേഷ്ടാശ്ച്യശ്രേ
തിൎയ്യഗധഃ കല്പിതാത്ര രേഖാ യാ
സാഹി ഭുജാഥോൎദ്ധ്വാഗ്രാ
കോടിസ്സ്യാൽ കോണഗാമിനീ കൎണ്ണഃ ൧൧൩

വ്യാ— എവിടേയും അവനവന്നു് ഇഷ്ടംപോലെയുള്ള ഒരു ചതുരശ്രം വരച്ചാൽ അതിൽ ചുവട്ടിൽ വിലങ്ങത്തിൽ വരക്കുന്ന രേഖയ്ക്കു 'ഭുജാ' എന്നു പേരാകുന്നു. ആ ഭുജയിൽനിന്നു മേല്പട്ടു വരയ്ക്കുന്ന രേഖയ്ക്കു 'കോടി'യെന്നു പേർ. ഈ ഭു

ജാകോടികളുടെ കോണുകളിലേക്കു വരയ്ക്കുന്ന രേഖക്കു 'കൎണ്ണം' എന്നു പേർ. ഈ സംജ്ഞ സാമാന്യമായിട്ടുള്ളതും, താഴെ പറയുന്നവയിൽ തെറ്റുവരാതെ ഓൎമ്മവെക്കേണ്ടതുമാകുന്നു.

സ്ലക്ഷ്ണ ഫലകാതലേ ക്ഷിതിതലേ
　　വാ ഗേഹതാരാൎദ്ധമാ-
നാഗ്ന്യശ്രം, തദധോഭുജാപരിമിളൽ
　　ക്ഷുദ്രോത്തരോരശ്ചാന്വിതം
തസ്യാധോഘനമുത്തരസ്യ ച ലുപാ-
　　ലംബം ച തിൎയ്യഗ്ഗതൈഃ
സൂത്രൈഃ കല്പയതുത്തരോപരി ലുപാ-
　　പങ്ക്തിം ച യുക്ത്യാന്തതഃ. ൧൭൪

വ്യാ— നല്ലവണ്ണം ചെത്തി നിരപ്പുവരുത്തിയ പലകത്തട്ടിന്മേലോ, സമനം മുതലായ യന്ത്രങ്ങളെക്കൊണ്ടു സമീകരിച്ചിട്ടുള്ള നിലത്തോ, പണിചെയ്വാൻപോകുന്ന ഗൃഹത്തിന്റെ വിസ്താരത്തിൽ പകുതി അളവായിട്ടു് ഒരു ചതുരശ്രം വരയ്ക്കുക; ആ ചതുരശ്രത്തിന്റെ ഭുജാരേഖയുടെകീഴെ ചിറുത്തരത്തിന്റെയും ഉത്തരത്തിന്റെയും പൊക്കം എത്രയുണ്ടോ അത്രയും കീഴ്പട്ടിറക്കി രണ്ടു വരകളും, അതിനു താഴെ കഴുക്കോലിനു നിശ്ചയിച്ചിരിക്കുന്ന എറത്താഴ്ച എത്രയെന്നാൽ അത്രയും കീഴ്പട്ടിറക്കി ഒരു വരയും വരയ്ക്കുക. ഈ രേഖകളൊക്കയും ഭുജാരേഖപോലെ വിലങ്ങത്തിലായിരിക്കണം. പിന്നെ ഈ ചതുരശ്രത്തിന്റെ താഴെ ആദ്യം വരച്ചിട്ടുള്ള ഭുജരേഖയെ ഉത്തരസ്ഥാനത്തു കല്പിച്ചു് അതിന്മേൽ കഴുക്കോലുകളുടെ പാതിയിട്ടു് അടയാളപ്പെടുത്തുകയും വേണം.

അവ— ഇനി പന്തിയിടേണ്ടും പ്രകാരം പറയുന്നു.

സംഖ്യാഃ കോട്യപകോടികാദിവികൃതാ-
　　നാം യാ ലുപാനാം തതാ-
സ്താസ്സംഖ്യാദിഗുണൈകസംഖ്യമഹിതാഃ
　　കല്പ്യാസ്തു സൎവ്വത്ര ച

ഭേദാഭേദകോട്യുപകോടികാദിവികൃതാ-
നാമന്തരാളേ പൃഥക്
തത്രൈകം ഗൃഹതാരമധ്യനികടേ-
ഷ്വേവം വിഭാഗോ മതഃ. ൧൧൭

വ്യ—പിന്നെ ഇവിടെ ഉപയോഗിപ്പാൻ ഭാവിക്കുന്ന ഗൃഹത്തിന്നു കോടി, ഉപകോടി മുതലായ ചരിവുകഴുക്കോലുകളുടെ സംഖ്യ എത്രവേണമെന്നു നിശ്ചയിച്ച്, ആസ്സംഖ്യയെ എരട്ടിച്ചു അതിൽനിന്ന് ഒന്നു കുറച്ചാലുണ്ടാകുന്ന സംഖ്യ എത്ര എന്നു നിർണ്ണയിക്കുക. ഇത് എല്ലായിടത്തും സാമാന്യമായിട്ടുള്ള നിയമമാണ്. ഇത് എങ്ങനെയെന്നാൽ ചരിവുകഴുക്കോൽ രണ്ടാണെങ്കിൽ ഈ സംഖ്യ മൂന്നായിരിക്കും. കഴുക്കോൽ മൂന്നാണെങ്കിൽ സംഖ്യ അഞ്ച്; നാലാണെങ്കിൽ ഏഴ്; ഇങ്ങനെ സർവ്വത്ര കണ്ടുകൊൾക. ഇനി ഈസ്സംഖ്യയിൽ കോടിയുടേയും ഉപകോടിയുടേയും എടയിൽ രണ്ടും, ഉപകോടിയുടേയും അതിനടുത്ത ചരിവുകഴുക്കോലിന്റേയും എടയിൽ രണ്ടും, ഇങ്ങനെ ഓരോ കഴുക്കോൽപ്പഴുതിൽ ഈ രണ്ടു സംഖ്യവീതം നിശ്ചയിച്ചു പന്തിയിട്ടുകൊൾക. എന്നാൽ ഗൃഹത്തിന്റെ വിസ്താരമദ്ധ്യത്തിന്ന് അടുത്ത പന്തി ഒരംശമായിട്ടു വരും. ഇതെങ്ങനെ എന്ന് ഒരു ഉദാഹരണം കൊണ്ടു തെളിയിക്കാം. ഇഷ്ടമായ ഗൃഹത്തിന്റെ വിസ്താരം ഏഴുകോലെന്നു കല്പിക്കുക. അപ്പോൾ ഗൃഹവിസ്താരത്തിൽ പകുതി മൂന്നരക്കോൽ. ഈ ഗൃഹത്തിന്നു കോടിയോടുകൂടി ചരിവുകഴുക്കോൽ നാലാണെന്നു കല്പിക്കുക. ആസ്സംഖ്യയെ എരട്ടിച്ച് ഒന്നു കുറക്കുമ്പോൾ വരുന്ന സംഖ്യ ഏഴ്. വിസ്താരാർദ്ധമായ മൂന്നരക്കോലിനെ ഏഴുകൊണ്ട് അംശിക്കുമ്പോൾ ഓരോ അംശം അരക്കോൽ വീതമുണ്ടായിരിക്കും. കോടിക്കഴുക്കോലിന്റെ സ്ഥാനത്തുനിന്ന് ഈരണ്ടംശം ചെല്ലുന്തോറും ഓരോ പന്തിയിട്ട് അടയാളം കല്പിച്ചുകൊൾക. എന്നാൽ കോടിക്കഴുക്കോൽ കൂടാതെ അതിന്റെ ഇരുപാർശ്വങ്ങ

ത്തിലും മുമ്മൂന്നു ചരിവുകഴുക്കോലുകളുടെ സ്ഥാനങ്ങൾ വരും. അവ കഴിച്ചു ഗൃഹവിസ്താരാർദ്ധമായ കൂടമദ്ധ്യത്തിനടുത്തു് രണ്ടംശം ശേഷിച്ചുകിടക്കും. ഇതുപോലെ മറ്റെ കോടികൾ നിന്നും പന്തിയിട്ടുവരുമ്പോൾ അവിടേയും ഓരോ കഴുക്കോലുകളുടെ ഇടയിൽ ഈരണ്ടംശംവീതം കഴിച്ചു കൂടമദ്ധ്യത്തിന്റെ മറ്റെ ഭാഗത്തും രണ്ടംശം ശേഷിച്ചുവരും. അപ്പോൾ രണ്ടു കോടികഴുക്കോലുകളുടേയും എടയിൽ രണ്ടുഭാഗത്തും മുമ്മൂന്നുവീതം ആറു ചരിവുകഴുക്കോലുകളും അവറ്റു് ഏഴ് എടകളും, ഓരോ എടയിൽ ഈരണ്ടംശം വീതമുള്ള പന്തികളും ശരിയായിരിക്കും. ഇതുപോലെ എല്ലാ ഗൃഹങ്ങൾക്കും കണ്ടുകൊൾക.

അവ—ഇനി ഈ ചരിവുകഴുക്കോലുകൾ ഓരോന്നിനും പ്രത്യേകം പ്രത്യേകം നീളം നിർണ്ണയിപ്പാനുള്ള വിധിയെ പറയുന്നു.

ഇതി വികൃതിലുപാനാം പങ്ക്തിമാകല്പ്യ തത്തൽ-
സ്ഥിതിനിയമകൃതാങ്കോ യസ്തദാക്രാന്തകർണ്ണഃ
നിയതകൃതലുപാലംബാദധാക്കൂടപാർശ്വം
ഭവതി പൃഥഗമീഷാം ദീർഘമാനം ലുപാനാം. ഫ്രന്ന

വ്യാ—ഇപ്രകാരം ചരിവുകഴുക്കോലുകൾക്കു പന്തിയിട്ടു് അതതു കഴുക്കോലുകളുടെ സ്ഥാനത്തു് അടയാളം കുറിക്കുക. പിന്നെ അതതു് അടയാളത്തിങ്കലേക്കു പ്രത്യേകം ഓരോ കർണ്ണരേഖ വരയ്ക്കുക. അങ്ങനെ വരയ്ക്കുമ്പോൾ ഗൃഹവിസ്താരത്തിൽ പകുതിയായിട്ടു മുമ്പേ വരച്ചിട്ടുള്ള ചതുരശ്രത്തിൽ ഉത്തരസ്ഥാനത്തു കല്പിച്ചിരിക്കുന്ന ഭുജാരേഖയുടേയും മോന്തായത്തുക്കായിക്കല്പിച്ചിരിക്കുന്ന കോടിരേഖയുടേയും അഗ്രങ്ങൾ തമ്മിൽ യോജിപ്പിച്ചു വരച്ചിരിക്കുന്ന കർണ്ണരേഖതന്നെ നേർമദ്ധ്യകഴുക്കോലിന്റെ നീളമാകുന്നതു്. ആ കർണ്ണരേഖയുടെ നീളത്തിനൊപ്പിച്ചു് ഒരു തോതുണ്ടാക്കി ആ തോതിനെ മുൻപേ വരച്ചിട്ടുള്ള ഭുജാരേഖമേൽകൂടി അതിന്റെ മൂലത്തിങ്കൽ

നിന്നു വലത്തുഭാഗത്തെക്കു നീട്ടിവച്ച് അവിടെ ഒരു അടയാളം കുറിക്കുക. പിന്നെ കോടിരേഖയുടെ അഗ്രത്തിങ്കൽനിന്ന് ഈ അടയാളത്തിൽ തട്ടിച്ചുകൊണ്ട് അതിനു കിഴെ എറത്താഴ്ക്കു വരച്ചിട്ടുള്ള രേഖയിൽ എത്തുമാറ് ഒരു കൎണ്ണരേഖ വരച്ചാൽ ആ കൎണ്ണരേഖയുടെ നീളം കോടിഭുജകോലിന്റെ നീളമായിരിക്കും. പിന്നെ ഇതുപോലെ ഉപകോടി (കോടാവണ) എന്ന കോടിക്ക് അടുത്ത ചരിവുകഴുക്കോലിന്റെ സ്ഥാനത്തു കുറിച്ചിരിക്കുന്ന അടയാളത്തിങ്കൽനിന്നു കോടിരേഖയുടെ അഗ്രത്തിങ്കലോളമുള്ള കൎണ്ണദീൎഘത്തെ ഭുജയാക്കി അതിന്റെ അഗ്രത്തിങ്കൽ അടയാളം കുറിച്ച് ആ അടയാളത്തിൽ തട്ടിച്ചുകൊണ്ടു കോടിയുടെ അഗ്രംമുതൽ എറത്താഴ്വരെ ഒരു കൎണ്ണരേഖ വരച്ചാൽ അതിന്റെ നീളം കോടാവണകഴുക്കോലിന്റെ നീളമായിരിക്കും. ഇങ്ങനെ എല്ലാച്ചരിവുകഴുക്കോലുകളുടെയും തൊത്തെടുത്തു നീളം നിൎണ്ണയിച്ചാൽ അത്, അതതു ചരിവുകഴുക്കോലുകളുടെ വെവ്വേറെ എറത്താഴ്മുതൽ കൂടാഗ്രം അല്ലെങ്കിൽ മോന്തായക്കൽവായവരെയുള്ള നീളമായി വരും.

ഗ്രന്ഥകാരൻ വിവക്ഷിച്ചിട്ടുള്ളതും, 'വാസ്തുവിദ്യ' മുതലായ പൂൎവ്വഗ്രന്ഥങ്ങളിൽ വിധിച്ചിട്ടുള്ളതും, യുക്തിക്കു ശരിയായിട്ടുള്ളതും ഇങ്ങനെയാണെങ്കിലും, ഈ മൂലശ്ലോകത്തിലെ പദങ്ങളുടെ അൎത്ഥം ശരിയായി ആലോചിച്ചപ്പോൾ അതിൽനിന്ന് ഈ അൎത്ഥം വിശദമാകുമെന്നു തോന്നുന്നില്ല.

മേൽപ്പുറത്തെ വിധം ഗൃഹവിസ്താരത്തിൽ പകുതി അളവായിട്ടുള്ള ഒരു ചതുരശ്രം പലകമേലോ നിലത്തോ വരച്ചു ശരിയാക്കുവാൻ വല്ലതും പ്രയാസമുള്ളതിനാൽ നാലോ ആറോ വിരൽ ചതുരശ്രത്തിൽ മട്ടത്തിന്റെ പുറത്തോ മറ്റൊരു പലകമേലോ ഒരു തളം വരച്ചു അതിന്മേൽ പന്തിയിട്ടു കൎണ്ണം വരച്ചു തൊത്തെടുത്ത് അളന്നെടുത്തുകൊണ്ടു, ത്രൈരാശികപ്രകാരം ആവശ്യമുള്ള ഗൃഹത്തിന്റെ കഴുക്കോലുകളുടെ

നീളം നിൎണ്ണയിക്കുന്നത്ത് അധികം സൌകൎയ്യപ്രദമാകുന്നു. അതിനാൽ ആശാരിമാരുടെ ഇടയിൽ അങ്ങനെ നടപ്പായിരിക്കുന്നു. എന്നാൽ ചെറിയ തോതുകൊണ്ട് അധികം നീളം അളക്കുമ്പോൾ സൂക്ഷ്മക്കുറവുകൊണ്ടു രേഖാമാത്രമെങ്കിലും പലേടത്തും കൂട്ടൽകുറവു വരുന്നതായാൽ കൂട്ടിൽ വലിയ വ്യത്യാസം വന്നേക്കാവുന്നതാകകൊണ്ട് അതിൽ പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കുകയും വേണം.

അവ — ഇനി രണ്ടു ശ്ലോകങ്ങളെക്കൊണ്ടു കഴക്കോലുകളുടെ വീതി നിശ്ചയിപ്പാൻ പറയുന്നു. അവിടെ ആദ്യശ്ലോകംകൊണ്ടു നേർമഞ്ചങ്ങളുടെ വീതിയെ പറയുന്നു

സൎവ്വത്രോത്തരതാരതുല്യമൃജുമ-
ഞ്ചാനാം ലുപാനാം തതം
തച്ചേ സപ്തശിര സാഗ്നിശാഖ്യനലരോ-
ശൈകോനിതം വാനചിതം
ചേഷ്ടം ചോത്തരതാരതോംശവിരഹിത
ചേഷ്ടം ച സാദ്ധ്യം പുനഃ
കാൎയ്യം തൽഘനമംഗുലേന യവവൃ-
ദ്ധ്യാ യാവദ്ഗതാംഗുലം. ൫൨

വ്യാ — നേർമഞ്ചക്കഴുക്കോലുകളുടെ വീതി എല്ലായിടത്തും ഉത്തരവീതിയോടു സമമായിട്ടു കല്പിക്കാം. അല്ലെങ്കിൽ ഉത്തരവിസ്താരത്തെ എട്ടുമുതൽ മൂന്നുവരെ കീഴ്പ്പോട്ടുള്ള സംഖ്യകളെക്കൊണ്ട് അംശിച്ച് ഒരംശം, ഉത്തരവിസ്താരത്തിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്താൽ കിട്ടുന്ന വിസ്താരവും കല്പിക്കാം. ഉത്തരവിസ്താരത്തിൽ എരട്ടിയോ ഒന്നരമടങ്ങോ വിസ്താരമായിട്ടും കൊള്ളാം. ആ കഴുക്കോലുകളുടെ കനം ഒന്നര വിരൽ സാമാന്യമായിട്ടു കൊള്ളാം. പിന്നെ ഓരോ തോര കൂട്ടി ഔചിത്യംപോലെ ആറുവിരൽവരെ കൊള്ളുകയുമാം.

അവ — ഇനി ചരിവുകഴുക്കോലുകളുടെ വീതി അറിവാനുള്ള ഉപായത്തെ പറയുന്നു.

അഷ്ട്യശ്രം മഞ്ചകസ്യ പ്രതതിമിതമഥാ-
　　കല്പ്യ തൽകർണ്ണമദ്ധ്യീ-
കൃത്യ ന്യസ്യേൽ ഭുജായാമഥ വികൃതലപാ-
　　പങ്ക്തിമത്രൈവ കുര്യാൽ
തത്തൽകർണ്ണപ്രമാണം ഖലു വികൃതലപാ-
　　നാം പൃഥഗ്വിസ്തൃതിസ്സ്യാൽ
പാദശ്ച കാര്യം ധ്വജാദിത്രയമപി ച വിതാ-
　　നാം ച ലംബം ച സൂത്രം. ൧൧൦

വ്യാ. നേർമഞ്ചകക്കോലിന്റെ വീതിയോടു തുല്യമായിട്ട് (ഒരു പലകമേലോ നിലത്തോ) ഒരു ചതുരശ്രം വരയ്ക്കുക. പിന്നെ ആ ച്ചതുരശ്രത്തിന്റെ കർണ്ണരേഖ വരച്ച്, അതിന്റെ പാതി നീളത്തിൽ ഒരു തോതുണ്ടാക്കി, ആ തോതിനെ ആ ച്ചതുരശ്രത്തിന്റെ ഭുജാരേഖയിൽക്കൂടി നീട്ടി വയ്ക്കുക. പിന്നെ ആ ഭുജാരേഖയിൽത്തന്നെ ചരിവുകഴക്കോലുകളുടെ പന്തിയിട്ട് അതതിന്റെ സ്ഥാനത്ത് അടയാളം കുറിക്കുക. ആ അടയാളങ്ങളിൽ തട്ടുമാറ് ഓരോ കർണ്ണരേഖ വരച്ചാൽ അതതു കർണ്ണരേഖയുടെ നീളംതന്നെ അതതു ചരിവുകഴക്കോലുകളുടെ വീതിയാകുന്നത് എന്നറിഞ്ഞുകൊൾക. ഈ ചതുരശ്രത്തിന്റെ മൂലയോടുമൂലയിട്ട് തട്ടുന്ന കർണ്ണരേഖയുടെ നീളത്തോളം കോടിക്കഴക്കോലിന്റെ വീതി; അതിന്നടുത്ത കർണ്ണരേഖയുടെ നീളം കോടാവണയെന്ന ഒന്നാമത്തെ ചരിവുകഴക്കോലിന്റെ വീതി; അതിന്നടുത്തതു രണ്ടാമത്തേതിന്റെ വീതി; ഇങ്ങനെ മറ്റെല്ലാറ്റിനും കണ്ടുകൊൾക. (ഇവിടെ മൂലശ്ലോകത്തിൽ "തൽകർണ്ണമദ്ധ്യീകൃത്യ ന്യസ്യേൽ ഭുജായാം" എന്നുള്ള വാക്യത്തിന്റെ പ്രയോജനമെന്തെന്നു മനസ്സിലാകുന്നില്ല.) പിന്നെ മേൽപറഞ്ഞപ്രകാരം കഴക്കോലുകളുണ്ടാക്കുവാനായി ശരിയാക്കി ചെത്തിവച്ചിരിക്കുന്ന കഴപ്പലകകളുടെ രണ്ടു പാട്ടിലും നെടുനീളത്തിൽ ധ്വജരേഖയും (കോടിന്മേലും) പാർശ്വരേഖകളും, വിലങ്ങത്തിൽ ലം

ബരേഖയും (തൂക്കവരയും) വിതാനരേഖയും ഇങ്ങനെ അഞ്ചു രേഖകളെ വരയ്ക്കുന്നു.

അവ— ഇനി രണ്ടു ശ്ലോകംകൊണ്ട് ആ രേഖകളെ വരപ്പാൻ പറയുന്നു; അവിടെ ആദ്യശ്ലോകംകൊണ്ടു നിലത്തിലുള്ള മൂന്നു രേഖകളെ വരയ്ക്കേണ്ടു പ്രകാരം പറയുന്നു.

വ്യാസേ ഗ്രഹാംശിന്യധോഽബ്ധിപ്രമിതമുപരിബാ-
ണോന്മിതം കല്പയിത്വാ
മദ്ധ്യേ സൂത്രം ധ്വജാഖ്യം വിരചയതു ലുപാ
പാർശ്വയുഗ്മേ സമന്താൽ
അദ്ര്യംശിന്യപ്യധസ്താദനലമിതമുദ-
ധ്യുന്മിതം ചോർദ്ധ്വഭാഗം
യദ്വാ ബാണാംശിതേഽഗ്നിപ്രമിതമുപരിദ-
സ്രോന്മിതം ചാപ്യധസ്താൽ. ൧൨൦

വ്യാ— കഴുക്കോലുകളുടെ വിതി എത്രയെന്നാൽ അതിനെ ഒമ്പതായിട്ട് അംശിച്ച്, താഴത്തെ ഭാഗം നാലംശവും മുകളിലെ ഭാഗം അഞ്ചംശവുമായി കല്പിച്ച്, കഴുപ്പലകകളുടെ രണ്ടു പാട്ടിലും നിലത്തിൽ നടുവേ കൊടിനൂൽ വരയ്ക്കണം. അല്ലെങ്കിൽ വിസ്താരത്തെ ഏഴംശിച്ച്, താഴെ മൂന്നംശവും മേലേ നാലംശവും കല്പിച്ചിട്ടും, അഥവാ വിസ്താരത്തെ അഞ്ചംശിച്ച്; മൂന്നംശം മുകളിലും രണ്ടംശം കീഴിലും കല്പിച്ചിട്ടും കൊടിനൂൽ വരയ്ക്കണം.

അവ— ഇനി തൂക്കം വിതാനവും വരപ്പാൻ പറയുന്നു.

കൃത്വാ വേദാംശലാഞ്ഛ്യ ക്രമകമഖിലലുപാ-
പാർശ്വയോർമ്മദ്ധ്യസൂത്രേ
തദ്വദ്ദ്രോത്ഥകർണ്ണദ്വിതയമിഹ വിതാ-
നം ച ലംബം ച വിദ്യാൽ
സർവ്വത്രൈതദ്വിധേയം ദ്വയമപി വലയ-
സ്ഥാനകൂടാവസാന-
സ്ഥാനേഷ്വച്ഛൃത്തരാദ്യർപ്പണനിയമപദേ
ഷ്വിപ്രലംബാന്തരോടപി. ൧൨൧

വ്യാ—മേൽപ്രകാരം കൊടിഞ്ഞിയും പാർശ്വരേഖകളും വരച്ചിട്ടുള്ള കഴുക്കോലുകളുടെ രണ്ടു പാട്ടിലും നാലു വിരൽ പ്രമാണത്തിൽ ഒരു ചതുരശ്രം വരച്ച്, ആ ചതുരശ്രത്തിന്റെ കോണുകളിൽ തട്ടിച്ച രണ്ടു കർണ്ണരേഖകൾ വരച്ചാൽ അവ, ലംബരേഖ (തുലാം)യും വിതാനരേഖയും ആയിട്ടു വരും എന്നറിഞ്ഞുകൊൾക. പിന്നെ കൂടസ്ഥാനം അല്ലെങ്കിൽ മോന്തായസ്ഥാനം എന്ന അവസാനത്തിങ്കലും, വളകൾ, ഉത്തരങ്ങൾ, വാമട, ഇവയുടെ സ്ഥാനങ്ങളിലും ഇപ്രകാരം തുലാം വിതാനവും എല്ലാ കഴുക്കോലുകളുടേയും രണ്ടുപാട്ടിലും വരച്ചുകൊള്ളണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വളകളുടെ പ്രമാണത്തെ പറയുന്നു.

മനുയവചതുരശ്രം ദ്വ്യംഗുലം തത്ര തു ദ്വി-
ദ്വയയവപരിവൃദ്ധ്യാ ത്ര്യംഗുലാന്തം ക്രമേണ
വലയമിതി മുനിശ്രേഷ്ഠൈഃ ഷഡ്വിധം ദർശിതം തേ-
ഷ്വിഹ വിഹിതലുപൌചിത്ര്യേണ തൽ കല്പനീയം ഘനം

വ്യാ—വളകൾ, പതിന്നാലു തോരയോ രണ്ടു വിരലോ ചതുരമായിട്ടും, അതിൽനിന്ന് ഈരണ്ടുതോര വീതം കൂട്ടി മൂന്നു വിരൽ ചതുരംവരെ ആറു വിധത്തിൽ കൊള്ളാമെന്നു മുനിശ്രേഷ്ഠന്മാരാൽ വിധിക്കപ്പെട്ടിരിക്കുന്നു. അവയിൽവെച്ച് അവിടവിടെ കഴുക്കോലുകളുടെ വലിപ്പത്തിനു തക്കവണ്ണം ഔചിത്യംപോലെ വളകളുടെ വലിപ്പം കല്പിക്കാം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വാമടയുടെ വീതികനങ്ങളെ വിധിക്കുന്നു.

വിസ്താരേ പുനരുത്തമസ്യ ദശധാ
ഭക്തേ രസാദ്ര്യഷ്ടഭി-
ർഭാഗൈർവ്വോത്തരതാരതോംഘ്രിരഹിതം
വാമ്ര്യംശിതേന്യംശകൈഃ

വിസ്താരം പ്രകരോതു നീവ്രഫലക-
നൈസ്യതസ്ത്രിഭാഗം ഘനം
വിസ്താരേ ശരഭാജിതേപി ച ഘനം
ചോഭ്യം പ്രകല്പ്യം ക്വചിൽ. ൧൨൩

വ്യാ—ഉത്തരത്തിൻെറ വീതിയെ പത്തുകൂറിട്ട് ആറോ, ഏഴോ, എട്ടോ, പത്തോ കൂറുകളെക്കൊണ്ടോ, ഉത്തരവീതിയിൽ നാലിലൊന്നു കുറച്ചിട്ടോ, ഉത്തരവീതിയെ ഏഴു കൂറിട്ടു മൂന്നംശംകൊണ്ടോ വാമടക്കു വീതി കല്പിക്കാം. ഈപ്പറഞ്ഞവയിൽ ഏതുപ്രകാരം വീതി കല്പിച്ചാലും ആ വീതിയിൽ മൂന്നിലൊന്നോ, വീതിയെ അഞ്ചംശിച്ചു രണ്ടംശമോ ഘനവും കല്പിക്കാം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വാമട കൊത്തുവാനുള്ള വിധിയെപ്പറയുന്നു.

നീവ്രവ്യാസേ ശരാംശിന്യഥ തദുഭയതഃ
പട്ടമല്പം തലം ച
ചോത്ര്യാംശകേന പട്ടം പരമപി ച വിധേ-
യം തഥാ ഷഡ്വിഭക്തേ
ചോഭ്യാം തത്സ്യാദ്വിപട്ടം ത്രിഭിരപി ച തലം
സ്യാദധഃ പട്ടമേക-
മേവം വാ നാഗഭക്തേ ജ്വലനനിഗമഭൂ-
മ്യംശൈഃ കല്പനീയം. ൧൨൪

വ്യാ—വാമടയുടെ വിസ്താരത്തെ അഞ്ചംശിച്ചാൽ രണ്ടംശംകൊണ്ടു മേലെപ്പട്ടവും, രണ്ടംശംകൊണ്ടു തളവും, ഒരംശംകൊണ്ടു കീഴെപ്പട്ടവും, അല്ലെങ്കിൽ വാമടവിസ്താരത്തെ ആറംശിച്ചാൽ രണ്ടംശംകൊണ്ടു മേലെപ്പട്ടവും, മൂന്നംശംകൊണ്ടു തളവും, ഒരംശംകൊണ്ടു കീഴെപ്പട്ടവും, അഥവാ വാമടവിസ്താരത്തെ എട്ടംശിച്ചാൽ മൂന്നംശം മേലെപ്പട്ടവും നാലംശം തളവും ഒരംശം കീഴെപ്പട്ടവും ഇങ്ങനെ മൂന്നുപ്രകാരത്തിൽ കല്പിക്കാം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു കഴുക്കോലുകളിന്മേൽ വാമട വെട്ടി ഇരുത്തുവാനുള്ള വിധി പറയുന്നു.

നീവ്രവ്യാസേ വിഭക്തേ ശരഗിരിനവഭി-
സ്ത്സ്വഷ്ടതോ വഹ്നിഭാഗം
നീവ്രസ്ഥാനാദ്വിതാനാദുപരി തദുചിതം
കോടികർണ്ണാധ്വനാത്ര
നീത്വാ നീവ്രം ലുപാസു സ്വഗമിഹ വിധിനാ
ശ്ലിഷ്ടിസംരോധയോഗ്യം
കൃത്വാ വായവ്യഹോമാദ്യപഹിതഹൃദയഃ
കാരുഭിഃ കീലയേത്തൽ. ൧൨൭

വ്യാ—വാമടയുടെ വിസ്താരത്തെ അഞ്ചോ ഏഴോ ഒമ്പതോ അംശിച്ചാൽ എല്ലാററിലും അതതിന്റെ മൂന്നംശകം, വാമട ഇരുത്തേണ്ടുന്ന സ്ഥാനത്തു കഴുക്കോലുകളിന്മേൽ വരച്ചിട്ടുള്ള വിതാനരേഖയിൽനിന്നു മേല്പട്ടു കോടികർണ്ണമാർഗ്ഗത്തിൽക്കൂടി (അതായതു് വിതാനരേഖയിൽ നിന്നു മേല്പട്ടു പൊക്കുന്നതു് എത്രയോ അതിനെ കോടിയെന്നും വിതാനരേഖയെ ഭുജയെന്നും കല്പിച്ചു് ആ ഭുജകോടികളുടെ അഗ്രങ്ങളിൽ തട്ടിച്ചു് ഒരു കർണ്ണരേഖ വരച്ചു് ആ രേഖയിൽക്കൂടി എന്നു സാരം.) മാററിയിട്ടു് അവിടെ കഴുക്കോലുകളിന്മേൽ വെട്ടിയിരുത്തണം. അങ്ങനെ വാമട വയ്ക്കുന്നതു്, നല്ല പൊഴുതുനോക്കി വിധിപ്രകാരം ആചാര്യൻ ശ്ലിഷ്ടിസംരോധയോഗ്യമായ വായവ്യഹോമാദികളെ ചെയ്തു് ഏററവും ചിത്താവധാനത്തോടുകൂടി ശില്പികളെക്കൊണ്ടു് ആണിവച്ചുതറപ്പിക്കയും വേണം. ഈ ക്രിയയെ വാസ്തുവിദ്യാദിഗ്രന്ഥങ്ങളിൽ വിസ്തരിച്ചു പറഞ്ഞിട്ടുള്ളതു നോക്കുക.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു പട്ടികകളെ പറയുന്നു.

തത്ര സ്വല്പദേശമിഷ്ടൈർവചസ്സ്മൃതാ
പട്ടികാവിതതി, രങ്കസമ്മിതൈഃ

തദ്ഘനം, ഘനപദോനമന്തരം
സന്ദധീത ച ലുപാസു കീലകൈഃ. ൨൭

വ്യാ—പട്ടികകൾക്കു പതിനഞ്ചുതോര വീതി വേണമെന്നു പൂർവ്വാചാര്യന്മാർ വിധിച്ചിരിക്കുന്നു. അതിന്റെ കനം ഒമ്പതു തോര വേണ്ടതാകുന്നു. പട്ടികകൾ തമ്മിലുള്ള അന്തരം (അകലം—വിടവ്) പട്ടികയുടെ കനത്തിൽ നാലിലൊന്നു കുറഞ്ഞിരിക്കണം. പട്ടികകളെ കഴുക്കോലുകളുടെ മുതുകിൽ ആണി തറച്ച് ഉറപ്പിക്കുകയും വേണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ട് അപിധാനം എന്ന അവസാനത്തെ പറയുന്നു.

ശിരഃപ്രദേശസ്ത്വപിധാനമുക്തം
വേശ്മാഗ്ര്യചുംബനസ്ഥമധോമുഖം സ്യാൽ
മാസ്യാഗ്രതുംഗാൎദ്ധപരോന്നിതം ത-
ദ്വിസ്താരമാദ്യംശഘനാൽ ഘനം ച. ൨൮

വ്യാ—ഗൃഹമാകുന്ന പുരുഷന്റെ ശിരസ്സ് അപിധാനം (അവസാനം) ആകുന്നു. അതിനാൽ അതിനെ കമഴ്ത്തിവെയ്ക്കേണ്ടതാകുന്നു. (ഉത്തരം മുതലായതു മലർത്തി വയ്ക്കണമെന്നു കൂടി ഇതുകൊണ്ടു സിദ്ധിക്കുന്നു.) അതിന്റെ വീതി, ഗൃഹത്തിന്റെ തറപ്പൊക്കത്തിൽ പാതിയോ മുക്കാലോ കൊള്ളാം. കനം പാദുകത്തിന്റെ പൊക്കത്തിൽ പാതിയോ മുക്കാലോ വേണ്ടതാകുന്നു.

അവ—ഇനി ഗൃഹങ്ങൾക്കു ഭിത്തി കെട്ടി മുറികൾ തിരിക്കേണ്ടതിലേക്കു ദ്വാരങ്ങൾ ആവശ്യമാകകൊണ്ടു ദ്വാരവിധി പറയുന്നു. അവിടെ അങ്കണത്തിലേക്കുള്ള ദ്വാരത്തെ മുമ്പെ പറയുന്നു.

ശേഷവ്യാസഗജാംശകദ്വ്യമിഹിരാം
ശേഷാദ്വിബാണാംശകൻ
കൃതാന്തശ്ച നവാംശ കല്പിതസ്തദാ-
വിന്യസ്തമാര്ഗാദ്യൗ

ദ്വാ ന്യങ്കണഗേഹമധ്യസിരയോ-
ർമ്മധ്യസ്ഥമധ്യാന്ത്യരാ-
ദ്ധ്യാദംഗുലകല്പിതാഗമവയോ
യോനീനി പൂർവ്വാദിതഃ. ൱൨൮

വ്യാ—പുരകൾക്ക ഭിത്തിവണ്ണം അധികം വേണമെങ്കിൽ ആപ്പുരയുടെ വിസ്താരത്തിൽ എട്ടിലൊന്ന കല്പിക്കാം. അപ്പോൾ ഭിത്തിവണ്ണത്തോളം കട്ടിളക്കാലിന്ന വീതിയുണ്ടാക്കുവാൻ സാധിക്കാതെ വന്നേക്കാം. അങ്ങിനെ വരുമ്പോൾ ഭിത്തിവണ്ണത്തെ പന്ത്രണ്ടംശിച്ച് ഏഴംശം അകത്തേക്കും അഞ്ചംശം പുറത്തേക്കും വച്ച് ഒരു സൂത്രമിട്ട കട്ടിളക്കാലിന്റെ വീതിയുടെ മദ്ധ്യം ആ സൂത്രത്തിൽ വരുമാറും, അങ്കണമദ്ധ്യസൂത്രങ്ങളും ഗൃഹമദ്ധ്യസൂത്രങ്ങളും തമ്മിലുള്ള അന്തരത്തിന്റെ നടുവിൽ ദ്വാരമദ്ധ്യം വരുമാറും കിഴക്കിനി മുതലായ ഗൃഹങ്ങൾക്ക് അങ്കണത്തിലേക്കുള്ള പ്രധാനദ്വാരങ്ങളെ വച്ചുകൊൾക; ആ ദ്വാരങ്ങളുടെ ഉള്ളിന് അംഗുലംകൊണ്ടു ചുററു കല്പിച്ച് ആയാധിക്യവും, നല്ല വയസ്സും, അഭിഷ്ടദിഗ്യോനിയും വരുത്തുകയും വേണം.

അവ—ഇനി പുറത്തേക്കുള്ള ദ്വാരത്തെ പറയുന്നു.

ആശാഹപ്തിസൂത്രഭേദിനി ഗൃഹേ
ഷഷ്ഠേഽഥവാ സപ്തമേ
സൂത്രേ ദ്വാരമഥാപരം വിതനയാ-
ച്ഛാലാസ്യ സവ്യാർദ്ധകേ.
പ്രാദക്ഷിണ്യവശേന തദ്വിഹിതയോ-
ന്യായാദിഭിസ്സംയുതം
ചൈകശ്ചേദഥ നിർഗ്ഗമേഽത്ര തു കവാ-
ടോ വാമപാദാശ്രിതഃ ൱൨൯

വ്യാ—കിഴക്കിനിമുതലായ ഗൃഹങ്ങൾക്ക് അതതു ഗൃഹത്തിന്റെ ദീർഘത്തെ പത്തായി പകുത്താൽ ആറാമത്തെ സൂത്രത്തിലോ, പന്ത്രണ്ടായി പകുത്താൽ ഏഴാമത്തെ

സൂത്രത്തിലോ മധ്യം വരുമാറു പുറത്തേക്കുള്ള ദ്വാരങ്ങളെ വയ്ക്കണം. ഇങ്ങനെ വയ്ക്കുന്നതു പ്രദക്ഷിണമായിട്ടു വരുമ്പോൾ അതതു ഗൃഹങ്ങളുടെ ഇടത്തെ പാതിയിലായി വരികയും വേണം. എല്ലാ ഗൃഹങ്ങളുടേയും മുഖം അങ്കണത്തിലേക്കാകകൊണ്ടു കിഴക്കിനിയുടെ പൃഷ്ഠദ്വാരം പാതിക്കു തെക്കോട്ടു നീങ്ങീട്ടും തെക്കിനിയുടേതു പടിഞ്ഞാട്ടു നീങ്ങീട്ടും പടിഞ്ഞാറ്റിനിയുടേതു വടക്കോട്ടു നീങ്ങിയിട്ടും വടക്കിനിയുടെ കിഴക്കോട്ടു നീങ്ങിയിട്ടും വരും. ഈ ദ്വാരങ്ങൾക്കും അതതിനു പറയപ്പെട്ടിരിക്കുന്ന യോനിയും, ആയാധിക്യവും, വയോഗുണവും ഉണ്ടായിരിക്കേണം. അതിന്നു വാതിൽ ഒററക്കതകായിട്ടാണെങ്കിൽ അതു പുറത്തേക്കിറങ്ങുമ്പോൾ ഇടത്തെ കട്ടിളക്കാലിന്മേൽ വരുമാറു വയ്ക്കയും വേണം.

അവ — ഇനി രണ്ടു ശ്ലോകംകൊണ്ടു കട്ടിളയുടെ ദ്വാരനീളം മുതലായതിനെ പറയുന്നു.

കർത്താൽ സർവ്വഗൃഹേഷു ശൈലവസുനാ-
ന്ദാംശാംശിതേഽംഘ്ര്യുച്ഛ്രയേ
ദ്വാരോത്സേധമനേകഭാഗരഹിതം
വിസ്തീർണ്ണമാത്മാഷ്ടഭിഃ.
ദ്വാരേശസ്തംഭസമാധിപാദദലവി-
സ്തീർണ്ണൗ സ്യുർദ്വാദശാംശോനൗ
വിസ്താരാർദ്ധഘനൗ ഭുജംഗമപതം-
ഗാഢ്യൗ ച മൂലാഗ്രയോഃ. (ത. സ) ഫലം

വ്യാ...എല്ലാ ഗൃഹങ്ങൾക്കും അതതിന്റെ കാലെകരത്തെ എഴോ എട്ടോ ഒമ്പതോ ആയിട്ടംശിച്ചതിൽ ഒരംശം കളഞ്ഞു ശേഷം കട്ടിളക്കാലു ദ്വാരനീളം കല്പിക്കാം. ആ ദ്വാരനീളത്തിൽ പാതി വിസ്താരവും ആവാം. കട്ടിളക്കാലുകളുടെ വീതി സ്തംഭവിസ്താരത്തോളമോ അതിൽ നാലൊന്നുകൂടിയോ പകുതി കൂടിയോ ആയിരിക്കണം. കട്ടിളക്കാലുകൾ പുറത്തെ അരികിൽ വാജനങ്ങളെക്കൊണ്ടു ഭംഗി

യായിരിക്കണം. കട്ടിളക്കാലുകൾക്കു വീതിയിൽ പാതി കനവും, ചോട്ടിൽ 'ഭുവംഗമാ' എന്ന ചോറുപടിയും മുകളിൽ 'പതംഗം' എന്ന കുറുമ്പടിയും ഉണ്ടായിരിക്കണം.

ദ്വാരോത്സേധനിയുക്തശേഷചരണേനാൽ
ഭേദ്യേ ശാഖാംഘ്രികൃതാ
പാദ്യംശേനാധരപട്ടികാ മിതഘനാം
സാർദ്ധനവാംശകാംശിതാ.
ഹീനാം വാജനകേന യോഗവിതതാം
ശിഷ്ടാംശതഃ പട്ടികാ-
മൂർദ്ധ്വപ്രോന്മിത മംഗലാഢ്യഫലകാം
യുക്ത്യോർദ്ധ്വപട്ട്യൂർദ്ധ്വതഃ. (ത. സ) ൧൩൧

വ്യാ—കല്ലുയരത്തിൽനിന്നു ദ്വാരനീളത്തിന് എടുത്തു കഴിച്ചുള്ള ശേഷത്തെ അഞ്ചാംശിച്ചു രണ്ടംശംകൊണ്ടോ ഒമ്പതംശിച്ച് ഒന്നര അംശംകൊണ്ടോ താഴത്തെ പടിയെ ഉണ്ടാക്കാം. അതു വാജനമില്ലാത്തതും കട്ടിളക്കാലോളം വീതിയുള്ളതുമായിരിക്കണം. ശേഷമുള്ള അംശംകൊണ്ടു യുക്തിപോലെ മുകളിലെപ്പടിയും, അതിനു മീതെ ശ്രീഭഗവതി മുതലായ മൂർത്തികളെ കൊത്തിയ 'മംഗലപ്പലക' എന്ന കുറുമ്പുപലകയും ഉണ്ടാക്കാം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വാതിലും സൂത്രപട്ടികയും ഉണ്ടാക്കുവാൻ പറയുന്നു.

ദൈർഘ്യാച്ഛ്യംശമതംഗജാംശബഹളം
താവദ്വൃതദ്വാർദ്ധക-
വ്യാസം മൂലശിഖായുതം ദൃഢതരം
കാര്യം കവാടദ്വയം
കാര്യാ വാമകവാടരോപിതചരാ-
ഗ്രോർദ്ധ്വനീവ്രാതതാ-
സ്ഥൂലോച്ചിഹ്നപ്രതതാ ച സൂത്രഫലകാ
സൂത്രിത് സ്ഥൂലാസ്തൃജലാ. (ത. സ) ൧൩൨

വ്യാ — സ്തംഭാഗ്രവിസ്താരമാകുന്ന ദണ്ഡിന്റെ നാലി ലൊരംശമോ എട്ടിലൊരംശമോ കനവും, ഈ കനത്തോളവും ദ്വാ രവിസ്താരത്തിൽ പകുതിയോളവും കൂടിയ വീതിയും, ചുവട്ടി ലും മുകളിലും കട്ടമയും ഉള്ളതായി നല്ല ഉറപ്പോടുകൂടിയതാ യ രണ്ടു വാതിലുണ്ടാക്കണം. കനത്തിൽ ഇരട്ടി വീതിയും, സ്തനാദികളായ അലങ്കാരങ്ങളും ഉള്ളതായ സൂത്രപട്ടികയെ എടത്തുഭാഗത്തുള്ള കതകിന്മേൽ അതിന്റെ പകുതി വീതി കയറിയിരിക്കത്തക്കവണ്ണം തറച്ചിരിക്കുകയും വേണം.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു സൂത്രപട്ടികയെത്ത ന്നെ പറയുന്നു.

ദ്വാരവ്യാസാബ്ധിബാണേനാമ്മ്യവനിധരഭജം-
ശാംശകൈകാംശനീവ്ര-
വ്യാസാ വ്യാസാർദ്ധപാദോനിതബഹളമിതാ
ദ്വാരതുല്യായതിശ്ച.
കത്തവ്യാ സൂത്രപട്ടീജപലനശരമഹി-
ധ്രാദികെരജസ്തനാഢ്യാ
മുക്താദാമാദിപത്മസ്ഥിതമഹിതരമാ-
കൃഷ്ണവിഘ്നേശയുക്താ. ൧൩൩

വ്യാ — ദ്വാരവിസ്താരത്തെ നാലുമുതൽ എട്ടുവരെയുള്ള സംഖ്യകളെക്കൊണ്ടംശിച്ചു രണ്ടംശം കനവും അത്രതന്നെ വീതിയും ഉള്ളതായിട്ടോ അല്ലെങ്കിൽ വീതിയിൽ പാതി യോ മുക്കാലോ കനമുള്ളതായിട്ടോ ദ്വാരനീളത്തോളം നീള മുള്ളതായും മൂന്ന്, അഞ്ച്, ഏഴ് മുതലായി ഒററപ്പെട്ട മല കളോടും മുത്തുമാല മുതലായവയോടും, താമരപ്പൂവിൽ ഇരി ക്കുന്ന ലക്ഷ്മീദേവി, ശ്രീകൃഷ്ണൻ, ഗണപതി എന്നീ മൂർത്തിക ളുടെ രൂപങ്ങളോടും കൂടിയതായും ഇരിക്കുന്നതായ സൂത്രപ ട്ടികയെ ഉണ്ടാക്കണം.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു വാതിലുകളുടെ അ വയവങ്ങളേയും അലങ്കാരങ്ങളേയും പറയുന്നു.

ഉദ്ഭാധമണകാസ്സ്യസന്ധിപാല-
പ്രക്ഷേപണീയവലയാന്യപി പത്രകാണി.
തിര്യഞ്ച്യദഞ്ചിപുളകാത്തവകട്മളാനി
സശ്രീമുഖേന്ദുശകലാനി കവാടയോസ്സ്യുഃ. ൫൩ (ത. സ)

വ്യാ — വാതില്പകൾ രണ്ടിനും, മുകളിലും താഴത്തും തിരികാറികളും, തഴുതുകൾ, താക്കിഴകൾ, സൂത്രപട്ടിക, ചീപ്പ്, വട്ടക്കണ്ണി, കീഴ്മേലായിട്ടും വിലങ്ങത്തിലായിട്ടും തകിടുകൊണ്ടുള്ള കെട്ടുകൾ, പോളകൾ, പൂക്കൾ, പൂമൊട്ടുകൾ (മൊട്ടും മലരുമായിട്ടുള്ള ആണികൾ) ശ്രീഭഗവതിയുടെ മുഖത്തോടുകൂടീയ ചന്ദ്രക്കലകൾ എന്നിവയെല്ലാം ഉണ്ടായിരിക്കണം.

അവ — ഇനി കട്ടിളവാതലുകൾക്കുള്ള മരത്തിന്റെ നിയമത്തെ പറയുന്നു.

യോഗൈഃ കവാടൈഃ വിഹിതൈകദാരു-
സമുത്ഭവൈഃ സർവ്വസമൃദ്ധിരേവ ച.
തതോന്യഥാ സ്യാദ്ഭവനിതാജനാനാം
ദുശ്ശീലതാസ്ഥാനം ച മിശ്രതേഷു. ൫൪

വ്യാ — കട്ടിളയും വാതിലുകളും, അതിനു വിധിക്കപ്പെട്ടിരിക്കുന്ന മരങ്ങളിൽ ഏതെങ്കിലും ഒരു ജാതി മരംകൊണ്ടു തന്നെ ഉണ്ടാക്കപ്പെട്ടതായാൽ സർവ്വസമൃദ്ധിയെ ചെയ്യുന്നതാകുന്നു. കട്ടിളയും വാതിലുകളും ഭിന്നജാതിമരങ്ങളെക്കൊണ്ടുണ്ടാക്കപ്പെട്ടതായിരുന്നാൽ ആ ഗൃഹത്തിലുള്ള സ്ത്രീകൾക്കു ദുശ്ശീലത സംഭവിക്കുന്നതാകകൊണ്ട് അങ്ങനെ ചെയ്യുന്നതു് ഇഷ്ടമായിട്ടുള്ളതല്ല.

അവ — വാതിലുകളുടെ സ്വഭാവത്തെ പറയുന്നു.

വിദ്യാൽ കവാടാവിഹ മാതൃപുത്രൗ
വാമേ തു മാതാ ത്വപരത്ര പുത്രീ.
മാതുഃപ്രത്യഗ്രഃ ഖലു സൂത്രപട്ടി-
രേകഃ കവാടോ യദി വാമതോഽയം. ൫൫

വ്യാ—ഇരട്ടക്കതകായിട്ടുള്ള വാതിലുകളിൽ ഒന്നു മാതാവും മറ്റേതു പുത്രിയുമാകുന്നു. അവയിൽ എടത്തുഭാഗത്തുള്ളതു മാതാവും മറുഭാഗത്തുള്ളതു പുത്രിയുമാണ്. മാതാവായിട്ടുള്ളതിന്മേൽ സൂത്രപട്ടിക തറക്കേണ്ടതാകുന്നു. വാതിൽ ഒററയാണെങ്കിൽ അതു് എടത്തുഭാഗത്തായിരിക്കണം.

അവ—ഇനി രണ്ടു ശ്ലോകംകൊണ്ടു് 'അരമ' എന്ന താക്കിഴമതികത്തെ പറയുന്നു.

ദ്വാരോച്ചവഹ്ന്യധിനായകഭാഗതസ്സ്യാൽ
കാഷ്ഠാരമായതി, രഥായതിബാണഭാഗഃ.
അംഘ്ര്യംശതോഽപി വിതതിർബഹളശ്ച മധ്യാ-
ന്മധ്യം വ്യതീത്യ കലയേത കവാടപൃഷ്ഠേ. ൧൩൧

വ്യാ—വാതിലിന്റെ നീളത്തിൽ മൂന്നിലൊരംശം നാലിലൊരംശം അഞ്ചിലൊരംശം താക്കിഴമതികത്തിനു നീളമുണ്ടായിരിക്കണം. നീളത്തിൽ അഞ്ചിലൊരംശം നാലിലൊരംശം അതിനു വിസ്താരവും കനവും വേണം. ഇതിന്റെ മധ്യത്തെ വാതിലിന്റെ നീളത്തിന്റെ മധ്യത്തിൽനിന്നു് അല്പം കീഴ്പ്പെട്ടോ മേല്പെട്ടോ നീക്കി വാതിലിന്റെ പിൻഭാഗത്തു തറയ്ക്കയും വേണം.

തത്സന്ധിതശ്ചോർദ്ധ്വമധസ്തദർഗ്ഗള-
പ്രമാണരൂപാം കബളീം പ്രകല്പയേൽ.
ഉദഗർഗ്ഗളം തത്ര തു പുത്രികാഗതം
ചാധോർഗ്ഗളം മാതൃകവാടസംഘടിതം. ൧൩൨

വ്യാ—ആ താക്കിഴമതികത്തിന്റെ മേലും കീഴും രണ്ടു് അരപ്പുണ്ടാക്കണം. ആ അരപ്പുകളുടെ വിസ്താരം താക്കിഴ (തഴുത്തു) യുടെ വിസ്താരത്തോളവും താഴ്ച താക്കിഴയുടെ കനത്തോളവും ആയിരിക്കണം. മേലെയുള്ള താക്കിഴ വലത്തെ കതകിന്മേലും കീഴെത്തഴുത്തു് ഇടത്തെ കതകിന്മേലും വരത്തക്കവണ്ണം മതികത്തിന്റെ അരപ്പുകളിൽവച്ചു തറച്ചുകൊൾകയും വേണം.

അവ — ഇനി താക്കിഴയെ പറയുന്നു.

കവാടവിസ്താരസമാംഗുലായതി-
സ്തദാ തദംഘ്ര്യൎദ്ധിഗജാംശവൎജ്ജിതാ.
ദീൎഘാഷ്ടമാംശേന കരോതു വിസ്തൃതിം
ഘനം തദൎദ്ധേന ഘനേന ഖണ്ഡകാ. ഫന്മ൯

വ്യാ — താക്കിഴയുടെ നീളം വാതിലിന്റെ വിസ്താരത്തോളമോ അതിൽ നാലൊന്നോ ആറൊന്നോ എട്ടൊന്നോ കുറഞ്ഞിട്ടോ കൊള്ളാം. നീളത്തിൽ എട്ടൊന്നു വീതിയും വീതിയിൽ പാതി കനവും കനത്തോളം രണ്ടു തലക്കല്ലും കട്ടകളും ഉണ്ടായിരിക്കണം.

അവ — ഇനി ഒററക്കതകായിട്ടുള്ള വാതിലിന്റെ താക്കിഴയെ പറയുന്നു.

ഏകഃ കവാടോയദി യോഗമദ്ധ്യാ-
ദധസ്തഥൈവോപരിചാരമാസ്യാൽ.
തദംഗുലോ വൎത്തുലകസ്തദഗ്ര-
ഭേദാശ്രകോവാപി ച ശൃംഖലാ വാ. ൧൪൦

വ്യാ — ഒററക്കതകായിട്ടുള്ള വാതിലിന്റെ താക്കിഴമതികം, വലത്തുഭാഗത്തുള്ള കട്ടിളക്കാലിന്മേൽ മദ്ധ്യത്തിൽനിന്നു് അല്പം കീഴ്പ്പട്ടോ മേല്പട്ടോ നീക്കിത്തറയ്ക്കണം. അതിന്റെ തഴുതു് ഉരുണ്ടിട്ടോ ചതുരത്തിലോ ആവാം. തഴുതു വയ്ക്കാത്തപക്ഷം ചങ്ങലയും കുററിയുമായിട്ടും കൊള്ളാം. (അൎഗ്ഗളം-തഴുതു-താക്കിഴ-സാക്ഷ ഇവയെല്ലാം ഏകാൎത്ഥകമാകുന്നു.)

അവ — ഇനി ഭിത്തിയെ പറയുന്നു.

സ്തംഭാധസ്താരതോത്ര്യൂൎദ്ധ്വയരസഭാഗാ-
ഷ്ടാംശതോ വാ പ്രതോ-
ദ്ധ്യുത്സേധേനാപി സാദ്ധ്യാവനിയുഗമൂലതാ-
ശോന്മിതൈൎവ്വേദികാത്ര.
കൎത്തവ്യാ കുട്ടിമോൎദ്ധ്വം തദുപരി ചരണൈ-
ൎവ്വൃത്തസംഖ്യൈശ്ച ഭാഗൈ-
സ്തംഭോൎദ്ധ്വാംഘ്ര്യന്തുല്യപ്രതതിഭിരപിഭിഃ
സോപാനൈരൈദ്ധ്യശാലിനീഃ

വ്യാ—ഗൃഹങ്ങളുടെ തറ പടുപ്പാനുള്ള വിധി മുൻപേ പറഞ്ഞിട്ടുണ്ടല്ലൊ. അതുപ്രകാരം തറ പടുത്തു കഴിഞ്ഞാൽ തറക്കുമേൽ ഉത്തരംവരെയുള്ള ഇടയിൽ മരംകൊണ്ടു നിരക്കുകയോ, കല്ല്, ഇഷ്ടികമുതലായതുകൊണ്ടു ഭിത്തി കെട്ടുകയോ വേണ്ടുന്നേടത്തു മുൻപറഞ്ഞ പ്രകാരം അതതു സ്ഥാനങ്ങളിൽ കട്ടിളവച്ചു തറപ്പുറത്തു വേദികയുണ്ടാക്കണം. വേദികയുടെ ഉയരം, മുൻവിധിച്ചിട്ടുള്ള സ്തംഭത്തിന്റെ ചുവട്ടിലെ വിസ്താരത്തോളമോ, സ്തംഭത്തിന്റെ ഉയരത്തെ ആറോ എഴോ എട്ടോ അംശിച്ച് ഒരംശത്തോളമോ, പടിയുടെ ഉയരത്തോളമോ, അതിൽ ഒന്നരയോ രണ്ടോ മൂന്നോ ഇരട്ടിയോ ഉണ്ടായിരിക്കണം. പിന്നെ ആ വേദികയുടെ മേലെ, മരത്തൂണുകൾക്കു പറഞ്ഞിട്ടുള്ള വിസ്താരത്തിൽ പാതിയോ മുക്കാലോ സമമോ വിസ്താരമുള്ളവയും ഇരട്ടപ്പെട്ടവയും ആയ കല്ലുകളോടും ഉത്തരം വാജനം കപോതം മുതലായവയോടും കൂടി ചുററും ഭിത്തി കെട്ടുകയും ചെയ്യണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വേദികയുടെ പുറപ്പാടിനെ പറയുന്നു.

പത്രമാനവശതോംഗുലവൃദ്ധ്യാ
വേദികാവിഹിതനിഷ്ക്രമണം സ്യാൽ.
സാർദ്ധയുഗ്മദഹനാദ്രിമിതൈർവ്വാ-
ംഗുലൈർവ്വിഹിതമുത്തമലംബാൽ. ൭൪

വ്യാ—ഉത്തരത്തുക്കിൽനിന്നു പത്രമാനംപോലെ അംഗുലവൃദ്ധികൊണ്ടു വേദികക്കു വിഹിതമായ പുറപ്പാടു കല്പിക്കണം. ആപ്പുറപ്പാടു രണ്ടരവിരലോ മൂന്നു വിരലോ ഏഴു വിരലോ ആക്കുകയും ചെയ്യാം. ഈ വേദികയെ അരഞ്ഞാൺപടി എന്നും, നിരപ്പടി എന്നും പറയുന്നു.

അവ—വേദിക പണിയുന്നതിൽ സാധനഭേദത്തെക്കുറിച്ചുള്ള മതഭേദത്തെ പറയുന്നു.

സമൈർദ്രവ്യൈരേവവേദീതി ച കതിചിദശ-
ന്തീഷ്ടകാമൃച്ഛിലാദ്യൈ-
ർവ്വൈക്ഷ്യം, ഭിന്നജാത്യൈരപി ച വിരചിതം
ദൃശ്യതേ ക്വാപി പൂർവ്വൈഃ.
അന്തർന്നാഗേന യോന്യന്വിതഭവനവിധൌ
ഗർഭഗേഹോക്തരീത്യാ
ദ്വാരം തൽപാദുകോർദ്ധ്വം ന്യസതു ച തദധ-
സ്ഥാൽ പ്രത്യഗ്ഗൃത്തഗേഹേ. ഹർമ്മ-

്യം—ഇഷ്ടക, മണ്ണ്, കല്ല്, മരം എന്നിവയിൽവച്ച് ഭിത്തിയുണ്ടാക്കുന്നത് ഏതു സാധനംകൊണ്ടോ അതേസാധനംകൊണ്ടുതന്നെ വേദികയുണ്ടാക്കിക്കൊള്ളണം എന്നു ചില ആചാര്യന്മാർ സിദ്ധാന്തിക്കുന്നു. എന്നാൽ വേദികയും ഭിത്തിയും വെവ്വേറെ സാധനങ്ങളെക്കൊണ്ടുതന്നെ പണ്ടുള്ളവർ ഉണ്ടാക്കീട്ടുള്ളതായി ചിലേടത്തു കാണപ്പെടുന്നുണ്ട്. വേദിക കരിങ്കല്ലും, ഭിത്തി വെട്ടുകല്ലുമായിട്ടും, വേദിക കല്ലും, ഭിത്തി മരവും ആയിട്ടും കാണപ്പെടുന്നു എന്നു സിദ്ധാന്തം. ഉള്ളിലെ ചുററുകൊണ്ടു യോനി വരുത്തിയുണ്ടാക്കുന്ന അറ, കിടപ്പുമുറി മുതലായവക്കു ഗർഭഗൃഹത്തിന്നു പറഞ്ഞപോലെ കല്പിച്ചുകൊള്ളണം. ഗർഭഗേഹം എന്ന നിലയറയ്ക്ക് അവയുടെ അധിഷ്ഠാനം താഴ്ത്തി ഉള്ളിൽ യോന്യാദികളെല്ലാം വരുത്തി അതിന്റെ പാദുകത്തിന്മേൽ വാതിൽ വയ്ക്കണം. അധിഷ്ഠാനത്തിന്റെ പടിക്കു കീഴെ ദ്വാരം അവസാനിക്കുകയും വേണം. പടിയും പാദുകവും മുറിയരുതെന്നു സിദ്ധാന്തം.

ഭാഷ—ഇനി ഒരു ശ്ലോകംകൊണ്ടു ഗൃഹാംശം, ഗൃഹകം മുതലായവയായ ഉപഗേഹങ്ങളിൽ ഒരു സാമാന്യനിയമം പറയുന്നു.

യുഗ്മാസ്തുലാസ്സംലഘുപാദയസ്സ്യുഃ ,
സർവ്വാസ്സദായുഗ്മാഃ ഖലു പങ്ക്തയസ്താഃ.
നൃഗേഹാദിഷ്ടകരാധികാശ്ചൽ
പാദാന്തരാസ്സ്വാസ്സ്വ വിനാശദാസ്സ്യുഃ!! ഹർ്.

വ്യാ—തുലാങ്ങളും, തൂണുകളും, കഴുക്കോലുകളും മുതലായവ ഇരട്ടപ്പെട്ടിരിക്കണം. അവയുടെ പന്തികളെല്ലാം ഒററപ്പെട്ടും വരണം. തൂണുകളുടെ ഇടയിലുള്ള കാൽപ്പന്തികളും, ഇഷ്ടദീൎഘവിധിയിൽ പറഞ്ഞിരിക്കുന്ന കോലിന്റെ സംഖ്യയിൽ ഏറിയിരിക്കരുതു്. (ആരൂഢകാലിൽ കവിഞ്ഞതും, ഒരുകോലിൽ കുറഞ്ഞതും ഇരിക്കരുതെന്നു സാരം) ഇങ്ങനെ വന്നാൽ നാശത്തെ ചെയ്യുന്നതാണെന്നു പൂർവ്വാചാര്യന്മാർ പറയുന്നു. "അയുഗ്മാഃ പങ്‌ക്തയസ്തത്ര യുഗ്മാസ്തംഭാശ്ച സംസ്മൃതാഃ ദിഷ്ടിഷ്ടകരതാഹീനാ നാശായ പരികീർത്തിതാഃ തദാധിക്യം വിനാശായ പാദപങ്‌ക്തേർന്ന സന്തതി" എന്നു വാസ്തുവിദ്യ.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു നടുമുറ്റത്തു മല്ലത്തറയുണ്ടാകുവാനുള്ള വിധി പറയുന്നു.

ത്യക്ത്വാ ചായാമമത്ര മദ്ധ്യാങ്കണജമുദഗവാക്
തച്ചതുഷ്ഷഷ്ടികോഷ്ഠം
കൃത്വാ പ്രാക്കോഷ്ഠമേകം ത്യജതു തദുഭയം
തൂത്തരേ വ്യത്യയാദ്വാ
തന്മദ്ധ്യേ മല്ലികാകുട്ടിമമിഹ നിഗമാ-
ശ്രം ധ്വജോത്ഥം സമോത്ഥസ-
ധ്വായാമം പാദഹീനോച്ഛ്രയമിദമുപപീ-
ഠാദിമൽ ഗേഹരീത്യാ. ൧൪൭.

വ്യാ—നടുമുറ്റത്തിന്റെ വിസ്താരം കഴിച്ചു് അധികമുള്ള ദീൎഘത്തെ തെക്കും വടക്കും സമം നീക്കി നടു ചതുരശ്രമായി കല്പിച്ചു് ആ ചതുരശ്രത്തെ അറുപത്തുനാലായി ഖണ്ഡിച്ചു കിഴക്കുനിന്നു് ഒരു ഖണ്ഡവും, വടക്കുനിന്നു രണ്ടു ഖണ്ഡവും നീക്കി പിന്നത്തെ ഖണ്ഡത്തിൽ മദ്ധ്യം വരത്തക്കവണ്ണം മല്ലത്തറയുണ്ടാക്കണം. അല്ലെങ്കിൽ കിഴക്കുനിന്നു രണ്ടു ഖണ്ഡവും വടക്കുനിന്നു് ഒരു ഖണ്ഡവും നീക്കി പിന്നത്തെ ഖണ്ഡത്തിൽ മദ്ധ്യം വരത്തക്കവണ്ണവും ഉണ്ടാക്കാം.

ഈ മുല്ലത്തറ ചതുരശ്രമായും ധ്വജയോനിയായും, നീളത്തോളമോ അതിൽ നാലൊന്നു കുറച്ചോ ഉള്ള പൊക്കത്തോടു കൂടിയതായും ഇരിക്കണം. ഇതു ഗൃഹത്തെപ്പോലെ ഉപപീഠം മുതലായ അവയവങ്ങളോടുകൂടിയതായിരിക്കയും വേണം.

അവ— ഇതുവരെ ഗൃഹനിൎമ്മാണത്തിൽ എല്ലാടത്തും ആവശ്യമായിട്ടുള്ള സാമാന്യവിധികളെ പ്രസ്താവിച്ചു. ഇനിച്ചില വിശേഷവിധികളെ പറയുന്നു. അവയുടെ മുമ്പിൽ ഗൃഹങ്ങളുടെ പ്രാധാന്യക്രമത്തെയും അവയുടെ യോനികളേയും പറയുന്നു.

ഏകം സ്യാദ്യദി ദക്ഷിണം ഗൃഹമഥോ
ചേത്തച്ച പാശ്ചാത്യകം
തേ സൌമ്യം ച ഗൃഹത്രികേ ഗൃഹചതു-
ഷ്കേ പ്രാച്യമേതാനി ച
*പ്രാച്യം കേതുജമേണരാജജമിദം
ചാപത്യവാച്യാമഥോ-
ദീച്യാംതേ ഗജജം ച താനി വൃഷജം
ചാഹുഃ പ്രതീച്യാം ഗൃഹം ഫൎന്നു

---

* ഈ ശ്ലോകത്തിന്റെ ഉത്തരാൎദ്ധത്തിനു താഴെ കാണുന്നപ്രകാരം ഒരു പാഠാന്തരമുണ്ടു്.

വാഞ്ഛന്തി ക്വചിദേകമേവ ഭവനം
യദ്യത്ര പാശ്ചാത്യകം
ശേഷം, ശാലയുഗാദിനിൎമ്മിതിവിധൌ
പ്രാഗുക്തവൽ കല്പ്യതാം

അൎത്ഥം—. ഒരു പുരമാത്രമുണ്ടാക്കുമ്പോൾ പടിഞ്ഞാറ്റിനിയാണുണ്ടാക്കേണ്ടതു് എന്നു പിൽക്കാലത്തു ചില ആചാൎയ്യന്മാർ അഭിപ്രായപ്പെടുന്നു. അതുകൊണ്ടു് ഒറ്റപ്പുര പണിയുമ്പോൾ തെക്കിനിതന്നെ വേണമെന്നില്ല; പടിഞ്ഞാറ്റിനിയും ആവാമെന്നു സിദ്ധമാകുന്നു. പലവിധസൌകൎയ്യങ്ങളുണ്ടാകകൊണ്ടു് ഈ മതം മലയാളത്തിൽ പരക്കെ നടപ്പായിട്ടും കാണുന്നുണ്ടു്. രണ്ടോ മൂന്നോ പുരകൾ കൂട്ടിച്ചേൎത്തു പണിയുമ്പോൾ മുമ്പു പറഞ്ഞപ്രകാരം ചെയ്കയും വേണം.

വ്യാ__ ഒരു പുരമാത്രം ഉണ്ടാക്കുന്നുവെങ്കിൽ തെക്കിനിയുണ്ടാക്കണം. പുര രണ്ടു വേണമെങ്കിൽ തെക്കിനിയും പടിഞ്ഞാററിനിയും കൂടി വേണം. മൂന്നെങ്കിൽ ഇവ രണ്ടും വടക്കിനിയും കൂടി വേണം. നാലു പുരയും ഉണ്ടാക്കുമ്പോൾ ഇവ മൂന്നും കിഴക്കിനിയും കൂടി കൊള്ളാം. കിഴക്കിനിയായിട്ടുണ്ടാക്കുന്ന ഗൃഹം ധ്വജയോനിയായിരിക്കണം. തെക്കിനിക്കു സിംഹയോനി വേണം. നിർവ്വാഹമില്ലെങ്കിൽ ധ്വജയോനിയും കൊള്ളാം. വടക്കിനിക്കു ഗജയോനി വേണം. അത്യാവശ്യത്തിങ്കൽ ധ്വജസിംഹങ്ങളും കൊള്ളാം. പടിഞ്ഞാററിനിക്കു വൃഷയോനിയായിരിക്കണം. ധ്വജസിംഹഗജങ്ങളും എടുക്കാം.

അവ__ ഇനി ഒരു ശ്ലോകംകൊണ്ടു മൂന്നു കെട്ടുകളായിട്ടു പണിയുന്ന ഗൃഹങ്ങളുടെ ഗുണദോഷങ്ങളെ പറയുന്നു.

പ്രാക്ശാലാരഹിതം ഗൃഹത്രികമഹോ
  സുക്ഷേത്രമൃദ്ധിപ്രദം
ചുല്ലീ ദക്ഷിണമന്ദിരേണ രഹിതം
  തദ്വിത്തഹാനിപ്രദം.
ധ്വാംസഃ പശ്ചിമശാലയാ വിരഹിതം
  പുത്രക്ഷയാധിപ്രദം
സൌമ്യോനം ച ഹിരണ്യനാഭിരിതി ത-
  ദ്വിത്തപ്രദാ സർവ്വദാ ൧൪൬

വ്യാ__ കിഴക്കിനി കൂടാതെ മററു മൂന്നു കെട്ടുകളുമുണ്ടാക്കിയാൽ ആ ഗൃഹത്തിന്നു 'സുക്ഷേത്രം' എന്നു പേരാകുന്നു. അതു സർവ്വസമൃദ്ധിയെ ഉണ്ടാക്കും. തെക്കിനി കൂടാതെ മററവ മൂന്നുമുണ്ടാക്കിയാൽ അതിന്നു 'ചുല്ലി' എന്നു പേർ. അതു ധനനാശത്തെ ചെയ്യും. പടിഞ്ഞാററിനിയൊഴിച്ചു മററുള്ളവ മൂന്നുമുണ്ടാക്കിയാൽ ആ ഗൃഹത്തിന്നു 'ധ്വാംസം' എന്നു പേരാകുന്നു. അതു സന്താനനാശത്തെയും, ശത്രുപീഡ

യേയും ചെയ്യും. വടക്കിനിയൊഴികെ മററുമൂന്നു ഗ്രഹങ്ങളുമുണ്ടാക്കിയാൽ അതിന്നു 'ഹിരണ്യനാഭി' എന്നു പേരാകുന്നു. അതു് എല്ലാനാളും ധനസമൃദ്ധിയെ ഉണ്ടാക്കും.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു രണ്ടുകെട്ടുകളായിട്ടുണ്ടാകുന്ന ഗ്രഹങ്ങളുടെ ഗുണദോഷങ്ങളെ പറയുന്നു.

പ്രാക്പാശ്ചാത്യവിഹീനകേ കലഹമു-
ദ്വേഗം ച കാചാഭിധേ
യാമ്യോദഗ്ഗ്രഹിതേർത്ഥസിദ്ധിരുദിതാ
സിദ്ധാർത്ഥകാഖ്യേ ദ്വികേ!
പ്രാഗുദീച്യതയോന്നിതേ ക്രമവശാ-
ന്മൃത്യും ഭയം വിഗ്രഹം
ചാർത്ഥാപ്തിം പ്രവദന്ത്യതഃ ക്രമവശാ-
ദ്യാമ്യാദികം കല്പയേൽ ഹർവ്വ

വ്യാ — കിഴക്കിനിയും പടിഞ്ഞാററിനിയും കൂടാതെ മററുള്ള രണ്ടുകെട്ടുകളും ഉണ്ടാക്കിയാൽ അതിന്നു 'കാചം' എന്നു പേരാകുന്നു. അതിൽ വസിക്കുന്നവൎക്കു കലഹവും ഉദ്വേഗവും ഫലം. തെക്കിനിയും വടക്കിനിയും കൂടാതെ മററുള്ളവ രണ്ടും ഉണ്ടാക്കിയാൽ അതിന്നു 'സിദ്ധാർത്ഥം' എന്നുപേർ. അതിന്നു ധനലാഭം ഫലം. കിഴക്കിനിയും തെക്കിനിയുമില്ലാതെ മറേറവ രണ്ടുമുണ്ടാക്കിയാൽ മരണവും, തെക്കിനിയും പടിഞ്ഞാററിനിയുമില്ലാതെ മററുരണ്ടു കെട്ടുകളുമുണ്ടാക്കിയാൽ ഭയവും, പടിഞ്ഞാററിനിയും വടക്കിനിയും ഒഴികെ മറേറവ രണ്ടുമായാൽ കലഹവും, വടക്കിനിയും കിഴക്കിനിയും ഒഴിച്ചു തെക്കിനിയും പടിഞ്ഞാററിനിയുമുണ്ടാക്കിയാൽ ധനലാഭവും ഫലം. അതിനാൽ തെക്കിനി മുതലായ ഗ്രഹങ്ങളെ ക്രമത്താലെ ഉണ്ടാക്കേണ്ടതാകുന്നു.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു ഗ്രഹങ്ങളുടെ പത്രമാനത്തെ വിധിക്കുന്നു.

സർവ്വത്രോത്തരബാഹ്യപാർശ്വവിഹിതാൽ
ലംബാൽ ബഹിഃകുട്ടിമ-
സ്യാഷ്ടാഷ്ടാംഗുലനിഷ്ക്രമോ യ ഉദിത-
സ്തൽ പത്രമാനം വിദുഃ!
യദ്വാ തദ്വിഗുണം ച തത്ത്രിഗുണിതം
വാ തദ്വിധേയം, തഥൈ-
വാവാച്യുത്തരയോഃ ഷഡംഗുലമഥോ
ദണ്ഡം പ്രതീച്യാം ക്വചിൽ ഹർൻ

ഖ്യം — എല്ലാടവും ഉത്തരപ്പുറത്തുനിന്നു തറയ്ക്കു് എട്ടെട്ടു വിരൽ പുറപ്പാടു വേണമെന്നു പറയപ്പെട്ടിരിക്കുന്നതിനു പത്രമാനമെന്നു പേരാകുന്നു. അല്ലെങ്കിൽ ആപ്പുറപ്പാടു പതിനാറു വിരലോ മുക്കാക്കോലോ ആയിട്ടും കൊള്ളാം. (ഇതിനെ കോലായം എന്നും, കോലിറയം എന്നും പറയാറുണ്ടു്.) ഈ പത്രമാനം തെക്കിനിക്കും വടക്കിനിക്കും ആറാറുവിരലും, പടിഞ്ഞാററിനിക്കു പന്ത്രണ്ടുവിരലും ചിലേടത്തു് എടുത്തുവരുന്നു. ഇതിൽനിന്നു പത്രമാനത്തിന്റെ ആകെച്ചുററുനോക്കുമ്പോൾ ഇഷ്ടയോനി വരത്തക്കവണ്ണം എടുക്കാമെന്നു സിദ്ധമാകുന്നു. ഇങ്ങനെ നടപ്പും കാണുന്നുണ്ടു്.

ഇവിടെ ചില ഗ്രന്ഥങ്ങളിൽ താഴെ എഴുതുന്ന പ്രകാരം ഒരു ശ്ലോകവും കൂടി കാണുന്നുണ്ടു്.

തൽ പത്രമാനമസമം ച സമം ച ബാഹ്യേ-
ഷ്വന്തശ്ച തദ്വിഹിതയോനികനാഥയുക്ത്യാ!
മർത്ത്യാലയേഷു വിഹിതം, സുരമന്ദിരേഷ്വന്ത-
ഹാരപ്രദീപനിലയേഷു ച ഗോപുരേഷു

അർത്ഥം — മനുഷ്യാലയത്തിൽ ആ പത്രമാനം നാലുകെട്ടായിട്ടുള്ള ഗൃഹങ്ങളിൽ അകത്തു് അങ്കണത്തിലും, പുറത്തും സമമായിട്ടോ സമമല്ലാതെയോ വിധിക്കപ്പെട്ട യോനി വരത്തക്കവണ്ണം ചുററുകല്പിച്ചു് എടുത്തുവരുന്നു. ദേവാലയത്തിൽ ചുററമ്പലത്തിനും വിളക്കുമാടത്തിനും ഗോപുരത്ത

നും ഇതുപോലെ തന്നെ ചെയ്യുവരുന്നു. ഈ വിധിപ്രകാരമനുസരി ച്ചും സാധാരണ നടപ്പു കാണുന്നുണ്ട്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു നാലുകെട്ടായിട്ടുള്ള ഗൃഹങ്ങളുടെ അങ്കണത്തെ വിധിക്കുന്നു.

പ്രോക്തം ഗേഹചതുഷ്ടപാദുകബഹി-
രംശം ബുധൈരംഗണം
തുര്യശ്രം ധ്വജയോനികം യമധരാ-
ശാശാദ്വിഭായാമകം
ത്ര്യേകാദ്യംബുധിനാഗരന്ധ്രദിനനാ-
ഥാഷ്ടാദിസംഖ്യാംഗുലൈ-
രേകദ്വിത്രികരൈസ്തഥൈവ ച ഗുണ-
വ്യാസാദിദിർഘായതിഃ. ൧൭൦

വ്യാ—നാലുപുരയുമുണ്ടാക്കുന്നേടത്ത് അവ നാലും കൂട്ട മ്പോഴ് ഒരു കെട്ടിന്റെ പാദുകപ്പുറത്തുനിന്നും അതിന്റെ എതിർഭാഗത്തുള്ള കെട്ടിന്റെ പാദുകപ്പുറംവരെയുള്ള സ്ഥല ത്തിന്ന് അങ്കണമെന്നു വിദ്വാന്മാരാൽ പറയപ്പെട്ടിരിക്കുന്നു. അതു ചതുരശ്രവും ധ്വജയോനിയും തെക്കുവടക്കു നിളമേറി യതും ആയിരിക്കണം. ഈ അങ്കണത്തിന്ന് ഒന്നോ, രണ്ടോ, നാലോ, എട്ടോ, ഒമ്പതോ, പന്ത്രണ്ടോ, പതിനാറോ വിരലു കളോ ഒന്നോ, രണ്ടോ, മൂന്നോ കോലുകളോ വിസ്താരത്തെ ക്കാൾ ദീർഘം ഏറിയിരിക്കണം. അല്ലെങ്കിൽ ഗുണവിസ്താ രംകൊണ്ടും ദീർഘവിസ്താരങ്ങളെ കല്പിക്കാം.

അവ—ഇനി ഏതാനും ചില ശ്ലോകങ്ങളെക്കൊണ്ടു ശാലാഭേദങ്ങളെ വിധിക്കുന്നു. അവിടെ മുമ്പതന്നെ ഒരു ശ്ലോകംകൊണ്ട് അവയുടെ സാമാന്യസ്വരൂപത്തെ പറയുന്നു.

ചതസ്രസ്തു ദിഗ്ഗേഹാനി ച പൃഥക്-
കോണാലയാസ്ത്വപി-
ത്യുക്താന്യഷ്ടനാം ഗൃഹാണി മുനിഭിഃ
സംസ്ഥാനഭിന്നാന്യഥ

...ന്യതാന്യേവ ച മാനനാമവശതഃ
പഞ്ചപ്രകാരാണി സ-
ന്ത്യേതേഷാം ഭിത്തലാദിലക്ഷണവിധൌ
മാനാനി താന്യേവ ച. ൧൩൧

വ്യാ— അത്ര-തു- ഇവിടെ (ഈ കേരളദേശത്തിൽ) ആ കട്ടെ. 'തു' ശബ്ദം വിശേഷത്തെ കാണിക്കുന്നതിനാൽ ഈ ശാലാനിർമ്മാണവിഷയത്തിൽ വിശേഷമുണ്ടെന്നു സൂചിപ്പിച്ചിരിക്കുന്നു. കിഴക്കുമുതലായ നാലു ദിക്കുകളിലും വെവ്വേറ നാലു ദിഗ്ഗൃഹങ്ങളും, അഗ്നികോണു മുതലായ നാലു കോണുകളിലും നാലു കോൺഗൃഹങ്ങളും ഇങ്ങനെ മനുഷ്യർക്ക് എട്ടു ഗൃഹങ്ങൾ മുനികളാൽ വിധിക്കപ്പെട്ടിരിക്കുന്നു. പിന്നെ ഈ ശാലകൾതന്നെ ആകൃതിഭേദംകൊണ്ടും അളവിന്റെ വ്യത്യാസംകൊണ്ടും വെവ്വേറെ പേരുകളോടുകൂടി അഞ്ചു വിധത്തിലുള്ള ശാലകളായിട്ടും ഭവിക്കുന്നു. ഇവയെല്ലാം രണ്ടോ മൂന്നോ നിലകളുണ്ടാകുമ്പോൾ അളവും പേരും അതതിന്നു കല്പിക്കപ്പെട്ടതുതന്നെ ആയിരിക്കുകയും ചെയ്യും.

അവ— ഇനി ഒരു ശ്ലോകംകൊണ്ടു 'ഭിന്നശാല'യെ വിധിക്കുന്നു.

ശാലാസ്സ്വന്യോന്യഭിന്നാ നിജവിഹിതഗതി-
വ്യാസയോന്യാദിയുക്താഃ
പശ്ചാദ്യൽപത്രമാനാവധി വിഹിതലസൽ-
പാദകാ 'ഭിന്നശാലാഃ'
സർവ്വാഃ താസ്സാ വിശേഷാദവനിസുരഹിതാഃ
കോണവേശ്മപ്രഹീണാ-
സ്സൂത്രാപി പ്രാങ്കണാം കേതുജമപി ച ശുഭാ-
യാദിമൽ കല്പനീയം. ൧൩൨

വ്യാ— തങ്ങളിൽതങ്ങളിൽ കൂടാതെ ചേർവിട്ടും, തനിക്കുതന്നെ വിധിച്ചിരിക്കുന്ന ഗമനം, വിസ്താരം, യോനി മുതലായവയോടുകൂടിയും നാലുഭാഗത്തും പത്രമാനത്തോളം ഉ


ഭിന്നശാല
കിഴക്കിനി
27
9-16
3-20
15
6
14
4-4
28-8
4-2
10-2
പടിഞ്ഞാററിനി
മുററസൂത്രം

ണ്ടാക്കപ്പെട്ടിരിക്കുന്ന പാദുകത്തോടുകൂടിയും ഉണ്ടാക്കപ്പെട്ടുന്ന ശാലകൾ 'ഭിന്നശാലകൾ' ആകുന്നു. കോൺഗൃഹങ്ങളില്ലാത്തവയായ ഈ ഭിന്നശാലകൾ എല്ലാ വർണ്ണങ്ങൾക്കും കൊള്ളാം. ബ്രാഹ്മണർക്കു വിശേഷിച്ചും നല്ലതാകുന്നു. അവിടെയും അങ്കണം ധ്വജയോനിയായിട്ടും, ആയാധിക്യം മുതലായ നല്ല ഗുണങ്ങളുള്ളതായിട്ടും കല്പിക്കപ്പെടേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു പ്രകരണവശാൽ പ്രസ്താവിക്കപ്പെട്ടതായ ഗമനത്തെ വിധിക്കുന്നു.

സൂത്രൈഃ പ്രാങ്കണഗേഹമധ്യവിഹിതൈ-
രന്യോന്യവിദ്ധൈശ്ചേൽ
തൽഗേഹസ്ഥിതപുത്രപൌത്രവിലയ-
സ്തസ്മാൽ ഗൃഹാണാം ക്രമാൽ
കർത്തവ്യം ഗമനം പ്രദക്ഷിണതയാ
പ്രാഗാദിതോ വഹ്നി-
ത്ര്യാദീഷ്വംഗുലകൈസ്സ്വയോനിസഹിതൈ-
രാവശ്യകേ വാ യവൈഃ. ഗമന

വ്യാ—അങ്കണത്തിന്റെ മധ്യത്തിൽകൂടി തെക്കുവടക്കും കിഴക്കുപടിഞ്ഞാറും ഉള്ള രണ്ടു സൂത്രങ്ങളും കിഴക്കിനി മുതലായ ദിഗ്ഗൃഹങ്ങളുടെ മധ്യത്തിൽകൂടിയുള്ള സൂത്രങ്ങളും തങ്ങളിൽ വേധിച്ചാൽ ആ ഗൃഹത്തിൽ വസിക്കുന്നവർക്കു പുത്രപൌത്രാദിസന്താനനാശം ഭവിക്കും. അതിനാൽ കിഴക്കിനി മുതലായി നാലു ഗൃഹങ്ങൾക്കും ക്രമത്താലെ മൂന്ന്, ഒമ്പതു്, ഏഴ്, അഞ്ച് ഇങ്ങനെ താന്റെ താന്റെ യോനിയോടുകൂടിയിരിക്കുന്ന അംഗുലങ്ങളെക്കൊണ്ടു പ്രദക്ഷിണമായിട്ടു ഗമനമുണ്ടാക്കണം. അതെങ്ങനെയെന്നാൽ കിഴക്കിനിയുടെ മധ്യം അങ്കണമധ്യസൂത്രത്തിൽനിന്നു മൂന്നംഗുലം തെക്കോട്ടു നീക്കണം. തെക്കിനിയുടെ മധ്യം അങ്കണമധ്യ

ത്തിൽ തെക്കുവടക്കുള്ള സൂത്രത്തിൽനിന്ന് ഒമ്പതംഗുലം പടിഞ്ഞാറോട്ടു നീക്കണം. പടിഞ്ഞാററിനിയുടെ മദ്ധ്യം അങ്കണമദ്ധ്യസൂത്രത്തിൽനിന്ന് ഏഴംഗുലം വടക്കോട്ടു നീക്കണം. വടക്കിനിയുടെ മദ്ധ്യം അങ്കണമദ്ധ്യസൂത്രത്തിൽ നിന്ന് അഞ്ചംഗുലം കിഴക്കോട്ടു നീക്കണം. ഇങ്ങനെ ഗമനം അംഗുലങ്ങളെക്കൊണ്ടു നീക്കുവാൻ കഴിവില്ലാതെ വന്നാൽ അത്രയും തോരകളെക്കൊണ്ടും നീക്കാവുന്നതാണ്. ഇവിടെ പറഞ്ഞ ഗമനാംഗുലത്തിന്റെ സംഖ്യ, മൂന്നിൽ പെരുക്കി എട്ടിൽ ഹരിച്ചാൽ അതതു ദിഗ്യോനിസംഖ്യ ശേഷിക്കുന്നതുകൊണ്ടാണ് ഇവയെ 'സ്വയോനിസഹിതങ്ങൾ' എന്നു പറഞ്ഞിട്ടുള്ളത് എന്നറിഞ്ഞുകൊൾക.

അഥ—എല്ലാ വർണ്ണങ്ങൾക്കും കൊള്ളാവുന്നതായ ഭിന്നശാലയെ മുമ്പേ വിധിച്ചിട്ട്, ഇനി ഒരു ശ്ലോകംകൊണ്ടു ബ്രാഹ്മണർക്കു യോഗ്യമായ ഭിന്നചതുശ്ശാലയെ വിധിക്കുന്നു.

ദിഗ്ഗേഹാനി തഥാങ്കണം ച വിധിവത്
    കൃത്വാഥ കോണാലയം
സിംഹോക്ഷദ്വിപകേതുയോനിവിഹിതം
    ചാഗ്ന്യാദികം കല്പയേൽ
നേഷ്ടം വഹ്നിജമത്ര ഭൂസുരഗേഹേ
    സർവ്വം തദന്യച്ഛുഭം
മിത്രേ ദക്ഷിണപശ്ചിമേ പുനരുദക്
    പ്രാച്യേ ച ഗേഹേ മിഥഃ. ൧൭൪

വ്യാ—തെക്കിനി മുതലായ ദിഗ്ഗൃഹങ്ങൾ നാലും അങ്കണവും മുൻപറഞ്ഞ വിധിപ്രകാരം ഉണ്ടാക്കണം. പിന്നെ അഗ്നികോണിൽ സിംഹയോനിയായിട്ടും, നിരൃതികോണിൽ വൃഷയോനിയായിട്ടും, വായുകോണിൽ ഗജയോനിയായിട്ടും, ഈശകോണിൽ ധ്വജയോനിയായിട്ടും കോൺഗൃഹങ്ങൾ നാലും ഉണ്ടാക്കണം. എന്നാൽ ബ്രാഹ്മണർക്കുള്ള ഗൃഹത്തിൽ അഗ്നികോൺഗൃഹം ഉണ്ടാക്കരുത്. മററവ മൂ

നും ഉണ്ടാക്കാം. എന്തെന്നാൽ തെക്കിനിയും പടിഞ്ഞാറ്റിനിയും തങ്ങളിലും വടക്കിനിയും കിഴക്കിനിയും തങ്ങളിലും ബന്ധുക്കളാകുന്നു. അതിനാൽ അവയിൽ ഒന്നിനു വല്ല അശുദ്ധിയും സംഭവിച്ചാൽ മറ്റതിനും ആ അശുദ്ധി ബാധിക്കും എന്നു കല്പിച്ചിട്ടാകുന്നു. "ശൂദ്രാദിസ്മൃതികാദീനാം പ്രവേശസ്സ്പൃഷ്ടിസംഭവാൽ। ഏകശാലായനാന്തേദേ ച വർജ്ജയേത് ഭൂസുരാലയേ" എന്നു 'വാസ്തുവിദ്യ'യിലും, "ദക്ഷിണം ചൈവ പാശ്ചാത്യം മിഥോ മിത്രഗൃഹം ഭവേൽ। തഥാ പൂർവ്വോത്തരഗൃഹം മിത്രമന്യോന്യമേവ ച തൽക്ഷേ പ്രവിഷ്ടേ ചൈകസ്മിൻ ബന്ധുരപ്യശുചിർഭവേൽ തസ്മാദന്യഗൃഹേ വാസം മോചയേത്തു കദാചന" എന്നു 'മനുഷ്യാലയലക്ഷണം' എന്ന ഗ്രന്ഥത്തിലും ഉള്ള വചനങ്ങളിൽനിന്നു് ഇതു സ്പഷ്ടമാകുന്നു.

അവ — ഇങ്ങനെ ദിഗ്ഗൃഹങ്ങളേയും കോൺഗൃഹങ്ങളേയും വേർതിരിച്ചുണ്ടാക്കുമ്പോൾ അവയുടെ എടയിൽ വരുന്ന അന്തരാളങ്ങളെ ഒരു ശ്ലോകംകൊണ്ടു പറയുന്നു.

ദിക്കോണാലയമേളകാനി ച ഭവ-
ന്ത്യഷ്ടാന്തരാളാനി തദ്-
ബാഹുല്യം തു ധനക്ഷയായ ഹി ഭവേ-
ത്ത്യല്പതാ വ്യാധയേ
മൃത്യുർഭിത്തിവിരോധനാദപി ഗൃഹാ-
ന്തർ പാദതഃ പ്രായശോ
നേഷ്ടം ഗേഹവതാംശതോധികതരം
ദ്വിത്ര്യംഗുലദ്ധ്വാനിതം. ൧൭൭

വ്യാ — മുൻപറഞ്ഞപ്രകാരം ദിഗ്ഗൃഹങ്ങളും കോൺഗൃഹങ്ങളും ഉണ്ടാക്കുമ്പോൾ അവയെ തങ്ങളിൽ വേർപെടുത്തുന്നതായിട്ട് എട്ട് അന്തരാളങ്ങളുണ്ടാകുന്നതാകുന്നു. അവ അധികം വലുതായാൽ ധനനാശവും ഏറെച്ചുരുങ്ങിയാൽ വ്യാധിയുമുണ്ടാകും. അന്തരാളങ്ങളില്ലായ്കകൊണ്ടു കാലിന്നു

ഇടമില്ലാതെ ദിഗ്ഗൃഹങ്ങളുടേയും കോണ്ഗൃഹങ്ങളുടേയും ഭിത്തികൾ തമ്മിൽ കേറി മുട്ടിപ്പോയാൽ മരണം ഫലം. അതിനാൽ ഗൃഹദീർഘത്തിൽ ആറിലൊന്നിൽ ഏറീട്ടും രണ്ടോ മൂന്നോ അംഗുലത്തിൽ കുറഞ്ഞിട്ടും അന്തരാളങ്ങൾ ഉണ്ടാകരുതു്.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു ക്ഷത്രിയൎക്കു യോഗ്യമായിട്ടുള്ള ചതുരശാലയെ വിധിക്കുന്നു.

പര്യന്തം ധ്വജമാദധീത ബഹിര-
ന്തഃ പത്രമാനം തഥാ
തുല്യാതാനവിതാനമങ്കണമഥോ
ദിക്ക്ഷൂത്തരാഭ്യന്തരം
തത്തുല്യശ്രയുജോഥ കോണചതുര-
ശ്രേഷൂത്തരാന്തർദ്ധ്വജം
യുക്ത്യാരചോത്തരവിസ്തൃതിം 'ചതുരശാ-
ലാ'കല്പനേ ഭൂഭുജാം.
എന്നു

വ്യാ — രാജാക്കന്മാൎക്കു യോഗ്യമായ 'ചതുരശാല' ഉണ്ടാക്കുമ്പോൾ, പുറത്തെ ഉത്തരത്തിന്റെ പുറത്തെ ചുററും, അകത്തെ അങ്കണോത്തരത്തിന്റെ അകത്തെ ചുററും, അകത്തേയും പുറത്തേയും പത്രമാനപ്പുറവും, ധ്വജയോനിയായിരിക്കണം. അങ്കണം സമചതുരശ്രമായിരിക്കണം. പിന്നെ ദിഗ്ഗൃഹങ്ങളുടേയും, സമചതുരശ്രങ്ങളായ കോണ്ഗൃഹങ്ങളുടേയും ഉത്തരത്തിന്റെ ഉള്ളുചുററും ധ്വജയോനിയായി വരണം. ഇപ്രകാരമെല്ലാം ചേൎന്നു വരത്തക്കവണ്ണം യുക്തികൊണ്ടു ഉത്തരവിസ്താരത്തേയും കല്പിക്കണം.

അവ — ഇനി ഒരു ശ്ലോകംകൊണ്ടു മേൽപറഞ്ഞ പ്രകാരം ചതുരശാലയുടെ കണക്കുണ്ടാക്കുവാൻ എളുപ്പത്തിലുള്ള ഒരു ക്രിയാമാൎഗ്ഗത്തെ പറയുന്നു.

മാനാൽ ഖാഗ്ന്യാബ്ധിജേഷ്വാഗ്രഹയുതുരിതിമാ-
ഭ്യന്തർഗ്ഗം ശേഷമാനാൽ
കോണാഢ്യൈശ്ശ്രോദരാഢ്യൈർ ഭുജമപി ശിതധീ-
രഷ്ടനിഘ്നം വിജഹ്യാൽ

തദ്ബഹിഷ്ഠാന്തരാണാമപി ജനയതു വി-
ഷ്കംഭമഷ്ടാംശതോഽഷ്ട-
ന്യാപശ്യന്തായതാന്യാകലയതു ച ചതുർ-
ദ്ദിക്ഷു ബാഹ്യാന്തരാണി.

ഏതെ

വ്യാസങ്ങൾക്ക് ഇഷ്ടമായിട്ടും ഏകാദയോനിയായിട്ടും അകത്തെ ചുറ്റും പുറത്തെ ചുറ്റും നിശ്ചയിച്ചാൽ പുറത്തെ ചുറ്റിൽനിന്ന് അകത്തെ ചുറ്റിനെ കളയണം. ശേഷമുള്ള സംഖ്യയിൽനിന്ന സമചതുരശ്രമായ കോൺഗൃഹത്തിന്റെ ഉള്ളിൽ ഏകാദയോനിയായി കല്പിച്ചിരിക്കുന്ന ചുറ്റിന്റെ നാലൊന്നായ ഭുജയെ എട്ടിൽ പെരുക്കിയാലുണ്ടാകുന്ന സംഖ്യയേയും കളയണം. ശേഷിച്ച സംഖ്യയെ പതിനാറിൽ ഹരിച്ചാൽ ഒരംശംകൊണ്ട് ഉത്തരങ്ങളുടെ വീതിയെ കല്പിക്കണം. ആ ഉത്തരങ്ങളെല്ലാം പുറത്തോട്ടുപുറംവരെ എത്തത്തക്കവണ്ണം നീളം സമമായിത്തീർത്ത് അകത്തേയും പുറത്തേയും ഉത്തരങ്ങളെത്തമ്മിൽ വിധിപ്രകാരം വെട്ടിക്കവരിച്ചുകൊൾകയും വേണം.

ഇനി ഇതിൻപ്രകാരം ചില ചതുരശ്ശാലകളുടെ കണക്കുകളെ ഉദാഹരിച്ചുകാണിക്കാം. ഇവിടെ എണ്പത്തുകോൽ എട്ടുവിരൽ പുറത്തെ ഉത്തരച്ചുറ്റ്; നാല്പത്തുമൂന്നുകോൽ അകത്തെ ഉത്തരച്ചുറ്റ്. ഈ അകത്തെ ചുറ്റിനെ പുറത്തെ ചുറ്റിൽനിന്നു വാങ്ങിയാൽ ശേഷം മുപ്പത്തേഴുകോൽ എട്ടുവിരൽ; അതിന്റെ അഷ്ടാംശം നാലുകോൽ പതിനാറുവിരൽ; ഇതു കെട്ടുകളുടെ ഉത്തരപ്പുറവിസ്താരമാകുന്നു. ഇതിനെ ചതുശ്രമാക്കുമ്പോൾ പതിനെട്ടുകോൽ പതിനാറുവിരൽ; ഇതു കോൺഗൃഹങ്ങളുടെ പുറത്തെ ചുറ്റാകുന്നു; അകത്തെ ചുറ്റ് ഏകാദയോനിയായി വരാനാണെങ്കിൽ ഈ പുറത്തെ ചുറ്റിനോടു അടുത്ത ഏകാദയോനിയായിട്ടുള്ള കണക്ക പതിനാറുകോൽ എട്ടുവിരൽ ആണല്ലോ; ഇങ്ങനെ ബുദ്ധികൊണ്ട് ഊഹിച്ചെടുത്ത് അതിനെ അകത്തെ ചുറ്റെന്നു

കല്പിച്ച്, അതിന്റെ നാലൊന്നായ ഉള്ള നാലു കോൽ രണ്ടു വിരൽ ഉള്ളതിനെ എട്ടിൽ പെരുക്കിയാൽ മുപ്പത്തിരുകോലേ പതിനാറു വിരൽ; ഇതിനെ, മുമ്പേ പുറച്ചുററിൽനിന്ന് അകച്ചുററു വരുത്തുവാൻ ശേഷിച്ചിരിക്കുന്ന മുപ്പത്തേഴു കോൽ എട്ടുവിരലിൽനിന്നു കളഞ്ഞാൽ ശേഷം നാലു കോൽ പതിനാറു വിരൽ ഉണ്ടാകും; അതിനെ പതിനാറിൽ ഹരിച്ചാൽ ഓരോന്ന് ഏഴു വിരൽ; അതു് ഇവിടെ ഉത്തരവിസ്താരമാകുന്നു. ഇതിന്ന് ആകെയുള്ള പുറത്തെ ഉത്തരച്ചുററും ഇരുപത്തു കോൽ രണ്ടു വിരലിൽനിന്നു, കോൺഗൃഹങ്ങളുടെ ഉത്തരങ്ങളുടെയും കൂടി ഉത്തരപ്പുറം ഒമ്പതുകോൽ എട്ടുവിരൽ ഉള്ളതു കളഞ്ഞാൽ ശേഷം പത്തു കോൽ പതിനെട്ടു വിരൽ; അതു ദിഗ്ഗൃഹങ്ങളുടെ ഉത്തരത്തിന്റെ ഉള്ളിൽ വരുന്ന ദീൎഘമാകുന്നു; വിസ്താരം കോൺഗൃഹങ്ങളുടെ ഉള്ളിലെ ഭുജയായ നാലു കോൽ രണ്ടു വിരൽ തന്നെ. ഈ ദീൎഘവിസ്താരങ്ങൾ കൂട്ടി ഇരട്ടിച്ചാൽ ഇരുപത്തൊമ്പതു കോൽ പതിനാറു വിരൽ; അതു ദിഗ്ഗൃഹങ്ങളുടെ ഉള്ളിലെ ചുററാകുന്നു. ഇവിടെ പുറത്തെ പര്യന്തവും അങ്കണവും ദിഗ്ഗൃഹങ്ങളുടേയും കോൺഗൃഹങ്ങളുടേയും ഉള്ളിലെ ചുററും എല്ലാം ധ്വജയോനിയായി വരികയും ചെയ്തു.

ഇനി ഇതിലും വലുതായിട്ടു വേറെ ഒരു ചതുശ്ശാലയുടെ കണക്കുംകൂടി ഉദാഹരിക്കാം. പുറത്തെ ഉത്തരപ്പുറം ചതുരശ്രം കോൽ ൨൨ വിരൽ ൨൰ പര്യന്തം ചുററുകോൽ ൧൪൨ വിരൽ ൬; ധ്വജയോനി; അങ്കണം ചതുരശ്രം കോൽ ൧൯ വിരൽ ൨൰ ചുററുകോൽ ൭൭ വിരൽ ൬; ധ്വജയോനി; കോൺഗൃഹങ്ങളുടെ ഉള്ള ചതുരശ്രം കോൽ ൩ വിരൽ ൨൰ ചുററുകോൽ ൨൮ വിരൽ ൬; ധ്വജയോനി; ദിഗ്ഗൃഹങ്ങളുടെ ഉള്ളദീൎഘം കോൽ ൧൯ വിരൽ ൨ വിസ്താരം കോൽ ൩ വിരൽ ൨; ചുററുകോൽ ൪൦ വിരൽ ൬. ധ്വജയോനി; ഉത്തരവിസ്താരം വിരൽ ൧൧. ഇങ്ങനെ പല പ്രകാരത്തിലും


ചതുരശാല
കിഴക്ക്
32
18
II വിരൽ
കിഴക്കിനി
6-2
14
2
കഴിയകണം
10-2
സമചതുരം
ഉത്തരവീതി
പടിഞ്ഞാററിനി
28
മുററസൂത്രം

(9)

ഭിന്നത്ര്യശ്ര ശാലാ

കിഴക്ക്



ചതുശ്ശാലകളെ കല്പിക്കാം. അവയിൽ അവിടവിടത്തെ ആവശ്യത്തിന്നു തക്കവണ്ണമുള്ളവയെ ഔചിത്യംപോലെ എടുത്തുകൊൾക.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു സമചതുരശ്രശാലയെ വിധിക്കുന്നു.

കൃത്വാ ബാഹ്യാന്തരമിതിമിമാ-
മുക്തക്ലൃപ്ത്യാ തതോऽന്യാ
ദിക്കോണാദ്യൽഗ്രഹപരിമിതിം
യോനിഭേദോപപന്നാം
കൢപ്ത്വോക്ത്യാ മിതിഷു കുശല-
സ്ഥപാത്മഗത്യാനചിതാം ച
പ്രാഗ്ഭാന്മധ്യേऽങ്കണവിലസിതാ
സാ തു തുല്യാശ്രശാലാ. ൧൭൩

വ്യാ—പുറത്തെ ഉത്തരപ്പുറവും, അങ്കണവും മുൻപറഞ്ഞ പ്രകാരംതന്നെ ധ്വജയോനിയായിട്ടും, ദിഗ്ഗ്രഹങ്ങളെയും കോൺഗ്രഹങ്ങളെയും അതതിന്നു വിധിച്ചിട്ടുള്ള യോനിഭേദത്തോടും ഗമനത്തോടും കൂടിയവയായിട്ടും, ഗ്രഹങ്ങളെ നിർമ്മിക്കുന്നതിൽ സമർത്ഥനായ ശില്പിയുക്തികൊണ്ടു കല്പിക്കണം. എന്നാൽ അതു തുല്യാശ്രശാലയായി ഭവിക്കും. "പ്രാഗ്ഭാന്മധ്യേऽങ്കണവിലസിതാ" എന്ന വിശേഷണംകൊണ്ട്, ഇതിനടുത്തു മുമ്പിൽ വിധിച്ചിട്ടുള്ള 'ചതുശ്ശാല'യിൽ "തുല്യാതാനവിതാനമങ്കണം" എന്നു പറഞ്ഞിട്ടുള്ളപ്രകാരം അങ്കണം മുഖായാമമില്ലാതെ സമചതുരശ്രമായിരിക്കണമെന്നു സിദ്ധമാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മിശ്രചതുരശ്രശാലയെ വിധിക്കുന്നു.

കേതുഘ്നാനി ച കോണഗാനി നിജയോ-
ന്യാഢ്യാനി ദിങ്മന്ദിരാ-
ണ്യൂനസ്ഥധ്വജയോനികാങ്കണസിരാ-
ന്നിതസമധ്യാനി ച

പര്യന്തേ ബാഹ്യതശ്ചാന്തരശ്ചൈവ
തൽപത്രമാനം തഥാ
കേതുത്ഥാന്യഥ നേഷ്യതേ ധ്വജഗൃഹേ
സംമിശ്രതുര്യശ്രകാ. ൧൩൯

വ്യാ.— കോൺഗൃഹങ്ങളാ ധ്വജയോനിയായിട്ടും, ദിഗ്ഗൃഹങ്ങളും തന്റെതന്റെ യോനികളോടുകൂടിയവയായിട്ടും, ധ്വജയോനിയായിട്ടു കല്പിക്കപ്പെട്ടിരിക്കുന്ന അങ്കണത്തിന്റെ മദ്ധ്യസൂത്രത്തിൽനിന്നു തന്റെ തന്റെ ഗമനം അനുസരിച്ചു മാററപ്പെട്ടിരിക്കുന്ന മദ്ധ്യസൂത്രങ്ങളോടുകൂടിയവയായിട്ടും; പുറത്തേയും അകത്തേയും ഉത്തരപ്പുറമായ പര്യന്തങ്ങളും അവയുടെ പത്രമാനങ്ങളും ധ്വജയോനിയായിട്ടും ഉണ്ടാക്കപ്പെടുന്നതു 'മിശ്രതുര്യശ്രശാല'യാകുന്നു. അതു ബ്രാഹ്മണർക്കു കൊള്ളരുതു്.

ഇതുവരെ ഇവിടെ പ്രസ്താവിച്ച അഞ്ചുവിധം ശാലകളെപ്പററി ഇതരഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള പ്രമാണശ്ലോകങ്ങളെക്കൂടി എടുത്തു കാണിക്കുന്നതു, സന്ദേഹപരിഹാരത്തിനും സംവാദംകൊണ്ടു് അഭിപ്രായസ്ഥിരീകരണത്തിനും ആവശ്യമാകയാൽ അങ്ങനെ ചെയ്യുന്നു.

“മാനവാനാം ഗൃഹാഃ പ്രോക്താ വസവസ്തേ കകുബ്ഗതാഃ
സംസ്ഥാനഭേദേന തേ ജ്ഞേയാഃ പഞ്ചധാ സ്യുഃ പ്രമാണതഃ ഏ
സ്വയോനിവ്യാസഗതയോ ദിഗ്വിദിക്ഷു ച സംസ്ഥിതാഃ
ഭിന്ന(1)ശാലം’ ച സാ ജ്ഞേയാ മനുജാനാം ശുഭപ്രദാ. ൧
ദിഗ്വിദിക്ഷ്വേകയോനിസ്ഥാ പര്യന്തേന തഥൈവ ച
ജ്ഞേയാ ‘ചതുര(2)ശാലേ’തി ശില്പശാസ്ത്രനിദർശിഭിഃ. ൨
ഇഷ്ടദിഗ്യോനിയുക്താ ച പര്യന്തൈകലക്ഷണാ
സമതുര്യശ്രകാ ജ്ഞേയാ ‘പ്ര്യേക(3)ശാലാ’ഥവായതാ. ൩
ശൂദ്രാദിസ്ഥിതികാദീനാം പ്രവേശസ്പൃഷ്ടിസംഭവാൽ
ഏകസ്ഥായേന തേ ദ്വേ ച വർജ്ജയേൽ ഭൂസുരാലയേ. ൪

ഉത്ശ്രുഭിന്നശാലാ കിഴക്ക്




കിഴക്ക്
ഏകശാലാ
ഉപപീഠം
ഉപപീഠം
2-0
14
9-22
3
2-0
2-8
3-20
2-0
10—18
2-0
4-2
2-8
12
9-8
9—10
11-2
27
2-0
11 0
4-12
2-8
2-8
16

ഗജഃ കോണേഷു പൎയ്യന്തേ ദിക്ഷു ദിങ്മാ നദേകോഃ
നാമ്നാ 'ത്ര്യശ്ര(4)ഭിന്നാ' യാ നേഷ്ടാ വിപ്രാലയേƽപി സാ. ൫
ദിക്ഷു സ്വയോനിസംയുക്താസ്സ്വവ്യാസഗതയസ്തഥാ
കോണേഷു തദ്വ്യാനിയതാഃ പൎയ്യന്തം ധ്വജയോനികം ൬
'ഭിന്ന(5)ത്ര്യശ്രകം' നാമ്നാ സാ വിപ്രസ്യാപി സമ്മതാ
ഭിന്നശാലാ ഹി വൎണ്ണാനാം സൎവ്വേഷാം ശുഭകാരിണീ. ൭
(വാസ്തുവിദ്യാ.)

"ചതുൎണ്ണാമപി ഗേഹാനാം മധ്യസ്ഥം ചാങ്കണോത്തരം
ദീൎഘാ ഭവേയുസ്തൽഗേഹം ചതുശ്ശാലമിതീരിതം. ൧
തൽ പഞ്ചധാ പ്രമാണേന ചിത്രശ്ശില്പവിശാരദാഃ
ത്രയാണാം തു മുഖായാമമുക്താം നൈവ പാൎശ്വയോൎദ്വയോഃ. ൨
*   *   *   *   *   *   *   *
നാഹം ദീൎഘം വിശാലം ച ചതുൎണ്ണാം വേശ്മനാം സമം
അന്തൎമ്മാനം ഭവേത്തേഷാമന്തരാളം ന വിദ്യതേ. ൩
ദിശാവിദിക്ഷു ച ഗേഹാനാം ധ്വജയോനിഃ പ്രശസ്യതേ.
മുഖായാമം വിനൈവൈതൽ 'ചതു(1)ശ്ശാലം' നിഗദ്യതേ. ൪
സ്വയോനിവ്യാസ്സഗതയോ ദിശാവിദിക്ഷു ച സംസ്ഥിതാഃ
'ഭിന്ന(2)ശാലാ' ഹി സാ പ്രോക്താ മനുജാനാം ശുഭപ്രദാ. ൫
ദീൎഘാവമേവ കോണേഷു മിഥോ ബദ്ധാശ്ചതുൎഷ്വപി
സംപ്രോക്താ ശില്പശാസ്ത്രേഷു 'ഭിന്ന(3)ത്ര്യശ്ര'സംജ്ഞിതാ.
അന്തരാളം വിനാ ചൈവ 'മേക(4)ശാലേ'തി കഥ്യതേ
അന്തരാളവിഹീനത്വാന്നേഷ്ടാ വിപ്രാലയേƽപി സാ. ൬
സ്വസ്വയോന്യന്വിതാ ശാലാ ദിക്ഷു കോണേഷു ച ധ്വജഃ
സാ തു 'ത്ര്യശ്ര(5)ഭിന്നാ'ഖ്യാ ദ്വിജാനാം ച ശുഭപ്രദാ. ൭"
(മനുഷ്യാലയലക്ഷണം)

"ശ്രേഷ്ഠം നാലും മദ്ധ്യതോ മുററവും ചേ-
ർന്നിട്ടുണ്ടാകിൽ പേർ ചതുശ്ശാലമസ്യ
പേരന്ദന്ത്യാകാമമേരേ ന തേഷാം
വേണ്ടും മൂന്നിന്നും മുഖായാമമത്രേ. ൧

* * * * *

നാമം ദീർഘം വിശാലം സമ്മുഖമിവിടെ നാ-
ലാലയങ്ങൾക്കുമെല്ലാ-
മൊന്നത്രേ യോനി കോണ്ണാലയവുമത്ര ധ്വജം
തന്നെയെന്നാമിരിക്കിൽ
വിസ്താരം ദീർഘമെല്ലാമിതിനിഹ പടയോ-
ന്ന്യാന്തരാളങ്ങളില്ല-
ങ്ങുള്ളിന്നത്രേകണക്കം പ്രഥിത്‌ ചതുര(1)ശാ-
ലാ' മുഖായാമവും ന. ൨

തന്റെ തന്റെ യോനി, ദീർഘം, വിശാലം
ഗത്യാദ്യെല്ലാം പൃഥക്ക് തത്തദ്ദിശാസ്വ
വേറേ വേറേ നില്ക്കിൽ നാലെട്ടതാൻചേൽ
മർത്ത്യാഗാരം സാ 'ഭിന്ന(2)ശാലാ' പ്രസിദ്ധാ. ൩

കൂട്ടിക്കെട്ടു കോണു നാലും
ഭിന്നശാലക്കതിന്നുപേർ
'ഭിന്ന(3)ശാലോത്ഥ' തുഷ്ടശ്ര-
ശാലയെന്നു ശ്രുതം നൂനം. ൪

മുഖായാമങ്ങളിട്ടിട്ടു-
ങ്ങിവന്നും പണിയാകിലും
ഇല്ലന്തരാളമെന്നാകി-
'ലേക(4)ശാല'യതായത്‌. ൫

കോൺനാലും ധ്വജയോന്യുത്ഥം
സ്വസ്വയോനിദിശാഗതേ

'ത്ര്യശ്ര(5)ശാലയിൽ ഛിന്ന-
ശാലാ' വൈശ്യന്നു നന്നിതു്. ൩

ഏകശാല, ചതുരശ്രശാലയും
ബ്രാഹ്മണന്നുചിതമല്ല കേവലം
അന്തരാളരഹിതത്വഹേതുനാ
തീണ്ടലൊന്നിലുളവാകിലെങ്ങുമാം."

(ഭാഷാശില്പിരത്നം.)

"ശാലാ പഞ്ചവിധം പ്രോക്താ
മലനാട്ടിന്നു ചേർന്നതു്
മറ്റുള്ള ദേശമൊക്കെയും
ഗ്രാമാദ്യേഷു കൃതാവർത്മനാ. ൧

'ഛിന്ന(1)ശാലാ' ച വിപ്രന്നു
'ത്ര്യ(2)ശ്രം' ക്ഷത്രിയന്നതാം
വിശാം 'ത്ര്യശ്ര(3)ഛിന്നാ'സ്യാ-
'ദ്ദേക(4)ശാലാ' ഹി പാദജേ. ൨

നാനാജനേ ചതുർവ്വർണ്ണ
'ഛിന്ന(5)ത്ര്യശ്ര'ശാലയാം
സാധാരണമിദം പ്രാഹുഃ
സർവ്വജാത്യർത്ഥകം ബുധാഃ. ൩

ഛിന്നശാലകൾ കോൺതൊട്ടി
കെട്ടി ബാഹ്യസമം യുതം
അന്തരാളങ്ങൾ നാലല്ലോ
വന്നീടുന്ന ഛിന്നശാലകൾ. ൪

അന്തരാളങ്ങളില്ലല്ലോ
ചതുശ്ശാലയ്ക്കു നിർണ്ണയം
ഏകശാലയ്ക്കുമവ്വണ്ണം
വിധിച്ചു കാശ്യപൻ മുനി. ൫

ഛിന്ന(1)ശാലസ്സു കൊള്ളേണം
തന്റെ തന്റെ ദിശാസു ച
വെവ്വേറെതന്നെ നിന്നിട്ടു
നില്ക്കേണം വാരതോരണലാൻ. ൬

അങ്കണോത്തരസീമസ്സു
നില്ക്കേണം ഛിന്നശാലകേ
യോനിതന്റെ വിതിവിമ്ല-
മങ്കണാദിൻ പുരോഗതവൽ. ൭

അങ്കണത്തിന്റെ മാനത്തെ-
ക്കളവൂ പരിയന്തകേ
വീതിയെക്കളയാമെട്ടിൽ
പൊരുക്കി,ശ്ശേഷമുത്തരം. ൮

ഉത്തരം ഷോഡശാംശത്താൽ
കൊള്ളു 'ചതുശ്ശാല'കേ
(ഗൃഹങ്ങൾക്ക കണക്കുകളിൽ)
വിസ്താരം പദയോനിയാൽ. ൯

'ത്ര്യശ്രഛിന്നശാല'സ്സു
സ്വാസ്വാദിഗ്ഗതയോനിയും
അന്തരാളം വിനാ കൊള്ളാ-
'മേകശാല'യതായതു്. ൧൦

അങ്കണം പൃത്ഥ്വവൽകൊണ്ടു
സ്വാസ്വാദിഗ്ഗതയോനിയും
ഏടക്കെട്ടന്തരാളം ച
സംയുതം 'ഛിന്ന(5)മിശ്ര'കേ. ൧൧

(മാനവവാസ്തുലക്ഷണം)

അവ—ഇനി ഒരു ശ്ലോകംകൊണ്ടു് അങ്കണത്തിൽനി ന്നു പോകുവാനും ഉള്ള വലിയ ഇടക്കെട്ടുവാതിൽ വയ്ക്കുവാനുള്ള വിധിയെ പറയുന്നു.

കുഡ്യാൽ പ്രാങ്കണതോ ഗൃഹാഗമകൃതേ
ദ്വാരം മഹൽ പാട്ടകേ
ഫലൈസ്സപ്താംഗുലകൈഃ പ്രകല്പിതഗുരോ
യാദ്യഗ്രരുദ്ധോത്തരം
സദ്വാരാഗ്രപ്രവിഭക്തതദ്ദശന-
ഭേദാംശവിസ്താരത
ദ്വിസ്താരാർദ്ധഘനാംഘ്രിയുഗ്മവിലസ-
ന്മംഗല്യപട്ട്യാദികം. ൧൩൦

വ്യാ.—അങ്കണത്തിൽനിന്നു പോകയും വരികയും ചെയ്യുന്നതിനുള്ള വലിയ വാതിൽ, ഉപപീഠത്തിന്മേൽ ശാലകളുടെ പാട്ടകം കെട്ടി അതിന്മേൽ വക്കണം. അതിന്നു കോല്കൊണ്ടോ വിരൽകൊണ്ടോ ഇഷ്ടമേറി, ആയാധിക്യം മുതലായ ഗുണങ്ങളും കല്പിച്ച്, അഗ്രം ഉത്തരത്തിന്മേൽ കയറിയിരിക്കത്തക്കവണ്ണം ഉണ്ടാക്കണം. ആ ദ്വാരത്തിന്റെ കാലുകൾക്ക് (കട്ടിളക്കാലുകൾക്ക) തന്റെ നീളത്തെ, പതിനൊന്നോ പത്തോ ഒമ്പതോ എട്ടോ ആയിട്ടംശിച്ച് ഒരംശം വീതിയും, ആ വീതിയിൽ പാതി കനവും, ഉണ്ടായിരിക്കണം. ആക്കട്ടിളയുടെ മേൽപ്പടിക്കുമേൽ മംഗലപ്പലക മുതലായ അലങ്കാരങ്ങളും പണിചെയ്തിരിക്കണം.

ആശ.—ഇനി ഒരു ശ്ലോകംകൊണ്ടു പടിപ്പുരകളുടെ സ്ഥാനങ്ങളെ വിധിക്കുന്നു.

ദണ്ഡാൻ പ്രാങ്കണമധ്യതോബ്ധിശരഷട്-
സപ്താദിസംഖ്യാൻ വ്യതി-
ത്യാദ്ധ്യാദഥ പൌഷ്പദന്തികപദേ
ദ്വാരം പ്രചാരോചിതം
ഭല്ലാടേന്ദ്രഗൃഹക്ഷതേഷ്വപി മഹാ-
ദ്വാരാന്യുപദ്വാരകാ-
ണ്യഷ്ടാശാസു ദ്ദശാതികേഷു പരിതഃ
പർജ്ജന്യകാദ്യേഷ്വപി. ൧൩൧

(ശാർദ്ദൂലവി.)

വ്യാ—ഗൃഹത്തിന്റെ അങ്കണമദ്ധ്യത്തിൽനിന്നു നാല്, അഞ്ച്, ആറ്, ഏഴ, മുതലായ ദണ്ഡുകൾ (പറമ്പിന്റെ വലിപ്പത്തിനു തക്കവണ്ണം) കഴിച്ചു സഞ്ചാരയോഗ്യമായ പടിപ്പുരയുണ്ടാക്കാം. അതു ഗോപുരങ്ങൾപോലെ മാഠാദോരങ്ങളായിട്ടാക്കുകയും ചെയ്യാം. പടിവയ്ക്കുന്നതു പടിഞ്ഞാട്ടാണെങ്കിൽ നേരെ പടിഞ്ഞാറിനടുത്തു തെക്കേതായ പുഷ്പദന്തപദത്തിലും, വടക്കോട്ടാണെങ്കിൽ നേരെ വടക്കിനടുത്തു പടിഞ്ഞാറേതായ ഭല്ലാടപദത്തിലും, കിഴക്കോട്ടാണെങ്കിൽ നേരെ കിഴക്കിനടുത്തു വടക്കേതായ മഹേന്ദ്രപദത്തിലും, തെക്കോട്ടാണെങ്കിൽ നേരെ തെക്കിനടുത്തു കിഴക്കേതായ ഗൃഹക്ഷതപദത്തിലും ആയിരിക്കണം. പിന്നെ ഓരോ ദിക്കിലേക്ക് ഈരണ്ടുവീതം നാലുഭാഗത്തുംകൂടി എട്ടു ചെറുപടികളുമുണ്ടാക്കാം. അവ, അഗ്നികോണിന് അടുത്തു വടക്കേതായ 'ഭൃശ'പദം മുതലായി ഈശകോണിന് അടുത്തു തെക്കേതായ പർജ്ജന്യപദം വരെ ഉള്ള പദങ്ങളിലായിരിക്കണം. ഈ ഉപദ്വാരങ്ങൾ വയ്ക്കാനുള്ള പദങ്ങളെ 'മാനവവാസ്തുലക്ഷണം' എന്ന ഗ്രന്ഥത്തിൽ താഴെ പറയുന്ന പ്രകാരം വ്യക്തമായിപ്പറഞ്ഞിരിക്കുന്നു.

"ഭൃശങ്കലൂം പൂഷ്ണി ച ഭൃംഗരാജേ
ദൈവാരികേ ശോഷപദേ ച നാഗേ
ദിതൌ തു പർജ്ജന്യപദേ ചമുഖ്യ
ദ്വാരങ്ങളെട്ടും ചെറുതാക്കിവേണം."

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മുമ്പിൽ വിധിച്ച ശാലകളിൽ ഇന്നതു് ഇന്ന ഉപയോഗത്തിനെന്നു പറയുന്നു.

പ്രാച്യാമഗ്നിസമർച്ചനാദികമുദീ
ചീനേ കുടുംബാദികം
വ്യത്യസ്യ പ്രകരോതു വാ ഭോജമിദം
യാമ്യേടതിഥിപ്രീണനം

പാശ്ചാത്യേ ധനസന്നിധാപനമഥോ
ഭാണ്ഡം വിപശ്യസ്യ വാ
ശേഷാഃ സ്യു തദയോർദ്വയോശ്ശയനവി-
ദ്യാഭ്യാസനം ചാചരേൽ. ൧൰൨

വ്യാ— കിഴക്കിനിയിൽ ഔപാസനം അഗ്നിഹോത്രം മുതലായ ദേവപൂജകളും, വടക്കിനിയിൽ സ്ത്രീകൾ കുട്ടികൾ മുതലായവരുടെ വാസവും ചെയ്യാം. ഇവ രണ്ടും പരസ്പരം മാറിയും ചെയ്യാം. തെക്കിനിയിൽ അതിഥിസൽക്കാരവും, പടിഞ്ഞാറ്റിനിയിൽ ധനം വച്ച് സൂക്ഷിക്കയും ചെയ്യാം. തെക്കിനിയുടേയും പടിഞ്ഞാറ്റിനിയുടേയും നടുവിലുള്ള ദിഗ്ഗൃഹങ്ങളിലാകുന്നു ഇവിടെ പറഞ്ഞത്. ആ രണ്ടു കെട്ടുകളുടേയും കോൺഗൃഹങ്ങളായിട്ടുള്ള ശേഷിച്ച ഭാഗങ്ങളിൽ ശയനവും വിദ്യാഭ്യാസവും ചെയ്യാം. മലയാളബ്രാഹ്മണഗൃഹങ്ങളിൽ മിക്കതിലും ഇങ്ങിനെതന്നെ നടന്നുവരികയും ചെയ്യുന്നു.

അവ— ഇനി ഏതാനും ശ്ലോകങ്ങളെക്കൊണ്ട് ഉപഗൃഹങ്ങളുണ്ടാക്കുവാനുള്ള സ്ഥാനങ്ങളെ വിധിക്കുന്നു. അവിടെ മുമ്പിൽതന്നെ ചെറിയ പറമ്പുകളിൽ പുര പണിയേണ്ടിവരുമ്പോൾ അതിലേക്കു വേണ്ടി ഒരു വിശേഷവിധി പറയുന്നു.

കൃത്വാ ദിങ്ഭവനാഗവർഗ്ഗപദഭി-
ന്നാഭ്രത്രകോഷ്ഠാന്തർഗ്ഗതേ-
ഷ്വഷ്ട്യംകോഷ്ഠിപദൈർവ്വിധാതൃപദയു-
ക്തം പ്രാങ്കണം മധ്യതഃ
ശാലാഃ പങ്ക്തിയുജാസ്തു കോണികളുഷ-
സ്തൽബാഹ്യതസ്തൽബഹി-
ർഗ്ഗോഷ്ഠോലൂഖലവേശ്മകാദിവിലസൽ
പങ്ക്ത്യംവൃതം കല്പയേൽ. ൧൰൩

വ്യാഘ്രപുര പണിചെയ്യാനുള്ള പറമ്പു ചെറുതാണെങ്കിൽ അതിനെ നൂറോ എണ്ണത്തൊന്നോ അറുപത്തുനാലോ ഖണ്ഡമായി കല്പിച്ച് അവയിൽ നടുവിൽ വരുന്ന ബ്രഹ്മപദത്തെ അങ്കണമാക്കണം. ഒരുനൂറു പദമായി കല്പിച്ചാൽ പതിനാറു ഖണ്ഡം ബ്രഹ്മപദം. എണ്ണത്തൊന്നു പദമായാൽ ഒമ്പതു ഖണ്ഡം ബ്രഹ്മപദം. അറുപത്തുനാലായാൽ നാലു ഖണ്ഡം ബ്രഹ്മപദം. അതിന്റെ പുറമേയുള്ള രണ്ടു വരികളിൽ ആര്യകാദിദേവതമാരുടെ പദങ്ങളെക്കൊണ്ടു ശാലകളെ ഉണ്ടാക്കണം. അതിന്റെ പുറമേ ഒരു വരിയുള്ളതിൽ തൊഴുത്ത് ഉരൽപ്പുര മുതലായ ഉപഗൃഹങ്ങളും പ്രധാനഗൃഹത്തിനു ചുറ്റുപാടും ഉണ്ടാക്കണം.

ഇവിടെ പ്രസംഗവശാൽ പറമ്പിൽ പുരസ്ഥാനനിർണ്ണയം ചെയ്യുന്ന വിഷയത്തെക്കുറിച്ച് അല്പം പറയേണ്ടതുണ്ട്. വീഥിപ്രധാനമെന്നും, പദപ്രധാനമെന്നും, വാസ്തുകല്പനത്തിൽ രണ്ടു മതങ്ങളുണ്ട്; 'മയമതം' 'വാസ്തുവിദ്യ' ഈ ഗ്രന്ഥങ്ങളിൽ പദപ്രധാനമായിട്ടുള്ള വിധിയാണു കാണുന്നത്. പറമ്പിന്റെ ഉച്ഛ്രിതായതങ്ങളെക്കൊണ്ടു വാസ്തുവിദ്യയിൽ പറയുന്ന ഒരു വീഥീകല്പന വേറെ ഒരു മാതിരിയാണു; 'നന്ദപാദപുടേ' എന്നു ഈ ഗ്രന്ഥത്തിൽ ഉള്ള മാതിരിയല്ല; 'മയമതം' എന്ന ഗ്രന്ഥത്തിൽ പദകല്പനം പലവിധത്തിൽ പറയുന്നു. ഒന്നുമുതൽ മുപ്പത്തുരണ്ടിന്റെ വർഗ്ഗമായ ആയിരത്തിരുപത്തുനാലുവരെ പദങ്ങളുണ്ടെന്നാണ് ആ ആചാര്യന്റെ മതം. അറുപത്തുനാലും എണ്പത്തൊന്നും ആയിട്ടുള്ള പദകല്പനം മിക്ക ഗ്രന്ഥകാരന്മാൎക്കും സമ്മതമാണ്. എന്നാൽ 'നന്ദപാദപുടേനവാവൃതിതയാ' എന്ന ശ്ലോകപ്രകാരം ഈ ഗ്രന്ഥകാരൻ ചെയ്യുന്ന ആവൃതിരൂപമായ വീഥീകല്പനത്തിന്റെ സ്ഥാപകനായ ആചാര്യൻ ആരെന്നു തിച്ചുപറവാൻ തരമില്ലെങ്കിലും ഈ ഗ്രന്ഥകാരന് അതിൽ ഒരു പ്രത്യേകപ്രതിപത്തിയുണ്ടെന്ന് ആ ഭാഗംകൊണ്ടു കാ

ണാം. ഈവിധം വീഥിവിധിയനുസരിച്ച ഗൃഹനിർമ്മാണം ചെയ്യുമ്പോൾ 'യാവൽകല്പിതമങ്കണം' എന്ന ശ്ലോകത്തിൽ ഉത്തമമായി വിധിച്ചിട്ടുള്ള വീഥിവിസ്താരം അങ്കണദീർഘത്തിൽ ഒന്നരയിരട്ടിയാണ്. അത്രയും വീഥിവിസ്താരം കല്പിക്കേണമെങ്കിൽ പറമ്പു വളരെ വലുതായിരിക്കണം. അങ്ങനെ കല്പിച്ചാൽ ഗൃഹം, ഗർഭവീഥിയിലും ബ്രഹ്മവീഥിയിലുമായിട്ടു കഴിയുകയും ചെയ്യും. 'മധ്യേ ഗണേശകമലാസനയോശ്ച വിദധ്യാത്' എന്ന ശ്ലോകപ്രകാരമുള്ള വിധി ഈ ഉത്തമപക്ഷത്തിലേയ്ക്കുള്ളതാണ്. 'ക്ഷേത്രേത്വങ്കണഭാഗസമ്മിതതതാം' എന്ന വിധി വീഥിപ്രധാനമായ കല്പനയിൽ അധമപക്ഷത്തിലേയ്ക്കുള്ളതാണ്. അപ്പോൾ അഗ്നിവീഥി ഗൃഹത്തിനുള്ളിൽ പെടും. അതിനാൽ പതിനെട്ടു ദണ്ഡ ചതുരശ്രത്തിൽ കുറവായിട്ടുള്ള പറമ്പുകളിൽ സാമാന്യം ചെറിയ ഗൃഹങ്ങൾകൂടി വീഥിപ്രധാനമായി കല്പിച്ചുണ്ടാക്കുവാൻ പ്രയാസമാകകൊണ്ടു പദപ്രധാനമായിട്ടുള്ള കല്പന തന്നെ അവിടെ ചെയ്യേണ്ടിവരും. അങ്ങനെയുള്ളടത്തെല്ലാം പറമ്പിനെ നാലായി ഖണ്ഡിച്ച് ഈശാനഖണ്ഡത്തിലോ നിരൃതിഖണ്ഡത്തിലോ മർമ്മവേധംകൂടാതെ ഗൃഹങ്ങൾക്കു സ്ഥാനം കല്പിച്ചുവരുന്നു. ഇങ്ങനെ ഈശാനാദിഖണ്ഡകല്പനയുംകൂടി ദുഷ്കരമല്ലാതെ വരുന്ന അവസരത്തിൽ അങ്ങനെയുള്ള അല്പക്ഷേത്രങ്ങളിൽ ഗൃഹങ്ങളുണ്ടാക്കുവാനുള്ള വിധിയാണ് ഇവിടെ 'കൃതാദിങ്നവനാഗവർഗ്ഗപദഭിന്നക്ഷേത്രകേ' എന്ന ശ്ലോകംകൊണ്ടു പറഞ്ഞിരിക്കുന്നത്. ഇവിടെ 'ക്ഷേത്രകേ' എന്നതിലെ 'ക' പ്രത്യയം അല്പാർത്ഥത്തിൽ ഉള്ളതാണ്. അപ്പോൾ ഈ വിധി അല്പക്ഷേത്രത്തിലേക്കാണെന്നു സിദ്ധമാകുന്നു. ഇവിടെ ഈശാനാദിഖണ്ഡകല്പനയും ആവശ്യമില്ല. പദകല്പനം മാത്രമേ വേണ്ടൂ. ഈവിധമുള്ള പദകല്പനംപോലും അസാദ്ധ്യമായിട്ടുള്ള അത്യല്പക്ഷേത്രങ്ങളിലും ചിലപ്പോൾ ഗൃഹമുണ്ടാക്കേണ്ടിവരും. അങ്ങ

ന്നെ വരുമ്പോൾ അവിടസ്ഥുള്ളതാണു്, 'ക്ഷേത്രേഽല്പേ കഥാപി' എന്ന ഇരുപത്താറാം ശ്ലോകപ്രകാരമുള്ള വിധി; അവിടെ പദകല്പനവും വേണം; വാസ്തുമദ്ധ്യത്തിൽനിന്നു ഗമനംമാത്രം നീക്കിയാൽ മതി; പറമ്പു വളരെ വലുതാണെങ്കിൽ ഈശാനാദിഖണ്ഡങ്ങളെ പിന്നെയും നാലാക്കി ഈശാനഖണ്ഡത്തിലെ നിരൃതിഖണ്ഡത്തിലോ, നിരൃതിഖണ്ഡത്തിലെ ഈശാനഖണ്ഡത്തിലോ ഗൃഹമുണ്ടാക്കാമെന്നു് ഇരുപത്തിനാലാം ശ്ലോകത്തിൽ വിധിച്ചിട്ടുണ്ടു്. ഇതെല്ലാംകൂടി ആലോചിക്കുമ്പോൾ പറമ്പു വലുതായാലും ചെറുതായാലും ഗൃഹകർത്താവിന്റെ ആവശ്യവും ശക്തിയും നോക്കി ഗൃഹങ്ങളുണ്ടാക്കുവാനുള്ള വിധികളെല്ലാം ഗ്രന്ഥകാരന്മാരായ ആചാര്യന്മാർ ചെയ്തിട്ടുണ്ടെന്നും അവയിൽ യോഗ്യായോഗ്യങ്ങളായവയെ നോക്കിയറിഞ്ഞു് ഔചിത്യംപോലെ ചെയ്യേണ്ടതാണെന്നും, അതിനു കാലദേശാവസ്ഥകളുടെ ജ്ഞാനം അത്യാവശ്യമാണെന്നും സ്പഷ്ടമാകുന്നു.

അവ—ഉപഗ്രഹവിധിപ്രകരണത്തിൽ, പലവിധത്തിലുള്ള ഉപഗ്രഹങ്ങളും അധികം വേണ്ടതു രാജാക്കന്മാർക്കാകയാൽ ഇവിടെ ഒന്നാമതു രാജധാനിയിലെ വിശേഷത്തെ പറയുന്നു.

മദ്ധ്യേ ബ്രഹ്മഗൃഹം നൃപസ്ഥിതിഗൃഹം
മിത്രേ വിഹാരോഽനിലേ
വ്യായാമോഽഗ്ന്യളകേ ധനം ധനപതേ
സ്നാനാദി പർജ്ജന്യകേ
ഈശേഽർച്ചാപ്യഥ ഭുക്തിസത്മ വരുണേ
നൃത്താദി ഗാന്ധർവ്വകേ
ശസ്ത്രാദ്യം നിരൃതൌ ഗൃഹക്ഷതപദേ
ശയ്യാഗൃഹം ഭൃങ്ഗജം. ഫന്ദ്

(പഞ്ചാശികാ.)

വ്യാ—പുരോഹിതന്മാർ മുതലായ ബ്രാഹ്മണൎക്കുള്ള ഗൃഹം (പള്ളിത്തേവാരക്കെട്ട്) രാജധാനികളുടെ മദ്ധ്യത്തിൽ (അങ്കണത്തിൽ) ഉണ്ടാക്കണം. ബ്രഹ്മപദത്തിന്റെ നേരെ പടിഞ്ഞാറുള്ള മിത്രപദത്തിൽ രാജാവിന്റെ ആസ്ഥാനഗൃഹം (മന്ത്രിമാരോടുകൂടി രാജ്യകാൎയ്യവിചാരം ചെയ്യാനുള്ള ഗൃഹം) നിൎമ്മിക്കണം. വായുകോണിൽ ക്രീഡാഗൃഹം ചമെക്കണം. പുറത്തെ വരിയിൽ നേരെ വടക്കിനടുത്ത കിഴക്കേതായ അൎഗ്ഗളപദത്തിൽ വ്യായാമം (ആയുധാഭ്യാസം) ചെയ്യാനുള്ള ശാലയുണ്ടാക്കണം. നേരെ വടക്ക ധാന്യം സൂക്ഷിക്കാനുള്ള (ഭണ്ഡാരപ്പുര) സ്ഥലം പണി ചെയ്യണം. പുറത്തെ വരിയിൽ ഈശാനപദത്തിന്ന തെക്കെതായ പൎജ്ജന്യപദത്തിൽ കുളിപ്പുരയുണ്ടാക്കണം. അതിനടുത്തു വടക്കെതായ ഈശാനപദത്തിൽ ദേവാൎച്ചനം (തേവാരം) ചെയ്യാനുള്ള ഗൃഹം പണിയണം. പുറത്തെ വരിയിൽ നേരെ പടിഞ്ഞാറുള്ള വരുണപദത്തിൽ ഭോജനശാല (അഗ്രശാല=ഊട്ടുപുര) തീൎക്കണം. നേരെ തെക്കിനടുത്തു പടിഞ്ഞാറുള്ള ഗന്ധൎവ്വപദത്തിൽ നാടകശാല (നാടകം കഥകളി മുതലായതു നടത്തുവാനുള്ള ഗൃഹം) നിൎമ്മിക്കണം. നിരൃതികോണിൽ ആയുധശാലയുണ്ടാക്കണം. പുറത്തെ വരിയിൽ തെക്കിനടുത്തു കിഴക്കേതായ ഗൃഹക്ഷതപദത്തിൽ ശയനഗൃഹം നിൎമ്മിക്കണം.

അവ—ഇനി രണ്ടു ശ്ലോകങ്ങൾകൊണ്ടു സാധാരണജനങ്ങളുടെ ഗൃഹങ്ങൾക്കാവശ്യമായ ഉപഗൃഹങ്ങളുടെ സ്ഥാനങ്ങളെ പറയുന്നു.

പൎജ്ജന്യേ പചനാലയം ശിഖിനി വാ
മേഷേ വൃഷേ വാ തഥാ
കൎക്ക്യാൽ ഭുക്തിഗൃഹം തഥൈവ മകരേ
കുംഭേ ച സദ്ഭൃത്യാലയം

കാന്താരന്ത്യാം കളമ്പത്മ നൈരൃതപദേ
ധാന്യാലയം ശക്രേ
സിംഹേ വാളിതുചാഗതം ധനഗൃഹം
വായൌ തദ്ഭോടല്ലഖലം. ൧൩൭

വ്യാ—ഈശകോണിന്നടുത്തു തെക്കെതായ പർജ്ജന്യപദത്തിലോ അഗ്നികോണിലോ ആടുകളേയും, നേരെ കിഴക്കെ ഭാഗത്തു വടക്കെതായ മേടംരാശിസ്ഥാനത്തോ അതിന്റെ തെക്കെതായ എടവം രാശിസ്ഥാനത്തോ ഉരനിനുള്ള ഗൃഹവും; വടക്കെഭാഗത്തു നേരെ വടക്കിനടുത്തു പടിഞ്ഞാറെതായ മകരംരാശിസ്ഥാനത്തോ അതിന്റെ കിഴക്കുള്ള കുംഭംരാശിസ്ഥാനത്തോ സുഖവാസത്തിനുള്ള ഗൃഹവും, നേരെ തെക്കെ യമപദത്തിൽ കളപ്പുരയും, തെക്കെപടിഞ്ഞാറെ കോണിലുള്ള നിരൃതിപദത്തിൽ നെല്ലറ (പത്തായപ്പുര)യും, നേരെ തെക്കെഭാഗത്തിനടുത്തു കിഴക്കുള്ള കർക്കടകരാശിസ്ഥാനത്തോ അതിനടുത്തു പടിഞ്ഞാറെതായ ചിങ്ങംരാശിസ്ഥാനത്തോ നേരെ പടിഞ്ഞാറിനടുത്തു തെക്കേതായ തുലാംരാശിസ്ഥാനത്തോ അതിനടുത്തു വടക്കേതായ വൃശ്ചികരാശിസ്ഥാനത്തോ ധനം സൂക്ഷിപ്പാനുള്ള ഗൃഹവും, പടിഞ്ഞാറുവടക്കേ കോണിലുള്ള വായുപദത്തിൽ ഉരൽപ്പുരയും ഉണ്ടാക്കാം.

ഗോശാലാ പ്രാക്പ്രതീച്യാമപി ച വിതഥപൃ-
ഷാന്തരാളേ ച ശോഷേ
കുഷ്ഠാദൌ ഭൂരപാലസ്യ ച കഥചിദഹോ
പുഷ്പദന്തസ്യ മധ്യേ
കാന്താരന്ത്യാം മാഹിഷം മന്ദിരമിഹ വിഹിതം
ചാപി കാര്യം ഗവാം വാ
ഗോശാലായൈ വിശേഷാൽ ക്ഷയകൃദിതരാം
വസ്തുമർമ്മ ത്രിശൂലൈഃ. ൧൩൮

വ്യാ...ഗോശാല കിഴക്ക് ഇന്ദ്രപദത്തിലോ പടിഞ്ഞാറു വരുണപദത്തിലോ അഗ്നികോണിന്നടുത്തു പടിഞ്ഞാറെ

തായ പൂഷാവിൻെറയും വിതഥൻെറയും ഇടയിലോ, വായു കോണിൽനിന്നു തെക്കു മൂന്നാമത്തേതായ ശോഷപദത്തിലോ, നിരൃതികോണിൽനിന്നു വടക്കു മൂന്നാമത്തേതായ സുഗ്രീവപദത്തിലോ ഉണ്ടാക്കാം. ഇവിടെ കാളകൾക്കുള്ള തൊഴുത്തു മുഖ്യമാകുന്നു. തെക്കു യമപദത്തിൽ എരുമത്തൊഴുത്തു (പോത്തുകൾക്കും) ഉണ്ടാക്കാം. ഇവിടെ പശുത്തൊഴുത്തും വയ്യെന്നില്ല. പിന്നെ പശുത്തൊഴുത്ത്, കതിരപ്പന്തി മുതലായവെല്ലാം 'ത്രിശൂലം' എന്ന വാസ്തുമർമ്മം വിശേഷിച്ചും വർജ്ജിക്കണം.

അവ—പ്രസംഗാനുസാരേണ ഗോശാലയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ചില സംഗതികളെ പറയുന്നു.

ക്ഷേത്രസ്യ കോണഗതരജ്ജുമതീത്യ യാനം
നേച്ഛന്തി കേചന ഗവാമഖിലാസു ദിക്ഷു
മുഖ്യോ വൃഷോ ന മൃഗരാട് കരണേഷു സിംഹ-
വ്യാഘ്രൈശ്ച സ്ഥിരം ച കരണം ശുനിഗർദ്ദഭാദ്യം. എന്ന

വ്യാ—പറമ്പിൻെറ കോണുകളിലേക്കു പോകുന്നതായ രജ്ജുസൂത്രങ്ങളെ അതിക്രമിച്ചു, പശുക്കൾ തൊഴുത്തുകളിലേക്കു പോകയും വരികയും ചെയ്യുന്നതു ശുഭമല്ല. എന്നു ചില ആചാര്യന്മാർ വിധിച്ചിരിക്കുന്നു. അതിനാൽ തൊഴുത്തുണ്ടാക്കുമ്പോൾ അതു പ്രത്യേകം ഓർക്കേണ്ടതാകുന്നു. തൊഴുത്തിനു വൃഷയോനി പ്രധാനമാകുന്നു. സിംഹയോനി കൊള്ളരുത്. അതുപോലെ തന്നെ സിംഹം, പുലി, പട്ടി, കഴുത, പുഴു, പുള്ള്, പാമ്പ്, നാല്ക്കാലി ഇവ കരണങ്ങളും വർജ്ജിക്കേണ്ടവയാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു കിണററിൻെറ സ്ഥാനം വിധിക്കുന്നു.

മീനേ കൂപമതീവമൃത്യുമുദിതം
സർവ്വാർത്ഥപുഷ്ടിപ്രദം
മേഷേ ചാപി ഘടേ ച ഭൂതികൃദിദം
നക്രേ വൃഷേഽർത്ഥപ്രദം

ആപേ ചൈവമഥാപവത്സകപദേ
മുഖ്യം, തഥൈവേന്ദ്രജിൽ-
കോണേ ദ്വിഷ്ടമപാം പതേശ്ച ശുഭദം
നാരീക്ഷയം മാരുതേ. എന്നു

വ്യാ—വടക്കുകിഴക്കെ കോണിലുള്ള മീനരാശിസ്ഥാനത്തു കിണറു പ്രധാനമാകുന്നു. അതു സൎവ്വവസ്തുക്കളുടെ സമൃദ്ധിയെ ഉണ്ടാക്കും. ആ കോണിന്നു തെക്കുഭാഗത്തുള്ള മേടംരാശി പദത്തിലും, പടിഞ്ഞാറുള്ള കുംഭരാശിസ്ഥാനത്തും കിണറുണ്ടാക്കിയാലും ഐശ്വൎയ്യപ്രദമാകുന്നു. നേരെ വടക്കിന്നു പടിഞ്ഞാറുള്ള മകരംരാശിസ്ഥാനത്തും നേരെ കിഴക്കിന്നു തെക്കുഭാഗത്തുള്ള എടവംരാശിസ്ഥാനത്തും കിണറ് അൎത്ഥപ്രദമാണ്. ബ്രഹ്മപദത്തിന്റെ വടക്കുകിഴക്കെ കോണിൽ കൎണ്ണസൂത്രത്തിന്റെ ഇരുഭാഗത്തും ദേവമാനുഷപങ്ക്തികളിലായിട്ടു നില്ക്കുന്ന ആപൻ, ആപവത്സൻ എന്ന രണ്ടു പദങ്ങളിൽ കിണറ് അത്യുത്തമമാകുന്നു. അതുപോലെതന്നെ തെക്കുപടിഞ്ഞാറെ കോണിൽ 'ഇന്ദ്രജയൻ' എന്ന പദത്തിലും, നേരെ പടിഞ്ഞാറു വരുണപദത്തിലും കിണറ് ശുഭമായിക്കണ്ടിട്ടുണ്ട്. വടക്കുപടിഞ്ഞാറു വായുകോണിൽ കിണറുണ്ടാക്കിയാൽ സ്ത്രീനാശം വരുന്നതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ജലാശയങ്ങളെ സാമാന്യമായി പറയുന്നു.

കൂപം ശോഭനമന്തരിക്ഷകപദേ
ധ്യേവം തടാകം ഹിതം
മാഹേന്ദ്രേ ച മഹീധരേ ച വരുണേ
സോമേ ശിവേ മേഷദേ
നാഗേയാംബു സമസ്തദിക്ഷു ശുഭദം,
നൈകത്ര തോയം ഹിതം
നൈരൃത്യാം പുനരത്ര കൂപഖനനം
നിന്ദ്യം തു ബാലക്ഷയാൽ എന്നൽ

വ്യാ—കിണറ് അഗ്നികോണിനടുത്തു വടക്കോട്ടായ അന്തരിക്ഷപദത്തിലും കൊള്ളാം. കിണറിനു വിധിച്ച സ്ഥാനങ്ങളിൽ കുളവും ഉണ്ടാക്കാം. വിശേഷിച്ച് കിഴക്കു, പുറത്തെപ്പന്തിയിൽ ഇന്ദ്രപദത്തിലും, മദ്ധ്യേ വടക്ക് അകത്തെ രണ്ടു പന്തിയിൽകൂടിയുള്ള മഹീധരപദത്തിലും, പടിഞ്ഞാറു പുറത്തെ പന്തിയിൽ വരുണപദത്തിലും, വടക്കു സോമപദത്തിലും, ഈശപദത്തിലും, അതിനു തെക്കു മേഷരാശിപദത്തിലും, കുളം കൊള്ളാം. നദീജലം എല്ലാദിക്കിലും ഉണ്ടായിരിക്കുന്നതു ശുഭമാകുന്നു. ഒരു വാസ്തുവിൽ വെള്ളം ഒരേടത്തുമാത്രമുണ്ടായിരുന്നാൽ പോരാ; കിണറായിട്ടോ, കുളമായിട്ടോ, നദിയായിട്ടോ പലേടത്തും ജലാശയങ്ങളുണ്ടായിരിക്കുന്നതു് ഏറ്റവും നന്നു. നിരൃതികോണിൽ കിണർ കുഴിച്ചാൽ ബാലമരണം സംഭവിക്കുന്നതാകകൊണ്ടു് അതു വർജ്ജിക്കേണ്ടതാകുന്നു. "പുനരത്രകൂപഖനനം" എന്നതിലെ പദപ്രയോഗസാമർത്ഥ്യംകൊണ്ടു പുരപണിയുന്നതിനുമുമ്പിൽ ഉണ്ടായിരുന്ന കിണറാണെങ്കിൽ ദോഷമില്ലെന്നുള്ള അർത്ഥവുംകൂടി ഗ്രന്ഥകാരൻ സൂചിപ്പിച്ചിരിക്കുന്നു.

അവ—ഗൃഹത്തിന്റെ ചില സ്ഥാനങ്ങളിൽ ചിലവ നിഷിദ്ധങ്ങളായിട്ടുണ്ടു്. അവയെ പറയുന്നു.

ആഗ്നേയ്യാം ഭവനസ്യ കൂപഖനനം
പൂർവ്വം കൃതം വാ തഥാ
വാപീ ദാഹഭയാദികം പ്രകുരുതേ
തദ്വൽ ഫലം ദക്ഷിണേ
ഗ്രാമാദാവപി ദീർഘികാദി കതിചി-
ന്നേച്ഛന്തി യാമ്യേ തഥൈ-
വാരാമോ ഗൃഹസന്നിധൌ ഫണിഭൃതാം
വാസോഽപി നൈവേഷ്യതേ. ൧൭

വ്യാ—പുരയുടെ അഗ്നികോണിൽ കിണറു കുഴിക്കരുതു്. മുമ്പേ ഉണ്ടായിരുന്നതായാലും കൊള്ളരുതു്. അപ്രകാരം

തന്നെ കുളവും ഉണ്ടാക്കരുത്. അവ അഗ്നിഭയത്തെ ചെയ്യും. പുരയുടെ തെക്കുഭാഗത്തും കിണറും കുളവും അരുത്. അവയ്ക്കും ഫലം ഇതുതന്നെ. ഗ്രാമാദികളുടേയും തെക്കുഭാഗത്തു കുളവും ചിറയും പൊയ്കയും കൊള്ളരുതെന്നു ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. ആപ്രകാരംതന്നെ പുരയ്ക്കടുത്ത സ്ഥലത്തു പൂങ്കാവും സർപ്പക്കാവും ഉണ്ടാക്കരുത്.

അഥ:— ഇനി മതില് കിടങ്ങ് മുതലായവയെ പറയുന്നു.

ഖണ്ഡാന്തം സമതീത്യ വപ്രമുദിതം
 മൃദ്ഭിശ്ശിലാദ്യൈസ്സ്ഥലം
ശ്രേഷ്ഠം തത്, പരിഖാ തു മധ്യമ,മഥോ
 ശാഖാവൃതിശ്ചാധമാ
തൽപാദാദിഷു കണ്ടകദ്രുമലതാ
 ഗ്രാഹ്യാശ്ച വേണ്വാദയഃ
കുര്യാൽ ദ്രവ്യവശാദിഹൈകമുദിതാൻ
 വൃക്ഷാംശ്ച ദിക്ഷു ക്രമാൽ. ഫൈ

വ്യാ — പുരപണിചെയ്‌വാനായി അളന്നു നിർണ്ണയിച്ചിരിക്കുന്ന പറമ്പിൽ ഒന്നാംവരി കഴിഞ്ഞേടത്തു മണ്ണുകൊണ്ടോ കല്ലു മുതലായവകൊണ്ടോ മതിൽ പടുക്കുന്നതു് ഉത്തമമാകുന്നു. മതിലിന്റെ സ്ഥാനത്തു കിടങ്ങു കഴിക്കുന്നതു മധ്യമമാകുന്നു. മരങ്ങളുടെ ചില്ലകൾകൊണ്ടും ഇല്ലിമുള്ളു മുതലായവകൊണ്ടും വേലി കെട്ടുന്നതു് അധമമാണ്. എന്നാൽ പ്രായേണ മിക്കജനങ്ങളും വേലികെട്ടുന്നതായിട്ടാണു കാണപ്പെടുന്നതു്. അപ്പോൾ ആ വേലിയുടെ കാലുകളായിട്ടു മുള്ളുള്ള മരങ്ങളും വള്ളികളും ഇല്ലിപ്പട്ടിലുകളും നട്ടുണ്ടാക്കേണ്ടതാണ്. ധനത്തിന്റെ അവസ്ഥപോലെ മതിൽ, കിടങ്ങു, വേലി ഇവയിൽ ഏതെങ്കിലും ഒന്നു ഉണ്ടാക്കുകയും, മുമ്പേ 'പൂർവ്വസ്യാം ബകുളോവടശ്ച' എന്നും 'ശസ്താമന്ദിരപാർശ്വപൃഷ്ഠദിശി' എന്നും ഉള്ള ശ്ലോകങ്ങളിൽ പറഞ്ഞപ്രകാരമുള്ള വൃക്ഷങ്ങളെ അതതു സ്ഥാനത്തു നട്ടുപിടിപ്പിക്കയും ചെയ്യേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു തച്ചുപുടവ, വാസ്തുപൂജ മുതലായവയെ പറയുന്നു.

ഏവം നിൎമ്മാപ്യ ഗേഹം പ്രഥമമിഹ വൃത-
    സ്തന്ത്രിവൎയ്യസ്തദന്തേ
തൽകൎത്തൄൻ ശില്പിനസ്താൻ വലയമണിലസൽ
    കുണ്ഡലാദ്യൈൎയ്യഥേഷ്ടം
സന്തോഷ്യാപാദ്യ ചൈതൽ സ്വയമപി യജമാ-
    നേന സമ്യങ്മുഹൂൎത്തേ
ഗത്വാ തദ്വാസ്തുപൂജാദ്യഖിലശുഭവിധിം
    സാധു കുൎവ്വീത തസ്മിൻ. ൱൯

വ്യാ—ഇങ്ങനെ പുരപണി കഴിച്ചിട്ടു് ആദ്യം ഗൃഹാരംഭത്തിൽ വരിച്ചിട്ടുള്ള തന്ത്രിശ്രേഷ്ഠൻ അതിന്റെ അവസാനത്തിൽ പണിക്കാരായ ശില്പികളെ എല്ലാം വള, കടുക്കൻ, മോതിരം, വസ്ത്രം മുതലായ സമ്മാനങ്ങൾ യഥേഷ്ടം കൊടുത്തു സന്തോഷിപ്പിക്കണം. പിന്നെ നല്ല മുഹൂൎത്തത്തിൽ താൻതന്നെ ഗൃഹകൎത്താവിനോടുകൂടി ചെന്നിട്ടു ഗൃഹത്തിൽ പുണ്യാഹാദി ശുദ്ധികൎമ്മങ്ങളെല്ലാം ചെയ്തു വിധിപോലെ വാസ്തുപൂജാദികളായ സകലശുഭകൎമ്മങ്ങളും ചെയ്യേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ഗൃഹപ്രവേശത്തെ വിധിക്കുന്നു.

കൎത്താ ചാഥ ക്രിയാന്തേ മഹിതഗുരുവരം
    ഭോജയിത്വാ യഥേഷ്ടം
ഗോഭൂമ്യാദ്യം ച ദത്വാ വിധിവദവഹിതോ
    * ദക്ഷിണാം മുഖ്യരൂപാം

* "ദക്ഷിണാം മുഖ്യരൂപാം" - എന്നു പദപ്രയോഗംകൊണ്ടു്, ഇവിടെ പ്രധാനനാണയമായ 'രൂപ'യെത്തന്നെ ദക്ഷിണയായി കൊടുക്കണം എന്നുകൂടി ഗ്രന്ഥകാരൻ സൂചിപ്പിച്ചിട്ടുണ്ടോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയാണെങ്കിൽ മലയാളത്തിൽ 'രൂപ' എന്ന നാണയം നടപ്പിലായതിൽപിന്നെയാണ് ഈ ഗ്രന്ഥമുണ്ടാക്കിയതെന്നു വിചാരിക്കാമല്ലൊ.

ആജ്ഞാമാദായ തസ്മാന്നിഖിലമപി ജനം
    പ്രീണയൻ ഭൂരിദാനൈഃ
സവീയൈസ്സാദ്ധം സ്വഗേഹേ സുചിരമധിവസേൽ
    പൂർണ്ണകാമസ്സുഖേന.   ൧൨൬

വ്യാ—പിന്നെ ഗൃഹകർത്താവാകട്ടെ ഈ വക താന്ത്രിക ക്രിയകളുടെ അവസാനത്തിൽ പൂജ്യനായ ആ തന്ത്രിശ്രേഷ്ഠനെ യഥേഷ്ടം ഭക്ഷണംകഴിപ്പിച്ചു, വളരെ ആദരവോടുകൂടി ഗോദാനം, ഭൂദാനം മുതലായ ദാനങ്ങളെക്കൊണ്ടു സന്തോഷിപ്പിച്ച് അദ്ദേഹത്തിനു മുഖ്യത്രപയായ ദക്ഷിണയും ചെയ്തു ഗൃഹപ്രവേശത്തിനായിക്കൊണ്ട് അദ്ദേഹത്തിൽനിന്ന് അനുവാദം വാങ്ങണം. പിന്നെ സർവ്വജനങ്ങളേയും അന്നവസ്ത്രാദികളായ വസ്തുക്കളെക്കൊടുത്തു സന്തോഷിപ്പിച്ചിട്ടു സ്വജനങ്ങളോടുകൂടി തൻെറ പുതിയ ഗൃഹത്തിൽ സർവ്വാഭിലാഷങ്ങളും സാധിച്ചു സുഖമായിട്ടു വളരെക്കാലം വസിക്കുകയും ചെയ്യാം.

'ഭവനപരിഗ്രഹം' എന്ന ഈ പ്രകരണത്തിൽ മനുഷ്യാലയനിർമ്മാണത്തിൽ സർവ്വസമ്മതമായി ഇന്നും നടപ്പിൽ ഇരിക്കുന്ന 'വാസ്തുവിദ്യ' എന്ന ഗ്രന്ഥത്തിൽ പറയുന്ന വിധികളെ ഇവിടെ ഉദ്ധരിക്കുന്നതു ഗൃഹകർത്താക്കന്മാൎക്കും ശില്പികൾക്കും ഉപകാരപ്രദമാകകൊണ്ട് അങ്ങനെ ചെയ്ത് ഈ വ്യാഖ്യാനത്തെ പര്യവസാനിപ്പിക്കാം.

"യഥോക്തവിധിനാ തത്ര വാസ്തുകർമ്മ സമാപ്യ ച
വാസോഭിർബ്ബഹുഭിസ്തത്ര ഗേഹമാച്ഛാദയേൽ പുനഃ.
അഭ്യഞ്ജനാദികം കൃത്വാ സ്നാതേഭ്യോഽഥ യഥോചിതം
വാസാംസി ചാനുലേപം ച പുഷ്പാണി സുരഭീണി ച.
കണ്ഠലാദീനി സർവ്വാണി സർവ്വേഭ്യശ്ച യഥോചിതം
ദത്വാ ചതുർവ്വിധം ചാന്നം സംയുക്തം ഷഡ്രസൈരപി.
ദീയതാം ച യഥാശക്തി ദീയതാം ദക്ഷിണാസ്തതഃ.

ഏവം സന്തർപ്പ്യ താൻ സർവ്വാൻ തേഭ്യോ ശേഷം പ്രഗൃഹ്യ സ്ഥാപതിഃ പരിഗൃഹ്യാഥ തത് സർവ്വം ദക്ഷിണാദികം (താം. കർമ്മകാരജനൈസ്സാകം മന്ത്രാനേതാനുദീരയേൽ.

മന്ത്രങ്ങൾ:—

വർഷാംബുപാതാദശനിപ്രപാതാ-
ച്ചണ്ഡാച്ച വാതയോരപി ചാഗ്നിദാഹാൽ
ചോരാദികേഭ്യഃ പരചക്രഘാതാ-
ദ്രക്ഷന്ത്വിദം സത്മ സുരാസുരാദ്യാഃ.
അഗദാമനുജാസ്സധനാസ്സുഖിനഃ
പ്രഥിതാ യശസാ ച ഭവന്തു ചിരം
വിജയീ നിഖിലാം പശുസസ്യവതീം
സുകൃതീ നൃപതിഃ പൃഥിവീമവതാൽ
ബ്രഹ്മാവിഷ്ണുശ്ശങ്കരശ്ചന്ദ്രസൂര്യൌ
നന്ദീ ലക്ഷ്മീർവ്വാഗ്ഗുരുസ്കന്ദ ഇന്ദ്രഃ
ഭൂമിർദ്ദേവാശ്ചർഷയശ്ച പ്രജാനാം
ശ്രീസൌഭാഗ്യാരോഗ്യഭോഗാൻ കുർവ്വീരൻ.
ഭൂയാദ്ധ്രുവാ ദ്യൌഃ പൃഥിവീ ച ഭൂയാൽ
ഭവന്ത്വിമേ ഭൂമിധരാ ധ്രുവാശ്ച
ധ്രുവം ജഗദ്വിശ്വമിദം ധ്രുവം സ്യാ-
ദ്രാജാ തഥാ ധാമ ച തദ്ധ്രുവം സ്യാൽ.

ബ്രഹ്മൈവ സ്ഥപതിസ്സാക്ഷാ-
ദൃശ്യമാനസ്ത്വയം ഹരിഃ
ആചാര്യോ ഭഗവാൻ രുദ്ര-
സ്ത്രിഭിർന്നിഷ്പാദിതം തു യൽ
തദ്വാസ്തു സ്ഥിരമേവ സ്യാ-
ദ്ദൃഷ്ടാദൃഷ്ടഫലപ്രദം." ഇതി (വാസ്തുവിദ്യാ)

കൊച്ചുണ്ണിരാജശിഷ്യേണ തൽകടാക്ഷാവലംബിനാ
കൈരള്യാം വിവൃതാ വാണ്യാം 'മനുഷ്യാലയചന്ദ്രികാ'.
കുരുംബവനവാസിന്യാഃ കാള്യാഃ കാരുണ്യസേചനാൽ
സതാം തനോതു സംമോദ-മേഷാ ശില്പപ്രകാശികാ.

ശുഭമസ്തു.

അനുബന്ധം.

കോൽതച്ച് — ധ്വജയോനി.

പരിഷ	ചുറ്റ്		ആയം		വ്യയം	വയസ്സ്	നക്ഷത്രം		തിഥി			കരണം	ആഴ്ച	ഗുണദോഷഫലം.
	കോൽ	വിരൽ	കോൽ	വിരൽ			നാൾ	നാഴിക	പക്ഷം	പക്കം	നാഴിക			
1	3	0	12	0	9	മരണം	ചതയം	60	കൃഷ്ണ	നവമി	60	ആന	ചൊവ്വ	അധമം—മരണം.
2	5	16	9	8	3	ബാല്യം	മൂലം	20	കൃ	പ്രതിപദം	20	പുലി	ബുധൻ	മൃത്യുയോഗം-മദ്ധ്യമം.
3	8	8	6	16	11	കൌമാരം	അത്തം	40	ശുക്ല	സപ്തമി	40	പക്ഷി	ബു.	അധമം.
4	11	0	4	0	5	യൌവനം	പുണർതം	60	കൃ	ത്രയോദശി	60	പക്ഷി	ബു.	അധമം.
5	13	16	1	8	13	വാർദ്ധക്യം	ഭരണി	20	കൃ	പഞ്ചമി	20	പന്നി	വ്യാഴം	അധമം.
6	16	8	10	16	7	വാർദ്ധക്യം	അവിട്ടം	40	ശു	ഏകാദശി	40	വിഷ്ടി	വ്യാഴം	മദ്ധ്യമം—കൊള്ളുന്നു.
7	19	0	8	0	1	മരണം	അനിഴം	60	ശു	ദ്വിതീയ	60	പന്നി	വ്യാഴം	അധമം—മരണം.
8	21	16	5	0	9	ബാല്യം	ഉത്രം	20	കൃ	നവമി	20	കഴുത	വെള്ളി	അധമം.
9	24	8	2	0	3	കൌമാരം	തിരുവാതിര	40	ശു	വാവ്	40	സിംഹം	വെ.	അധമം.
10	27	0	12	0	11	യൌവനം	രേവതി	60	ശു	ഷഷ്ഠി	60	കഴുത	വെ.	മദ്ധ്യമം—ധനധാന്യം—കൊള്ളുന്നു.
11	29	16	9	8	5	യൌവനം	തിരുവോണം	20	കൃ	ത്രയോദശി	20	ആന	ശനി	ഉത്തമം.
12	32	8	6	16	13	വാർദ്ധക്യം	വിശാഖം	40	കൃ	ചതുർത്ഥി	40	പുലി	ശനി	അധമം.
13	35	0	4	0	7	മരണം	മകം	60	ശു	ദശമി	60	പന്നി	ശനി	അധമം—മരണം.
14	37	16	1	8	1	ബാല്യം	മകയിരം	20	ശു	ദ്വിതീയ	20	പുലി	ഞായർ	മദ്ധ്യമം—യോഗിനി—കൊള്ളുന്നു.
15	40	8	10	16	9	ബാല്യം	ഉത്രട്ടാതി	40	കൃ	അഷ്ടമി	40	പന്നി	ഞായർ	ഉത്തമം.
16	43	0	8	0	3	കൌമാരം	പൂരാടം	60	ശു	പതിനാല്	60	പക്ഷി	ഞായർ	മദ്ധ്യമം—ദിക്കാ—യോഗിനി—കൊ
17	45	16	5	8	11	യൌവനം	ചോതി	20	ശു	ഷഷ്ഠി	20	പന്നി	തിങ്കൾ	അധമം. (ള്ളുന്നു.
18	48	8	2	16	5	വാർദ്ധക്യം	ആയില്യം	40	കൃ	ദ്വാദശി	40	കഴുത	തിങ്കൾ	അധമം.

പടി	ചുറ്റ് കോൽ	ചുറ്റ് വിരൽ	ആയം കോൽ	ആയം വിരൽ	ദ്രവ്യം	വയസ്സ്	നക്ഷത്രം നാൾ	നക്ഷത്രം നാഴിക	തിഥി പക്ഷം	തിഥി പക്കം	തിഥി നാഴിക	കരണം	ആഴ്ച	ഗുണദോഷഫലം
19	51	0	12	0	13	മരണം	കാർത്തിക	60	കൃ	ദ്വിതീയ	60	വിഷ്ടി	തിങ്കൾ	അധമം—മരണം.
20	53	16	9	8	7	മരണം	പൂരാടം? പൂരുരുട്ടാതി	20	ശു	ദശമി	20	കൗലവ	ചൊവ്വ	അധമം—മരണം.
21	56	8	6	16	1	ബാല്യം	മൂലം	40	ശു	പ്രതിപദം	40	സിംഹം	ചൊവ്വ	ഉത്തമം.
22	59	0	4	0	9	കൌമാരം	അത്തം	60	കൃ	സപ്തമി	60	സിംഹം	ചൊവ്വ	അധമം.
23	61	16	1	8	3	യൌവനം	പൂയം	20	ശു	വാവിനാല്	20	തൈതില	ബുധൻ	അധമം.
24	64	8	10	16	11	വാർദ്ധക്യം	ഭരണി	40	ശു	പഞ്ചമി	40	പുലി	ബുധൻ	അധമം.
25	67	0	8	0	5	വാർദ്ധക്യം	അവിട്ടം	60	കൃ	ഏകാദശി	60	പുലി	ബുധൻ	മദ്ധ്യമം—ദുഷ്ടയോഗം.
26	69	16	5	8	13	മരണം	ആയില്യം	20	കൃ	തൃതീയ	20	പശു	വ്യാഴം	അധമം—മരണം.
27	72	8	2	16	7	ബാല്യം	മകം	40	ശു	നവമി	40	പന്നി	വ്യാഴം	അധമം.
28	75	0	12	0	3	കൌമാരം	തിരുവാതിര	60	കൃ	വാവ്	60	പാമ്പ്	വ്യാഴം	ഉത്തമം.
29	77	16	9	8	9	യൌവനം	അശ്വതി	20	കൃ	സപ്തമി	20	വിഷ്ടി	വെള്ളി	മദ്ധ്യമം—വിഷ്ടി.
30	80	8	6	16	1	യൌവനം	ഓണം	40	ശു	ത്രയോദശി	40	കൗലവ	വെള്ളി	ഉത്തമം.
31	83	0	4	0	18	വാർദ്ധക്യം	വിശാഖം	60	ശു	ചതുർത്ഥി	60	വിഷ്ടി	വെള്ളി	അധമം.
32	85	16	1	8	5	മരണം	പൂരം	20	കൃ	ഏകാദശി	20	സിംഹം	ശനി	അധമം—മരണം.
33	88	8	10	16	13	ബാല്യം	മകയിരം	40	കൃ	ദ്വിതീയ	40	തൈതില	ശനി	അധമം.
34	91	0	8	0	7	ബാല്യം	ഉത്രട്ടാതി	60	ശു	അഷ്ടമി	60	സിംഹം	ശനി	ഉത്തമം.
35	93	16	8	8	1	കൌമാരം	ഉത്രാടം	20	കൃ	വാവ്	20	നാൽകാലി	ഞായർ	ഉത്തമം.
36	96	8	2	16	9	യൌവനം	ചോതി	40	കൃ	ഷഷ്ഠി	40	പശു	ഞായർ	അധമം.
37	99	0	12	0	3	വാർദ്ധക്യം	ആയില്യം	60	ശു	ചതുർദ്ദശി	60	പുലി	ഞായർ	മദ്ധ്യമം—ഗണ്ഡാന്തം—ദുഷ്ടയോഗം.
38	101	16	9	8	11	മരണം	രേവതി? രോഹിണി	20	ശു	ചതുർത്ഥി	20	പശു	തിങ്കൾ	അധമം—മരണം.
39	104	8	6	16	5	മരണം	പൂരുരുട്ടാതി	40	കൃ	ദശമി	40	വിഷ്ടി	തിങ്കൾ	അധമം—മരണം.

പടി	ചുററ് കോൽ	ചുററ് വിരൽ	ആയം കോൽ	ആയം വിരൽ	വ്യയം	വയസ്സ്	നക്ഷത്രം നാൾ	നക്ഷത്രം നാഴിക	തിഥി പക്ഷം	തിഥി പക്കം	തിഥി നാഴിക	കരണം	ആഴ്ച	ഗുണദോഷഫലം
40	107	0	4	0	13	ബാല്യം	മൂലം	60	ക	പ്രതിപദം	60	പന്നി	തിങ്കൾ	അധമം
41	109	16	1	8	7	കൌമാരം	ചിത്ര	20	ശു	അഷ്ടമി	20	വിഷ്ടി	ചൊവ്വ	അധമം
42	112	8	10	16	1	യൌവനം	പൂരം	4	ക	പതിനാല്	40	പുള്ള്	ചൊവ്വ	മദ്ധ്യമം. തികത. കൊള്ളുന്നു
43	115	0	8	0	9	വാർദ്ധക്യം	രേവതി	60	ക	പഞ്ചമി	60	കഴുത	ചൊവ്വ	അധമം
44	117	16	5	8	3	വാർദ്ധക്യം	ചതയം	20	ശു	ദ്വാദശി	20	സിംഹം	ബുധൻ	ഉത്തമം
45	120	8	2	16	11	മരണം	തൃക്കേട്ട	40	ശു	ദ്വിതീയ	40	ആന	ബുധൻ	അധമം—മരണം
46	123	0	12	0	5	ബാല്യം	ഉത്രം	60	ക	നവമി	60	ആന	ബുധൻ	മദ്ധ്യമം—(ഉത്തമതുല്യം)
47	125	16	9	8	13	കൌമാരം	പുണർതം	20	ക	പ്രതിപദം	20	പുലി	വ്യാഴം	അധമം
48	128	8	6	16	7	യൌവനം	അശ്വതി	40	ശു	സപ്തമി	40	പശു	വ്യാഴം	അധമം
49	131	0	4	0	1	യൌവനം	മകം	60	ക	ത്രയോദശി	60	പശു	വ്യാഴം	ഉത്തമം
50	133	16	1	8	9	വാർദ്ധക്യം	രോഹിണി	20	ക	പഞ്ചമി	20	കഴുത	വെള്ളി	അധമം
51	136	8	10	16	3	മരണം	പൂരം	40	ശു	ഏകാദശി	40	വിഷ്ടി	വെള്ളി	അധമം—മരണം
52	139	0	8	0	11	ബാല്യം	മകയിരം	60	ശു	ദ്വിതീയ	60	പന്നി	വെള്ളി	അധമം
53	141	16	5	8	5	ബാല്യം	രേവതി	20	ക	നവമി	20	കഴുത	ശനി	മദ്ധ്യമം—തികത
54	144	8	2	16	18	കൌമാരം	ഉത്രാടം	40	ശു	വാവ്	40	സിംഹം	ശനി	അധമം
55	147	0	12	0	7	യൌവനം	ചോതി	60	ശു	ഷഷ്ഠി	60	കഴുത	ശനി	ഉത്തമം
56	149	16	9	8	1	വാർദ്ധക്യം	മകം	20	ക	ത്രയോദശി	20	പന്നി	ഞായർ	ഉത്തമം
57	152	8	6	16	9	മരണം	രോഹിണി	40	ക	ചതുർത്ഥി	40	പുലി	ഞായർ	അധമം—മരണം
58	155	0	4	0	8	മരണം	പൂരോരുട്ടാതി	60	ശു	ദശമി	60	ആന	ഞായർ	അധമം—മരണം
59	157	16	1	8	11	ബാല്യം	പൂരാടം	20	ശു	ദ്വിതീയ	20	പുലി	തിങ്കൾ	മധ്യമം
60	160	8	10	16	5	കൌമാരം	ചിത്ര	40	ക	അഷ്ടമി	40	പന്നി	തിങ്കൾ	ഉത്തമം

സിംഹയോനി.

പടി	ചോറ് കോൽ	ചോറ് വിരൽ	ആയം കോൽ	ആയം വിരൽ	വ്യയം	വയസ്സ്	നക്ഷത്രം നാൾ	നക്ഷത്രം നാഴിക	തിഥി പക്ഷം	തിഥി പക്കം	തിഥി നാഴിക	കരണം	ആഴ്ച	ഗുണദോഷഫലം
1	3	16	5	8	11	ബാല്യം	കാർത്തിക	20	കൃ	വാവ്	20	നാലുകാലി	തിങ്കൾ	അധമം
2	6	8	2	16	5	ബാല്യം	ചതയം	40	കൃ	ഷഷ്ഠി	40	പക്ഷി	തിങ്കൾ	അധമം
3	9	0	12	0	13	കൗമാരം	തൃക്കേട്ട	60	ശു	ദ്വാദശി	60	പുലി	തിങ്കൾ	അധമം
4	11	16	9	8	7	യൌവനം	അത്തം	20	ശു	ചതുർത്ഥി	20	പക്ഷി	ചൊവ്വ	ഉത്തമം
5	14	8	6	16	1	വാർദ്ധക്യം	പുണർതം	40	കൃ	ദശമി	40	വിഷ്ടി	ചൊവ്വ	മധ്യമം—വിഷ്ടി—കൊള്ളുന്ന
6	17	0	4	0	9	മരണം	അശ്വതി	6	കൃ	പ്രതിപദം	60	പന്നി	ചൊവ്വ	അധമം—മരണം
7	19	16	1	8	8	മരണം	അവിട്ടം	20	ശു	അഷ്ടമി	20	വിഷ്ടി	ബുധൻ	അധമം—മരണം
8	22	8	10	16	11	ബാല്യം	അനിഴം	40	കൃ	പതിനാല്	40	പക്ഷി	ബുധൻ	അധമം
9	25	0	8	0	5	കൗമാരം	പൂരം	60	കൃ	പഞ്ചമി	60	കഴുത	ബുധൻ	ഉത്തമം
10	27	16	5	8	13	യൌവനം	തിരുവാതിര	20	ശു	ദ്വാദശി	20	സിംഹം	വ്യാഴം	അധമം
11	30	8	2	16	7	യൌവനം	രേവതി	40	ശു	ദ്വിതീയ	40	ആന	വ്യാഴം	അധമം
12	33	0	12	0	1	വാർദ്ധക്യം	ഉത്രാടം	60	കൃ	നവമി	60	ആന	വ്യാഴം	മധ്യമം—രിക്ത
13	35	16	9	8	9	മരണം	വിശാഖം	20	കൃ	പ്രതിപദം	20	പുലി	വെള്ളി	അധമം—മരണം
14	38	8	6	16	3	ബാല്യം	മകം	40	ശു	സപ്തമി	40	പക്ഷി	വെള്ളി	ഉത്തമം
15	41	0	4	0	11	കൗമാരം	രോഹിണി	60	കൃ	ത്രയോദശി	60	പക്ഷി	വെള്ളി	അധമം
16	43	16	1	8	5	കൗമാരം	ഉത്രട്ടാതി	20	കൃ	പഞ്ചമി	20	പന്നി	ശനി	അധമം
17	46	8	10	16	13	യൌവനം	പൂയം	40	ശു	ഏകാദശി	40	വിഷ്ടി	ശനി	അധമം
18	49	0	8	0	7	വാർദ്ധക്യം	ചിത്ര	60	ശു	ദ്വിതീയ	60	പന്നി	ശനി	ഉത്തമം
19	51	16	5	8	1	മരണം	ആയില്യം	20	കൃ	നവമി	20	കഴുത	ഞായർ	അധമം—മരണം
20	54	8	2	16	9	ബാല്യം	കാർത്തിക	40	ശു	വാവ്	40	സിംഹം	ഞായർ	അധമം
21	57	0	12	0	8	ബാല്യം	ചതയം	60	ശു	ഷഷ്ഠി	60	കഴുത	ഞായർ	ഉത്തമം

പരിഷ്	ചുറ്റ് കോൽ	ചുറ്റ് വിരൽ	ആയം കോൽ	ആയം വിരൽ	[illegible]	വയസ്സ്	നക്ഷത്രം നാൾ	നാഴിക	തിഥി പക്ഷം	തിഥി പക്കം	നാഴിക	കരണം	ആഴ്ച	ഗുണദോഷഫലം
22	59	16	9	8	11	കൌമാരം	മൂലം	20	കൃ	ത്രയോദശി	20	ആന	തിങ്കൾ	അധമം
23	62	8	6	16	5	യൌവനം	അത്തം	40	കൃ	ഷഷ്ഠി	40	പുലി	തിങ്കൾ	മധ്യമം—രിക്ത
24	65	0	4	0	13	വാർദ്ധക്യം	പുണർതം	60	ശു	ദശമി	60	ആന	തിങ്കൾ	അധമം
25	67	16	1	8	7	മരണം	ഭരണി	20	ശു	ദ്വിതീയ	20	പുലി	ചൊവ്വ	അധമം—മരണം
26	70	8	10	16	1	മരണം	അവിട്ടം	10	കൃ	അഷ്ടമി	40	പന്നി	ചൊവ്വ	അധമം—മരണം
27	73	0	8	0	9	ബാല്യം	അനിഴം	60	ശു	പതിനാങ്ക്	60	പശു	ചൊവ്വ	അധമം
28	75	16	5	8	8	കൌമാരം	ഉത്രം	20	ശു	ഷഷ്ഠി	20	പന്നി	ബുധൻ	ഉത്തമം
29	78	8	2	16	11	യൌവനം	തിരുവാതിര	40	കൃ	ദ്വാദശി	40	കഴുത	ബുധൻ	അധമം
30	81	0	12	0	5	യൌവനം	രേവതി	60	കൃ	ദ്വിതീയ	60	വിഷ്ടി	ബുധൻ	അധമം—വിഷ്ടി, ശരവാന്തം
31	83	16	9	8	13	വാർദ്ധക്യം	ഓണം	20	ശു	ദശമി	20	ആന	വ്യാഴം	അധമം
32	86	8	6	16	7	മരണം	വിശാഖം	40	ശു	പ്രതിപദം	40	സിംഹം	വ്യാഴം	അധമം—മരണം
33	89	0	4	0	1	ബാല്യം	മകം	60	കൃ	സപ്തമി	60	സിംഹം	വ്യാഴം	ഉത്തമം
34	91	16	1	8	9	കൌമാരം	മകയിരം	20	ശു	പതിനാല്	2	ആന	വെള്ളി	അധമം
35	94	8	10	16	3	കൌമാരം	ഉത്രട്ടാതി	40	ശു	പഞ്ചമി	40	പുലി	വെള്ളി	ഉത്തമം
36	97	0	9	0	11	യൌവനം	പൂരാടം	60	കൃ	ഏകാദശി	60	പുലി	വെള്ളി	അധമം
37	90	16	5	8	5	വാർദ്ധക്യം	ചോതി	2	കൃ	തൃതീയ	20	പശു	ശനി	ഉത്തമം
38	102	8	2	16	13	മരണം	ആയില്യം	40	ശു	നവമി	40	പന്നി	ശനി	അധമം—മരണം
39	105	0	12	0	7	ബാല്യം	കാർത്തിക	60	കൃ	വാവ്	60	പാമ്പ്	ശനി	മധ്യമം—സ്ഥിരകരണം
40	107	16	9	8	1	ബാല്യം	പൂരുരുട്ടാതി	20	കൃ	സപ്തമി	20	വിഷ്ടി	ഞായർ	മധ്യമം—വിഷ്ടി
41	110	8	16	16	9	കൌമാരം	മൂലം	40	ശു	ത്രയോദശി	40	കഴുത	ഞായർ	അധമം
42	113	0	4	0	3	യൌവനം	അത്തം	[illegible]	ശു	ഷഷ്ഠി	[illegible]	വിഷ്ടി	ഞായർ	മധ്യമം—രിക്ത—വിഷ്ടി

പരിഷ	ചുററ് കോൽ	ചുററ് വിരൽ	ആയം കോൽ	ആയം വിരൽ	വ്യയം	വയസ്സ്	നക്ഷത്രം നാൾ	നക്ഷത്രം നാഴിക	തിഥി പക്ഷം	തിഥി പക്കം	തിഥി നാഴിക	കരണം	ആഴ്ച	ഗുണദോഷഫലം
43	113	0	1	8	11	വാർദ്ധക്യം	പൂയം	20	കൃ	ഏകാദശി	20	സിംഹം	തിങ്കൾ	അധമം
44	115	16	10	6	5	മരണം	ഭരണി	40	കൃ	ദ്വിതീയ	40	ആന	തിങ്കൾ	അധമം-മരണം
45	118	8	9	0	13	മരണം	അവിട്ടം	60	ശു	അഷ്ടമി	60	സിംഹം	തിങ്കൾ	അധമം-മരണം
46	121	0	5	8	7	ബാല്യം	തൃക്കേട്ട	20	കൃ	വാവ്	20	നാൽക്കാലി	ചൊവ്വ	അധമം
47	123	16	2	16	1	കൗമാരം	ഉത്രം	40	കൃ	ഷഷ്ഠി	40	പശു	ചൊവ്വ	ഉത്തമം
48	126	8	12	0	9	യൌവനം	തിരുവാതിര	60	ശു	ദ്വാദശി	60	പുലി	ചൊവ്വ	ഉത്തമം
49	129	0	9	8	3	വാർദ്ധക്യം	അശ്വതി	20	ശു	ചതുർത്ഥി	20	പശു	ബുധൻ	ഉത്തമം
50	131	16	6	16	11	വാർദ്ധക്യം	ഓണം	40	കൃ	ദശമി	40	വിഷ്ടി	ബുധൻ	അധമം
51	134	8	4	0	5	മരണം	വിശാഖം	60	കൃ	പ്രതിപദം	60	പന്നി	ബുധൻ	അധമം-മരണം
52	137	0	1	8	13	ബാല്യം	പൂരം	20	ശു	അഷ്ടമി	20	വിഷ്ടി	വ്യാഴം	അധമം
53	139	16	10	16	7	കൗമാരം	മകയിരം	40	കൃ	പതിനാല്	40	പുള്ള്	വ്യാഴം	മദ്ധ്യമം-സ്ഥിരകരണം.[illegible]
54	142	8	8	0	1	കൗമാരം	ഉത്രട്ടാതി	60	കൃ	പഞ്ചമി	60	കഴുത	വ്യാഴം	ഉത്തമം
55	145	0	5	8	9	യൌവനം	ഓണം	20	ശു	ദ്വാദശി	20	സിംഹം	വെള്ളി	അധമം
56	147	16	2	16	3	വാർദ്ധക്യം	ചോതി	40	ശു	തൃതീയ	40	ആന	വെള്ളി	അധമം
57	150	8	12	0	11	മരണം	ആയില്യം	60	കൃ	നവമി	60	ആന	വെള്ളി	അധമം-മരണം
58	153	0	9	8	5	ബാല്യം	രോഹിണി	20	കൃ	പ്രതിപദം	20	പുലി	ശനി	ഉത്തമം
59	155	16	6	16	13	ബാല്യം	പൂരുരുട്ടാതി	40	ശു	സപ്തമി	40	പശു	ശനി	അധമം
60	158	0	4	0	7	കൗമാരം	മൂലം	60	കൃ	ത്രയോദശി	60	പശു	ശനി	അധമം

വൃഷയോനി.

പരിക്ഷ	ച്യാറ് കോൽ	ച്യാറ് വിരൽ	ആയം വിരൽ	ആയം കോൽ	വ്യയം	വയസ്സ്	നക്ഷത്രം നാമം	നക്ഷത്രം നാഴിക	തിഥി പക്ഷം	തിഥി പക്കം	തിഥി നാഴിക	കരണം	ആഴ്ച	ഗുണദോഷഫലം
1	4	8	10	16	18	ബാല്യം	പൂയം	40	ശു	പഞ്ചമി	40	പുലി	ശനി	അധമം
2	7	0	8	0	7	കൌമാരം	ഭരണി	60	കൃ	ഏകാദശി	60	പുലി	ശനി	ഉത്തമം
3	9	16	5	8	1	കൌമാരം	ചതയം	20	കൃ	ത്രിതീയ	20	പശു	ഞായർ	ഉത്തമം
4	13	8	2	16	9	യൌവനം	തൃക്കേട്ട	40	ശു	നവമി	40	പന്നി	ഞായർ	അധമം
5	15	0	12	0	3	വാൎദ്ധക്യം	ഉത്രം	60	കൃ	വാവു്	60	പാമ്പു്	ഞായർ	മദ്ധ്യമം—സ്ഥിരകരണം
6	17	16	9	8	11	മരണം	പുണർതം	20	കൃ	സപ്തമി	20	വിഷ്ടി	തിങ്കൾ	അധമം—മരണം
7	20	8	6	16	5	ബാല്യം	അശ്വതി	40	ശു	ദ്വിതീയ	40	കഴുത	തിങ്കൾ	ഉത്തമം
8	23	0	4	0	13	ബാല്യം	ഓണം	60	ശു	ചതുൎത്ഥി	60	വിഷ്ടി	തിങ്കൾ	അധമം
9	25	16	1	8	7	കൌമാരം	അനിഴം	20	കൃ	ഏകാദശി	20	സിംഹം	ചൊവ്വ	അധമം
10	28	8	10	16	1	യൌവനം	പൂരം	40	കൃ	ഷഷ്ഠി	40	ആന	ചൊവ്വ	ഉത്തമം
11	31	0	8	0	9	വാൎദ്ധക്യം	മകയിരം	60	ശു	അഷ്ടമി	60	സിംഹം	ചൊവ്വ	അധമം
12	33	16	5	8	3	വാൎദ്ധക്യം	രേവതി	20	കൃ	വാവു്	20	നാല്കാലി	ബുധൻ	മദ്ധ്യമം—സ്ഥിരകരണം
13	36	8	2	16	11	മരണം	ഉത്രാടം	40	കൃ	ഷഷ്ഠി	40	പശു	ബുധൻ	അധമം—മരണം
14	39	0	12	0	5	ബാല്യം	ചോതി	60	ശു	ദ്വാദശി	60	പുലി	ബുധൻ	ഉത്തമം
15	41	16	9	8	13	കൌമാരം	മകം	20	ശു	ചതുൎത്ഥി	20	പശു	വ്യാഴം	അധമം
16	44	8	6	16	7	യൌവനം	രോഹിണി	40	കൃ	ദശമി	40	വിഷ്ടി	വ്യാഴം	അധമം
17	47	0	4	0	1	യൌവനം	പൂരുരുട്ടാതി	60	കൃ	പ്രതിപദം	60	പന്നി	വ്യാഴം	ഉത്തമം
18	49	16	1	8	9	വാൎദ്ധക്യം	പൂരാടം	20	ശു	അഷ്ടമി	20	വിഷ്ടി	വെള്ളി	അധമം
19	52	8	10	16	3	മരണം	ചിത്ര	40	കൃ	പതിനാലു്	40	പാമ്പു്	വെള്ളി	മദ്ധ്യമം—മരണം
20	55	0	8	0	11	ബാല്യം	പൂയം	60	കൃ	പഞ്ചമി	60	കഴുത	വെള്ളി	അധമം
21	57	16	5	8	5	കൌമാരം	കാൎത്തിക	20	ശു	ദ്വാദശി	20	സിംഹം	ശനി	ഉത്തമം

പരിഷ	ചുററ്		ആയം		വൃദ്ധി	വയസ്സ്	നക്ഷത്രം		തിഥി			കരണം	ആഴ്ച	ഗുണദോഷഫലം
	നാഴിക	വിനാഴിക	നാഴിക	വിനാഴിക			നാൾ	നാഴിക	പക്ഷം	പക്കം	നാഴിക			
22	60	8	2	16	13	കൌമാരം	ചതയം	40	ശു	തൃതീയ	40	ആന	ശനി	അധമം
23	63	0	12	0	7	യൌവനം	തൃക്കേട്ട	60	കൃ	നവമി	60	ആന	ശനി	അധമം—ഗണ്ഡാന്തം—രിക്ത
24	65	16	9	8	1	വാർദ്ധക്യം	അത്തം	20	കൃ	പ്രതിപദം	20	പുലി	ഞായർ	ഉത്തമം
25	68	8	6	16	9	മരണം	പുണർതം	40	ശു	സപ്തമി	40	പശു	ഞായർ	അധമം—മരണം
26	71	0	4	0	3	ബാല്യം	അശ്വതി	60	കൃ	ത്രയോദശി	60	പശു	ഞായർ	ഉത്തമം
27	73	16	1	8	11	കൌമാരം	അവിട്ടം	20	കൃ	പഞ്ചമി	20	പുലി	തിങ്കൾ	അധമം
28	76	8	10	16	5	കൌമാരം	അനിഴം	40	ശു	ഏകാദശി	40	വിഷ്ടി	തിങ്കൾ	മദ്ധ്യമം—വിഷ്ടി
20	79	0	8	0	13	യൌവനം	പൂരം	60	ശു	ദ്വിതീയ	60	പന്നി	തിങ്കൾ	അധമം
30	81	16	5	8	7	വാർദ്ധക്യം	തിരുവാതിര	20	കൃ	നവമി	20	കഴുത	ചൊവ്വ	അധമം
31	84	8	2	16	1	വാർദ്ധക്യം	രേവതി	40	ശു	വാവ്	40	സിംഹം	ചൊവ്വ	ഉത്തമം
32	87	0	12	0	9	മരണം	ഉത്രാടം	60	ശു	ഷഷ്ഠി	60	കഴുത	ചൊവ്വ	അധമം—മരണം
33	89	16	9	8	3	ബാല്യം	വിശാഖം	20	കൃ	ത്രയോദശി	20	ആന	ബുധൻ	ഉത്തമം
34	92	8	6	16	11	കൌമാരം	മകം	40	കൃ	ചതുർത്ഥി	40	പുലി	ബുധൻ	അധമം
35	95	0	4	0	5	യൌവനം	രോഹിണി	60	ശു	ദശമി	8	ആന	ബുധൻ	അധമം
36	97	16	1	8	13	യൌവനം	ഉത്രട്ടാതി	20	ശു	ദ്വിതീയ	20	പുലി	വ്യാഴം	അധമം
37	100	8	10	16	7	വാർദ്ധക്യം	പൂരാടം	40	കൃ	അഷ്ടമി	40	പന്നി	വ്യാഴം	ഉത്തമം
38	103	0	8	0	1	മരണം	ചിത്ര	60	ശു	പതിനാല്	60	പശു	വ്യാഴം	അധമം—മരണം
39	105	16	5	8	9	ബാല്യം	ആയില്യം	20	കൃ	അഷ്ടമി	20	പുലി	വെള്ളി	അധമം
40	108	8	2	16	3	കൌമാരം	കാർത്തിക	40	കൃ	ദ്വാദശി	40	കഴുത	വെള്ളി	അധമം
41	111	0	12	0	11	കൌമാരം	ചതയം	60	കൃ	തൃതീയ	60	വിഷ്ടി	വെള്ളി	മദ്ധ്യമം—വിഷ്ടി
42	113	16	9	8	5	യൌവനം	മൂലം	20	ശു	ദശമി	20	കഴുത	ശനി	ഉത്തമം

പരിഷ	വാറ് നാഴിക	വിനാഴിക	ആയം നാഴിക	വിനാഴിക	ഋക്ഷം	വയസ്സ്	നക്ഷത്രം നാമം	നാഴിക	തിഥി പക്ഷം	പക്കം	നാഴിക	കരണം	ആഴ്ച	ഗുണദോഷഫലം
43	116	8	6	16	13	വാർദ്ധക്യം	അത്തം	40	ശു	പ്രതിപദം	20	സിംഹം	ശനി	അധമം
44	119	0	4	0	7	മരണം	പുണർതം	60	കൃ	സപ്തമി	40	സിംഹം	ശനി	മദ്ധ്യമം_മരണം
45	121	16	1	8	1	ബാല്യം	ഭരണി	20	ശു	പതിനാല്	60	ആന	ആദിത്യൻ	ഉത്തമം
46	124	8	16	0	9	ബാല്യം	അവിട്ടം	40	ശു	പഞ്ചമി	20	പുലി	ആദിത്യൻ	ഉത്തമം
47	127	0	8	0	3	കൌമാരം	അനിഴം	60	കൃ	ഏകാദശി	40	പുലി	ആദിത്യൻ	ഉത്തമം
48	129	16	5	8	11	യൌവനം	ഉത്രം	20	കൃ	ദ്വിതീയ	60	പശു	തിങ്കൾ	അധമം
49	132	8	2	16	7	വാർദ്ധക്യം	തിരുവാതിര	40	ശു	നവമി	20	പന്നി	തിങ്കൾ	അധമം
50	135	0	12	0	13	വാർദ്ധക്യം	രേവതി	60	കൃ	വാവ്	40	ചാവ്	തിങ്കൾ	മദ്ധ്യമം
51	137	16	9	8	7	മരണം	തിരുവോണം	20	കൃ	സപ്തമി	60	വിഷ്ടി	ചൊവ്വ	മദ്ധ്യമം_മരണം
52	140	8	6	16	1	ബാല്യം	വിശാഖം	40	ശു	ത്രയോദശി	20	[illegible]	ചൊവ്വ	ഉത്തമം
53	143	0	4	0	9	കൌമാരം	മകം	60	ശു	ചതുർത്ഥി	40	വിഷ്ടി	ചൊവ്വ	മദ്ധ്യമം
54	145	16	1	8	3	യൌവനം	മകയിരം	20	കൃ	ഏകാദശി	60	[illegible]	ബുധൻ	അധമം
55	148	8	10	16	11	യൌവനം	ഉത്രട്ടാതി	40	കൃ	ദ്വിതീയ	20	ആന	ബുധൻ	മദ്ധ്യമം
56	151	0	5	0	5	വാർദ്ധക്യം	പൂരാടം	60	ശു	ഷഷ്ഠി	40	സിംഹം	ബുധൻ	ഉത്തമം
57	153	16	5	8	13	മരണം	ചോതി	20	കൃ	വാവ്	60	നാ...ചി	വ്യാഴം	മദ്ധ്യമം_മരണം
58	156	8	2	16	7	ബാല്യം	ആയില്യം	40	കൃ	ഷഷ്ഠി	20	പശു	വ്യാഴം	മദ്ധ്യമം
59	159	0	12	0	1	കൌമാരം	കാർത്തിക	60	ശു	ത്രയോദശി	40	പുലി	വ്യാഴം	ഉത്തമം
60	16[illegible]	16	9	8	9	കൌമാരം	പൂരുരുട്ടാതി	20	ശു	ചതുർത്ഥി	60	പശു	വെള്ളി	ഉത്തമം

ഗജയോനി

പരിഷ	ചുറ്റ്		ആയം		വ്യയം	വയസ്സ്	നക്ഷത്രം		തിഥി			കരണം	ആഴ്ച	ഗുണദോഷഫലം
	കോൽ	വിരൽ	കോൽ	വിരൽ			നാൾ	നാഴിക	പക്ഷം	പക്കം	നാഴിക			
1	5	0	4	0	1	ബാല്യം	അത്തം	60	ശു	ദശമി	60	ആന	വ്യാഴം	ഉത്തമം
2	7	16	1	8	9	കൌമാരം	പൂയം	20	ശു	ദ്വിതീയ	30	പുലി	വെള്ളി	അധമം
3	10	8	10	16	3	യൌവനം	ഭരണി	40	കൃ	അഷ്ടമി	40	പന്നി	വെള്ളി	ഉത്തമം
4	13	0	8	0	11	യൌവനം	അവിട്ടം	6	ശു	പതിനാല്	60	പശു	വെള്ളി	അധമം
5	15	16	5	8	5	വാർദ്ധക്യം	തൃക്കേട്ട	20	ശു	ഷഷ്ഠി	20	പന്നി	ശനി	ഉത്തമം
6	18	8	2	16	3	മരണം	ഉത്രം	40	കൃ	ദ്വാദശി	40	കഴുത	ശനി	അധമം—മരണം
7	21	0	12	0	7	ബാല്യം	തിരുവാതിര	60	കൃ	തൃതീയ	60	വിഷ്ടി	ശനി	അധമം
8	23	16	9	8	1	കൌമാരം	അശ്വതി	20	ശു	ദശമി	20	കഴുത	ഞായർ	ഉത്തമം
9	26	8	6	16	9	കൌമാരം	ഓണം	40	ശു	പ്രതിപദം	40	സിംഹം	ഞായർ	അധമം
10	29	0	4	0	8	യൌവനം	വിശാഖം	60	കൃ	സപ്തമി	60	സിംഹം	ഞായർ	ഉത്തമം.
11	31	16	1	8	11	വാർദ്ധക്യം	പൂരം	20	ശു	പതിനാല്	20	ആന	തിങ്കൾ	അധമം
12	34	8	10	16	5	മരണം	മകയിരം	40	ശു	പഞ്ചമി	40	പുലി	തിങ്കൾ	അധമം—മരണം
13	37	0	8	0	13	മരണം	ഉത്രട്ടാതി	60	കൃ	ഏകാദശി	60	പുലി	തിങ്കൾ	അധമം. മരണം
14	39	16	5	8	7	ബാല്യം	ഉത്രാടം	20	കൃ	ത്രയോദശി	20	പശു	ചൊവ്വ	അധമം
15	42	8	2	16	1	കൌമാരം	ചോതി	;		നവമി	40	പന്നി	ചൊവ്വ	മധ്യമം—രിക്ത
16	45	0	12	0	9	യൌവനം	ആയില്യം	60	കൃ	വാവ്	60	പരുന്ത്	ചൊവ്വ	അധമം—ഗണ്ഡാന്തം സ്ഥിരകരണം
17	47	16	9	8	11	വാർദ്ധക്യം	രോഹിണി	20	കൃ	സപ്തമി	20	വിഷ്ടി	ബുധൻ	മധ്യമം—വിഷ്ടി
18	50	8	6	16	1	വാർദ്ധക്യം	പൂരുരുട്ടാതി	40	ശു	ത്രയോദശി	40	കഴുത	ബുധൻ	അധമം
19	53	0	4	0	5	മരണം	മൂലം	60	ശു	ചതുർത്ഥി	60	വിഷ്ടി	ബുധൻ	അധമം—മരണം
20	55	16	9	8	13	ബാല്യം	ചിത്ര	20	കൃ	ഏകാദശി	20	സിംഹം	വ്യാഴം	അധമം

പരീക്ഷ	മുറ്		ആയം		വ്യയം	വയസ്സ്	നക്ഷത്രം		തിഥി			കരണം	ആഴ്ച	ഗുണദോഷഫലം
	കോൽ	വിരൽ	കോൽ	വിരൽ			നാൾ	നാഴിക	പക്ഷം	പക്കം	നാഴിക			
21	58	8	10	16	7	കൌമാരം	ആയില്യം	40	കൃ	ദ്വിതീയ	40	ആന	വ്യാഴം	ഉത്തമം.
22	61	0	8	0	1	യൌവനം	ഭരണി	60	ശു	അഷ്ടമി	60	സിംഹം	വ്യാഴം	ഉത്തമം.
23	63	16	5	8	9	യൌവനം	ചതയം	20	കൃ	വാവ്	20	നാൽക്കാലി	വെള്ളി	അധമം.
24	66	8	2	16	3	വാർദ്ധക്യം	തൃക്കേട്ട	40	കൃ	ഷഷ്ഠി	40	പശു	വെള്ളി	അധമം.
25	69	0	12	0	11	മരണം	ഉത്രം	60	ശു	ദ്വാദശി	60	പുലി	വെള്ളി	അധമം–മരണം.
26	71	16	9	8	5	ബാല്യം	പുണർതം	20	ശു	ചതുർത്ഥി	20	പശു	ശനി	മദ്ധ്യമം–രിക്ത
27	74	8	6	16	3	കൌമാരം	അശ്വതി	40	കൃ	ദശമി	40	വിഷ്ടി	ശനി	മദ്ധ്യമം–വിഷ്ടി.
28	77	0	4	0	7	കൌമാരം	ഓണം	60	കൃ	പ്രതിപദം	60	പന്നി	ശനി	അധമം.
29	79	16	1	8	1	യൌവനം	അനിഴം	20	ശു	അഷ്ടമി	20	വിഷ്ടി	ഞായർ	മദ്ധ്യമം–വിഷ്ടി
30	82	8	10	16	9	വാർദ്ധക്യം	പൂരം	40	കൃ	പതിനാല്	40	പുള്ള്	ഞായർ	മദ്ധ്യമം–രിക്ത–സഹിതാകരണം
31	85	0	8	0	3	വാർദ്ധക്യം	മകയിരം	60	കൃ	പഞ്ചമി	60	കഴുത	ഞായർ	ഉത്തമം.
32	87	16	5	8	11	മരണം	രേവതി	20	ശു	ദ്വാദശി	20	സിംഹം	തിങ്കൾ	അധമം–മരണം.
33	90	8	2	16	5	ബാല്യം	ഉത്രാടം	40	ശു	തൃതീയ	40	ആന	തിങ്കൾ	അധമം.
34	93	0	12	0	13	കൌമാരം	ചോതി	60	കൃ	നവമി	60	ആന	തിങ്കൾ	അധമം.
35	95	16	9	8	7	യൌവനം	മകം	20	കൃ	പ്രതിപദം	20	പുലി	ചൊവ്വ	ഉത്തമം.
36	98	8	6	16	1	വാർദ്ധക്യം	രോഹിണി	40	ശു	സപ്തമി	40	പശു	ചൊവ്വ	ഉത്തമം.
37	101	0	4	0	9	വാർദ്ധക്യം	പൂരോരുട്ടാതി	60	കൃ	ത്രയോദശി	60	പശു	ചൊവ്വ	അധമം.
38	103	16	1	8	8	മരണം	പൂരം	20	കൃ	പതിനാല്	20	വിഷ്ടി	ബുധൻ	അധമം–മരണം.
39	106	8	10	16	11	ബാല്യം	ചിത്ര	40	ശു	ഏകാദശി	40	വിഷ്ടി	ബുധൻ	അധമം.
40	109	0	8	0	5	കൌമാരം	പൂയം	60	ശു	ദ്വിതീയ	60	പന്നി	ബുധൻ	ഉത്തമം

വരിഷം	ചുററ് കോൽ	ചുററ് വിരൽ	ഉയരം കോൽ	ഉയരം വിരൽ	ദൃഷ്ടം	വയസ്സ്	നക്ഷത്രം നാൾ	നാഴിക	പക്ഷം	തിഥി പക്കം	നാഴിക	കരണം	ആഴ്ച	ഗുണദോഷഫലം
41	111	16	5	8	13	യൌവനം	കാർത്തിക	20	കൃ	നവമി	20	കഴുത	വ്യാഴം	അധമം
42	111	8	2	16	7	യൌവനം	മകയിരം	4	ശു	വാവ്	40	സിംഹം	വ്യാഴം	അധമം
43	117	[illegible]	12	0	1	വാർദ്ധക്യം	തൃക്കേട്ട	60	ശു	ഷഷ്ഠി	60	കഴുത	വ്യാഴം	മദ്ധ്യമം ധനനാശം
44	119	16	9	8	9	മരണം	അത്തം	20	കൃ	ത്രയോദശി	20	ആന	വെള്ളി	അധമം—മരണം
45	122	8	6	16	3	ബാല്യം	പുണർതം	4	കൃ	ചതുർത്ഥി	40	പുലി	വെള്ളി	ഉത്തമം
46	125	0	4	0	11	കൌമാരം	അശ്വതി	60	ശു	ദശമി	60	[illegible]	വെള്ളി	അധമം
47	127	16	1	8	5	കൌമാരം	അവിട്ടം	20	ശു	ദ്വിതീയ	20	പുലി	ശനി	അധമം
48	130	8	10	16	13	യൌവനം	അനിഴം	40	കൃ	അഷ്ടമി	40	പന്നി	ശനി	അധമം
49	133	0	8	0	7	വാർദ്ധക്യം	പൂരം	60	ശു	പതിനാല്	60	[illegible]	ശനി	മദ്ധ്യമം—[illegible]
50	135	16	5	8	1	മരണം	തിരുവാതിര	20	ശു	ഷഷ്ഠി	20	കഴുത	ഞായർ	അധമം—മരണം
51	138	8	2	16	9	മരണം	രേവതി	40	കൃ	[illegible]ദശി	40	കഴുത	ഞായർ	അധമം—മരണം
52	141	0	12	0	3	ബാല്യം	ഉത്രാടം	6	കൃ	തൃതീയ	60	വിഷ്ടി	ഞായർ	മദ്ധ്യമം—വിഷ്ടി
53	143	16	9	8	11	കൌമാരം	വിശാഖം	[illegible]	ശു	ദശമി	20	കഴുത	തിങ്കൾ	അധമം
54	146	8	6	16	5	യൌവനം	മകം	40	ശു	പ്രതിപദം	40	സിംഹം	തിങ്കൾ	ഉത്തമം
55	149	0	4	0	13	വാർദ്ധക്യം	രോഹിണി	60	കൃ	[illegible]	6	സിംഹം	തിങ്കൾ	അധമം
56	151	16	1	8	7	വാർദ്ധക്യം	ഉത്രട്ടാതി	20	ശു	പതിനാല്	20	വിഷ്ടി	ചൊവ്വ	അധമം
57	154	8	10	16	1	മരണം	പൂരാടം	40	ശു	സപ്തമി	40	പുലി	ചൊവ്വ	അധമം—മരണം
58	157	0	8	0	9	ബാല്യം	ചിത്ര	60	കൃ	ഏകാദശി	60	പുലി	ചൊവ്വ	അധമം
59	159	16	5	8	3	കൌമാരം	ആയില്യം	20	കൃ	ദ്വിതീയ	20	പശു	ബുധൻ	ഉത്തമം
60	162	8	2	16	1	യൌവനം	കാർത്തിക	40	ശു	നവമി	40	പന്നി	ബുധൻ	അധമം